# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 13 ലക്കം - 5 ചിങ്ങം - 1196 സെപ്റ്റംബർ 2020



## 2020 ലെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി ആഗസ്റ്റ് 4 ന് നടത്തിയ വിദ്യാഭ്യാസ ധനസഹായ പദ്ധതിയുടെ ഉദ്ഘാടനം ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ നിർവഹിച്ചു























എഡിറ്റോറിയൽ

# സ്വാഭിമാനത്തിന്റെ ഉയർത്തെഴുന്നേൽപ്പ്

2020 ഓഗസ്റ്റ് 5. ഭാരതചരിത്രത്തിൽ സ്വർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ട പുണ്യദിനം. ശ്രീരാമജന്മഭൂമിയിൽ രാമക്ഷേത്രത്തിന് ആരാധ്യനായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി ശിലാന്യാസം നടത്തി, ഭാരത ദേശീയതയ്ക്ക് പുനർജന്മം നല്കിയ ദിനമാണന്ന്. 'ഇത് സ്വാതന്ത്ര്യദിനം പോലെ തന്നെ മഹത്തായ മുഹൂർത്തമാണ്'. രാമജന്മഭൂമിയിൽ ക്ഷേത്രനിർമ്മാണത്തിന്റെ പ്രാരംഭം കുറിച്ചുകൊണ്ട് രജതശിലാസ്ഥാപനം നിർവ്വഹിച്ചശേഷം അദ്ദേഹം പറഞ്ഞു; അതേ, സ്വാതന്ത്ര്യദിനംപോലെ പ്രാധാന്യമുണ്ട് ആ ദിവസത്തിനും കാരണം, ഏതാണ്ട് അഞ്ഞൂറ് വർഷത്തോളമായി ലോകത്തുള്ള മുഴുവൻ ഹിന്ദുക്കളും സ്വാതന്ത്ര്യേച്ഛുക്കളായ മുഴുവനാളുകളും കാത്തിരുന്ന ശ്രീരാമക്ഷേത്രത്തിന്റെ പുനർ നിർമ്മാണ പ്രക്രിയക്ക് തുടക്കം കുറിച്ചിരിക്കുകയാണ് – ദേശസ്നേഹികളായ മുഴുവൻ ഭാരതീയരുടെയും ആഗ്രഹാഭിലാഷങ്ങൾക്കനുസൃതമായി.

എ.ഡി. 1528 ൽ മതവെറിയനായ ബാബറുടെ ആജ്ഞപ്രകാരം മീർബാഖീം എന്ന ഇസ്ലാമിക സേനാനായകനാണ് അയോദ്ധ്യയിലുണ്ടായിരുന്ന രാമക്ഷേത്രം തകർത്തത്. അതിനുശേഷം തകർക്കപ്പെട്ട ആ ക്ഷേത്രസ്ഥാനത്തു തന്നെ വൈദേശികാധീശ്വത്വത്തിന്റെ പ്രതീകമായി പള്ളി സ്ഥാപിക്കുകയും ചെയ്തു. അങ്ങനെ ഒരു ജനതയുടെ സ്വാഭിമാനത്തിനു മേൽ കെട്ടി ഉയർത്തിയ പരദേശക്കോയ്മയുടെ ലജ്ജിപ്പിക്കുന്ന സ്മാരകമായിരുന്നില്ലെ ആ ശത്രുനിർമ്മിത കെട്ടിടം.

അന്ന് ക്ഷേത്രം നശിപ്പിക്കാനായി പാഞ്ഞടുത്ത ഇസ്ലാമിക സേനയോട് ഏറ്റുമുട്ടിയ ഒരു ലക്ഷത്തി എഴുപതിനായിരം ഹിന്ദുക്കളെയാണ് ആ മതഭ്രാന്തൻ കൊന്നൊടുക്കിയത്. അതിനുശേഷം അന്നു മുതൽ 1947 വരെ സ്വാതന്ത്ര്യേച്ഛുക്കളായ മൂന്നരലക്ഷത്തിൽ പരം ഹിന്ദുക്കളുടെ ജീവനാണ് പലപ്പോഴായി നടന്ന ക്ഷേത്രവിമോചനപോരാ







# ഉള്ളടക്കം

വാല്യം 13 | ലക്കം 5 | സെപ്റ്റംബർ 2020


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 6 |
| ബാലലോകം | 8 |
| രാഗപരിചയം | 11 |
| വാസ്തു | 12 |
| ക്ഷേത്രങ്ങളിലൂടെ | 13 |
| മഹാഭാരതം | 19 |
| ഹരിസുധാലഹരി | 22 |
| അയലത്തെ ഒളിപ്പോരുകാരി | 23 |
| ഒരു പരിപൂർണ്ണ നിമിഷം | 28 |
| ശാസ്ത്രത്തിന്റെ ചരിത്രം - 6 | |
| അഗ്നിയുടെ ചിറകുകളിലൂടെ | 30 |
| ദുർഭഗ | 32 |
| ഭരണഘടന മഹാശ്ചര്യം നമുക്കും കിട്ടണം ഭരണം! | |
| മാധ്യമ ധർമ്മമോ അധർമ്മമോ? | 36 |
| ഓരോ തളിരിനും പൂവിനും കായ്വരും............ | 41 |
| സാപിയൻസ് : മനുഷ്യരാശിയുടെ | |
| ഒരു സംക്ഷിപ്ത ചരിത്രം | 43 |
| മാവേലി മന്നൻ | 49 |
| കുട്ടികളെ എങ്ങനെ രൂപപ്പെടുത്താം | 50 |
| പുതിയ ദേശീയ വിദ്യാഭ്യാസ നയം | 52 |
| അസുരം | 55 |
| നാലു വർണങ്ങളും നാല് ആശ്രമങ്ങളും | 56 |
| ഉപനിഷത്തുക്കളിലൂടെ...... | 61 |
| ജീവിത യാഥാർത്ഥ്യങ്ങൾ | 62 |
| പാതഞ്ജലയോഗദർശനം | 65 |
| മാസഫലം | 66 |


*കവർ: ആറന്മുള വള്ളംകളി – ഒരോർമ്മ*

## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

ട്ടങ്ങളിൽ ബലി അർപ്പിക്കപ്പെട്ടത്.

സ്വാതന്ത്ര്യം ലഭിച്ചപ്പോൾ തന്നെ സോമനാഥക്ഷേത്രത്തോടൊപ്പം ശ്രീരാമക്ഷേത്രത്തിന്റെയും പുനർനിർമ്മാണം നടക്കേണ്ടതായിരുന്നു. എന്നാൽ അധികാരത്തിലെത്തിയ ചിലരുടെ ഹിന്ദുവിരുദ്ധ നിലപാടും വഞ്ചനാപരമായ കുതന്ത്രങ്ങളും മൂലം അന്ന് അത് തടയപ്പെട്ടു. ഒരു കൂട്ടം ദേശവിരുദ്ധരും നിരീശ്വരവാദികളും അവരുടെ പിന്നിൽ അണിനിരന്നു. പരദേശതത്ത്വസംഹിതയെ പരിപോഷിപ്പിക്കുവാൻ വേണ്ടി നടക്കുന്ന അവരുടെ ലക്ഷ്യം ഭാരതദേശീയ ചിന്താസരണിയെ തകർക്കുക എന്നുള്ളതായിരുന്നു. അതിനുവേണ്ടി ഭൂരിപക്ഷജനതയുടെ ആത്മാഭിമാനപ്രചോതിതമായ ശ്രീരാമക്ഷേത്രനിർമ്മാണാഗ്രഹത്തെ അവർ 'വർഗ്ഗീയത' എന്നു പേരിട്ടു വിളിച്ചു. അവരോടൊപ്പം ചില തനി വർഗ്ഗീയ കക്ഷികളും മത, മതാധിഷ്ഠിത രാഷ്ട്രീയ സംഘടനകളും കൂടി ചേർന്നപ്പോൾ ഹിന്ദുവിരുദ്ധ ഭരണകൂടത്തിന് കാര്യങ്ങൾ എളുപ്പമായി. അങ്ങനെ ഹിന്ദു വിരുദ്ധരുടെ ഒരു പ്രത്യേക ചേരി രൂപപ്പെടുകയും ചെയ്തു. അതിനെ ചില പ്രത്യേക രാഷ്ട്രീയശക്തികൾ വോട്ട് ബാങ്കായി രൂപപ്പെടുത്തുന്നതും ആ വോട്ട് ബാങ്ക് നിലനിർത്തുന്നതിനുവേണ്ടി പൊതുഖജനാവിലെ പണം ഉപയോഗിച്ച് ആനുകൂല്യങ്ങൾ വാരിക്കോരി കൊടുക്കുന്നതുമാണ് പിന്നീടിങ്ങോട്ട് ഇന്നുവരെയും നമ്മൾ കണ്ടതും കാണുന്നതും.

സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ഇത്രയും കാലം രാമക്ഷേത്രപുനർനിർമ്മാണത്തിനായി രാഷ്ട്രീയമായും സാമൂഹ്യമായും നിയമപരമായും നടത്തിയ എല്ലാ പോരാട്ടങ്ങളെയും എതിർത്തത് മേൽപ്പറഞ്ഞ ചില പ്രത്യേക മതസംഘടനകളും അവരുടെ പിന്നിൽ അണിനിരന്ന ചില രാഷ്ട്രീയ കക്ഷികളുമായിരുന്നു. 1947 ആഗസ്റ്റ് 15 ന് നമുക്ക് രാഷ്ട്രീയ സ്വതന്ത്ര്യം ലഭിച്ചു. എന്നാൽ നമ്മുടെ അഭിമാനത്തിന്റെ മേൽ കെട്ടി ഉയർത്തിയ പാരതന്ത്ര്യസ്മാരകങ്ങൾ നീക്കം ചെയ്യാതെ എങ്ങനെ നമ്മുടെ സ്വാതന്ത്ര്യം പൂർണ്ണമാകും – നാം സ്വതന്ത്രരാണെന്ന് എങ്ങനെ പറയാൻ കഴിയും. ശ്രീരാമചന്ദ്രനെ സത്യധർമ്മാദികളുടെ പ്രത്യക്ഷഭാവമാർന്ന ഈശ്വരനായാണ് ഭാരതീയർ കാണുന്നത്. പ്രജാവത്സലനായ ഒരു ഭരണാധികാരിയായും, ഒരു ഭരണാധികാരി എങ്ങനെ രാജ്യം ഭരിക്കണമെന്നും പ്രജകളോട് എങ്ങനെ പെരുമാറണമെന്നും മനുഷ്യനായി ജീവിച്ച്, പ്രവർത്തിച്ച് കാണിച്ചുതന്ന വൈഷ്ണവാവതാരമാണ് ശ്രീരാമചന്ദ്രൻ. അന്നു മുതലാണ് ഭാരതത്തിൽ അദ്വിതീയമായ ആ രാമസംസ്കാരം നിറഞ്ഞൊഴുകിയതും പടർന്ന് പന്തലിച്ചതും.

അങ്ങനെ അന്ന് ശ്രീരാമദേവനാൽ സത്യത്തിന്റെയും, ധർമ്മത്തിന്റെയും ത്യാഗത്തിന്റെയും ദേശസ്നേഹത്തിന്റെയും നന്മയുടെയും കാരുണ്യത്തിന്റെയും അഹിംസയുടെയും ആദർശ ഭരണത്തിന്റെയും ഒക്കെ ശിലാസ്ഥാപനമാണ് സ്വപ്രവർത്തനത്തിലൂടെ അദ്ദേഹം നിർവ്വഹിച്ചത്. അത് പിന്നീട് ഭാരതം അങ്ങനെ തന്നെ തുടർന്നു പോന്നു. അതാണ് യുഗങ്ങളായി നാം കാത്തു സൂക്ഷിക്കുന്ന ഭാരതീയ സംസ്കാരം. അങ്ങനെ ഭാരതത്തിന്റെ സംസ്കാര ഗോപുരമായി മാറിയ രാമസംസ്കാരത്തെ തകർക്കാനാണ് മുഗളരും, ബ്രിട്ടീഷുകാരും ഉൾപ്പെട്ട മുഴുവൻ ആക്രമണകാരികളും ശ്രമിച്ചിട്ടുള്ളത്. ഇന്നും അവരുടെ പിൻഗാമികളുടെ ലക്ഷ്യവും അതു തന്നെയാണ്. ഇന്നും അത്തരം ദേശവിരുദ്ധപ്രവർത്തനങ്ങൾ പല കോണുകളിൽ നിന്നും ഉണ്ടാകുന്നത് നമുക്ക് കാണാം.

അഞ്ഞൂറോളം വർഷങ്ങളിലായി നടന്ന പോരാട്ടങ്ങളിൽ എടുത്തു പറയേണ്ട സമരങ്ങളാണ് 1990– ലും 1992 –ലും നടന്നത്. അതിൽ 1990 –ൽ നടന്ന ആദ്യത്തെ കർസേവയിൽ തന്നെ കേരളത്തിൽ നിന്നും 2500 ധർമ്മഭടന്മാർ പങ്കെടുത്തിരുന്നു. 1990 സെപ്റ്റംബർ 25– ന് ആരാധ്യനായ ലാൽകൃഷ്ണ അദ്വാനിജിയുടെ നേതൃത്വത്തിൽ സോമനാഥക്ഷേത്രപരിസരത്തു നിന്നും രാമജന്മഭൂമിയിലേക്ക് നടത്തിയ രഥയാത്ര രാമജന്മഭൂമിപ്രക്ഷോപത്തിലെ ഒരു നിർണ്ണായക സംഭവമായിരുന്നു. ഹൈന്ദവദേശീയവാദികളുടെ പൂർണ്ണപിന്തുണയും സഹകരണവും ഈ രഥയാത്രയ്ക്ക് ലഭിച്ചു. ഈ രഥയാത്ര രാജ്യത്ത് സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ വൻമാറ്റങ്ങളാണ് ഉണ്ടാക്കിയത്. ഒരു തരത്തിലും കർസേവ അനുവദിക്കില്ലെന്ന കർശന നിലപാടാണ് അന്ന് 'പ്രീണനമതേതരവാദികൾ' കൈക്കൊണ്ടത്. എന്നാൽ നട്ടെല്ലുള്ള ഹൈന്ദവഭക്തർ ഉദ്ദേശിച്ചതുപോലെ തന്നെ കർസേവ നടത്തുകയുണ്ടായി. 1992 – ലെ കർസേവയാണ് ഒട്ടേറെ മാറ്റങ്ങൾ വരുത്തിയത്. ഒരു ഉത്സവാന്തരീക്ഷമായിരുന്നു അന്ന് അവിടെ ഉണ്ടായിരുന്നത്. കാരണം ദേശീയതയ്ക്ക് വേണ്ടി നിലക്കൊള്ളുന്ന ഒരു സംസ്ഥാനസർക്കാരായിരുന്നു അന്ന് ആ സംസ്ഥാനം ഭരിച്ചിരുന്നത്. ഏതായാലും മറ്റ് മാർഗ്ഗങ്ങളിലൂടെ അല്ലാതെ നിയമവഴികളിലൂടെ തന്നെ രാമജന്മഭൂമി അതിന്റെ യഥാർത്ഥ അവകാശികളായ ഹിന്ദു സമൂഹത്തിന് ലഭിച്ചു. വർഷങ്ങൾ നീണ്ട ഖനനാന്വേഷണങ്ങളും പുരാതനലിഖിതങ്ങളും എല്ലാം ഒരു ക്ഷേത്രാവിശിഷ്ടങ്ങൾക്ക് മുകളിലാണ് ബാബർ പള്ളി നിർമ്മിച്ചത് എന്ന നിഗമനത്തിലെത്താൻ കോടതിയേയും കക്ഷികളേയും സഹായിച്ചു. അവിടെ ഉത്ഖനനം നടത്തിയവരിൽ പ്രമുഖനായ ഡോ. മുഹമ്മദിന്റെ റിപ്പോർട്ട് ഏറെ പ്രസക്തമാണ്. എല്ലാ തെളിവുകളുടെയും കക്ഷികൾ നിരത്തിയ വാദങ്ങളുംടെയും അടിസ്ഥാനത്തിൽ 2019 നവംബർ 10 ന് രാമജന്മഭൂമിയിൽ രാമക്ഷേത്രം നിർമ്മിക്കാം എന്ന് സുപ്രീം കോടതി വിധിച്ചു.

അങ്ങനെ അഞ്ച് നൂറ്റാണ്ട് നീണ്ട ത്യാഗോജ്ജ്വലമായ, വീരേതിഹാസ പോരാട്ടങ്ങൾ ഫലസിദ്ധിയിലെത്തി. ഇനി വേണ്ടത് സഹസ്രസൂര്യശോഭയോടെ ഭാരതീയ മനസ്സുകളിൽ ജ്വലിച്ചു നില്ക്കുന്ന ശ്രീരാമന്റെ പേരിലുള്ള ക്ഷേത്രം അദ്ദേഹത്തിന്റെ ജന്മസ്ഥാനത്ത് പുനർനിർമ്മിക്കുക എന്നുള്ളതാണ്. – നൂറ്റാണ്ടുകളായി വൈദേശികാക്രമണകാരികളാൽ അടിച്ചമർത്തപ്പെട്ട ഭാരതീയ സത്വബോധത്തിന് ഉണർവും ഉയർത്തെഴുന്നേല്പും നല്കുകയാണ്. അതെ, അതു തന്നെയാണ് നമ്മുടെ പ്രധാനമന്ത്രി മുഴുവൻ ഭാരതീയരുടെയും അഭിമാനത്തെ വാനോളം ഉയർത്തിക്കൊണ്ട് കഴിഞ്ഞ ആഗസ്റ്റ് 5 ന് 120 ഏക്കർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 160 അടി ഉയരത്തിൽ അഞ്ച് താഴികകുടങ്ങളോടുകൂടിയ ഭവ്യമായ ശ്രീരാമക്ഷേത്രത്തിനുള്ള ശിലാന്യാസം നടത്തിയത്. ഇത് ദേശീയതതയിലൂന്നിയ ഭദരതീയ സംസ്കാരത്തിന്റെ ഉയർത്തെഴുന്നേല്പാണ്. വിവിധ വിഭാഗങ്ങളിൽ പെട്ട 175 സന്യാസിശ്രേഷ്ഠന്മാരുടെ സാന്നിദ്ധ്യത്തിൽ രാജ്യത്തെ അനേകം പുണ്യനദികളിൽനിന്നും കൊണ്ടു വന്ന തീർത്ഥവും തെക്കെ അറ്റം മുതൽ വടക്കെ അറ്റം വരെയും കിഴക്ക് നിന്ന് പടിഞ്ഞാറു വരെയുള്ള ഏതാണ്ട് രണ്ടായിരത്തിൽ പരം സ്ഥലങ്ങളിൽ നിന്നു ശേഖരിച്ച മണ്ണും പൂജാദ്രവ്യങ്ങളായി ക്ഷേത്രസ്ഥാനത്ത് സമർപ്പിച്ചുകൊണ്ടാണ് ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കപ്പെട്ടത്. – ദേശീയഐക്യത്തിനും അഖണ്ഡതയ്ക്കും ശക്തി പകർന്നുകൊണ്ട് അങ്ങനെ ഭാരതത്തിന്റെ ധർമ്മപ്രചോദനം മര്യാദാപുരുഷോത്തമനുമായ ശ്രീരാമചന്ദ്ര സ്വാമിയുടെ പേരിൽ ക്ഷേത്രം പുനർനിർമ്മിക്കപ്പെടുന്നു. ഭാരതദേശിയതയുടെ മകുടത്തിൽ ചാർത്തുന്ന പൊൻകിരീടമാണത്. – സ്വാഭിമാനത്തിന്റെ രജതരേഖയാണത് – ഉയിർത്തെഴുന്നേറ്റ ഹൈന്ദവശക്തിയുടെ തോജോകിരണങ്ങളാണത്. ഈ ക്ഷേത്രനിർമ്മാണം നമുക്കഭിമാനം പകരുന്നു– ഭാരതീയനെന്നതിൽ, ഹിന്ദുവെന്നതിൽ.

രാഷ്ട്ര ശത്രുവായ ബാബറിന്റെ ആക്രമണ ദിനം മുതൽ ഇത്രയും കാലം രാമജന്മഭൂമി മോചനത്തിനായുള്ള പോരാട്ടങ്ങളിൽ ബലിയർപ്പിക്കപ്പെട്ട പുണ്യാത്മക്കളായ പൂർവ്വികരെ! നിങ്ങളുടെയെല്ലാം സ്മരണയ്ക്ക് മുന്നിൽ അഞ്ജലീബന്ധരായി നിന്ന് പ്രണാമം അർപ്പിക്കുന്നു. ഞങ്ങൾക്ക് ലഭിച്ച ഈ പരമഭാഗ്യം. നിങ്ങൾ നേടിത്തന്നതാണ് , നിങ്ങളുടെ സംഭാവനയാണ്. ഭാരതീയ സംസ്കൃതിയും ശ്രീരാമക്ഷേത്രവും ഉള്ള കാലത്തോളം നിങ്ങൾ സ്മരിക്കപ്പെടും.

യഥാർത്ഥത്തിൽ മോദിജി അവിടെ ശിലാസ്ഥാപനം നിർവ്വഹിച്ചത് ഒരു നവഭാരതത്തിനാണ്. അതുകൊണ്ട് തന്നെ ഈ മഹത് സംരംഭത്തിന് പിന്നിൽ മുഴുവൻ ഭാരതീയരും അണിനിരക്കേണ്ടതാണ്, സഹകരിക്കേണ്ടതാണ്. അതുകൊണ്ട് രണ്ടുണ്ട് കാര്യങ്ങൾ. ഒന്ന് ദേശീയോദ്ഗ്രഥനവും, മറ്റേത് ക്ഷേത്രസംസ്കാരപരിപോഷണവും. ഇവ രണ്ടും ഈ നാടിനെ സംബന്ധിച്ച് ഒഴിച്ചു കൂടുവാൻ പാടില്ലാത്തതാണ്. എങ്ങനെയായാലും ഈ ധർമ്മയജ്ഞത്തിൽ പങ്കെടുത്ത് ക്ഷേത്രപുനർനിർമ്മാണവുമായി പൂർണ്ണമായി സഹകരിക്കുക എന്നുള്ളത് ഓരോ ഭാരതീയന്റെയും കടമയാണ്, ധാർമ്മികമായ ഉത്തരവാദിത്വമാണ്.

ജയ് ശ്രീറാം – ജയ് ഹിന്ദ്

## ശ്രീമദ് ഭഗവത് ഗീത

ന ഹി ജ്ഞാനേന സദൃശം
പവിത്രമിഹ വിദ്യതേ
തത് സ്വയം യോഗസംസിദ്ധ ഃ
കാലേനാത്മനി വിന്ദതി.

ജ്ഞാനത്തിനും തുല്യമായി മനോമാലിന്യത്തെ നീക്കുവാൻ വേദത്തിലും ലോകത്തിലും മറ്റൊരുപായവുമില്ല. ആ ജ്ഞാനം കർമ്മയോഗം കൊണ്ടും അഭ്യാസയോഗംകൊണ്ടും സംസ്കരിക്കപ്പെട്ട് കാലപ്പഴക്കത്തിൽ താനേ ബുദ്ധിയിൽ തെളിഞ്ഞു വരുന്നു.



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രീയ കരയോഗാംഗങ്ങളെ,

അങ്ങനെ ഒരോണക്കാലവും കൂടി കോവിഡിന്റെ പശ്ചാത്തലത്തിൽ നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും ഉള്ളിൽ നിന്നുകൊണ്ട് കടന്നു പോയി. വാമനമൂർത്തിയെപ്പറ്റിയും മഹാവിഷ്ണുവിനെപ്പറ്റിയും ഓണം എന്ന ആഘോഷത്തെപ്പറ്റിയും ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ നിന്നുകൊണ്ട് 'ബുദ്ധിജീവികൾ' നമ്മുടെ സംസ്കാരത്തിന്റെയും വിശ്വാസങ്ങളുടെയും മേൽ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ അവഹേളിക്കുവാനും അപമാനിക്കുവാനും പുച്ഛിക്കുവാനും കിട്ടുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നു. എന്നാൽ പതിനായിരം വർഷങ്ങളോ അതിനു മേലേയോ ഉള്ള സനാതന ധർമ്മവും സംസ്കാരവും ഇന്നും പിന്തുടരുവാനും ഏതിന്റെ പേരിലായാലും സകല മാനവരെക്കൊണ്ടും ആ ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുവാനും ഒപ്പം നിർത്തുവാനും കഴിയുന്നു എന്നതാണ് ഈ ധർമ്മസംസ്കാരത്തിന്റെ അന്ത:സത്ത. ആയിരത്തിഅഞ്ഞൂറോ രണ്ടായിരമോ വർഷം മാത്രം പാരമ്പര്യമുള്ള സെമിറ്റിക് മതങ്ങൾ ലോകത്ത് പ്രചരിപ്പിച്ചും മറ്റേതിന്റെയെങ്കിലും പേരിൽ ആഘോഷിച്ചും ജനങ്ങളെ അതിലേക്കടുപ്പിച്ചിട്ടുണ്ടെങ്കിൽ പോലും ലോകത്ത് ആ മതങ്ങളുടെ ആധിക്യവും ജനസംഖ്യയും കൂടുതലുള്ള സ്ഥലങ്ങളിലെല്ലാം അരാജകത്വവും ഭീകരതയും കൂട്ടകുരുതിയും നടന്നു കൊണ്ടിരിക്കുകയാണ്. സനാതനധർമ്മത്തിൽ വിശ്വസിക്കുന്നവരേയും അതനുസരിച്ച് ജീവിതമൂല്യങ്ങളെ ഉയർത്തിപ്പിടിച്ച് ജീവിക്കുന്ന സമൂഹങ്ങളേയും നാം ഈയവസരത്തിൽ നിരീക്ഷിച്ച് സ്വയം വിശകലനം ചെയ്താൽ ഭാരതീയ സംസ്കാരം എവിടെ നില്ക്കുന്നു എന്ന് മനസ്സിലാക്കുവാൻ കഴിയും - പ്രത്യേകിച്ച് ഇന്ന് ലോകത്ത് നടക്കുന്ന സംഭവ വികാസങ്ങളെ വിലയിരുത്തി താരതമ്യം ചെയ്ത് നോക്കിയാൽ.

മാർച്ച് മാസം മുതൽ എറണാകുളം കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കോവിഡ് - 19 ലോക്ഡൗൺ പ്രോട്ടോകോൾ നിബന്ധനകൾക്ക് വിധേയമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഇന്നത്തെ ഈ പംക്തി കുറിക്കുമ്പോഴുള്ള അവസ്ഥ ലോകത്ത് ഏറ്റവും കൂടുതൽ കൊറോണ വൈറസ് രോഗം ദിവസേന റിപ്പോർട്ട് ചെയ്യുന്ന രാജ്യം ഇന്ത്യയായി മാറിയിരിക്കുന്നു എന്നുള്ളതാണ്. വരും ദിവസങ്ങൾ എങ്ങനെയാകുമെന്ന് പോലും പ്രവചിക്കാൻ കഴിയാത്ത അവസ്ഥയാണ് സംജാതമായിട്ടുള്ളത്. എന്നാലും ഈ കാലഘട്ടവും മറിക്കടക്കുമെന്നും കൂടുതൽ ക്ഷേമജീവകാരുണ്യ പ്രവർത്തനങ്ങളുമായി നമ്മൾ സമൂഹത്തിൽ സജീവമായി രംഗത്തുണ്ടാവുമെന്നും എനിക്ക് അതിയായ ആത്മവിശ്വാസമുണ്ട്.

മുൻവർഷങ്ങളിലെപ്പോലെ ഓണവിപണനമേള ഈ വർഷം കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സാമൂഹിക അകലം പാലിച്ചുകൊണ്ട് കഴിഞ്ഞ വർഷങ്ങളിലെ വെച്ചു നോക്കുകയാണെങ്കിൽ 50% എങ്കിലും ഓണം വിപണനം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. അതിനോട് സഹകരിച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

2020 - ലെ നവരാത്രി ആഘോഷത്തോടനുബന്ധിച്ചുള്ള കലാ സാഹിത്യ നൃത്ത സംഗീത പുരാണേതിഹാസ മത്സരങ്ങൾ ഈ വർഷം നടത്തുവാൻ കോവിഡ് - 19 ന്റെ പ്രോട്ടോകോൾ അനുസരിച്ച് സാധ്യമല്ലാതെ വന്നിരിക്കുന്നു എന്ന് ഇതിനാൽ അറിയിച്ചു കൊള്ളട്ടെ. 2020 ഒക്ടോബർ 17 മുതൽ 26 വരെയാണ് നവരാത്രി ആഘോഷപരിപാടികൾ ടി. ഡി. എം. ഹാളിൽ നടത്തേണ്ടിയിരുന്നത്. എന്നാൽ

സാമൂഹ്യ അകലം പാലിച്ചുകൊണ്ടും 100 - ൽ കൂടുതൽ ആൾക്കാരെ പങ്കെടുപ്പിച്ചുകൊണ്ടും ഇത്തവണ നവരാത്രി ആഘോഷ പരിപാടികൾ നടത്തുവാൻ കഴിയുമെന്ന് വിചാരിക്കുന്നില്ല. ആയത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അടുത്ത ലക്കം സൗഹൃദത്തിൽ അറിയിക്കുന്നതായിരിക്കും.


എറണാകുളം കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സംബന്ധിച്ചോ കരയോഗം എടുക്കുന്ന തീരുമാനങ്ങളെ സംബന്ധിച്ചോ എല്ലാ കരയോഗാംഗങ്ങൾക്കും അതിന്റെ വിശദീകരണം മനസ്സിലാക്കുവാനും അറിയുവാനുമുള്ള അവകാശവും അതിന്മേൽ തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടു പറയട്ടെ, ഒരു പ്രസ്ഥാനത്തിന് / സ്ഥാപനത്തിന് ദൈനംദിന നടത്തിപ്പിന് ചില ചട്ടങ്ങളും നിയമങ്ങളും നിബന്ധനകളും കാലാകാലങ്ങളിൽ രൂപികരിക്കുകയും അതനുസരിച്ച് ഭരണകർത്താക്കൾ അതു നടപ്പാക്കുകയും ചെയ്യുമ്പോൾ വ്യക്തിതാല്പര്യങ്ങൾക്ക് മുൻഗണന കൊടുക്കാതെയാണ് പൊതുവായ കാര്യങ്ങളെ നിരീക്ഷിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നത്. എന്നാൽ ചില മാന്യസുഹൃത്തുക്കൾ തെറ്റായി കാര്യങ്ങൾ വീക്ഷിക്കുകയും വിലയിരുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് ഖേദകരമാണെന്നും കരയോഗത്തിനെതിരായ തെറ്റായ ഇത്തരം പ്രചരണങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുകയാണെങ്കിൽ ദയവുചെയ്ത് കരയോഗം ജനറൽ സെക്രട്ടറി എന്ന നിലയിൽ ഞാനുമായി ബന്ധപ്പെടണമെന്നും, അത് സംബന്ധിച്ച എല്ലാ വസ്തുതകളും ബോദ്ധ്യപ്പെടുത്തുവാൻ തയ്യാറാണെന്ന് സവിനയം അറിയിച്ചു കൊള്ളുന്നു. ആയിരം കുടത്തിന്റെ വായ് അടച്ചുകെട്ടാമെങ്കിലും ഒരു ദുഷ്പ്രചാരകന്റെ വായ് അടച്ചു കെട്ടുവാൻ നമുക്ക് കഴിയില്ലല്ലോ. ഈ പ്രസ്താവന അതിന്റേതായ അർത്ഥശുദ്ധിയോടുകൂടി മനസ്സിലാക്കണമെന്ന് അഭ്യർത്ഥിച്ചു കൊള്ളുന്നു.

ജനറൽ സെക്രട്ടറി

**കഷ്ടം ! സ്ഥാനവലിപ്പമോ പ്രഭുതയോ**
**സജ്ജാതിയോ വംശമോ**
**ദൃഷ്ടശ്രീ തനുധാടിയോ ചെറുതുമി-**
**ങ്ങോരില്ല ഘോരാനലൻ**
**സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെ-**
**പ്പുക്കസ്തമിക്കുന്നിതി-**
**ങ്ങിഷ്ടന്മാർ പിരിയുന്നു ഹാ ! ഇവിടമാ-**
**ണദ്ധ്യാത്മവിദ്യലയം.**

*- കുമാരനാശാൻ. പ്രരോദനം. പദ്യം 35*

മനുഷ്യന്റെ വലിപ്പങ്ങളൊന്നും മരണം വകവയ്ക്കുന്നില്ലെന്ന് കുമാരനാശാൻ പരിതാപപൂർവ്വം ചൂണ്ടിക്കാണിക്കുകയാണ്. സ്ഥാനപലിപ്പമോ പ്രഭുത്വമോ വളരെ ഐശ്വര്യം നിറഞ്ഞ ശരീരശോഭയോ ഒന്നും ചിതയിലെ ഘോരമായ അഗ്നി ഓർക്കുകയില്ല. മനുഷ്യന്റെ അഹങ്കാരമെല്ലാം ഇവിടെ വന്ന് അസ്തമിക്കുന്നു. സ്നേ്ിതരെല്ലാം ഇവിടെ വച്ചു പിരിയുന്നു - ഈ ചിത അഥവാ ശ്മാശാനമാണ് യഥാർത്ഥ അദ്ധ്യാത്മ വിദ്യാലയം.



# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

ഏറെ നാളുകളായി എല്ലാവരും വീട്ടിൽ തന്നെ ആണല്ലോ? കോവിഡ് എന്ന രോഗത്തിന് അടിമപ്പെടാതിരിക്കാനാണല്ലോ എല്ലാവരും അവരവരുടെ വീട്ടിൽ തന്നെ ഇരിക്കുന്നത്. കൂട്ടുകാരും അങ്ങിനെ തന്നെ ആയിരിക്കുമല്ലോ? പക്ഷെ, പഠനവും, കൂട്ടുകാരെ കാണലും എല്ലാം പുതിയ സംവിധാനത്തിലൂടെ പറ്റുന്നുണ്ടാവും. അതുകൊണ്ട് ആ രീതിയും നല്ലതു തന്ന അല്ലെ? ഓൺലൈൻ ക്ലാസ്സുകൾക്കിടയിലും ധാരാളം സമയം കിട്ടാറുണ്ടാവുമല്ലോ? എല്ലാവരും വീട്ടിൽ ഉള്ളതുകൊണ്ട് എപ്പോൾ വേണമെങ്കിലും എന്തിനും സംശയനിവൃത്തി വരുത്താനാവും. വീട്ടിനകത്തിരുന്നു കളിക്കാവുന്ന നിരവധി കളികൾ ഉണ്ടല്ലോ? അതോടൊപ്പം കൂട്ടുകാർക്ക് പുസ്തകങ്ങൾ വായിച്ച് വളരാനുമാവും. വേണ്ടപ്പോഴെല്ലാം പ്രകൃതിയെ ആസ്വദിക്കാൻ വീട്ടിൽ തന്നെ ഇരിക്കുമ്പോൾ സാധിക്കും.

പഠനത്തോടൊപ്പം മനസ്സിൽ ഒന്നിനെക്കുറിച്ചും ഭയമോ, സംഘർഷമോ കൂടാതെ സന്തോഷത്തോടെ ഇരിക്കണം കേട്ടോ കൂട്ടുകാരെ.

എന്നും എല്ലാ കാര്യവും നാം വിചാരിക്കുന്നതുപോലെ സംഭവിക്കണം എന്നില്ല! മറിച്ചു സംഭവിക്കുമ്പോൾ തളരാതെ മുന്നോട്ടു നീങ്ങുകയും വേണം. എല്ലാറ്റിനെയും നേരിടാനുള്ള ഒരു മനസ്സ് കൂട്ടുകാർക്കും ഉണ്ടാവണം.

ഇനി എല്ലാവരും വീട്ടിൽ ഉള്ളതുകൊണ്ട് അവരോടൊപ്പം ഒരു ചെറിയ നാടകം അഭിനയിച്ചു നോക്കൂ.

ഒരമ്മയും മകനും, ഒരു പൂച്ചയുമാണ് ഈ നാടകത്തിലെ കഥാപാത്രങ്ങൾ.

ഇവിടെ മകൻ ഗണപതിയും അമ്മ പാർവതീദേവിയുമാണ് കേട്ടോ. (മകന് വീട്ടിൽ ഇരുന്ന് ബോറടിച്ചപ്പോൾ അമ്മയോട്)

'അമ്മേ ഞാൻ കുറച്ചു നേരം അടുത്തുള്ള പൂന്തോട്ടത്തിൽ കളിക്കാൻ പോവട്ടെ'?

ശ്രീപാർവ്വതി മകന്റെ നെറുകയിൽ ചുംബിച്ചുകൊണ്ട് പക്ഷെ, വേഗം തന്നെ വരണം കേട്ടോ.

ഗണപതി: ശരി അമ്മെ എന്നു പറഞ്ഞുകൊണ്ട് ഓടി പോകുന്നു.

മനോഹരമായ പൂന്തോട്ടം. അവിടെ നിറയെ പൂക്കളും പൂമ്പാറ്റകളും.

(ഗണപതി അവിടുത്തെ കാഴ്ച്ചകൾ കണ്ടു അൽപനേരം സ്തംബ്ധനായി നിൽക്കുന്നു.)

പിന്നീട് തോട്ടത്തിൽ കണ്ട പൂമ്പാറ്റകളുടെ പിറകെ അവയെ പിടിക്കാൻ ഓടുന്നു. ഒന്നിനെയും പിടികിട്ടാത്തതുകൊണ്ടു ഓടി തളർന്ന് ഒരു മരച്ചുവട്ടിൽ വിശ്രമിക്കാനിരുന്നു. ഒരു കുഞ്ഞു പൂച്ച ഗണപതിയുടെ അടുത്ത് വന്നു.

പൂച്ച - മ്യാവൂ, മ്യാവൂ (ഗണപതി ഇതിനെ കൗതുകത്തോടെ വീക്ഷിക്കുന്നു) പൂച്ച പതുക്കെ ഗണപതിയുടെ മടിയിൽ കയറി ഇരുന്നു. ഉറക്കവും തുടങ്ങി. അമ്മ വേഗം വരണം എന്ന് പറഞ്ഞകാര്യം ഓർമ്മയിൽ വന്നു ഗണപതിക്ക്.

ഗണപതി - എന്താ കുഞ്ഞി പൂച്ചേ? കുറെ നേരായല്ലോ ഉറക്കം? ഇനി മതി എന്നു പറഞ്ഞുകൊണ്ട് പൂച്ചയെ മടിയിൽ നിന്ന് ഇറക്കി വിടുന്നു. ഇറക്കി വിടുമ്പോൾ പോകും. പിന്നെയും വരും. മടിയിൽ കയറി ഇരിക്കും. ഉറങ്ങും. ഗണപതിക്ക് അല്പം ശുണ്ഠി വന്നു.

ഗണപതി (ദേഷ്യത്തോടെ) ഒന്നു പോകാമോ നീ. എനിക്ക് വീട്ടിൽ പോണം.

പൂച്ച - മ്യാവൂ.

അവൻ വിടുന്ന മട്ടില്ല.





ഗണപതി (രോഷാകുലനായി)

എത്ര പറഞ്ഞാലും കേൾക്കില്ല അല്ലേ ? എങ്കിൽ ഞാൻ കാണിച്ചു തരാം.

പൂച്ചയുടെ മുഖത്ത് ഗണപതി തന്റെ കൈകൾ കൊണ്ടൊന്നു മാന്തി.

പൂച്ച വേദനയോടെ ഓടിപ്പോയി. ഗണപതി വേഗം തന്നെ വീട്ടിലേക്ക് മടങ്ങിപ്പോയി.

ഗണപതിയുടെ വീട്.

(മകനെ കണ്ടയുടനെ അമ്മ പാർവ്വതി ഓടി വന്നു.)

പാർവ്വതി -

എന്തെ മോനിത്ര വൈകീത് ?

ഗണപതി - (വിഷമത്തോടെ)

ഒരു പൂച്ച -- അനുസരണമില്ലാത്ത പൂച്ചയാണമ്മേ.

മകൻ അമ്മയുടെ മുഖത്തു നോക്കി പറഞ്ഞു. അമ്മയുടെ മുഖത്തേക്കൊന്ന് നോക്കിയ മകൻ കണ്ടത് അമ്മയുടെ മുഖത്തെ മാന്തിയ പാടുകളാണ്.

ഗണപതി (സങ്കടത്തോടെ)

അമ്മേടെ മുഖത്തു എന്താ? എന്താ അമ്മയ്ക്ക് പറ്റിയത് ?

ആരോ മാന്തിയ പോലെ ?

പാർവ്വതി (അല്പം നീരസത്തോടെ)

അതോ നീ കളിക്കാൻ പോയപ്പോ എന്താ ചെയ്തത്? ആരെയോ ഉപദ്രവിച്ചില്ലേ ? ഈ ഭൂമിയിലെ സർവ്വജീവജാലങ്ങളുടെയും അമ്മയാണ് ഞാൻ. എന്റെ മക്കൾക്ക് എന്തെങ്കിലും പറ്റിയാൽ എനിക്കു തന്നെയാണ് അതിന്റെ വേദന.

ഗണപതി - വിഷമത്തോടെ (മനപ്പൂർവ്വം അല്ലമ്മേ)

ഒരു പൂച്ചക്കുഞ്ഞിനെ.... അതു മടിയിൽ നിന്ന് ഇറങ്ങിപ്പോകാൻ വിസമ്മതിച്ചപ്പോൾ ഞാൻ അതിനെ ഒന്ന് മാന്തിയിരുന്നു.

ഇനി അങ്ങിനെ സംഭവിക്കില്ലമ്മേ.

പാർവ്വതി (മകന്റെ നെറുകയിൽ ചുംബിക്കുന്നു )

ശ്രീരാമകൃഷ്ണൻ പറഞ്ഞ ഈ കഥയിൽ ഒരു ഗുണപാഠമുണ്ട്. അത് കൂട്ടുകാർ തന്നെ കണ്ടു പിടിച്ചോളൂ.

ഇത് എല്ലാവർക്കും ഒരു മാതൃക ആവട്ടെ കൂട്ടുകാരെ.

# മൂന്നു ചൊല്ലുകൾ

**പറവൂർ രാജഗോപാൽ.**
**ഫോൺ: 9847291483**

പാപ്പാത്തിക്കാവിലെ അരയാലിൽ പലതരം കിളികളും പക്ഷികളും സായാഹ്നങ്ങളിൽ വന്നണയാറുണ്ട്. നേരം പുലരുന്നതോടെ അവയൊക്കെ ഓരോ വഴിക്ക് പറന്നകലും. സായാഹ്നങ്ങളിൽ വീണ്ടും അവ ദേശവിശേഷങ്ങളുമായി തിരിച്ചെത്തും. ഇരുളും വരെ പല വർത്തമാനങ്ങളും പരസ്പരം പങ്കു വെയ്ക്കും. രാവായാൽ ശിഖരങ്ങളിലെ ഇല മറവുകളിൽ നിദ്രപൂകും.

കാവിലെ ആലിൻ കൊമ്പുകളിലെ പക്ഷിക്കൂട്ടത്തിൽ ഒരു വാനമ്പാടിയുമുണ്ടായിരുന്നു. ഒരിക്കൽ ദേശങ്ങൾ താണ്ടി പാപ്പാത്തിക്കാവിലെത്തിയതാണ് വാനമ്പാടി. പിന്നെ മടങ്ങിയില്ല. പാപ്പാത്തിക്കാവിൽ കൂട്ടരുമൊത്തു കൂടി. കാവും കാവിലമ്മയും പരിസരവും മാലോകരും വാനമ്പാടിക്ക് ഇഷ്ടമായി.

വാനമ്പാടി എന്നും പുലർച്ചെയും സായംസന്ധ്യകളിലും ആലിൻ കൊമ്പിലിരുന്നു പാടും. വാനമ്പാടിയുടെ മനോഹരമായ പാട്ട് പാപ്പാത്തിക്കാവിലെ ദേശക്കാർക്ക് ലഭിച്ച ഒരനുഗ്രഹം തന്നെയായിരുന്നു. അവർക്ക് വാനമ്പാടിയെ ജീവനായിരുന്നു.

തൊട്ടടുത്തുള്ള ദേശത്ത് ധനാഢ്യനായ ഒരു ജന്മി പാർത്തിരുന്നു. രജീന്ദർ എന്നായിരുന്നു അയാളുടെ പേര്.

കാവിൽ തൊഴാൻ വന്ന ഒരു നാൾ രജീന്ദർ വാനമ്പാടിയുടെ പാട്ടു കേട്ടു. അപ്പോൾ മുതൽ അയാളുടെ ഉള്ളിൽ ആ വാനമ്പാടിയെ സ്വന്തമാക്കണമെന്ന വിചാരമായി. അതിനായി അയാൾ പല വഴികളും ആലോചിച്ചു. ഒടുവിൽ ഒരു പുലർച്ചെ, ഒരു സാഹായിയുമായി വന്ന് അയാൾ അതിനെ പിടിച്ചു കൂട്ടിലാക്കി സ്വന്തം ഗൃഹത്തിലേക്ക് കൊണ്ടുപോയി. ഗൃഹത്തിൽ ചെന്ന് അയാൾ അതിനെ

ഒരു സ്വർണ്ണക്കൂട്ടിലാക്കി.

ഉമ്മറത്ത് നാലാൾ കാണുന്നൊരിടത്ത് കൂട്ടിൽ വാനമ്പാടി അസ്വസ്ഥയായി. അയാൾ വാനമ്പാടിക്കുവേണ്ടി വിശിഷ്ടങ്ങളായ ഭോജ്യങ്ങൾ നൽകി. എന്നിട്ട് അതിനോട് പറഞ്ഞു.

നോക്കൂ, നിന്നെ ഞാൻ പൊന്നുപോലെ നോക്കും. നീയിപ്പോൾ എന്റെ സ്വർണ്ണക്കൂട്ടിലാണ്. ഇനി നീ എന്നും എനിക്കു വേണ്ടി പാടണം. എനിക്ക് വേണ്ടി മാത്രം.

വാനമ്പാടി പറഞ്ഞു.

അയ്യോ കൂട്ടിലാക്കപ്പെട്ട വാനമ്പാടി പാടില്ല. ദയവുചെയ്ത് നിങ്ങൾ എന്നെ തുറന്നു വിടൂ രജീന്ദർ ചിരിച്ചു.

തുറന്നു വിടാനോ ? അതിനാണോ പാടപെട്ട് ഞാൻ കെണിയൊരുക്കി നിന്നെ പിടിച്ചതും നിനക്ക് വേണ്ടി ഈ സ്വർണ്ണക്കൂട് ഉണ്ടാക്കിയതും, നല്ല ഭോജ്യങ്ങൾ വിളമ്പിയതും.

വാനമ്പാടി പറഞ്ഞു.

സഹോദരാ, ഞങ്ങൾ പക്ഷികൾക്ക് പറന്നു പറന്ന് പക്ഷങ്ങൾ തളരണം, വിശപ്പും ദാഹവും വരാൻ. വിശ്രമിക്കാനും. അതിനു നിങ്ങൾ ഒരുക്കിയിട്ടുള്ള ഈ സ്വർണ്ണക്കൂടൊന്നും ആവശ്യമില്ല. ദൈവത്തിന്റെ സ്വന്തം നാട്ടിലെ ഇനിയും മുറിച്ചു മാറ്റപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും വൃക്ഷ ശിഖരം തന്നെ ധാരാളം.

രജീന്ദർ പറഞ്ഞു. -

ഞാൻ നിന്നെ ദ്രോഹിക്കുകയല്ല. നിന്നോടുള്ള ഇഷ്ടംകൊണ്ടാണ് ഇതൊക്കെ ഞാൻ നിനക്ക് വേണ്ടി ഒരുക്കിയിരിക്കുന്നത്.

വാനമ്പാടി പറഞ്ഞു.

എനിക്ക് വിശ്വാസം പോരാ. എന്നോട് ഇത്തിരിയെങ്കിലും ഇഷ്ടം നിങ്ങൾക്കുണ്ടെങ്കിൽ എന്നെ സ്വതന്ത്രയാക്കൂ. അങ്ങനെ ചെയ്താൽ ഞാൻ നിങ്ങൾക്ക് മൂന്നു സമ്മാനങ്ങൾ തരാം. വിലപ്പെട്ട സമ്മാനങ്ങൾ.

രജീന്ദർ ആലോചനയിലായി. അവസാനം അയാൾ വാനമ്പാടിയെ തുറന്നു വിട്ടു.

നന്ദിയുണ്ട് സഹോദരാ. ഒരുപാട്. ഞങ്ങൾ കിളിജന്മങ്ങൾക്ക് സർവ്വസ്വാതന്ത്ര്യത്തോടെ പറന്നു നടന്ന് ദേശങ്ങൾ ചുറ്റി ജീവിച്ചു തീർക്കാനാണിഷ്ടം. - വാനമ്പാടി പറന്നുയർന്ന് അടുത്തുള്ള പ്ലാവിൻ കൊമ്പിലിരുന്നു.

ആഹാ...... അപ്പോ നീ എനിക്കു മൂന്നു സമ്മാനങ്ങൾ തരുമെന്ന് പറഞ്ഞിട്ട്....... എന്താ എന്നെ പറ്റിക്ക്യാണോ ?

ഒരിക്കലുമല്ല. ഞാൻ പറയുന്നത് ശ്രദ്ധിച്ച് കേട്ടോളൂ.

രജീന്ദർ ചെവി വട്ടം പിടിച്ചു.

വാനമ്പാടി മൊഴിഞ്ഞു.

തടവുകാരന്റെ വാഗ്ദാനത്തെ ഒരിക്കലും വിശ്വസിക്കരുത്. ഒന്നാമത്തെ സമ്മാനമെന്ന് വിശേഷിപ്പിക്കാവുന്ന ഉപദേശമാണിത്.

നിങ്ങളുടെ പക്കലുള്ളതെന്തും സൂക്ഷിച്ചു വെയ്ക്കുക. ഇത് രണ്ടാമത്തെ സമ്മാനം.

എന്നന്നേക്കുമായി നഷ്ടപ്പെട്ടതിനെ ഓർത്ത് ദുഃഖിക്കരുത്. ഇത് മൂന്നാമത്തേതും അവസാനത്തേതും.

ഒടുവിൽ പറന്നകലും മുമ്പേ അയാൾക്കായി വാനമ്പാടി ഒരിക്കൽ കൂടി മനോഹരമായി ഒന്നു പാടി. എന്നിട്ട് പാപ്പാത്തിക്കാവിലേക്ക് പറന്നു. .

*(മിനിക്കഥ)*

# നിഷേധികളോട്

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

സർവ്വഭൂതങ്ങളിലും ഈശ്വരൻ സ്ഥിതിചെയ്യുന്നു. അഥവാ, ഈശ്വരനിൽ സർവ്വഭൂതങ്ങളും സ്ഥിതി ചെയ്യുന്നു. ഇതു പറയുമ്പോൾ നിഷേധികൾ ചോദ്യം ചെയ്യും.

'അപ്പോൾ ചെകുത്താനിലും ഈശ്വരനുണ്ടോ അഥവാ, ഈശ്വരനിൽ ചെകുത്താനുണ്ടോ?'

ചെകുത്താനോടും പോത്തിനോടും വേദം ഓതിയിട്ടു കാര്യമില്ലെന്നു പറയുന്നതു പോലെ നിഷേധികളോട് തർക്കിച്ചിട്ടും പ്രയോജനമില്ല.





രാഗപരിചയം

# കുറിഞ്ചി

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

വളരെ പുരാതനവും ശാന്തികരവുമായ ഒരു രാഗമാണ് കുറിഞ്ചി. 29-ാമത്തെ മേളകർത്താ രാഗമായ ധീരശങ്കരാഭരണത്തിന്റെ ജന്യരാഗമാണിത്. തമിഴ് സംഗീതത്തിലെ പ്രസിദ്ധ രാഗമായ കുറിഞ്ചി പൺ ഈ രാഗത്തിനോടു സമാനത പുലർത്തുന്നു. തമിഴ് നാടോടി സംഗീതമാണ് കുറിഞ്ചിരാഗത്തിന്റെ ഉറവിടം.

ആരോഹണം ഃ സ നി സ രി ഗ മ പ ധ

അവരോഹണം ഃ ധ പ മ ഗ രി സ നി

സ്വരസ്ഥാനങ്ങൾഃ ഷഡ്ജം, ചതുഃശ്രുതി രിഷഭം, അന്തരഗാന്ധാരം, ശുദ്ധ മദ്ധ്യമം, പഞ്ചമം, ചതുഃശ്രുതി ധൈവതം, തീവ്രകാകളി നിഷാദം.

കുറിഞ്ചി രാഗത്തിൽ മദ്ധ്യസ്ഥായി ധൈവതം വരെയേ സഞ്ചാരം ഉള്ളു. അതിനാൽ ഈ രാഗത്തെ ധൈവതാന്ത്യരാഗം എന്നു വിളിക്കുന്നു. അന്യസ്വരങ്ങൾ ഇല്ലാത്തതിനാൽ ഇത് ഒരു ഉപാംഗ രാഗമാണ്. രാഗവിസ്താരത്തിനും മറ്റും സാദ്ധ്യത ഇല്ലാത്തതിനാൽ സംഗീതക്കച്ചേരികളിൽ മുഖ്യകൃതി കഴിഞ്ഞുള്ള സമയത്താണ് കുറിഞ്ചി രാഗം ആലപിക്കുന്നത്.

വളരെ പതിഞ്ഞ കാലത്തിൽ ആലപിച്ചാൽ ഭക്തി ഭാവമാണ് കുറിഞ്ചി രാഗത്തിൽ നിന്നും ഉണ്ടാവുന്നത്. വളരെ മംഗളകരമായ രാഗമായതിനാൽ തെക്കേ ഇന്ത്യയിലെ വിവാഹങ്ങൾക്ക് സാധാരണയായി ആലപിക്കാറുള്ള ഊഞ്ചൽ ഗാനങ്ങൾ ഈ രാഗത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. സീതാകല്ല്യാണ വൈഭോഗമേ എന്ന ത്യാഗരാജകൃതി ഉദാഹരണമാണ്. മഹാരാജപുരം സന്താനം ഈ കൃതി വളരെ പതിഞ്ഞ കാലത്തിൽ ആലപിച്ച് മനോഹരമാക്കിയിട്ടുള്ളതാണ്.

കുറിഞ്ചി രാഗത്തിനു സമാനമായ ഹിന്ദുസ്ഥാനി രാഗം ഇല്ല എന്നു പറയാം. ചെറിയ സ്ഥായി ആയതുകൊണ്ട് മദ്ധ്യമശ്രുതിയിലാണ് കുറിഞ്ചി രാഗം ആലപിക്കേണ്ടത്. ധാരാളം താരാട്ടു പാട്ടുകൾ ഈ രാഗത്തിൽ ചിട്ടപ്പെടുത്തിയതായി കാണാം.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1) | ശ്രീവേണുഗോപാല | ഝംപ | മുത്തുസ്വാമിദീക്ഷിതർ |
| 2) | കാമേശ്വരി ശ്രീ | ഝംപ | മുത്തയ്യാ ഭാഗവതർ |
| 3) | അളിവേണി എന്തു ചെയ്വൂ (പദം) | മിശ്രചാപ്പ് | സ്വാതിതിരുനാൾ |
| 4) | സീതാകല്ല്യാണ വൈഭോഗമേ | ഖണ്ഡചാപ്പ് | ത്യാഗരാജസ്വാമി |
| 5) | മുദുഗാരെ യശോദാ | ആദി | അന്നമാചാര്യ |
| 6) | കണ്ണേ എൻ കൺ മണിയേ | ആദി | പാപനാശം ശിവൻ |
| 7) | ഓമനത്തിങ്കൾ കിടാവോ | മിശ്രചാപ്പ് | ഇരയിമ്മൻ തമ്പി |
| 8) | ബ്രൂഹിമുകുന്ദേതി | ആദി | സദാശിവ ബ്രഹ്മേന്ദ്രർ |

## ചലചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1) | അമ്പലപ്പുഴെ ഉണ്ണിക്കണ്ണനോടു | അദ്വൈതം |
| 2) | ആറുമുഖൻ മുന്നിൽ ചെന്ന് | മുല്ല |
| 3) | കരുണാ സാഗരാ കൈതൊഴുന്നേൻ | ശ്രീമദ് ഭഗവദ് ഗീത |
| 4) | പെണ്ണേ പെണ്ണേ നിൻ കല്ല്യാണമായ് | മീശമാധവൻ |
| 5) | മനോഹരം മനുഷ്യജീവിതൻ | ലേഡി ഡോക്ടർ |
| 6) | കരുണാ സാഗര കാശിനിവാസാ | ഹരിശ്ചന്ദ്ര |
| 7) | തിരുവരുൾ താര ഇന്നും | ശിവകവി (തമിഴ്) |
| 8) | സുന്ദരി സൗന്ദരി നിരന്തിരിയേ | തൂക്കു തൂക്കി (തമിഴ്) |
| 9) | മനം കനിന്തരുൾ വേൽ മുരുഗാ | വീരപാണ്ഡ്യകട്ടബൊമ്മൻ (തമിഴ്) |



# വാസ്തുവിന്റെ അകംപൊരുൾ

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

ഇന്നലെ ഒരു വീട്ടിൽ പോകേണ്ടതായി വന്നു. അവർക്ക് രണ്ട് ആൺമക്കളാണ്. രണ്ടാമത്തെ കുട്ടി ഏഴാം ക്ലാസ്സിലാണ് പഠിക്കുന്നത്. ഒരു കൊല്ലമായി മാർക്ക് കുറയുന്നു. അടുത്തുള്ള അമ്പലത്തിൽ പോയി പൂജ നടത്തി. പൂജ കഴിയുമ്പോൾ പൂവും പ്രസാദവും പായസവും കൊടുക്കുന്ന സമയത്ത് പൂജയുടെ ലക്ഷ്ണങ്ങൾ പറയും. വീടിന് കുഴപ്പമുണ്ട്. അടുത്തുള്ള ആശാരിയെ കാണിക്കണമെന്നു പറഞ്ഞ് വിടും. ആശാരി വന്ന് എല്ലാ മുറികളും അളന്ന് നോക്കിയശേഷം അടുക്കള ദേവന്മാരുടെ അടുക്കളയുടെ കണക്കിലാണ്. 'Non Veg' അവിടെ പാകം ചെയ്യരുതെന്നും പറഞ്ഞു. മാംസാഹാരം കുക്കിംഗ് നിർത്തി. അതോടെ പ്രശ്നങ്ങൽ കൂടി. കുട്ടികൾ ഭക്ഷണം ഹോട്ടലിലാക്കി. ആഴ്ചയിൽ ഒരു ദിവസം എല്ലാവരും ഹോട്ടലിലായി. അതിനുശേഷം പല പ്രശ്നങ്ങളും.

അവരുടെ ഒരു ബന്ധു വീട്ടിൽ ഞാൻ പോയി നോക്കി ശരിയാക്കിയ ശേഷം വിലിയ ഗുണം കിട്ടിയിട്ടുണ്ട്. ബന്ധുവും ഞാനും കൂടി അവിടെയെത്തി. വീടു പരിശോധിച്ചു. നല്ല ഐശ്വര്യമുള്ള വീടാണ്, അടുക്കള വടക്കുകിഴക്ക് കിഴക്കോട്ട് ജനാലയുണ്ട് കിണർ വടക്ക് കിഴക്കും കിടപ്പുമുറികൾ നാലെണ്ണമുണ്ട്. എല്ലാത്തിലും തെക്ക് പടിഞ്ഞാറ് കാറ്റു കടന്ന് പോകുന്നു. കിടപ്പുമുറിയിൽ ജനൽ തുറന്നാൽ വൈകുന്നേരത്തെ പോക്കുവെയിൽ അകത്തേയ്ക്ക് വരുന്നതാണ്.

ആകെ ഒരു പ്രശ്നം താഴെയും മുകളിലും തെക്കുപടിഞ്ഞാറ് കിടപ്പുമുറിയുടെ ടോയ്ലറ്റ് വീടിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്താണ് 12 സെ.മി താഴ്ന്നാണ് കിടക്കുന്നത്. ടോയ്ലറ്റ് മറ്റുമുറികളിൽ നിന്നും 6 സെ. മി. ഉയർത്തി അവിടേയ്ക്ക് കിടക്കുന്ന വാതിലിൽ അടിപടി വെക്കണമെന്ന് നിർദ്ദേശം കൊടുത്തു.

കൂടാതെ പറമ്പിലെ വെള്ളം മുഴുവനും തെക്കുപടിഞ്ഞാറ് ഭാഗത്ത് വന്നാണ് പുറത്തേക്ക് പോകുന്നത് തെക്കുപടിഞ്ഞാറ് ഭാഗം ഉയർത്തി വടക്കോട്ട് അഥവാ കിഴക്കോട്ട് വെള്ളം പോകുവാൻ പാകത്തിന് പറമ്പ് ശരിയാക്കുവാനും പറഞ്ഞു . മാംസ്യാഹാരം ഉപയോഗിക്കുന്നതിൽ യാതൊരു പ്രശ്നവും ഇല്ലയെന്ന് പറഞ്ഞതോടെ കുട്ടികളുടെ മുഖത്തേ സന്തോഷം കാണേണ്ടതാണ്.

കുട്ടികൾക്ക് മാർക്ക് കുറയുന്നതിന് കാരണം വളരെയധികം Extra caricular തുടങ്ങിയ സമയത്താണ് Foot ball and Keyboard ചേർന്നതുകൊണ്ടാണ് Time management ശരിയാകുന്നില്ല. Time management ഉണ്ടാക്കി കൊടുത്തതിനുശേഷമാണ് അവിടെ നിന്നും പിരിഞ്ഞത്.

ജോതിഷം നവഗ്രഹങ്ങളെ തരുന്ന ഫലത്തെ അനുസരിച്ചു പറയുന്നതാണ്. ആർക്കും മാറ്റാൻ പറ്റുന്നതല്ല ജോതിഷവും വാസ്തുവും രണ്ടും രണ്ടാണ്. വാസ്തു നോക്കുന്നതിന് ജോതിഷക്കാരനെ കാണരുത് കാരണം ഒരു പഴയ പഞ്ചാംഗത്തിൽ വായിച്ചതു ചുവടെ കൊടുക്കുന്നു.

1) കന്നി, തുലാം വൃശ്ചികം രാശികളിൽ കിഴക്കോട്ട് തല, തെക്കോട്ട് മുഖവും ഈ മൂന്ന് രാശികളും കിഴക്കു വീടിന്റെ വാതിൽ തെക്കുവരണം.


ധനു, മകരം, കുംഭം രാശികളിൽ വാസ്തു പുരുഷന്റെ തല തെക്കുഭാഗത്തും മുഖം പടിഞ്ഞാറും അതുകൊണ്ട് വീടിന്റെ വാതിൽ വടക്കോട്ടും വരണം. 12 രാശികളിലും ഇങ്ങനെ പറഞ്ഞിട്ടുണ്ട്. ഇതൊക്കെ എഴുതിയതിന്റെ അർത്ഥം എഴുതിയ ആൾക്കു മാത്രം അറിയാം. അതു പോലെ ജാതി തിരിച്ചും പലതും പറയുന്നുണ്ട്. എല്ലാ ജാതിക്കാർക്കും തീ തൊട്ടാൽ പൊള്ളും. ഏതു ജാതിക്കാരനും ലോകത്ത് എവിടെയും ഭൂമിയുടെ magnetic power ഒരു പോലെയാണ്. വടക്കു നോക്കി വടക്കോട്ട് തന്നെ നില്ക്കും. ചില സ്ഥലത്ത് വീട് പണിയുന്നത് ജനന നക്ഷത്രവും ആളിന്റെ പേരും നോക്കിയാണ് ഓരോ മുറിയുടെയും

(ശേഷം 18-ാം പേജിൽ)





ക്ഷേത്രങ്ങളിലൂടെ - തുടർച്ച



# തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



ഭാരതീയ സംസ്കാരത്തിന്റെയും പൈതൃകങ്ങളുടെയും അക്ഷയ ഖനികളാണ് നമ്മുടെ ക്ഷേത്രങ്ങൾ. ഒരു ജനതയുടെ ജീവിതവും സംസ്കാരവും പാരമ്പര്യവും ഇഴചേർന്നിരിക്കുന്നതും തലമുറകൾക്ക് ഭാരതീയ സംസ്കാരത്തെ പകർന്നു നൽകുന്നതുമായ ചൈതന്യകേന്ദ്രങ്ങളായാണ് ക്ഷേത്രങ്ങളെ കാണക്കാക്കുന്നത്. ആന മുതൽ ഉറുമ്പിനെ വരെയും തുളസിച്ചെടി മുതൽ ആൽമരം വരെയും ഉള്ള സകലതിനെയും ഒരേ മനോഭാവത്തോടെ പൂജിക്കുന്ന സംസ്കാരമാണ് ഭാരതീയ സംസ്കാരം. പ്രപഞ്ച സ്പന്ദനങ്ങളെ നിയന്ത്രിക്കുന്നത് ഭഗവാൻ ശ്രീപരമേശ്വരനാണ്. കലുഷിതമായ മനുഷ്യമനസ്സിനെ ഭയഭീതി ഗ്രസിക്കുമ്പോൾ വ്യാകുലതകളിൽ നിന്നു മോചനം നേടുവാൻ ഈശ്വരചൈതന്യം കുടിക്കൊള്ളുന്ന ക്ഷേത്രങ്ങളെ നാം ആശ്രയിക്കുന്നു. ആധികളിൽ നിന്നും വ്യാധികളിൽ നിന്നും ഭക്തരെ രക്ഷിച്ചനുഗ്രഹിക്കുന്ന രാജാക്കന്മാരുടെ രാജാവായി, രാജരാജേശ്വരനായി ശ്രീമഹാദേവൻ കുടിക്കൊള്ളുന്ന അതിപുരാതനമായ ഒരു മഹാദേവ ക്ഷേത്രമാണ് ശ്രീരാജരാജേശ്വര ക്ഷേത്രം. പരബ്രഹ്മസ്വരൂപിയായ പരമശിവന്റെ പല പേരുകളിലൊന്നായ രാജരാജേശ്വരൻ എന്ന പേരിലറിയപ്പെടുന്ന ഈ മഹാക്ഷേത്രം കണ്ണൂർ തളിപ്പറമ്പ് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ശ്രീരാജരാജേശ്വരക്ഷേത്രത്തിന്റെ പ്രത്യേകതകളിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം.

ചരിത്രാതീത കാലം മതൽ തന്നെ പ്രസിദ്ധി നേടിയിട്ടുള്ള ക്ഷേത്രം. ക്ഷേത്രാരാധനയുടെ ഉല്




പത്തിക്ഷേത്രമായി വിശ്വസിക്കുന്ന ക്ഷേത്രം. കേരളത്തിലെ ശിവക്ഷേത്രങ്ങളുടെ മൂലക്ഷേത്രമായി കണക്കാക്കുന്ന ക്ഷേത്രം. കൃതയുഗത്തിൽ സ്ഥാപിതമായ ക്ഷേത്രം. ദേഹത്യാഗം നടത്തിയ സതിദേവിയുടെ ശരീരഭാഗങ്ങൾ പല സ്ഥത്തായി പതിച്ചപ്പോൾ തലയുടെ ഭാഗം വന്നു വീണ സ്ഥലം. അതിനാൽ തന്നെ ഏറ്റവും പ്രധാനപ്പെട്ട ശക്തിപീഠമായി കണക്കാക്കുന്ന ക്ഷേത്രം. ഏഴിമല ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന രാജാക്കന്മാരുടെ അധീനതലായിരുന്നതും മൂഷകരാജാവായ ശതസോമൻ നിർമ്മിച്ചതോ പുതുക്കി പണിതതോ ആയ ക്ഷേത്രം. പരശുരാമപ്രതിഷ്ഠിതമായ 108 ശിവാലയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ശിവക്ഷേത്രം. പരശുരാമൻ പുനർനിർമ്മിച്ച ക്ഷേത്രം പരശുരാമ പ്രതിഷ്ഠിതമായ 64 ബ്രാഹ്മണഗ്രാമങ്ങളിൽ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ട ഗ്രാമവുമായ പെരിഞ്ചെല്ലൂരിൽ സ്ഥിതി ചെയ്യുന്ന മഹാദേവക്ഷേത്രം. പുരാണങ്ങളിലും സാഹിത്യങ്ങളിലും ഏറ്റവും കൂടുതൽ പരാമർശിക്കപ്പെട്ടിട്ടുള്ള ക്ഷേത്രം. ഏഴു നിലകളുള്ള രാജഗോപുരം നിലനിന്നിരുന്ന മഹാദേവക്ഷേത്രം. ഇത്രയും കാലപ്പഴക്കമുള്ള മറ്റൊരു ക്ഷേത്രം കേരളത്തിലില്ല എന്നു തന്നെ വിശ്വസിക്കുന്നു. നിരവധി ചരിത്രകഥകളാലും ശാസനങ്ങളാലും പ്രസിദ്ധി നേടിയിട്ടുള്ള ക്ഷേത്രം. പഴയകാല സാഹിത്യകൃതികളിൽ ലക്ഷ്മീപുരേശൻ, ചെല്ലൂർനാഥൻ, പേരിഞ്ചെല്ലൂരപ്പൻ, പെരുംതൃക്കോവിലപ്പൻ എന്നീ പേരുകളിൽ പ്രതിപാദിച്ചിട്ടുള്ള ക്ഷേത്രം. പരശുരാമൻ ആചാര്യന്മാരേയും ഗ്രാമാധിപന്മാരെയും നിശ്ചയിച്ചിരുന്ന ക്ഷേത്രം. അഗസ്ത്യമഹർഷിയുടെ ആശ്രമസമീപത്തു സ്ഥാപിതമായ ക്ഷേത്രം. സൂര്യതേജസ്സിനാൽ വിശ്വകർമ്മാവു നിർമ്മിച്ചതും ശ്രീപാർവ്വതിദേവി നിത്യം പൂജിച്ചിരുന്നതുമായ ശിവലിംഗം പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രം. മുപ്പത്തിമുക്കോടി ദേവകൾക്കും ദേവനായി, രാജരാജേശ്വരനായി ശ്രീമഹാദേവൻ കുടിക്കെള്ളുന്ന ക്ഷേത്രം. അഗസ്ത്യമഹർഷി അശ്വമേധ നമസ്കാരം നടത്തി ശിവലിംഗപ്രതിഷ്ഠ നടത്തിയ ക്ഷേത്രം. കേരളത്തിലെ ക്ഷേത്രങ്ങളിൽ ദേവപ്രശ്നം നടത്തുന്നതിനു മുമ്പ് രാജരാജേശ്വരനെ വണങ്ങി കാണിക്കയർപ്പിച്ചശേഷം ദേവപ്രശ്നം നടത്തുന്നത് ഇന്നും ഒരാചാരമായി നിലനില്ക്കുന്ന ക്ഷേത്രം. അശ്വമേധനമസ്കാരം വഴിപാടായി നടത്തപ്പെടുന്ന ക്ഷേത്രം. ശിവലിംഗത്തിൽ ലക്ഷ്മീചൈതന്യവും വൈഷ്ണവചൈതന്യവും കുടികൊള്ളുന്നതും ശ്രീമഹാദേവൻ ശങ്കരനാരായണ ഭാവത്തിൽ കുടികൊള്ളുന്നതുമായ ശിവക്ഷേത്രം. ശിവരാത്രി ആഘോഷങ്ങളില്ലാത്ത ശിവക്ഷേത്രം. ശ്രീ മഹാദേവന്റെ ഏറ്റവും പ്രധാന വഴിപാടായ ധാര പതിവില്ലാത്ത ശിവക്ഷേത്രം. ശംഖനാദം മുഴങ്ങി കേൾക്കാത്ത ശിവക്ഷേത്രം. കൂവളത്തില പൂജക്കെടുക്കാത്ത ശിവക്ഷേത്രം. തുളസിയും ചെത്തിയും താമരയും മാത്രം പൂജക്കെടുക്കുന്ന ശിവക്ഷേത്രം. തുളസിയിട്ട ഭസ്മം പ്രസാദമായി നൽകുന്ന ശിവക്ഷേത്രം. നിത്യശീവേലി ഇല്ലാത്ത ശിവക്ഷേത്രം. വടക്കൻ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നു വിശേഷിപ്പിക്കുന്ന ക്ഷേത്രം. ലക്ഷ്മിപുരമെന്നും പെരിഞ്ചെല്ലൂരെന്നും തളികവട്ടപ്പറമ്പ് എന്നും അറിയപ്പെടുന്ന സ്ഥലത്തു സ്ഥിതി ചെയ്യുന്ന ശിവക്ഷേത്രം. ശ്രീരാമദേവൻ തൊഴുതു നമസ്കരിച്ച ക്ഷേത്രം. നമസ്കാരമണ്ഡപത്തിൽ ആർക്കും നമസ്കരിക്കുവാൻ അധികാരമില്ലാത്ത ക്ഷേത്രം. കൊടിമരമോ കൊടിയേറി ഉത്സവമോ ഇല്ലാത്ത ക്ഷേത്രം. ഉദ്ദണ്ഡ ശാസ്ത്രികൾ കൈകൂപ്പി തൊഴുത ക്ഷേത്രം. വെറും കയ്യോടെ ഭഗവാന്റെ തിരിനടയിലെത്തുവാനനുവാദമില്ലാത്ത ക്ഷേത്രം. അത്താഴപൂജക്കുശേഷം മാത്രം സ്ത്രീകൾക്കു നാലമ്പലത്തിലേക്ക് പ്രവേശനാനുമതിയുള്ള ക്ഷേത്രം. ബ്രാഹ്മണസ്ത്രീകൾക്ക് നാലമ്പലത്തിലേക്ക് പ്രവേശനാനുമതി ഇല്ലാത്ത ക്ഷേത്രം. ഋഷഭദേവന് നിത്യപൂജയും നിവേദ്യവുമുള്ള ക്ഷേത്രം. നെയ്യമൃതു സമർപ്പണം പ്രധാനവഴിപാടായി നടത്തപ്പെടുന്ന ശിവക്ഷേത്രം. ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിൽ പ്രദക്ഷിണം വെക്കുന്ന സമയത്ത് വടക്കു പടിഞ്ഞാറുമൂലയിലെത്തി വടക്കിനഭിമുഖമായി നിന്ന് തളിപ്പറമ്പ് രാജരാജേശ്വരനെ ധ്യാനിച്ചു തൊഴണം എന്ന് ചെങ്ങന്നൂർ ആരാധനാക്രമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്മനാഭദാസന്മാരായി രാജ്യാധികാരം ഏറ്റെടുത്തിരുന്ന തിരുവിതാകൂർ രാജാക്കന്മാർ അധികാരം ഏറ്റെടുക്കുന്നതിനുമുമ്പ് രാജരാജേശ്വരക്ഷേത്രത്തിൽ ആനയെ നടയിരുത്തണം എന്നാണ്. ശ്രീചിത്തിര തിരുനാൾ മഹാരാജാവു വരെ ഈ കീഴ്വഴക്കം പാലിച്ചിരുന്നു. രാജാവിന് ഇഷ്ടമുള്ള ആനയെ നടയിരുത്താം എന്നു കരുതിയാൽ അതു സാധിക്കില്ല. രാജരാജേശ്വരനായ ഭഗവാൻ തന്നെ ഭഗവാനിഷ്ടമുള്ള ആനയെ നിശ്ചയിക്കുന്നതാണ് രീതി. ആനകളെ നിരത്തി നിർത്തിയതിനുശേഷം സ്ഥാനമേല്ക്കുന്ന രാജാവ് ഒരു പഴക്കുലയുമായി ആനകളുടെ മുന്നിലൂടെ നടക്കുന്നു. ഏത് ആനയാണോ പഴക്കുല പിടിച്ചു വാങ്ങുന്നത് ആ ആനയെ ഭഗവാനു വേണ്ടി നടയിരുത്തുന്നു. ഇതായിരുന്നു രീതി. ശ്രീചിത്തിര തിരുനാൾ മഹാരാജാവും അധികാരം ഏറ്റെടുക്കും മുമ്പ് രാജരാജേശ്വരക്ഷേത്രത്തിൽ ഈ രീതിയിൽ ആനയെ നടയിരുത്തിയിരുന്നു.

മാന്ധാതാവ്, ശതസോമൻ, മുചുകുന്ദൻ, വിശ്വാമിത്രൻ, അഗസ്ത്യമുനി, ശ്രീപാർവതിദേവി, അന്നപൂർണ്ണേശ്വരി ദേവി, ശ്രീമഹാലക്ഷ്മി, അലക്ഷ്മി, യക്ഷിയമ്മ, മാടായിക്കാവിലമ്മ ( ഭദ്രകാളിയമ്മ), ഋഷഭൻ, ഗണപതി, മഹാകാളൻ, ദക്ഷിണാമൂർത്തി, ശ്രീകൃഷ്ണൻ, ഭൂതനാഥൻ, മുരുകൻ, പരശുരാമൻ, ഗംഗാദേവി, വൈദ്യനാഥൻ എന്നീ ഉപദേവതകളുടെയെല്ലാം സാന്നിദ്ധ്യത്താൽ അനുഗ്രഹീതമായ ഒരു മഹാദേവക്ഷേത്രം. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് തല്ലിത്തകർത്ത് അഗ്നിക്കിരയാക്കിയ ക്ഷേത്രത്തിന്റെ ബാക്കിപത്രമാണ് ഇന്നു നാം കാണുന്ന രാജരാജേശ്വരക്ഷേത്രം. മഹത്തായ സംസ്കാരങ്ങളുടെ വിലമതിക്കാനാകാത്ത പല മഹത്വങ്ങളേയും തമസ്കരിക്കുവാൻ വെമ്പൽ കൊള്ളുന്ന ഒരു പ്രവണത ഇന്നും പലയിടങ്ങളിലും കാണപ്പെടുന്നു. എങ്കിലും രാജരാജേശ്വരക്ഷേത്രം പൂർവ്വാധികം ശക്തിയോടെ ഉയർത്തെഴുന്നേറ്റു കൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് ഇന്നുള്ളത്.

ക്ഷേത്രാരാധനയുടെ ഉല്പത്തി ക്ഷേത്രമായി വിശ്വസിക്കുന്ന ശ്രീരാജരാജേശ്വരക്ഷേത്രം എന്നു സ്ഥാപിതമായി എന്നതിനെപ്പറ്റി വ്യക്തമായ രേഖകളൊന്നും ലഭ്യമല്ല. ത്രേതായുഗത്തിൽ ശ്രീരാമചന്ദ്രദേവൻ രാജരാജേശ്വരക്ഷേത്രത്തിലെത്തി നമസ്കരിച്ചിരുന്നു എന്നു വിശ്വസിക്കുന്നു. സൂര്യവംശരാജാവായിരുന്ന മാന്ധാതാവ് യുദ്ധത്തിൽ പരാജിതനായി രാജ്യം നഷ്ടപ്പെട്ട് കൈലാസത്തിലെത്തി ശ്രീപരമേശ്വരനെ തപസ്സു ചെയ്തു. ഉഗ്രതപസ്സനുഷ്ഠിച്ച മാന്ധാതാവു മഹർഷിക്ക് ശ്രീപാർവ്വതിദേവി ഒരു ശിവലിംഗം നൽകി. സൂര്യതേജസ്സിനാൽ വിശ്വകർമ്മാവു നിർമ്മിച്ച മൂന്നു ശിവലിംഗങ്ങളിൽ ഒന്നായിരുന്നു അത്. ഈ ശിവലിംഗങ്ങളെ ശ്രീപാർവ്വതീദേവി നിത്യം പൂജിച്ചു കൊണ്ടിരുന്നതാണ്. അതിലൊരു വിഗ്രഹമാണ് ദേവി മാന്ധാതാവിനു നൽകിയത്. ഒരു സൂക്ഷ്മജീവിക്കുപോലും ശ്മശാനം ആയിട്ടില്ലാത്ത സ്ഥലത്ത് ഈ വിഗ്രഹം പ്രതിഷ്ഠിച്ചു പൂജിക്കുക , ഐശ്വര്യ പ്രാപ്തിയുണ്ടാകും എന്നു ദേവി അനുഗ്രഹിച്ചു. മാന്ധാതാവു മഹർഷി തനിക്കു കിട്ടിയ വിഗ്രഹം പ്രതിഷ്ഠിക്കുന്നതിനു ശവസ്പർശമേൽക്കാത്ത സ്ഥലമന്വേഷിച്ച് ഭൂമിയിലൊട്ടാകെ സഞ്ചരിച്ചു. സഞ്ചാരത്തിനൊടുവിൽ അദ്ദേഹം പെരിഞ്ചെല്ലൂർ എന്ന ഗ്രാമത്തിലെത്തി. അവിടെ തളികവട്ട ആകൃതിയിൽ അങ്ങനെയൊരു സ്ഥലം കണ്ടെത്തി തനിക്കു കിട്ടിയ ശിവലിംഗം അവിടെ പ്രതിഷ്ഠിച്ചു പൂജിച്ചു. എന്നാൽ അതിശക്തമായ ചൈതന്യം പ്രസരിപ്പിച്ചുകൊണ്ട് ആ വിഗഹം ഭൂമിയിലേക്ക് താഴ്ന്നു പോയി. കുറെ കാലങ്ങൾക്കുശേഷം മുചുകുന്ദരാജർഷിയും കൈലാസത്തിലെത്തി ശ്രീപരമേശ്വരനെ തപസ്സു ചെയ്തു. അദ്ദേഹത്തിനും ശ്രീപാർവ്വതിദേവി പൂജിച്ചിരുന്നതിൽ ഒരു ശിവലിംഗം നൽകി. അദ്ദേഹവും ശിവലിംഗവുമായി തന്റെ പിതാവ് ശിവലിംഗം പ്രതിഷ്ഠിച്ച സ്ഥലത്തെത്തി ശിവലിംഗം പ്രതിഷ്ഠിച്ചു. എന്നാൽ ഈ ശിവലിംഗത്തിന്റെ ശക്തിയെ ഭൂമിയുടെ ഉപരിതലത്തിനു താങ്ങാൻ കഴിയുമായിരുന്നില്ല. അതിനാൽ ആ ശിവലിംഗവും താഴ്ന്നു പോയി. കാലാന്തരത്തിൽ ശതസോമരാജർഷിയും കൈലാസത്തിലെത്തി പരമശിവനെ തപസ്സു ചെയ്തു. അദ്ദേഹത്തിന്റെ തപസ്സിൽ പ്രസന്നയാ

യി ദേവി മൂന്നാമത്തെ ശിവലിംഗം ശതസോമനു നല്കി. അദ്ദേഹവും ശിവലിംഗവുമായി ശവസ്പർശമില്ലാത്ത സ്ഥലമായ തളികവട്ടപ്പറമ്പിലെത്തി. ആദ്യത്തെ രണ്ടു ശിവലിംഗങ്ങളും താഴ്ന്നുപോയി എന്നത് തപശക്തിയാൽ അദ്ദേഹം മനസ്സിലാക്കിയിരുന്നു. അഗസ്ത്യമഹർഷിയുടെ ആശ്രമപ്രദേശമായിരുന്നു തളികവട്ടപ്പറമ്പ്. ശതസോമരാജർഷി ശിവലിംഗം പ്രതിഷ്ഠിക്കുന്നതിനായി അഗസ്ത്യ മഹർഷിയെ സമീപിച്ചു. അദ്ദേഹം കാമധേനുവിന്റെ പാലിൽ വിഗ്രഹം കഴുകി ശുദ്ധമാക്കി അവിടെ പ്രതിഷ്ഠിച്ചു. കാമധേനുവിന്റെ പാലിലെ നെയ്യുകൊണ്ട് ദീപവും തെളിയിച്ചു. എന്നാൽ ഈ വിഗ്രഹവും താഴ്ന്നു പോകാൻ തുടങ്ങുന്നു എന്നു മനസ്സിലാക്കിയ മഹർഷി ശ്രീരുദ്രമന്ത്രം ചൊല്ലി നമസ്കരിക്കുവാൻ തുടങ്ങി. അദ്ദേഹം പന്ത്രണ്ടു തവണ മന്ത്രജപത്തോടുകൂടി നമസ്കരിച്ചു. പതിമൂന്നാമത്തെ തവണ നമസ്കരിക്കുവാൻ തുടങ്ങുമ്പോഴേക്കും ശിവലിംഗം അവിടെ ഉറച്ചു. അങ്ങനെ പന്ത്രണ്ടര നമസ്കാരം രാജരാജേശ്വരക്ഷേത്രത്തിൽ വഴിപാടായി. ഇന്നും അശ്വമേധ നമസ്കാരം രാജരാജേശ്വരനായ ഭഗവാന് പ്രധാന വഴിപാടായി ഇവിടെ നടത്തപ്പെടുന്നു. അഗസ്ത്യ മഹർഷി പ്രതിഷ്ഠാസമയത്ത് കൊളുത്തിയ ദീപം ഇന്നും കെടാവിളക്കായി തെളിഞ്ഞു കൊണ്ടിരിക്കുന്നു. പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ അഗസ്ത്യ മഹർഷി പന്ത്രണ്ടര നമസ്കാരം നടത്തി പ്രതിഷ്ഠിച്ച ശിവലിംഗമാണ് തളികവട്ടപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ ഇന്ന് നാം കാണുന്നത്. തളികവട്ടപ്പറമ്പ് പിന്നീട് തളിപ്പറമ്പ് എന്നും അറിയപ്പെട്ടു. കണ്ണൂരിൽ നിന്നും 21 കി. മീ ദൂരത്തായാണ് തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രം നിലകൊള്ളുന്നത്.

രാജരാജേശ്വരനായ ഭഗവാൻ എല്ലാ കലകളെയും ഇഷ്ടപ്പെടുന്നു. ഏതു കലയും ആദ്യം ഈ ക്ഷേത്രത്തിൽ അവതരിപ്പിക്കണം എന്നൊരു തിട്ടൂരമുണ്ട്. കൂടിയാട്ടം, ചാക്യാർകൂത്ത് എന്നീ കലകൾ അവതരിപ്പിക്കുവാൻ ഏറ്റവും പരിപാവനമായ സ്ഥാനമായി കണക്കാക്കുന്ന ഈ ക്ഷേത്രത്തിൽ ഈ കലകൾ പ്രാധാന്യത്തോടെ അവതരിപ്പിക്കാറുമുണ്ട്. ചാക്യാർ സമുദായത്തിലെ മാണി കുടുംബത്തിൽപ്പെട്ടവർക്കു മാത്രമേ ഇവിടെ കൂടിയാട്ടം അവതരിപ്പിക്കുവാൻ അവകാശമുള്ളൂ. രാജരാജേശ്വരക്ഷേത്രത്തിൽ കലാകാരന്മാരേയും പണ്ഡിതന്മാരേയും സ്ഥാനമാനങ്ങളും ആധികാര ചിഹ്നങ്ങളും നൽകി ആദരിക്കാറുണ്ട്. രാജരാജേശ്വരക്ഷേത്രത്തിൽ ഇങ്ങനെയുള്ള ചടങ്ങുകൾ കൊട്ടുംപുറം എന്ന മണിഗോപുരത്തിൽ വച്ചാണ് നടത്തുന്നത്. ഇവിടെ പരശുരാമസാന്നിദ്ധ്യം ഉണ്ടെന്നും വിശ്വസിക്കുന്നു. ഉദ്ദണ്ഡശാസ്ത്രികൾ തുടങ്ങി പല പണ്ഡിതന്മാരേയും കൊട്ടുംപുറം മണിഗോപുരത്തിൽ വച്ച് ആദരിച്ചിട്ടുണ്ട്. പണ്ടു കാലത്ത് രാജരാജേശ്വരക്ഷേത്രത്തിലെ പണ്ഡിത സദസ്സ് ഏകകണ്ഠമായി തീരുമാനിക്കുന്ന കലാകാരന്മാർക്ക് കൊട്ടുംപുറം മണിഗോപുരത്തിൽ വച്ച് വീരശൃംഖല നൽകാറുണ്ടായിരുന്നു. ജ്യോതിഷം, വൈദ്യം, വ്യാകരണം എന്നിങ്ങനെയുള്ള ശാസ്ത്രങ്ങളിൽ മികവു തെളിയിക്കുന്നവർക്ക് ഇവിടെവച്ചു ലഭിക്കുന്ന കീർത്തി മുദ്രകളും ബഹുമതികളും വളരെ വിലപ്പെട്ടതായി കണക്കാക്കുന്നു. പത്മശ്രീ മാണിമാധവ ചാക്യാർക്ക് വിദൂഷകരത്നം എന്ന പട്ടം നൽകി ആദരിച്ചത് രാജരാജേശ്വര ക്ഷേത്രത്തിലെ കൊട്ടുംപുറം മണിഗോപുരത്തിൽ വച്ചാണ്. രാജരാജേശ്വരക്ഷേത്രമെന്നും പെരും തൃക്കോവിൽ എന്നും അറിയപ്പെടുന്ന ഈ ക്ഷേത്രത്തിലെ ദേവന് പെരുമാൾ സ്ഥാനമുണ്ട്. അതുകൊണ്ടു തന്നെ പെരുമാൾ സന്നിധിയിൽ വച്ചു കിട്ടുന്ന ബഹുമതികൾ കലാകാരന്മാരെ സംബന്ധിച്ച് അമൂല്യങ്ങളാണ്. കഴിഞ്ഞ എഴുനൂറു വർഷങ്ങളായി ശ്രീരാജരാജേശ്വരക്ഷേത്രത്തിലെ എല്ലാ വിശേഷങ്ങൾക്കും സാക്ഷിയായി ഒരു മുത്തശ്ശി ഇവിടെ ഉന്മേഷവതിയായി നില്ക്കുന്നു. ഏഴിലംപാലയെന്ന ഈ വൃക്ഷമുത്തശ്ശിക്ക് സാമൂഹിക വനവല്കരണ വകുപ്പ് വൃക്ഷമുത്തശ്ശി പട്ടം നൽകി ആദരിക്കുകയുണ്ടായി.

രാജരാജേശ്വര ക്ഷേത്രത്തിൽ മണിക്കിണറില്ല. ഗംഗാസങ്കല്പത്തിൽ ഒരു ജലാശയമാണുള്ളത്. ആദ്യകാലത്ത് ഇവിടെ കിണർ കുഴിച്ചിട്ട് വെള്ളം കിട്ടിയില്ല. പിന്നീട് പരശുരാമൻ ഗംഗയെ ഇവിടേക്ക് ആവാഹിച്ചു വരുത്തി എന്നാണ് ഐതിഹ്യം. ഗംഗാസങ്കല്പത്തിലുള്ള ഈ ജലാശയത്തിലെ ജലമാണ് ആചാരപൂർവ്വം ക്ഷേത്രാവശ്യങ്ങൾക്ക് പൂജാരിമാർ കൊണ്ടു പോകുന്നത്. വേനൽകാലത്ത് ഈ പ്രദേശത്തെ ആഴമുള്ള കിണറുകൾ വറ്റി വരളുമ്പോൾ അഞ്ചുകോൽ മാത്രം ആഴമുള്ള ഗംഗാസങ്കല്പത്തിലുള്ള ഈ ജലാശയത്തിലെ വെള്ളം വറ്റാറില്ല എന്നതും ഒരു പ്രത്യേകതയാണ്. രാജരാജേശ്വര ക്ഷേത്രത്തിൽ വെറും കയ്യോടെ വന്ന് ഭഗവാനെ ദർശിക്കുവാൻ പാടില്ല എന്നാണ് വിശ്വസിക്കുന്നത്. രാജരാജേശ്വരനായ ഭഗവാന്റെ വിഗ്രഹം അഗസ്ത്യ മഹർഷി പ്രതിഷ്ഠിച്ച സമയത്ത് തെളിയിച്ച നെയ്ദീപം ഇന്നും കെടാവിളക്കായി ജ്വലിച്ചു കൊണ്ടേയിരിക്കുന്നു. ഈ കെടാവിളക്കിനെ പ്രോജ്ജ്വലിപ്പിക്കുവാനായി നെയ്ക്കുടവുമായി വേണം ദേവദർശനം നടത്തേണ്ടത് എന്നാണ് വിശ്വാസം. ശ്രീമഹാദേവൻ





ഇവിടെ രാജാക്കന്മാരുടെ രാജാവായി കുടിക്കൊള്ളുന്നതിനാലും രാജസദസ്സിലേക്ക് സ്ത്രീകൾ പ്രവേശിക്കാറില്ല എന്നതിനെ അന്വർത്ഥമാക്കിക്കൊണ്ടുമായിരിക്കാം സ്ത്രീകൾക്ക് പകൽ സമയങ്ങളിൽ നാലമ്പലത്തിലേക്ക് പ്രവേശനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. രാത്രി അത്താഴപൂജയ്ക്കു ശേഷം ഭഗവാന് ഉമാമഹേശ്വര സങ്കല്പമാണ് കല്പിച്ചിരിക്കുന്നത്. ഈ സമയത്ത് സ്ത്രീകൾക്ക് കയ്യിൽ നെയ്യമൃതുമായി ക്ഷേത്രത്തിനകത്തേക്ക് പ്രവേശിക്കാം. സംക്രാന്തിയും ബുധനാഴ്ചയും ചേർന്ന ദിവസമായിരുന്നു ക്ഷേത്രപ്രതിഷ്ഠ നടന്നത്. അതിനാൽ ബുധനാഴ്ചയും സംക്രാന്തിയും ഈ ക്ഷേത്രത്തിൽ വിശേഷദിവസങ്ങളാണ്.

തളിപ്പറമ്പ് ലക്ഷ്മീപുരമെന്നും അറിയപ്പെടുന്നു. അതിനും ഒരു ഐതിഹ്യമുണ്ട്. രാജരാജേശ്വര ക്ഷേത്രത്തിന്റെ പുനർനിർമ്മിതികളൊക്കെ നടത്തി എങ്കിലും ക്ഷേത്രത്തിന് ഐശ്വര്യവർദ്ധനവൊന്നും ഉണ്ടായില്ല. ഐശ്വര്യക്കുറവിന്റെ കാരണം മഹാലക്ഷ്മീസാന്നിദ്ധ്യമില്ലാത്തതാണ് എന്നു മനസ്സിലായി. ഒരിക്കൽ നാരദമഹർഷി വൈകുണ്ഠത്തിലെത്തി തളിപ്പറമ്പ് രാജരാജേശ്വരക്ഷേത്രവിശേഷങ്ങളും ഉത്സവവിശേഷങ്ങളും വർണ്ണിച്ചു. നാരദമഹർഷിയുടെ വർണ്ണനകൾ കേട്ട വിഷ്ണു ഭഗവാന് ഉത്സവം കാണണമെന്നു മോഹമുണ്ടായി. ഉത്സവം കാണുന്നതിനായി ലക്ഷ്മീസമേതനായി ഭഗവാൻ തളിപ്പറമ്പിലേക്ക് പുറപ്പെട്ടു. ശംബരമഹർഷിയുടെ ആശ്രമത്തിൽ തൃച്ചംബരത്ത് വന്നു വിശ്രമിച്ചു. ഉത്സവം തുടങ്ങുവാൻ ഇനിയും സമയമായിട്ടില്ലല്ലോ, അതിനുമുമ്പ് രാജരാജേശ്വരനെ ഒന്നു ദർശിച്ചു വരാം എന്നു പറഞ്ഞ് ലക്ഷ്മീദേവി തനിച്ച് രാജരാജേശ്വരക്ഷേത്രത്തിലെത്തി. ശ്രീകോവിലിലേക്കു നോക്കിയ ലക്ഷ്മിദേവി ശംഖ് ചക്രഗദാപത്മധാരിയായി വനമാലയും ധരിച്ച് ഇരിക്കുന്ന മഹാവിഷ്ണുവിനെ കണ്ട് അത്ഭുതപ്പെട്ടു. വിഷ്ണു രൂപം ധരിച്ച പരമശിവനായിരുന്നു അത്. ദേവിക്ക് അത് മനസ്സിലായില്ല. ശ്രീകോവിലിലെത്തിയ ലക്ഷ്മീദേവിയെ പരമശിവൻ മണിപീഠത്തിൽ ഉപവിഷ്ഠയാക്കി. ഈ സമയം വിഷ്ണു ഭഗവാനും അവിടെയെത്തി. പെട്ടെന്നു സത്യാവസ്ഥ മനസ്സിലാക്കിയ ദേവി പുറത്തേക്കിറങ്ങാൻ ഭാവിച്ചപ്പോൾ പരമശിവൻ ദേവിയെ തന്റെ വിഗ്രഹത്തിനു പിന്നിലാക്കി മറച്ച് പടിഞ്ഞാറെ നട അടച്ചു. ഇതുകണ്ട് വിഷ്ണു ഭഗവാൻ സുബ്രഹ്മണ്യ വേഷധാരിയായി എത്തി. സുബ്രഹ്മണ്യനെ കണ്ട പരമശിവന്റെ ശ്രദ്ധ മകനിലേക്ക് തിരിഞ്ഞ തക്കം നോക്കി വിഷ്ണു ഭഗവാൻ ലക്ഷ്മിദേവിയേയും കൂട്ടി പുറത്ത് കടക്കുകയും ചെയ്തു. ക്ഷേത്രത്തിൽ ലക്ഷ്മീ സാന്നിദ്ധ്യമുണ്ടാകുന്നതിനു വേണ്ടിയായിരുന്നു പരമശിവൻ ഇങ്ങനെ ചെയ്തത് എന്നു മനസ്സിലാക്കിയ മഹാവിഷ്ണു ലക്ഷ്മീസാന്നിദ്ധ്യമുണ്ടാകട്ടെ എന്നനുഗ്രഹിച്ചു. അങ്ങനെ രാജരാജേശ്വരവിഗ്രഹത്തിൽ ലക്ഷ്മീസാന്നിദ്ധ്യമുണ്ടാകുകയും ക്ഷേത്രത്തിന് ഐശ്വര്യം വർദ്ധിക്കുകയും തളിപ്പറമ്പ് ലക്ഷ്മീപുരം എന്നും അറിയപ്പെടുകയും ചെയ്തു. ഈ സംഭവത്തിന്റെ സ്മരണയിൽ ശിവരാത്രിക്കും വിഷുവിനും തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്രത്തിൽ നിന്നും ശ്രീകൃഷ്ണ ഭഗവാനെ എഴുന്നള്ളിച്ച് ശ്രീരാജരാജേശ്വര ശ്രീകോവിലിലെത്തിക്കും. അതിനുശേഷം ശങ്കരനാരായണ പൂജ നടക്കുന്നു. ഇത് കൂടിപൂജ എന്നും അറിയപ്പെടുന്നു.

തളിപ്പറമ്പ് നിവാസികൾക്കിടയിൽ നിലനില്ക്കുന്ന ഒരു ആചാരമാണ് മൂന്നിടം തൊഴൽ എന്നത്. രാജരാജേശ്വര ക്ഷേത്രപരിസരവാസികളായ സ്ത്രീകൾ ഗർഭിണികളായാൽ അവർ ഒരേ ദിവസം മൂന്നമ്പല ദർശനം നടത്തുന്നത് ഒരു പതിവാണ്. കാഞ്ഞിരങ്ങാട് വൈദ്യനാഥക്ഷേത്രം, തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്രം, തളിപ്പറമ്പ് ശ്രീരാജരാജേശ്വര ക്ഷേത്രം എന്നീ ക്ഷേത്രങ്ങളാണ് മൂന്നമ്പലങ്ങൾ. ഗർഭിണികൾ മൂന്നമ്പലദർശനം നടത്തുന്നതിലൂടെ അവരുടെ കുഞ്ഞുങ്ങൾക്ക് രാജരാജേശ്വരൻ പ്രതാപവും തൃച്ചംബരത്തപ്പൻ നല്ല സ്വഭാവവും കാഞ്ഞിരങ്ങാട്ട് വൈദ്യനാഥൻ ആയുരാരോഗ്യവും പ്രദാനം ചെയ്യും എന്നാണ് വിശ്വാസം. കുഞ്ഞുങ്ങളുടെ നന്മയെക്കരുതി വിശ്വാസികൾ ഈ പതിവ് തെറ്റിക്കാറുമില്ല.

ഈ ക്ഷേത്രത്തിന് അല്പം അകലെ അതിവിശാലമായ ഒരു ചിറയുണ്ട്. അഗസ്ത്യമഹർഷി നിത്യസ്നാനം നടത്തിയിരുന്ന ഈ ചിറ ആശ്രമത്തു ചിറയെന്നറിയപ്പെടുന്നു. ഈ ചിറയുടെ സമീപത്തായി വേണുഗോപാലമൂർത്തി പ്രതിഷ്ഠയുള്ള വാസുദേവപുരം ശ്രീകൃഷ്ണക്ഷേത്രവും ഇടതുഭാഗത്തായി ഭൂതനാഥക്ഷേത്രവുമുണ്ട്. ഇവിടെ തൊഴുതശേഷം രാജരാജേശ്വരക്ഷേത്രഗോപുരകവാടത്തിലെത്തി കാഞ്ഞിരങ്ങാട്ടുവൈദ്യനാഥ സ്വാമിയെ തൊഴുതശേഷം ഗോപുരം കടന്ന് ക്ഷേത്രമതില്ക്കെട്ടിനകത്തു കടക്കാം. അതിനുശേഷം അലക്ഷ്മിയേയും ലക്ഷ്മിയേയും തൊഴുത് യക്ഷിയമ്മയേയും, ഋഷഭദേവനേയും തൊഴുത് പ്രദക്ഷിണം ആരംഭിക്കാം. ദക്ഷിണാമൂർത്തി, ഗണപതി, സുബ്രഹ്മണ്യൻ, മഹാകാളൻ, നന്ദികേശൻ, അന്നപൂർണേശ്വരി, മാന്ധാതാവ്, മുചുകുന്ദൻ, ശതസോമൻ, അഗസ്ത്യ മഹർഷി, വിശ്വാമിത്രമഹർഷി, മാടായിക്കാവിലമ്മ (ഭദ്രകാ

ളിയമ്മ), ശ്രീപാർവ്വതിദേവി എന്നിവരെ തൊഴുത് വടക്കു പടിഞ്ഞാറു മൂലയിൽ നാലമ്പലച്ചുമരിലെ ചതുരക്കല്ലിൽ കയറി നിന്ന് കാശിവിശ്വനാഥനെ പ്രാർത്ഥിച്ച് മുന്നോട്ടു നടന്ന് പരശുരാമനെയും ഗംഗാദേവിയേയും സ്മരിച്ച് കിഴക്കെനടയിലെത്തി ബലിക്കല്ലിന്റെ ഇടതുഭാഗം ചേർന്ന് നാലമ്പലത്തിലേക്കു കടക്കാം. അസാമാന്യ വലുപ്പമാണ് ഇവിടുത്തെ ബലിക്കല്ലിന് കാണപ്പെടുന്നത്. നാലമ്പലത്തിനുള്ളിലെ കാഴ്ചകൾ അത്ഭുതപ്പെടുത്തുന്നവയാണ്. അതിമനോഹരമായ ശില്പഭംഗിയാർന്ന നമസ്കാരമണ്ഡപത്തിന്റെ മച്ച് ശിവകഥകളുടെ അത്യപൂർവ്വമായ ദാരുശില്പങ്ങളാൽ നിറഞ്ഞതാണ്. ശ്രീരാമദേവൻ നമസ്കരിച്ച നമസ്കാരമണ്ഡപത്തിന്റെ തൂണുകൾ പോലും അത്യപൂർവ്വങ്ങളായ ദാരുശില്പങ്ങൾക്കൊണ്ട് അലംകൃതമാണ്. ഈ ശില്പങ്ങളുടെ ഭംഗി വർണ്ണനാതീതമാണ്. വിശ്വകർമ്മവിനാൽ നിർമ്മിച്ച ഉയരമുള്ള ശിവലിംഗമാണ് ശ്രീകോവിലിൽ കാണപ്പെടുന്നത്. അതുകൊണ്ടു തന്നെ നിന്നുകൊണ്ടാണ് പൂജാരിമാർ പൂജകൾ നടത്തുന്നത്. സ്ത്രീകൾ തിരുനടയിൽ കുമ്പിട്ടു തൊഴുതു നമസ്കരിക്കണം. അത്താഴ പൂജക്കുശേഷം നെയ്യമൃതുമായി അകത്തു കടന്നു തൊഴുതു പ്രാർത്ഥിക്കാം.

ഏഴു നിലകളുണ്ടായിരുന്ന പ്രൗഢഗംഭീരമായ രാജഗോപുരമോ ഉപദേവതാശ്രീകോവിലുകളോ ഒന്നും ഇന്നില്ല, അവയുടെ ചുമരിന്റെ ഭാഗങ്ങളും തറക്കല്ലുകളും അവിടവിടെയായി കാണപ്പെടുന്നു. ഈ ശ്രീകോവിലുകളും രാജഗോപുരവും മറ്റും തലയുയർത്തി നിന്നിരുന്ന ആ കാലത്തെ പ്രൗഢിയും ഗാംഭീര്യവും ഒരിക്കൽകൂടി വീണ്ടെടുത്തിരുന്നു എങ്കിൽ എന്ന് ആഗ്രഹിക്കാത്ത രാജരാജേശ്വരഭക്തരുണ്ടാകില്ല. രാജരാജേശ്വര ക്ഷേത്രത്തെ വാക്കുകൾകൊണ്ടു വർണ്ണിക്കുക അസാദ്ധ്യമാണ്. നേരിൽ ഭഗവാനെ ഒരിക്കലെങ്കിലും ദർശിച്ച് സായൂജ്യം നേടുക, അതൊരു മഹാഭാഗ്യം എന്നു മാത്രമേ പറയുവാൻ കഴിയൂ. ഭഗവാന്റെ തൃപ്പടിയിൽ ഒരു നെയ്ക്കുടം സമർപ്പിച്ച് തൊഴാൻ അവസരം കിട്ടുക എന്നത് ജന്മപുണ്യമാണ്.

രാജരാജേശ്വര ക്ഷേത്രത്തിലെത്തി നെയ്യമൃതുമായി ഭഗവാന്റെ സോപാനപ്പടി കയറി തൃപ്പടിയിൽ നെയ്യമൃതു സമർപ്പിക്കുന്ന ഭക്തൻ സാക്ഷാൽ കൈലാസദർശനസമാനമായ ആത്മീയ ആനന്ദമാണ് അനുഭവിക്കുന്നത്. നെയ്ക്കുടങ്ങളിലെ നെയ്യ് രാജരാജേശ്വര ഭഗവാന്റെ തിരുമുമ്പിലെ കെടാവിളക്കിൽ പ്രകാശമായി തെളിയുമ്പോൾ ഭഗവാന്റെ അനുഗ്രഹപ്രകാശം ഭക്തന്റെ മനസ്സിലും തെളിയുന്നു. ഭക്തിയുടെ വഴിയിലേക്കെത്തിച്ചേരുവാനും സായൂജ്യത്തിന്റെ അനർഘനിമിഷങ്ങളെ അനുഭവിക്കാനുമുള്ള ഒരു പുണ്യസ്ഥാനമാണ് ശ്രീരാജരാജേശ്വരക്ഷേത്രം. മുപ്പത്തിമുക്കോടി ദേവകൾക്കും ദേവനായ ശ്രീരാജരാജേശ്വരനായ ഭഗവാന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചുകൊണ്ട് അക്ഷരങ്ങൾ കൊണ്ടൊരുക്കിയ ഈ കാണിക്ക ഭക്തിപൂർവ്വം തൃപ്പടിയിൽ സമർപ്പിച്ചു കൊള്ളട്ടെ.

---

(12-ാം പേജിൽ നിന്ന് തുടർച്ച)

സ്ഥാനം നിശ്ചയിക്കുന്നത്. ആരേയും കുറ്റം പറയുവാൻ ഇഷ്ടമില്ലാത്തത് കൊണ്ട് കൂടുതൽ പറയുന്നില്ല. ഒരിക്കലും ഗ്രഹങ്ങളുടെ സ്ഥാനം മാറ്റുവാൻ പറ്റില്ല. കൂടുതൽ പറഞ്ഞാൽ പഞ്ചഭൂതങ്ങളെ (ഭൂമി, ആകാശം, ജലം, വായു, അഗ്നി) വീടിന് അനുകൂലമായി മാറ്റുക എന്നതാണ് വാസ്തു ശാസ്ത്രം അതിന് ജാതിയൊ മതമൊ സ്ഥലമൊ പേരൊ നോക്കേണ്ടതില്ല. പൂജയൊ, മന്ത്രമൊ തന്ത്രമൊ കാര്യമില്ല. കഴിഞ്ഞ 50 കൊല്ലത്തെ അനുഭവം വെച്ചാണ് പറയുന്നത്. സൂര്യകിരണങ്ങൾ ഭൂമിയിൽ പതിക്കുന്നതിന്റെയും കാറ്റിന്റെ ഗതിയും വെള്ളത്തിന്റെ ഒഴുക്കും വളരെ പ്രധാനപ്പെട്ടതാണ്. ധാരാളം Blind Circular ഉള്ളതിനാൽ എല്ലാം ശാസ്ത്രീയമായി എല്ലാവരും ചിന്തിച്ചശേഷം മാത്രം തീരുമാനം എടുക്കണം. വാസ്തു ദോഷത്തിന് ജോതിഷനെ കാണരുത്. 15 ലക്ഷം പൂജയ്ക്കു ചിലവായ ഒരു വീട്ടിൽ പോകേണ്ടതായി വന്നു. അവിടെ ഗേറ്റ് പടിഞ്ഞാറ് തെക്കിൽ നിന്നും പടിഞ്ഞാറു വടക്കോട്ട് മാറ്റിയതിനു ശേഷം സകലപ്രശ്നങ്ങളും മാറി. പേരു പറഞ്ഞാൽ എല്ലാവരും അറിയും. എന്തു സംശയങ്ങൾ ഉണ്ടെങ്കിലും ദയവായി ഫോണിൽ രാവിലെ 6.00 മണിമുതൽ വൈകുന്നേരം 8.00 മണി വരെ വിളിക്കാവുന്നതാണ്. ഒരിക്കൽ കിട്ടിയില്ലെങ്കിൽ വീണ്ടും വിളിക്കണം മാസത്തിൽ പകുതിയോളം പുറം രാജ്യങ്ങളിൽ ആയിരുക്കുന്നത് കൊണ്ടായിരിക്കും കിട്ടുവാൻ പ്രയാസം.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**





(തുടർച്ച)



# മഹാഭാരതം ഖാണ്ഡവ ദഹനം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ജനമേജയൻ തന്റെ പൂർവ്വികരുടെ കഥ കേൾക്കാൻ ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ച് വൈശമ്പായൻ മറുപടി പറയുന്നിടത്താണ് വനപർവ്വം ആരംഭിക്കുന്നത്. സകല ഐശ്വര്യങ്ങൾക്കും കോട്ടം തട്ടിയ പാണ്ഡവർ, അവർക്ക് വൈരം സൃഷ്ടിച്ച കൗരവർ, പതിവൃതയും പുണ്യവതിയുമായ ദ്രൗപദി എങ്ങനെ വനവാസം ചെയ്തു, ഇവരുടെയൊക്കെ പ്രതികരണങ്ങളും ജീവിതവും വിശദമായി അറിയണമെന്നുള്ള ജനമേജയന്റെ ആഗ്രഹത്തിനു മറുപടിയായി വൈശമ്പായൻ ഇങ്ങനെ വിവരിക്കുകയാണ്. ചൂതിൽ പരാജയപ്പെട്ടും ഹീനമായ വാക്കുകളാൽ മുറിവേറ്റ ഹൃദയവുമായി പാണ്ഡവർ കൃഷ്ണനോടുകൂടി വർദ്ധമാനം എന്ന ഗേറ്റ് കടന്ന് വടക്കോട്ട് യാത്രയാരംഭിച്ചു. ഇന്ദ്രസേനൻ തുടങ്ങി 14 ഭൃത്യന്മാർ ഭാര്യാസമേതം രഥത്തിൽ പിന്തുടർന്നു. പാണ്ഡവരുടെ വനവാസമറിഞ്ഞ പ്രജകൾ വേദനയോടുകൂടി ദ്രോണരേയും ഭീഷ്മരേയും വിദുരർ, കൃപർ തുടങ്ങിയവരേയും പഴിച്ചു. പൗരമുഖ്യർ ഇങ്ങനെ പറഞ്ഞു:

നേദമസ്തി കുലം സർവ്വം ന വയം ന ച നോ ഗൃഹഃ

യത്ര ദുര്യോധനഃ പാപഃ സൗബലേനാഭിപാലിതഃ

കർണ്ണദുഃ ശാസനാഭ്യാം ച രാജ്യമേതച്ചികോർഷതി

പാപിയായ ദുര്യോധനൻ ശകുനിയോടും കർണ്ണനോടും ദുശ്ശാസനനോടും ചേർന്ന് രാജ്യം ഭരിച്ചാൽ നമ്മുടെ കുടുംബവും ഗൃഹവും നമ്മളുതന്നെയും ഇല്ലാതാകും. ദുര്യോധനൻ രാജാവായാൽ ധർമ്മം നശിക്കും. അയാൾ അയാളുടെ ധാർമ്മികതയെല്ലാം നശിപ്പിച്ചു. ദുരോധനൻ രാജാവായാൽ ഭൂമി അധഃപതിക്കും. അതുകൊണ്ട് ധർമ്മിഷ്ഠരായ പാണ്ഡവരുടെ കൂടെ നമുക്കു പോകാം.

വൈശമ്പായൻ പറയുന്നത്, ഇതെല്ലാം പറഞ്ഞ് അവരൊരുമിച്ച് കൈ കൂപ്പി കുന്തിയുടേയും മാദ്രിയുടേയും പുത്രന്മാരെ സമീപിച്ച് ഇങ്ങനെ പറഞ്ഞു, സങ്കടത്തിൽപെട്ടിരിക്കുന്ന ഞങ്ങളെ വിട്ടിട്ടു പോകരുത്. ഞങ്ങൾ നിങ്ങളുടെ കൂടെ വരികയാണ്. ക്രൂരന്മാരായ കൗരവർ നിങ്ങളെ ചതിപ്രയോഗത്തിലൂടെയാണ് പരാജിതരാക്കിയത്. വസ്ത്രവും എള്ളും വെള്ളവും ഭൂമിയും മറ്റും പുഷ്പങ്ങളോടു ചേർന്നാൽ സൗരഭ്യമുള്ളതായി മാറും. എന്നാൽ മൂഢന്മാരോടു ചേർന്നാൽ മൂഢന്മാരാകും. നല്ലവരുമായുള്ള ബന്ധം നന്മ ഉണ്ടാക്കും. ശാസ്ത്രം പഠിക്കുന്നതിനേക്കാൾ നല്ലത് ജന്മം കർമ്മം വീര്യം എന്നിവയുള്ളവരുമായിട്ടുള്ള സന്തത സഹചാരമാണ്. സത്സംഗം നന്മയും ദുഷ്ടസംഗമം പാപവും ഉണ്ടാക്കും. നീചന്മാരോടു ചേർന്നാൽ നീചത്വവും മദ്ധ്യമന്മാരോടു ചേർന്നാൽ മദ്ധ്യമവും ശ്രേഷ്ഠന്മാരോടു ചേർന്നാൽ ശ്രേഷ്ഠവും ഫലം. നിങ്ങൾക്കെല്ലാം ഒരുമിച്ചും ഓരോരുത്തർക്ക് പ്രത്യേകമായും സദ്ഗുണങ്ങളുണ്ട്. അതുകൊണ്ട് ഞങ്ങൾ നിങ്ങളോടൊത്തുള്ള വാസം ആഗ്രഹിക്കുന്നു.

ഇതെല്ലാം കേട്ട് യുധിഷ്ഠിരൻ സന്തുഷ്ടനായി. നിങ്ങൾ കാണിക്കുന്ന സ്നേഹവും കാരുണ്യവും കൊണ്ട് ഞങ്ങൾ ധന്യരായി. ഞങ്ങൾക്കില്ലാത്ത ഗുണങ്ങളും മറ്റും ബ്രാഹ്മണർ പോലും ഞങ്ങളിൽ ഉണ്ടെന്നു പറയുന്നു. അതുകൊണ്ട് ദയവായി ഞങ്ങൾ പറയുന്നത് നിങ്ങൾ അനുസരിക്കണം. ഭീഷ്മപിതാമഹനും വിദുരരും രാജാവും ഞങ്ങളുടെ അമ്മയും മറ്റും അവിടെയുണ്ട്. നിങ്ങൾ അവരെ ആശ്വസിപ്പിച്ച് അവിടെ ജീവിക്കുകയാണെങ്കിൽ ഞങ്ങൾക്ക് അതിൽപരം സംതൃപ്തി വേറൊന്നില്ല. ഇങ്ങനെ പറഞ്ഞ് ധർമ്മപുത്രർ യാത്ര പറഞ്ഞു. നാട്ടുകാരെല്ലാവരും ദുഖത്തിലായി കരഞ്ഞു വിളിച്ചു.

മനസില്ലാമനസ്സോടെ അവർ തിരികെ പോയി. അതിനുശേഷം പാണ്ഡവർ പ്രമാണ എന്നു പേരായ ഒരു മഹാ വടവൃക്ഷത്തിന്റെ അടുത്തെത്തി, ഗംഗയിൽ കുളിച്ച് വിശ്രമിച്ചു. അന്നു ജലം മാത്രം കുടിച്ച് രാത്രി കഴിച്ചു. പാണ്ഡവരോടുള്ള അമിതസ്നേഹത്താൽ കൂടെ വന്ന ചില ബ്രാഹ്മണർ അവിടെവന്ന് അഗ്നി കൂട്ടി മന്ത്രങ്ങളും മറ്റും ജപിച്ച് വേദങ്ങൾ പാരായണം നടത്തി. ഇതെല്ലാം പാണ്ഡവരുടെ മനസിന് കുളിർമ നൽകി. ആ രാത്രി അങ്ങനെ കഴിച്ചുകൂട്ടി. രാവിലെ തന്നെ കാട്ടിലേക്കു കടക്കാൻ തുടങ്ങിയ പാണ്ഡവരുടെ മുൻപിൽ ആ ബ്രാഹ്മണർ എത്തി. അവരോട് യുധിഷ്ഠിരൻ തിരികെ പോകാനപേക്ഷിച്ചു. തങ്ങൾ നാടും വീടും വിട്ട് കാട്ടിൽ ഫലമൂലാദികളും മാംസ്യവും ഭക്ഷിച്ച് കഴിയാൻ പോകുകയാണ്. ഞങ്ങളുടെ കൂടെ വന്നാൽ നിങ്ങൾ കഷ്ടപ്പെടും, ബ്രാഹ്മണക്ലേശം ഇഷ്ടപ്പെടുന്നില്ല എന്നുകൂടി പറഞ്ഞു. ഇതു കേട്ട ബ്രാഹ്മണർ ഞങ്ങളെ കൂടെ കൂട്ടണമെന്നും ഉപേക്ഷിക്കരുതെന്നും പറഞ്ഞു. എന്നാൽ തന്റെ സഹോദരന്മാർ ഈ കഷ്ടപ്പാടു സംഭവിച്ചതിൽ ദുഃഖിതരാണെന്നും കൂടുതൽ അവരെ ബുദ്ധിമുട്ടിക്കാൻ കഴിയില്ലായെന്നും മറ്റും യുധിഷ്ഠിരൻ പറഞ്ഞു. പിൻമാറാൻ തയ്യാറാകാതെ ബ്രാഹ്മണർ പിന്നെയും അപേക്ഷിച്ചു. വൈശമ്പായൻ പറയുകയാണ് ഇങ്ങനെ യുധിഷ്ഠിരൻ ദുഃഖിതനായി ഇരുന്നപ്പോൾ സാംഖ്യയോഗ പണ്ഡിതനായ ശൗനകൻ ജീവിതത്തിന്റെ ഘട്ടങ്ങളും ഗുണദോഷങ്ങളും ആത്മസംയമനത്തിന്റെ ഫലവും മറ്റും വിശദീകരിച്ചു കൊടുത്തു. ബുദ്ധിയില്ലാത്തവർക്ക് ശോകത്തിനും ഭയത്തിനും ഉള്ള വഴികൾ ദിവസവും ഉണ്ടായിക്കൊണ്ടേയിരിക്കും. എന്നാൽ ബുദ്ധിമാന് അങ്ങനെയല്ല. അവർക്ക് ഇതൊന്നും ചിന്താവിഷയമല്ല. എല്ലാറ്റിനേയും നേരിടാനുള്ളതും, ശ്രുതിസ്മൃതികളോടു കൂടിയതുമായ അറിവ്, എല്ലാത്തിനേയും തടുക്കുവാനുള്ള ബുദ്ധി, ഇവ യുധിഷ്ഠിരനുണ്ടെന്നും തല്ക്കാലമുണ്ടായ ധനനഷ്ടവും മിത്രങ്ങളുടെ ദുഖവും കണ്ട് മനസ്സ് വേദനിക്കണ്ട കാര്യമില്ലെന്നും പണ്ട് ജനക മഹാരാജാവ് ആത്മസംയമനത്തിന് പാടിയ ശ്ലോകങ്ങൾ യുധിഷ്ഠിരനെ കേൾപ്പിക്കാമെന്നും ശൗനകൻ പറയുകയാണ് ചെയ്തത്. ഇന്ന് ലോകം മുഴുവൻ ശാരീരികമായും മാനസികവുമായ രോഗങ്ങളാൽ ദുഃഖിതരാണ്. ഇഷ്ടമില്ലാത്ത വസ്തുക്കളുടെ സാമീപ്യം, കഠിനാദ്ധ്വാനം, ഇഷ്ടമുള്ള സാധനങ്ങൾ ലഭിക്കാതിരിക്കുക,രോഗഠ ഈ നാലു കാര്യങ്ങളും ശാരീരികമായ ദുഃഖമാണ്. യോഗാഭ്യാസംകൊണ്ട് മാനസികരോഗങ്ങളെ അകറ്റാം. അതുകൊണ്ടാണ് വൈദ്യന്മാർ രോഗികളോട് അവർക്കിഷ്ടമുള്ള കാര്യങ്ങൾ സംസാരിച്ചും നൽകിയും അവരോടിടപെടുന്നത്.

മാനസേന ഹി ദുഃഖേന ശരീരമുപതപ്യതേ

അയഃ പിണ്ഡേന തപ്തേന കുംഭസംസ്ഥമിവോദകം

ചൂടുള്ള ഇരുമ്പ് ദണ്ഡ് ഒരു ഭരണിയിലെ വെള്ളത്തെ ചൂടാക്കുന്നതുപോലെ മാനസികദുഃഖം ശാരീരിക അസുഖത്തെ ഉണ്ടാക്കുന്നു.

വെള്ളം കൊണ്ട് തീ ഇല്ലാതാകുന്നതുപോലെ ശരിയായ അറിവ് മാസിക ദുഃഖത്തെ ഇല്ലാതാക്കുന്നു. മനസ്സിന് സമാധാനം ലഭിക്കുമ്പോൾ ശരീരത്തിനും സമാധാനം ലഭിക്കും. കെട്ടുപാട് അതായത് മറ്റുള്ളവരുമായുള്ള ബന്ധങ്ങളാണ് എല്ലാ മനോദുഃഖങ്ങൾക്കും കാരണം. ഈ ബന്ധമാണ് എല്ലാ ജീവികളുടേയും ജീവിതത്തെ ദുഃഖകരമാക്കുന്നത്. ലൗകികമായ എല്ലാ ദുഃഖങ്ങൾക്കും ആഗ്രഹങ്ങൾക്കും കാരണം ഈ കെട്ടുപാടുകളാണ്. കെട്ടുപാടുകളുള്ളവന് ലോകത്തോട് ആസക്തി കൂടും. സർവ്വനാശങ്ങൾക്കും കാരണം ഈ സ്നേഹപാശമാണ്. മരത്തിന്റെ ഏതെങ്കിലും ശാഖയിൽ തീ പിടിച്ചാൽ വേരോടുകൂടി ആ മരത്തെ നശിപ്പിക്കുന്നതുപോലെ ഈ കെട്ടുപാടുകൾ ധർമ്മാർത്ഥങ്ങളെ നശിപ്പിക്കും. ചെറിയ രീതിയിൽ ഇതിൽ നിന്നും മാറിനിന്നാൽ അയാൾ സർവ്വതും ത്യജിച്ചുവെന്നു പറയാൻ കഴിയില്ല. എന്നാൽ ഇഹലോകത്തിൽ ജീവിക്കുകയും തന്റെ തെറ്റുകളെ വ്യക്തമായി മനസ്സിലാക്കുകയും ചെയ്താൽ അവൻ ത്യാഗിയായി മാറിയേക്കാം. അങ്ങനെയുള്ള ഒരാളുടെ ആത്മാവ് ദുഷ്ടതയിൽ നിന്ന് അകന്ന് യാതൊന്നിലും ആസക്തി ഇല്ലാത്തവനായി മാറും. അതുകൊണ്ട് ആരും താൻ സമ്പാദിച്ച സ്നേഹിതരിലോ ധനത്തിലോ അമിത പ്രാധാന്യം കൊടുക്കരുത്. സ്വന്തം ശരീരത്തിനോടു തോന്നുന്ന ആസക്തിയെ അറിവു മൂലം മാറ്റിയെടുക്കണം. എങ്ങനെയാണോ താമരയിലയിൽ ജലം നിൽക്കാത്തത് അതുപോലെ സ്നേഹബന്ധമെന്ന കെട്ടുപാട് നിലനിൽക്കാതെ സൂക്ഷിക്കണം. കാരണം രാഗബന്ധങ്ങളിൽ പെട്ടവർക്ക് തൃഷ്ണയുണ്ടാകുന്നു. അഗ്നികൊണ്ട് മരത്തെ നശിപ്പിക്കുന്നതുപോലെ തന്നിലെ ആസക്തി തന്നെതന്നെയും നശിപ്പിക്കും.

പണക്കാരനായ ഒരുവൻ, വെള്ളം, തീ, കള്ളൻ ഇവയെയൊക്കെ എപ്പോഴും ഭയക്കുന്നു. ഇറച്ചിയുടെ ഒരു കഷണം ആകാശത്ത് പക്ഷികൾക്കും വെള്ളത്തിൽ മീനുകൾക്കും മറ്റും ആക്രമണമുണ്ടാക്കുന്നതുപോലെ സമ്പന്നർ ഭരണാധികാരികളേയും കള്ളന്മാരേയും ഒരുപോലെ ഭയക്കുന്നു. ധനത്തിൽമാത്രം സന്തോഷം കാണുകയും അതിൽ ആസക്തനായി ഇരിക്കുകയും ചെയ്യുന്ന ഒരാൾക്ക് യഥാർത്ഥ സന്തോഷം എന്താണെന്നറിയില്ല. അവർക്ക് അഹങ്കാരവും ഭയവും എപ്പോഴുമുണ്ടായിരിക്കും.

ബുദ്ധിമാന്മാരായ ജ്ഞാനികൾ എപ്പോഴും തൃപ്തരാണ്. യൗവ്വനം, പണം, സൗന്ദര്യം തുടങ്ങിയവയൊക്കെ നശ്വരങ്ങളാണ്. അതുകൊണ്ട് ജ്ഞാനി അതിൽ ആഗ്രഹിക്കില്ല. അതുകൊണ്ട് ധർമ്മപുത്രരോടിങ്ങനെ പറഞ്ഞു:

യുധിഷ്ഠിരൈവം സർവ്വേഷു ന സ്പൃഹാം കർതുമർഹസി

ധർമേണ യദി തേ കാര്യം വിമുക്തേച്ഛോ ഭവാര്യതഃ

അല്ലയോ യുധിഷ്ഠിരരേ നീ ഒന്നിലും ആശയുള്ളവനാകാതിരിക്കുക. താങ്കൾക്കു ധർമ്മം ലഭിക്കണമെന്നുണ്ടെങ്കിൽ ധനസമ്പാദനത്തിൽ നിന്നും സ്വതന്ത്രനാവുക. ആസക്തിയിൽ നിന്നും മുക്തനാവുക.

ഇതുകേട്ട ധർമ്മപുത്രരിങ്ങനെ പറഞ്ഞു, ഞാൻ ധനത്തെ ഇഛിക്കുന്നത് അതിലുള്ള ആസക്തികൊണ്ടല്ല. എന്റെ കൂടെയുള്ളവരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്.

എല്ലാ ജീവജാലങ്ങളും അവയെ ആശ്രയിക്കുന്നവർക്ക് ഭക്ഷണം കൊടുക്കും. ഗൃഹസ്ഥാശ്രമിയായി ജീവിക്കുന്ന ഞാൻ എന്റെ കൂടെയുള്ളവരെ സംരക്ഷിക്കണം. പ്രത്യേകിച്ചും ലൗകികത്തിൽ പെടാത്ത ബ്രഹ്മചാരികൾക്ക് നന്മ നിറഞ്ഞവർ താമസിക്കുന്ന ഗൃഹങ്ങളിൽ അതിഥികൾക്ക് ജലവും ഇടവും നല്ല വാക്കും കൊടുക്കണം. ക്ഷീണിച്ചവർക്ക് കിടക്കാനൊരിടവും ദാഹിക്കുന്നവർക്ക് ജലവും വിശക്കുന്നവർക്ക് ആഹാരവും കൊടുക്കണം. മന്ദസ്മിതമായ മുഖഭാവവും തുറന്ന ഹൃദയവും നല്ല വാക്കുമാണ് അതിഥിക്കു നൽകേണ്ടത്. എഴുന്നേറ്റുപോയി അതിഥിയെ സ്വീകരിക്കണം. ഇരിപ്പിടം കൊടുത്ത് ആദരിക്കണം. ഗൃഹസ്ഥാസ്രമിയുടെ ധർമ്മം കൂടി പറയുകയാണിവിടെ. അഗ്നിഹോത്രം ചെയ്യുകയും വൃക്ഷത്തെ രക്ഷിക്കുകയും പുത്രന്മാരേയും ഭാര്യയേയും ഭൃത്യന്മാരേയും രക്ഷിക്കണം. ദേവകൾക്കും പിതൃക്കൾക്കും അതുപോലെ തന്നെ പക്ഷിമൃഗാദികൾക്കും അന്നം കൊടുക്കണം. ഇതിന് വിശ്വദേവ എന്ന കർമ്മമാണ് പറയുന്നത്. എല്ലാം കൊടുത്തതിനുശേഷം മാത്രം ഭക്ഷിക്കണം. വിഘസം (യജ്ഞശേഷമുള്ള ഭക്ഷണം) അമൃതിനു തുല്യമാണെന്നാണ് പറയപ്പെടുന്നത്. സന്തോഷത്തോട് സ്വീകരിക്കണം. എങ്ങിനെയെന്നോ, നല്ല വാക്ക്, മനസ്സും കണ്ണും അർപ്പിച്ച്, വേണ്ട വിധം പൂജിച്ച് , അന്നപാനാദികൾ കൊടുക്കുക എന്നീ അഞ്ച് ദക്ഷിണകളാണ് വിഘസം. ഇങ്ങനെയുള്ളവർക്ക് പുണ്യം ലഭിക്കും. ഇതാണ് ഗൃഹസ്ഥന്റെ ധർമ്മം എന്നു പറഞ്ഞ് ശൗനകനോട് അഭിപ്രായം ചോദിക്കുകയാണ് യുധിഷ്ഠിരൻ. ധർമ്മപുത്രരുടെ ഈ വാക്കുകൾ ശ്രവിച്ച ശൗനകൻ പറഞ്ഞു, ഈ ലോകത്തിന് ഇന്ന് എല്ലാം വിപരീതമാണ്. നല്ലയാളുകൾ എന്തുകൊണ്ട് ലജ്ജിക്കുന്നുവോ അത് ദുർജ്ജനങ്ങൾക്ക് രസമാണ്. അന്ധതകൊണ്ടും അറിവില്ലായ്മ കൊണ്ടും തങ്ങളുടെ ഇന്ദ്രിയങ്ങൾക്ക് അടിമപ്പെട്ട് ഉദരം നിറക്കുന്നതിനും വികാരങ്ങൾക്കടിമപ്പെട്ടും ജീവിക്കും. ഇഷ്ടപ്പെടുന്ന വസ്തുവിനെ നേടാനുള്ള ആസക്തി മൂലം പല കാര്യങ്ങളിലും പെട്ടുപോകുകയാണ്. തന്റെ കുതിരയുടെ ഇംഗിതത്തിനു വഴങ്ങി രഥം നയിക്കുന്ന തേരാളിയേപ്പോലെ ഇന്ദ്രിയങ്ങൾക്കു വശംവദനായി എപ്പോഴും ചലിച്ചുകൊണ്ടേയിരിക്കും.

അദ്ദേഹം പറയുന്നു:

തതഃ സംകല്പബീജേന കാമേന വിഷയേഷുഭിഃ

വിദ്യഃ പതതി ലോഭാഗ്നൗ ജ്യോതിർലോഭാത് പതങ്ഗവത്

പ്രകാശം കണ്ട് പോയി അതിൽ പതിക്കുന്ന ഈയാപാറ്റയേപ്പോലെ മനുഷ്യൻ പ്രലോഭനങ്ങൾക്കു വഴങ്ങി അതിൽ പെട്ടുപോകുന്നു.

അജ്ഞരായ ആളുകളുടെ കാര്യമാണിത്. ജ്ഞാനികളെന്താണ് ചെയ്യുന്നത്. ധർമ്മത്തെ മുറുകെ പിടിച്ച് കർമ്മം ചെയ്യും. അവർ യാഗം, ദാനം, സത്യം, ദയ ഇങ്ങനെയുള്ള വഴികളിൽകൂടി ധർമ്മത്തെ പിന്തുടർന്ന് അഷ്ടാംഗമാർഗ്ഗത്തിലൂടെ ചിത്തത്തെ ജയിക്കുന്നു. അതുകൊണ്ട് യുധിഷ്ഠിരൻ യോഗസിദ്ധി തപോമാർഗ്ഗത്തിലൂടെ നയിക്കണമെന്നും ഗുരുജനങ്ങളോടുള്ള കർമ്മസിദ്ധി ലഭിച്ച അവിടുന്ന് തപസ്സുചെയ്ത് മനശുദ്ധി നേടാനും ശൗനകൻ ഉപദേശിച്ചു. ദൗമ്യൻ, കാർത്തവീര്യൻ, നഹുഷൻ തുടങ്ങിയവരെല്ലാം തന്നെ അവരുടെ പ്രജകളെ രക്ഷിച്ചത് ഇത്തരം ധ്യാനത്തിലൂടെയും കഠിനമായ ധ്യാന തപസ് മാർഗ്ഗങ്ങളിലൂടെയുമാണ്. അതുകൊണ്ട് ഭവാൻ അപ്രകാരം ചെയ്യൂ.

തുടരും

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോൺ : 9895981809

**ശ്ലോകം 50**

മായാകാര്യമസത്യമിത്ഭുവനമെന്നോതുന്നു വിദ്വജ്ജനം
മായക്കെന്തൊരു മൂലമെന്നൊരുവനും ചൊല്ലുന്നതില്ലാദൃഢം
മായാവാദവുമന്യമാം പലവിധം വാദങ്ങളും വ്യർത്ഥമ-
കാകായാമ്പൂവുടലൊന്നുസത്യമതെനിക്കാലംബമെന്നെന്നുമേ

**ശ്ലോകാർത്ഥം:**

മായയുടെ കാര്യമായ ഈ ഭുവനം യഥാർത്ഥത്തിൽ ഇല്ലാത്തതാണ് എന്ന് അറിവുള്ളവർ പറയുന്നു. തീർച്ചയായും മായയുടെ കാരണമെന്താണെന്ന് ആരും പറയുന്നില്ല. മായാവാദവും മറ്റു വാദങ്ങളും നിഷ്പ്രയോജനമാണ്. ആ കായാമ്പൂവിനു സമമായ ഉടൽ സത്യമാണ്. അതെനിക്കെന്നെന്നും താങ്ങാണ്.

**വ്യാഖ്യാ:**

ഏതൊരു കാര്യത്തിനും കാരണമുണ്ടാവണമെന്നത്, കാര്യ-കാരണ സിദ്ധാന്തം. അതുകൊണ്ട്, ഈ ഭുവനത്തിനും ഒരു കാരണമുണ്ടാവണം. ആ കാരണം മായ ആണ്. ഈ ഭുവനം സത്യത്തിൽ ഉള്ളതല്ല. ഇതാണ് മായാവാദം. എന്നാൽ ആ മായയും ഒരു കാര്യമാണെന്നതിനാൽ, അതിനൊരു കാരണം വേണ്ടേ, അതെന്താണെന്നു ചോദിച്ചാൽ, ഒരുവനും ഉത്തരമില്ലെന്ന്, ഗുരുനാഥൻ, സംഘാതവാദം, ആരംഭവാദം, പരിണാമവാദം, വിവർത്തവാദം എന്നിങ്ങിനെ ലക്ഷണവാദം, സ്പോടനവാദം മുതലായവ വരെ അസംഖ്യം ശാസ്ത്രവാദങ്ങളുള്ളതെല്ലാം നിരർത്ഥകവും, നിഷ്പ്രയോജനങ്ങളുമാണ്. കൃഷ്ണന്റെ ആ കായാമ്പൂവർണ്ണമുള്ള ശരീരം ഒന്ന്, സത്യമാണ്, അതാണ് എനിക്ക് എല്ലാ കാലത്തും ആശ്രയം.

**ശ്ലോകം.51**

നാകത്തിൽക്കൊതിയില്ല ഞാനഭിലഷിക്കുന്നീല മോക്ഷത്തെയും
ലോകത്തിൽധനധാടിയും പ്രഭുതയും കാണുന്നു ഞാൻ തുച്ഛമായ്
ശ്രീകാന്താമലപാദഭക്തിലഹരീകല്ലോലിനീമഗ്നനായ്
ശോകംവിട്ടൊരുകോടിജന്മമിനിയും വാഴാൻ കൊതിക്കുന്നു ഞാൻ

**ശ്ലോകാർത്ഥം:**

എനിക്ക്, സ്വർഗ്ഗത്തിൽ ആഗ്രഹമില്ല. മോക്ഷത്തെയും ആഗ്രഹിക്കുന്നില്ല. ഭൂമിയിൽ സമ്പത്തുകൊണ്ടുള്ള പ്രൗഢിയും അതുകൊണ്ടുണ്ടാവുന്ന അധികാരവും ഞാൻ വളരെ നിസ്സാരമായി കാണുന്നു. ലക്ഷ്മിയുടെ ഭർത്താവായ വിഷ്ണുവിന്റെ പാദങ്ങളോടുള്ള ഭക്തിലഹരിയാകുന്ന നദിയിൽ മുങ്ങി ദുഃഖമില്ലാതെ ഇനിയും കോടിക്കണക്കിനു ജന്മം ജീവിക്കാൻ കൊതിക്കുന്നു.

**വ്യാഖ്യാ:**

നേരിൽ സംസാരിക്കുമ്പോഴും ഗുരുനാഥൻ ഇതു തന്നെ ചിരിച്ചുകൊണ്ട് പലപ്പോഴും പറയാറുള്ളത് ഞാനോർക്കുന്നു. മോക്ഷം വേണ്ടാ. പല ജന്മമെടുത്താലും, ദേവീപൂജാനിരതനായിരിക്കാമല്ലോ. ഈ ഭൂമി എത്ര സുന്ദരമാണെന്നും ഗുരുനാഥനിലെ കവിയാണതു പറഞ്ഞത്.

**ശ്ലോകം 52**

സാഗസ്സാരസരോരുഹേ രമയുമായ് മേളിച്ചു മേവും ഭവാൻ
നീഹാരാംശു തവാജ്ഞയാചൊരിവതാം പീയൂഷപൂരത്തിനാൽ
സോഹംഭാവേന ചേർന്ന സാധകനഖണ്ഡാനന്ദമേകുന്നു വ-
ന്മോഹദ്ധ്വാന്ത വിമുക്സനായവനണഞ്ഞീടുന്നു ശശ്വൽപ്പദം

**ശ്ലോകാർത്ഥം:**

അവൻ തന്നെ ഞാൻ (തത്വമസി) എന്ന് ഉറച്ച് ധ്യാനിക്കുന്ന ഉപാസകന്, ശിരസ്സിലെ ആയിരം ഇതളുകളുള്ള താമരപ്പൂവിൽ ലക്ഷ്മിയുമൊത്ത് സംഭോഗത്തിലേർപ്പെട്ടിരിക്കുന്ന അവിടുത്തെ ആജ്ഞക്കനുസരിച്ച്, തണുത്ത കിരണങ്ങളുള്ളവൻ (ചന്ദ്രൻ) ചൊരിയുന്ന അമൃതാഭിഷേകംകൊണ്ട് മുറിഞ്ഞുപോകാത്ത ആനന്ദം നൽകുന്നു. അജ്ഞാനത്താലുള്ള ബുദ്ധിഭ്രമത്തിൽ നിന്ന് (മോഹാലസ്യത്തിൽ നിന്ന്) സ്വതന്ത്രനായി ആ ഉപാസകൻ കൃഷ്ണന്റെ കാലടികളിൽ ചെന്നു ചേരുന്നു.

(ശേഷം 29-ാം പേജിൽ)





*തുടർച്ച*

# അയലത്തെ ഒളിപ്പോരുകാരി

അനുരാധ. ഫോൺ . 9447035067

ഇപ്പോൾ സരസമ്മയുടെ മകനും സ്ഥലത്തുണ്ട്. സരസമ്മയോട് ഉരുളക്കുപ്പേരി എന്ന നിലപാടാണ് നിമ്മിമോൾക്ക് തന്റെ ചേച്ചിയുടെ കല്യാണാലോചന മുടങ്ങിപ്പോയതോടെ അവൾ ഇരട്ടി വാശിയിലാണ്. അയൽവക്കങ്ങൾ തമ്മിലുള്ള തർക്കം മൂത്ത് കൊലപാതകത്തിലെത്തുന്ന സംഭവങ്ങൾ സർവ്വസാധാരണമായിരിക്കയാണ്. ഒരു കായികാഭ്യാസിയുടേതുപോലെ ഉറച്ച ശരീരമുള്ള സരസമ്മയുടെ മകനെക്കുറിച്ച് ഓർമ്മ വന്നപ്പോൾ അവളുടെ ഭയം മൂർദ്ധന്യാവസ്ഥയിലായി. ഇന്നതെല്ലാമാണോ സംഭവിച്ചിരിക്കുക എന്ന ആശങ്കയോടെയാണ് അവൾ വീട്ടിൽ മടങ്ങിയെത്തിയത്. പക്ഷെ പതിവുപോലെ അധരവ്യായാമം മാത്രമെ അന്നും നടന്നിട്ടുള്ളൂ എന്ന് മനസ്സിലായപ്പോൾ അവൾ ആശ്വസത്തോടെ നെടുവീർപ്പിട്ടു.

പിറ്റേന്ന് ശനിയാഴ്ച കോളേജില്ലാത്ത ദിവസമായതുകൊണ്ട് രാവിലെ അല്പം വൈകിയാണ് സുമംഗല ഉറക്കമുണർന്നത്. അതുകൊണ്ട് മുറ്റമടിക്കുന്ന ജോലിയും വൈകി. വെയിലിന് ചൂടുപിടിച്ചു തുടങ്ങിയിരുന്നു. വേഗം ജോലി തീർത്ത് വീടിനകത്തെത്താനുള്ള ബദ്ധപ്പാടിലായിരുന്നു അവൾ. മുഖത്തെ വിയർപ്പൊപ്പാൻ നിവർന്നപ്പോൾ ചൂളിപ്പോയി. സരസമ്മയുടെ മകൻ ഇങ്ങോട്ട് നോക്കി നിൽക്കുന്നു. അയാളുടെ ചുണ്ടിൽ ഒരു ചെറുപുഞ്ചിരി ഇടം പിടിച്ചിരിക്കുന്നു. അതിലെ വികാരം പരിഹാസമാണോ? ആണെന്നു തന്നെ തോന്നി അവൾക്ക്. ആണെങ്കിൽ തന്നെ തനിക്കൊന്നുമില്ലെന്ന് സ്വയം സമാധാനിക്കുകയും ചെയ്തു.

മുറ്റമടിക്കൽ അവസാനിപ്പിച്ച് അകത്തേക്ക് മടങ്ങിയാലോ എന്നാലോചിക്കാൻ തുടങ്ങുമ്പോഴേക്കും അയാൾ വീടിനകത്തേക്ക് കയറിപ്പോകുന്നതു കണ്ടു.

പിറ്റേന്ന് ഞായറാഴ്ചയായിരുന്നെങ്കിലും സരസമ്മയുടെ മകനുമായുള്ള മുഖാമുഖം ഒഴിവാക്കാനായി അവൾ നേരത്തെ എഴുന്നേറ്റ് മുറ്റമടിക്കുന്ന ജോലി കഴിച്ചു.

തിങ്കളാഴ്ച ക്ലാസ്സുകഴിഞ്ഞ് ബസ്സിറങ്ങി വീട്ടിലേക്ക് മടങ്ങുകയായിരുന്നു അവൾ. അപ്പോഴതാ വഴിയോരത്തേക്കെത്തുന്ന കുണ്ടനിടവഴിയിലൂടെ നടന്നു വരുന്നു അയാൾ! സരസമ്മയുടെ മകൻ നന്ദകുമാർ. അവളെ അപ്രതീക്ഷിതമായി കണ്ടു മുട്ടിയതിലാകാം അയാളുടെ കണ്ണുകൾ ഒന്നിടറി.

അയാളെ ഒഴിവാക്കാനുള്ള ശ്രമത്തിൽ അവളുടെ കാലുകൾക്ക് വേഗത വർദ്ധിച്ചു. തൊട്ടു പിറകെ കാലടി ശബ്ദം കേട്ട് കഴുത്ത് ചരിച്ചു നോക്കുമ്പോൾ അയാൾ!

നിൽക്കൂ, അയാളുടെ സ്വരം അവളെ പരിഭ്രാന്തയാക്കി. എന്താണയാളുടെ ഉദ്ദേശം? തന്നോടയാൾ വഴക്കിനുള്ള പുറപ്പാടാണോ? ഏതാനും വഴിപോക്കർ അങ്ങോട്ടുമിങ്ങോട്ടും കടന്നു പോകുന്നുണ്ട്. അപമാനഭീതികൊണ്ട് അവൾ കഴിയുന്നതും വേഗത്തിൽ മുന്നോട്ട് നടന്നു. വീട്ടുപടിക്കൽ എത്തിയപ്പോൾ പിറകിൽ നിന്ന് വീണ്ടും അയാൾ 'സോറി'

അവളത് കേട്ടതായി നടിച്ചില്ല. കിതപ്പോടെ ഉമ്മറപ്പടി കയറുമ്പോൾ വീണ്ടും മിന്നലാട്ടം പോലെ കണ്ടു. സ്വന്തം വീട്ടു മുറ്റത്ത് ഇങ്ങോട്ട് നോട്ടമൂന്നി ചുണ്ടത്ത് ഒരു പുഞ്ചിരിയുടെ നുറുങ്ങുമായി നിൽക്കുകയാണയാൾ.

പരിഭ്രമം കൊണ്ട് പുകയുന്ന മനസ്സൊന്ന് തണുപ്പിക്കാൻ മൺകൂജയിൽ നിന്നും ഒരു ഗ്ലാസ് വെള്ളമെടുത്ത് കുടിക്കുന്നതിനിടക്ക് അയാളുടെ സോറി ഒരു ചോദ്യചിഹ്നമായി ഓർമ്മയിലെത്തി. അതെന്തിന്റെ കുമ്പസാരമായിരുന്നു ? നാറുന്ന കു

പ്പ ഇങ്ങോട്ടെറിഞ്ഞതിന്റെയോ അതോ കല്യാണം മുടക്കിയതിന്റെയോ, രണ്ടായാലും സരസമ്മയുടെ മകന്റെ സോറിക്ക് രണ്ടക്ഷരത്തിന്റെ വിലപോലും നൽകേണ്ടതില്ലെന്ന് തോന്നി അവൾക്ക്.

ഈയിടെയായി രാവിലെ ഉണരാറുള്ള സരസമ്മയുടെ വീട്ടിലെ ടിവി അന്ന് നിശബ്ദം മൊത്തത്തിൽ ആ വീടിനെ ഒരു മൂകത ബാധിച്ചതുപോലെ.

മകൻ ലീവു കഴിഞ്ഞ് മടങ്ങിയോ? സുമംഗല പ്രത്യാശിച്ചു. അതിനായി പ്രാർത്ഥിക്കുകപോലും ചെയ്തു അവൾ.

എങ്കിൽ അയാൾ അടുത്ത ലീവിൽ വരുന്നതു വരെ എന്റെ നന്ദൻ ഒന്ന് വന്നേക്കട്ടെ. എന്നിട്ടു വേണം എല്ലാത്തിനേം എനിക്ക് സ്റ്റേഷനിൽ കേറ്റാൻ എന്ന ഭീഷണിമാത്രം സഹിച്ചാൽ മതിയല്ലോ. സമാധാനത്തോടെ വഴിനടക്കുകയും ചെയ്യാം. അത്രയും ആശ്വാസം.

പക്ഷെ അവളുടെ ആശ്വാസത്തിന് വെറും ഒരാഴ്ചത്തെ ആയുസ്സു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു ദിവസം ക്ലാസ്സു കഴിഞ്ഞ് വൈകുന്നേരം വീടിനടുത്തുള്ള സ്റ്റോപ്പിൽ ബസ്സിറങ്ങുമ്പോൾ മറ്റു യാത്രക്കോരോടൊപ്പം ബസ്സിൽ നിന്നിറങ്ങുന്ന സരസമ്മയുടെ മകൻ. അയാൾ തന്നെ ശ്രദ്ധിച്ചിട്ടുണ്ടാകരുതേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് അവൾ കഴിയുന്നത്ര വേഗത്തിൽ മുന്നോട്ട് നടന്നു.

നിമിഷങ്ങൾക്കുള്ളിൽ പിറകിൽ നിന്ന് അയാളുടെ കുശലാന്വേഷണം. പതിവായി ഈ ബസ്സിലാണോ സുമംഗല കോളേജിൽ നിന്ന് മടങ്ങുന്നത് ?

അതെ. നടത്തത്തിന്റെ വേഗത ഒട്ടും കുറക്കാതെ തന്നെ അവൾ പറഞ്ഞു.

ഞാൻ രണ്ടു ദിവസത്തെ യാത്ര കഴിഞ്ഞു വരവാണ്. പാലക്കാട്ടു മുതൽക്കുള്ള സ്റ്റേഷനുകളിലെ പരിചയക്കാരെ കാണാൻ പോയതായിരുന്നു. ലീവിലിങ്ങനെ വരുമ്പോഴേ അതിനുള്ള അവസരം കിട്ടൂ. സുമംഗലയിൽ നിന്നും പ്രതികരണമൊന്നും ഉണ്ടായില്ലെങ്കിലും അയാൾ തുടർന്ന് പറഞ്ഞു. റിട്ടയർ ചെയ്യാറാകുമ്പോഴേക്കും ഞങ്ങൾ റെയിൽവേ ജീവനക്കാർക്ക് ഒട്ടു മിക്ക സ്റ്റേഷനിലും പരിചയക്കാരുണ്ടാകും. മൂന്നു വർഷം കൂടുമ്പോഴുള്ള ട്രാൻസഫർ..... അതാ കാരണം. ആ സ്ഥിതിവിശേഷത്താൽ സ്വയം സന്തോഷിക്കുന്നതുപോലെ അയാൾ ചിരിച്ചു.

എന്തിനാണ് അയാൾ ഇതെല്ലാം തന്നോട് പറയുന്നത് എന്നാലോചിച്ചു കൊണ്ട് അവൾ മുന്നോട്ടു നടക്കുന്നിതിനിടെ വീണ്ടും അയാൾ എനിക്ക് ജോലി ചെന്നൈയിലാ. അവിടുത്തെ ടിക്കറ്റ് കൗണ്ടറിൽ. സുമംഗല ചെന്നൈയിലൊക്കെ വന്നിട്ടുണ്ടോ?

അവളപ്പോഴും മൗനം തുടർന്നപ്പോൾ അയാൾ അല്പം പരിഭവം കലർന്ന സ്വരത്തിൽ ചോദിച്ചു. തനിക്കെന്താ മറുപടി പറയാൻ ഒരു മടി പോലെ.

സുമംഗല അതുവരെ ഈർഷ്യയും വെറുപ്പും മനസ്സിലടക്കുകയായിരുന്നു. പെട്ടെന്നവൾ പൊട്ടിത്തെറിച്ചു. നിങ്ങളുടെ അമ്മ എന്റെ സ്വഭാവത്തെക്കുറിച്ച് ഇപ്പോൾ തന്നെ നല്ലൊരു സർട്ടിഫിക്കറ്റ് ചാർത്തി തന്നിട്ടുണ്ടല്ലോ. അതു തന്നെ ധാരാളം. അതുകൊണ്ട് എന്നെ ശല്യം ചെയ്യാതെ ഒന്ന് പോയിത്തന്നാൽ വലിയ ഉപകാരം.

സോറി, അടിമുടി ഉലഞ്ഞതുപോലെ അയാളുടെ ദൈന്യസ്വരം. അടുത്ത നിമിഷം അയാൾ നടന്നകലുകയും ചെയ്തു.

വിഷണ്ണനായി തലയും താഴ്ത്തി വേലായുധന്റെ വീട്ടിൽ നിന്നും മടങ്ങിയ ഗോപാലനായിരുന്നില്ല ഏതാണ്ട് രണ്ടാഴ്ച കഴിഞ്ഞ് ഒരു സന്ധ്യക്ക് കൗസല്യയുടെ മുന്നിലെത്തിയത്. പെങ്ങൾക്ക് കൊടുത്ത വാക്ക് പാലിക്കാൻ കഴിഞ്ഞതിന്റെ സംതൃപ്തി ആത്മവിശ്വാസം കലർന്നൊരു ചിരിയായി അയാളുടെ മുഖത്ത് തിളങ്ങി നിൽപ്പുണ്ടായിരുന്നു.

എവിടെ വേലായുധൻ ചേട്ടൻ വന്നു കയറിയപാടെ അയാൾ ചോദിച്ചു.

'ചേട്ടൻ കളിക്കാൻ പോയേക്കുവാ. മൊഖത്തിന്നൊരു തെളിച്ചമുണ്ടല്ലോ ഗോപാലൻ ചേട്ടാ, എന്നതാ കാര്യം'

അത് പിന്നെ ഇല്ലാതിരിക്കുവോ. നിന്റെ സുമമോൾക്ക് അത്രേം നല്ല ഒരാലോചനയും കൊണ്ടല്ലേ ഈ ഗോപാലൻചേട്ടൻ വന്നിരിക്കുന്നെ.

ആണോ? എവിടുന്നാ ഗോപാലൻചേട്ടാ, ഏതാ പയ്യൻ. കൗസല്യ ആകാംകഷയോടെ തിരക്കി.

ഞങ്ങടെ പഞ്ചായത്തി തന്നെയാ പയ്യന്റെ വീട്. ഇത്രേം പെട്ടെന്ന് ഇങ്ങനൊരു കാര്യം ഒത്തു വരുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല. കേട്ടോ. എല്ലാം ദൈവത്തിന്റെ കളി. അല്ലാതിപ്പോ ഞാനെന്തു പറയാനാ.

അപ്പോഴേക്കും വേലായുധനും കുളി കഴിഞ്ഞെത്തി. എന്തൊക്കെയുണ്ട് ഗോപാലാ വിശേഷങ്ങള്.

നല്ല വിശേഷം. അതു പറയാനാ ഞാനിപ്പോ ഇങ്ങോട്ട് വന്നത്. ഗോപാലന്റെ മുഖമപ്പോൾ അഭിമാനം കൊണ്ട് വെട്ടിത്തിളങ്ങി.

എന്താ അത്.

സുമമോൾക്ക് കൂടുതൽ നല്ലോരാലോചനേം കൊണ്ടു വരുമെന്ന് വാക്ക് പറഞ്ഞേച്ചല്ലേ ഞാനന്ന് പോയത്. അങ്ങനെ ഒരെണ്ണം ഭാഗ്യത്തിന് ഒത്തു വന്നിട്ടുണ്ട്.

ഉവ്വോ എവിടുന്നാ.

ഞങ്ങടെ പഞ്ചായത്തിൽ തന്നെയുള്ള പയ്യനാ. പഞ്ചായത്ത് സഹകരണ ബാങ്കിലാ. പയ്യന് ജോലി. പേര് സുധാകരൻ. അച്ഛനമ്മമാർക്ക് ഒരേ ഒരു മകൻ. അയാക്കടെ അച്ഛൻ കുറേക്കാലം ഗൾഫിലായിരുന്നതുകൊണ്ട് ഇരുനില വീടും കാറും ഒക്കെയായി നല്ല സാമ്പത്തികസ്ഥിതിയാ അവർക്ക്. അവരുടെ വീട്ടിൽ ചെന്ന് ചുറ്റുപാടൊക്കെ നേരിൽ കണ്ട് പയ്യന്റെ ഫോട്ടോയും കൊണ്ടാ ഞാൻ വന്നിരിക്കുന്നേ. ആ ശിവപ്രസാദിനേക്കാൾ മുഖശ്രീയുള്ള പയ്യൻ.

സുധാകരന്റെ ഫോട്ടോ കണ്ടപ്പോൾ വേലായുധനും കൗസല്യയും ഗോപാലന്റെ അഭിപ്രായത്തോട് പൂർണ്ണമായും യോജിച്ചു.

ജാതകപൊരുത്തം നോക്കണ്ടേ? വേലായുധൻ ചോദിച്ചു.

ഓ! അവർക്ക് അതിലൊന്നും വിശ്വസമില്ലാന്ന്. സുധാകരന്റെ അച്ഛനും അമ്മേം പ്രേമിച്ചു വിവാഹം ചെയ്തവരാ. പൊരുത്തമൊന്നും നോക്കിയില്ലംങ്കിലും അവരിത്രേംകാലം പ്രശ്നമില്ലാതെ ജീവിച്ചില്ലേ എന്നാ അവരുടെ ചോദ്യം.

ശരിയാ, സത്യം പറഞ്ഞാ എനിക്കും ഈ ജാതകപൊരുത്തത്തിലൊന്നും ഒരു വിശ്വാസോമില്ല. അതൊക്കെ പോട്ടെ. ഇത്രേം സാമ്പത്തികോള്ള പയ്യനെ താനെവിടുന്ന് തപ്പിയെടുത്തെന്നാ എന്റെ അതിശ്യേം.

എന്റെ ഒരു സ്നേഹിതൻ കൊണ്ടു വന്ന ആലോചനയാ. സുമമോളുടെ ആലോചന വന്നപ്പോൾ തേടിയവള്ളി കാലിൽ ചുറ്റിയപോലാണ് അവർക്ക് തോന്നീതെന്ന്. ഏതോ കല്യാണം കൂടാൻ പോയപ്പോ അവിടെ വച്ച് അവര് സുമമോളെ കണ്ടിരിക്കണത്രേ. ചെക്കനും പെണ്ണും തമ്മിൽ കണ്ട് ഇഷ്ടപ്പെട്ടാൽ മറ്റൊന്നും പ്രശ്നമില്ലെന്നാ അവർ പറഞ്ഞത്. സ്ത്രീധനക്കാര്യത്തിലൊന്നും അവർക്ക് നോട്ടമില്ല. മകന്റെ ഭാര്യയായി വീട്ടുകാര്യങ്ങൾ നോക്കി നടത്താൻ നല്ല സ്വഭാവക്കാരിയായൊരു പെണ്ണുവരണമെന്നേഅവർക്കുള്ളൂ. വീട്ടുപണികൾക്കെല്ലാം ജോലിക്കാരുണ്ട്. എല്ലാത്തിനും ഒരു മേൽനോട്ടം വേണം അത്രമാത്രം.

അപ്പോ നമുക്ക് പെണ്ണുകാണൽ വേഗമങ്ങ് നടത്തിയേക്കാം അല്ലേ.

അതെ... സുമമോളുടെ പരീക്ഷ കഴിഞ്ഞാൽ കല്യാണം. പെങ്ങളും അളിയനും ധൈര്യമായിരുന്നോ. ഒരു സംശയോം വേണ്ട ഇത് നമ്മള് നടത്തും. ഗോപാലൻ ഉത്സാഹത്തികവോടെ പറഞ്ഞു.

പിന്നത്തെ ആഴ്ച സുധാകരനും ബന്ധുക്കളും പെണ്ണുകാണാൻ വന്നു. ഗോപാലനും ഭാര്യയും കാലത്തെ തന്നെ വേലായുധന്റെ വീട്ടിൽ എത്തിയിരുന്നു.

സ്വന്തം കാറിൽ വന്നിറങ്ങുന്ന സുധാകരനേയും വീട്ടുകാരേയും കണ്ടപ്പോൾ തന്റെ മകളുടെ ഭാഗ്യമോർത്ത് കൗസല്യയുടെ കണ്ണു നിറഞ്ഞു പോയി.

സുധാകരന് സുമംഗലയെ വളരെ ഇഷ്ടപ്പെട്ടു. ശിവപ്രസാദിന്റെ വിവാഹോലോചന മുടങ്ങിയപ്പോൾ തുടർന്ന് പഠിക്കാനുള്ള ആഗ്രഹം നടക്കുമല്ലോ എന്ന ആശ്വാസമായിരുന്നു സുമംഗലക്ക്.... ഇപ്പോളിതാ വേറൊന്ന്. പക്ഷെ അച്ഛനമ്മമാരുടെ താല്പര്യത്തിന് വഴങ്ങേണ്ടി വന്നു അവൾക്ക്. സുമംഗലയുടെ ഫൈനൽപരീക്ഷ കഴിഞ്ഞാൽ അധികം വൈകാതെ വിവാഹം നടത്താമെന്നും ഗൾഫിലുള്ള ചില അടുത്ത ബന്ധുക്കളോടും കൂടി ആലോചിച്ചശേഷം കല്യാണത്തീയതിയെക്കുറിച്ച് ഉടൻ തന്നെ ഒരു തീരുമാനത്തിലെത്താമെന്നും പറഞ്ഞാണ് സുധാകരനും വീട്ടുകാരും യാത്ര പറഞ്ഞിറങ്ങിയത്.

ഒരാഴ്ച കഴിഞ്ഞിട്ടും സുധാകരന്റെ വീട്ടുകാരുടെ ഭാഗത്തു നിന്നും വിവരമൊന്നും എത്താതായപ്പോൾ കൗസല്യക്ക് ഉത്ക്കണ്ഠയായി. ഇതുവരെ ചെക്കൻ വീട്ടുകാര് വിവരമൊന്നും അറിയിച്ചില്ലല്ലോ. നിങ്ങള് ഗോപാലേട്ടനെ ഒന്ന് വിളിച്ചു നോക്ക്. വേലായുധൻ ജോലിസ്ഥലത്തേക്ക് ഇറങ്ങാൻ നേരം കൗസല്യ ഓർമ്മിപ്പിച്ചു.

അയാളുടെ മനസ്സിലും അതൊരു ചോദ്യചിഹ്നമായി ഘനീഭവിച്ച് കിടന്നിരുന്നു. ഉച്ചഭക്ഷണത്തിനുള്ള ഇടവേളയിൽ അയാൾ ഗോപാലനെ വിളിച്ചു. അളിയാ, സുധാകരന്റെ വീട്ടീന്ന് വിവരം വല്ലതും അറിഞ്ഞോ?

ഇല്ലല്ലോ, വേലായുധേട്ടാ. ഞാനും അത് കാത്തിരിക്കുവാ. അവര് പെട്ടെന്ന് വിവരമറിയിക്കാമെന്ന് പറഞ്ഞേച്ചല്ലേ പോയത്.

ഇവിടെ കൗസൂന് വിവരമറിയാഞ്ഞിട്ടൊരു സൊഖക്കുറവ്. അത്ര നല്ലൊരു ബന്ധമല്ലേ നീ ഒപ്പിച്ചു തന്നിരിക്കുന്നെ.

എന്തിനാ വിഷമിക്കുന്നേ. അത്രയ്ക്കും ഉറപ്പ് പറഞ്ഞിട്ടല്ലേ അവര് പോയത്. ഒരു കാര്യം ചെയ്യാം. നാളെ ഞായറാഴ്ചയല്ലേ. ഞാൻ അവരുടെ വീട്ടിലോട്ടൊന്ന് പോകാം. എന്നിട്ട് ചേട്ടനെ വിളിച്ചു വിവരം പറയാം.

എങ്കി അതു മതി. വേലായുധൻ സമ്മതിച്ചു.

ഗോപാലനുമായി സംസാരിച്ച വിവരം സന്ധ്യക്ക് കൗസല്യയോട് പറഞ്ഞുകൊണ്ട് നിൽക്കുമ്പോൾ അതാ അയാൾ മുഴുവനോടെ അവരുടെ മുന്നിൽ!

നീ ഇന്നു തന്നെ അവരുടെ വീട്ടി പോയോ ? വേലായുധൻ വിസ്മയാധീനനായി.

ഒന്നും പറയണ്ടെന്റെ വേലായുധൻ ചേട്ടാ...... എന്റെ മേൽവിലാസത്തിൽ സുധാകരന്റെ അച്ഛൻ ഒരു കത്തയച്ചിരിക്കുന്നു. വൈകുന്നേരം വീട്ടിലെത്തയപ്പോഴാ കത്ത് കാണുന്നേ...... കുറച്ചു നേരത്തേക്ക് കണ്ണിൽ ഇരുട്ടു കേറിപ്പോയി കേട്ടോ. പിന്നെ അതുംകൊണ്ട് നേരെ ഇങ്ങോട്ട് പോരുകാരുന്നു. ഗോപാലൻ നാവിൻ തുമ്പാൽ ചുണ്ടു നനച്ചുകൊണ്ട് ഒരു വിധത്തിൽ പറഞ്ഞവസാനിപ്പിച്ചു.

എന്താ ഗോപാലേട്ടാ, കത്തില് ...... അവര്... കൗസല്യയുടെ സ്വരമിടറി.

ഞാനെന്തു പറയാനാ. എന്റെ പെങ്ങളേ, അവർക്കെന്തോ ഒരു താല്പര്യക്കുറവ് പോലെ. ഈ ആലോചനയവർ നിർത്തി വെക്കുകയാണെന്ന്. സുമമോളുടെ പടോം മടക്കി. സുധാകരന്റെ ഫോട്ടോ എത്രേം വേഗം തിരിച്ചെത്തിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്.

എന്നിട്ട് ആ കത്തെവിടെ ?

ഗോപാലൻ പോക്കറ്റിൽ നിന്ന് കത്തെടുത്ത് നീട്ടി. കത്തിലെ വരികളിലൂടെ കണ്ണോടിച്ചുകൊണ്ട് വേലായുധൻ ഒരു നെടുനിശ്വാസത്തോടെ പറഞ്ഞു. എന്താ ഇങ്ങനെ ഒരു ചുവടുമാറ്റമെന്ന് മനസ്സിലാകുന്നില്ല. ഇതിലും നല്ല ആലോചന വല്ലതും ഒത്തു വന്ന് കാണുമോ ?

എങ്കിലവര് അതെഴുതുമായിരുന്നല്ലോ. നമ്മളോട് ഒരു ക്ഷമപോലും ചോദിക്കാതെ, ഛെ! എന്തൊരു മര്യാദകേടാ അവര് കാണിച്ചത്.

കൗസല്യയപ്പോൾ സംശയം ഉന്നയിച്ചു. കഴിഞ്ഞ തവണത്തെപ്പോലെ സരസമ്മ അവരോട് എന്തെങ്കിലും ഏഷണി ഓതിക്കൊടുത്തതാണോ ?

ഹേയ്, അങ്ങനെയാകാൻ വഴിയില്ല. ഇങ്ങനെ ഒരാലോചനയുടെ കാര്യം തന്നെ അവരറിയാൻ യാതൊരു വഴിയുമില്ല.

പിന്നെന്തുകൊണ്ടാണോ അവരിക്കാര്യം വേണ്ടെന്നു വെച്ചത്.

അപ്പോഴേക്കും ഗേറ്റിലൊരു ആളനക്കം. മങ്ങിയ വെളിച്ചത്തിൽ ആരോ ഗേറ്റ് കടന്നു വരുന്നു.

വാതിലിന്റെ പിറകിൽ മറഞ്ഞു നിന്നുകൊണ്ട് ഉമ്മറകോലായിൽ നടക്കുന്ന സംഭാഷണം ചെവിയോർത്ത് നിൽക്കുകയായിരുന്ന നിമ്മിമോൾ സുമംഗലയോട് സ്വകാര്യം പറഞ്ഞു. ദേ, സരസമ്മേടെ മകൻ.

കൗസല്യക്കും വേലായുധനും ആളെ മനസ്സിലായെങ്കിലും ഗോപാലൻ ചോദിച്ചു. ആരാ?

ഉമ്മറപ്പടിക്ക് താഴെ വരെ എത്തിയിരുന്ന വെളിച്ചത്തിലേക്ക് നീങ്ങി നിന്നുകൊണ്ട് നന്ദകുമാർ അറിയിച്ചു. അയൽക്കാരനാ. സരസമ്മേടെ മകൻ നന്ദൻ.

ഗോപാലന്റെ മുഖമപ്പോൾ കടന്നലു കുത്തിയപോലായി. ഉം? എന്താ വേണ്ടത്?

ഒരു കാര്യം അറിയിക്കാൻ വന്നതാ.

എന്ത് കാര്യം?

ഇവിടെ നിന്നോണ്ട് പറയാൻ വിഷമമാണ്. അനുവാദം ചോദിക്കാതെ തന്നെ അയാൾ കോലായിലേക്ക് കയറി. ഗോപാലന്റെ അടുത്തു തന്നെ തിണ്ണയിലിരിക്കുകയും ചെയ്തു.

നിങ്ങൾ സുമംഗലയുടെ കല്യാണക്കാര്യമാണോ പറഞ്ഞോണ്ടിരുന്നത്? അത് തെറ്റിപ്പിരിഞ്ഞതിനെക്കുറിച്ച്?

നന്ദനങ്ങനെ ഇക്കാര്യം അറിഞ്ഞെന്നേ വിഭ്രമത്തോടെ ഗോപാലൻ പരുഷസ്വരത്തിൽ ചോദിച്ചു.

എന്താ അങ്ങനെ ചോദിച്ചത്?

അങ്ങനെ സംഭവിച്ചിരിക്കാൻ ഇടയുണ്ടെന്ന് തോന്നി.

എങ്കിത്തന്നെ നിനക്കെന്താ ഇതില് കാര്യം? ഗോപാലൻ കത്തിക്കയറി.

അല്പം കാര്യമുണ്ട്. അത് പറയാൻ കൂടിയാ ഞാൻ വന്നത്.

ഗോപാലനപ്പോൾ ഒരു നിമിഷത്തേക്ക് സ്തബ്ധനായി. പിന്നെ ചോദിച്ചു. താനെങ്ങനെയാ





ഇതറിഞ്ഞത്. ?

എന്റെ അമ്മ പറഞ്ഞ്.

തന്റെ സംശയം ശരിയായിരുന്നില്ലേ എന്ന ഭാവത്തിൽ കൗസല്യ വേലായുധനെ നോക്കി ചുണ്ടു കൂർപ്പിച്ചു.

സരസമ്മയിതെങ്ങനെ അറിഞ്ഞു. ഗോപാലൻ കൂടുതൽ വിസ്മിതനായി.

കല്യാണം മുടക്കിയത് ഇത്തവണയും എന്റെ അമ്മയാ. അതുകൊണ്ടു തന്നെ.... എന്റെ അമ്മ കുടുംബശ്രീയിൽ നിന്നു മടങ്ങി ഞങ്ങടെ വീട്ടുപടിക്കൽ എത്തിയപ്പോഴാ സുധാകരന്റെ വീട്ടുകാർ കാറുമായി സുമംഗലയുടെ വീടന്വേഷിച്ച് അമ്മേടെ മുമ്പിൽ തന്നെ എത്തുന്നത്. അമ്മ നിങ്ങടെ വീടവർക്ക് കാണിച്ചു കൊടുത്തു. സുധാകരന്റെ വീടെവിടെയാണെന്ന് ചോദിച്ചറിയുകയും ചെയ്തു. ശേഷം നിങ്ങക്കൂഹിക്കാമല്ലോ.

അതുശരി. അപ്പോ ഈ അക്രമം ചെയ്തതും അവളാണല്ലേ? കൗസല്യ മൂക്കത്ത് വിരൽ ചേർത്തുകൊണ്ട് വേലായുധനെ തുറിച്ചു നോക്കി.

അമ്മയ്ക്കു വേണ്ടി ഞാൻ നിങ്ങളോട് മാപ്പു ചോദിക്കുന്നു.

ഇയാളാള് കൊള്ളാമല്ലോ ചേച്ചി, നിമ്മിമോളുടെ സ്വരത്തിൽ വിസ്മയത്തോടൊപ്പമൊരു അംഗീകാരത്തിന്റെ ധ്വനിയും.

ഇത്രേം ദ്രോഹം ചെയ്തിട്ട് വെറുതെ ഒരു മാപ്പപേക്ഷകൊണ്ട് തീർക്കാമെന്നാണോ?

എനിക്ക് മറ്റൊരപേക്ഷ കൂടിയുണ്ട്. സുമംഗലക്ക് സമ്മതമാണെങ്കിൽ സുമംഗലയെ വിവാഹം കഴിക്കാൻ ഞാൻ തയ്യാറാ.

അയ്യോ! അവളെ അങ്ങനെ കൊലക്ക് കൊടുക്കാൻ ഞങ്ങള് തീരുമാനിച്ചിട്ടില്ലേ. കൗസല്യയുടെ പരിഹാസം കലർന്ന സ്വരം

വേലായുധന്റെ പ്രതികരണം അല്പം മയത്തിലായിരുന്നു. അവൾക്ക് ഇനീം മോളിലോട്ട് പഠിക്കണമെന്നാ.

അതിനെന്താ, എനിക്ക് ചെന്നയിലാ ജോലി. അവിടെ ധാരാളം കോളേജുള്ള സ്ഥലമല്ലേ ? അവിടെ എന്തു കോഴ്സിന് വേണമെങ്കിലും ചേരാമല്ലോ. എനിക്ക് നൂറുവട്ടം സമ്മതമാ.

നിങ്ങള് എന്തെല്ലാം പറഞ്ഞാലും ഞങ്ങക്ക് ഈ ബന്ധം തീരെ സമ്മതമല്ല. കൗസല്യ തീർത്തു പറഞ്ഞു.

എന്റെ അമ്മ പോരെടുക്കുമെന്ന് വിചാരിച്ചല്ലേ. എന്റെ അമ്മേടെ മനസ്സ് മാറുന്നതു വരെ ഞാൻ സുമംഗലയെ എന്റെ വീട്ടിൽ താമസിപ്പിക്കില്ല. അതു പോരെ. എന്റെ അച്ഛനും ചേച്ചിക്കുമിക്കാര്യം പൂർണ സമ്മതമാ. സുമംഗലയെ അവർക്ക് ഇഷ്ടമാണ്. അവർക്ക് മാത്രമല്ല . എനിക്കും. എന്റെ അമ്മയ്ക്കും സുമംഗലയെ ഇഷ്ടമാകാതെ വരില്ലെന്നാണ് എന്റെ പ്രതീക്ഷ. അല്പം സാവകാശം വേണ്ടി വരുമെന്ന മാത്രം.

നിമ്മിമോൾ സുമംഗലയുടെ കാതിലപ്പോൾ സ്വകാര്യം പറഞ്ഞു. പുള്ളിയേ എനിക്കും ഇഷ്ടപ്പെട്ടു. നല്ല സ്ട്രോങ്ങ് നട്ടെല്ലുള്ള പാർട്ടിയാ, അല്ലേ ചേച്ചി.

നീയൊന്ന് മിണ്ടാതിരിക്കുന്നുണ്ടോ? സുമംഗല ഗൗരവത്തിലാണ് ആരംഭിച്ചതെങ്കിലും അവൾ പെട്ടെന്ന ചിരിച്ചു പോയി.

ഞങ്ങൾക്ക് തീരെ സമ്മതമല്ലെന്ന് തീർത്തു പറഞ്ഞല്ലോ. ഇനി നന്ദകുമാറ് ഒന്ന് പോയേ. കൗസല്യ തറപ്പിച്ചു പറഞ്ഞു.

ഞാൻ പോയേക്കാം. പക്ഷെ എന്റെ അമ്മ, സുമംഗലയുടെ കല്യാണം മുടക്കിയതിന്റെ കാരണം കൂടി നിങ്ങളറിയണം. വർഷങ്ങൾക്ക് മുമ്പ് എന്റെ അമ്മയുടെ കല്യാണവും ഇങ്ങനെ മുടങ്ങിയതാ. വിവാഹം ചെയ്യാമെന്ന് വാക്ക് പറഞ്ഞ കളിക്കൂട്ടുകാരൻ കൂടുതൽ ചന്തമുള്ള പെണ്ണിന്റെ കല്യാണാലോചന വന്നപ്പോ കാലുമാറി അതാ കാരണം. അതിന്റെ മുറിവ് അമ്മേടെ മനസ്സിൽ ഇപ്പോഴുമുണ്ട്.

അതാരാ സരസമ്മയെ ചതിച്ചവൻ.? ഗോപാലൻ പെട്ടെന്ന ചോദിച്ചു പോയി.

ആ കഥയൊക്കെ സുമംഗലയുടെ അച്ഛനറിയാം. അങ്ങോട്ട് ചോദിച്ചാൽ മതി. ഞാൻ നാളെ ചെന്നൈയ്ക്ക് മടങ്ങും. അടുത്ത വരവിന് ഞാനിവിടെ ഒരിക്കൽ കൂടി വരും. സുമംഗലയുടെ തീരുമാനമറിയാൻ.

അയ്യോ! അപ്പോ ആ വില്ലൻ നമ്മുടെ അച്ഛനായിരുന്നല്ലേ!

നിമ്മിമോളുടെ വിമർശനം സുമംഗലയുടെ കാതിൽ വീണതേയില്ല. അവളുടെ കണ്ണുകളപ്പോൾ നാട്ടുവെളിച്ചത്തിലൂടെ തലയുയർത്തിപ്പിടിച്ചുകൊണ്ട് നടന്നകലുന്ന നന്ദനെ പിന്തുടരുകയായിരുനനു.

# ഒരു പരിപൂർണ്ണ നിമിഷം

യു.എസ്. രവീന്ദ്രൻ . ഫോൺ : 9496120978

നീണ്ട ജീവിത യാത്രയിലെ തുടക്കത്തിനും അവസാനത്തിനും ഇടയിൽ ഒരു ജീവാത്മാവിന് ഒരു പരിപൂർണ്ണ നിമിഷമെങ്കിലും ഉണ്ടായിട്ടുണ്ടാകും. ചിലപ്പോൾ ഒന്നിലധികവും എന്നാൽ അത് തിരിച്ചറിയാത്ത വിധം നമ്മൾ പലപ്പോഴും തിരക്കുള്ളവരായിരിക്കും. ചിലപ്പോൾ തീരെ കുഞ്ഞായിരിക്കും ചിലപ്പോൾ പ്രായം കൂടിയിരിക്കും. ചിലപ്പോൾ ആ പ്രശ്നങ്ങൾ ചിലപ്പോൾ ഈ പ്രശ്നങ്ങൾ എന്നിവക്കിടയിൽ ആ പരിപൂർണ്ണ നിമിഷങ്ങൾ നഷ്ടപ്പെട്ടു പോയെന്നിരിക്കും.

എന്റെ കുറച്ചു പരിപൂർണ്ണ നിമിഷങ്ങൾ കിട്ടിയത് എനിക്ക് ഏഴു വയസ്സുള്ളപ്പോൾ ആയിരുന്നു. ഗ്രാമത്തിലുള്ള തറവാട്ടിലെ മുകളിലത്തെ നിലയിലുള്ള മുറിയിൽ അച്ഛന്റേയും അമ്മയുടേയും കൂടെ ഉറങ്ങിക്കൊണ്ടിരുന്ന ഞാൻ എന്തോ സ്വപ്നം കണ്ടു കണ്ണു തുറന്നു. തുറന്നിട്ടിരിക്കുന്ന ജനലിൽ കൂടി നിലാവെളിച്ചം മുറിയിലേക്ക് വന്നുകൊണ്ടിരുന്നു. ഹായ് എന്തൊരു ഭംഗി, ഞാൻ കിടക്കയിൽ എണീറ്റിരുന്നു. ആകെ നിശബ്ദത. നേർത്ത കാറ്റ് വീശി

പുറത്തെ തൊടിയിൽ വിരിഞ്ഞ പൂക്കളുടെ സുഗന്ധം മുറിയിൽ പരന്നു. ഞാൻ കിടക്കയിൽ നിന്നെഴുന്നേറ്റു. ചാരിയിരുന്ന വാതിൽ പതുക്കെ തുറന്നു കോവണിപ്പടികളിറങ്ങി താഴെവന്നു.പൂമുഖത്തേക്കുള്ള വാതിൽ സാക്ഷയിട്ടിരുന്നില്ല. മുത്തശ്ശി മറന്നു പോയതാകാം. ഞാൻ വാതിൽ തുറന്ന് പൂമുഖത്ത് വന്നു.എനിക്ക് ഈ നിലാവിൽ മുറ്റത്തേ മുവാണ്ടൻ മാവിലെ ഊഞ്ഞാലിൽ ഒന്നാടണം. ഒരേഴുവയസ്സുകാരൻ ഈ അസമയത്ത് ഒറ്റയ്ക്ക് പുറത്ത് പോകുവാൻ പാടില്ല എന്നറിയാം. വാതിൽ ചാരി ഞാൻ പുറത്ത് വന്നപ്പോൾ പൂമുഖത്തിന്റെ മുറ്റത്തേക്ക് ചവിട്ടുപടിയിൽ മുത്തശ്ശി ഇരിക്കുന്ന കണ്ടു. മുത്തശ്ശി എന്നെ നോക്കി ചിരിക്കുന്നത് നല്ല കുളിർമ്മയുള്ള നിലാവിന്റെ വെളിച്ചത്തിൽ ഞാൻ കണ്ടു. ചൂണ്ടുവിരൽ ചുണ്ടോടടുപ്പിച്ച് ഒച്ചയുണ്ടാക്കരുതു എന്ന ആംഗ്യം കാണിച്ചുകൊണ്ട് എന്നെ മുത്തശ്ശിയുടെ അരികിൽ പിടിച്ചിരുത്തി. ഞാൻ മുത്തശ്ശിയോട് ഏറ്റവും ചേർന്നിരുന്നു. മുത്തശ്ശിയുടെ വലതു കൈ ചുറ്റിക്കൊണ്ട് എന്നെ ചേർത്തിരുത്തി.

ഗ്രാമം മുഴുവൻ ഉറങ്ങുകയായിരുന്നു. അടുത്ത വീടുകളിലൊന്നും വെളിച്ചം കണ്ടില്ല.ചെറിയ കുന്നിൻപ്രദേശത്തായിരുന്ന ഞങ്ങളുടെ തറവാട്ടിൽ നിന്നും നിലാവെളിച്ചത്തിൽ വളരെ അകലെയുള്ള വീടുകളും മരങ്ങളും നെൽപ്പാടങ്ങളും കാണാമായിരുന്നു. 'എന്തൊരു ഭംഗി അല്ലേ മുത്തശ്ശി?'. ഞാൻ താഴ്ന്ന സ്വരത്തിൽ മുത്തിശ്ശിയോട് പറഞ്ഞു. മുത്തശ്ശി വലത്തു കൈ കൊണ്ടുള്ള പിടുത്തം ഒന്നുകൂടി മുറുക്കി. ഞങ്ങളുടെ കുറിഞ്ഞിപൂച്ച ഗൗരി മുത്തശ്ശിയുടെ ഇടതു വശത്തുവന്നു കിടന്നു. കുറെ സമയം ഞങ്ങൾ ആ ഇരുപ്പ് ഇരുന്നു. അങ്ങകലെ ആകാശത്തിൽ നക്ഷത്രങ്ങൾ പ്രകാശിച്ചുകൊണ്ടിരുന്നു. മുറ്റത്തെ മന്ദാരചെടിയിൽ നിന്നും ഇടക്കിടെ തുഷാരത്തുള്ളികൾ വീണുകൊണ്ടിരുന്നു. നിലാവിന്റെ വെളിച്ചത്തിൽ എനിക്ക് അവ സ്വർണ്ണത്തുള്ളികൾ പോലെ തോന്നി. ഇലകളിൽ തങ്ങിയിരുന്ന വെള്ളത്തുള്ളികൾ നിലാവ് പതിക്കുമ്പോൾ ചെടികൾ വജ്രാഭരണം ധരിച്ച ദേവതകളേപ്പോലെ എനിക്ക് തോന്നി. ഇടത്തു വശത്തെ കയ്യാലതൊഴുത്തിൽ അമ്മപ്പശുവും ഇന്നലെ ഉണ്ടായ കിടാവും ചേർന്നു കിടന്നിരുന്നു. തറവാട്ടിനോട് ചേർന്നുള്ള തൊടിയിൽ അണ്ണാറക്കണ്ണന്മാരും മുയലുകളും കീരികളും മറ്റും അവരുടെതായ ലോകത്ത് ജീവിച്ചുപോന്നിരുന്നു എന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു.താഴെയുള്ള പാടത്ത് നെൽചെടികൾ തലയാട്ടി വളർന്നു കൊണ്ടിരുന്നു. ചോളചെടികൾ മധുരിക്കുന്ന ചോളമണികൾ പച്ചപ്പൊതികളിൽ ഒളിപ്പിച്ചു വച്ചു കൊണ്ടിരുന്നു. മുറ്റത്തെ മൂവാണ്ടൻ മാവിൽ നിന്നും പുതിയ പുതിയ ഉണ്ണിമാങ്ങകൾക്ക് വേണ്ടി കരിഞ്ഞ പൂക്കൾ കൊഴിഞ്ഞു കൊണ്ടിരുന്നു. തൊടിയിൽ വലത്തു വശത്തു നിൽക്കുന്ന അമ്മച്ചി പ്ലാവിലെ





ചക്കകൾ നിലാവെളിച്ചത്തിൽ മൂത്തു പഴുത്തു മധുരം നിറച്ചുകൊണ്ടിരുന്നു. മുറ്റത്തെ ചെത്തിചെടിയിലെ പൂക്കളിൽ ചിത്രശലഭങ്ങൾക്കു വേണ്ടി തേൻ ഊറിക്കൊണ്ടിരുന്നു. മുല്ലചെടിയിലെ വെളുത്ത പൂക്കൾ സുഗന്ധം പടർത്തിക്കൊണ്ടിരുന്നു.

സുന്ദരമായുള്ള നിശബ്ദത പ്രപഞ്ചത്തിന്റെ ഒരിക്കലും കാണാത്ത അനന്തതയും ജിവന്റെ പറഞ്ഞു കേൾക്കാത്ത മായാജാലവും പ്രകടിപ്പിച്ചുകൊണ്ടിരുന്നു.അമ്മച്ചിപ്ലാവിന്റെ ഏറ്റവും മുകളിലെ കൊമ്പിൽ കൂടുകെട്ടി മുട്ടകൾക്ക് അടയിരിക്കുന്ന കുരുവി ഒരു ദൈവിക സന്ദേശം നിറവേറ്റുകയാണ്. അങ്ങകലെ കാണുന്ന കുന്നുകൾക്ക് നൂറ്റാണ്ടുകളുടെ ചരിത്രങ്ങൾ പറയാനുണ്ടാകും. കറങ്ങികൊണ്ടിരിക്കുന്ന നക്ഷത്രങ്ങളും ഗ്രഹങ്ങളും എണ്ണമറ്റ ലോകങ്ങളും സർവ്വേശ്വരന്റെ കരങ്ങളിൽ എന്നും സുരക്ഷിതമാണ്.

മുറ്റത്തെ നെല്ലിമരത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് മുത്തശ്ശി പതുക്കെ പറഞ്ഞു. 'നോക്കു ആ നക്ഷത്രങ്ങൾ നമ്മുടെ നെല്ലിമരത്തിലെ നെല്ലിക്കകൾ പോലെയില്ലേ'. നെല്ലി മരത്തിന്റെ കൊമ്പുകൾക്കിടയിലൂടെയുള്ള ആ മനോഹരമായ കാഴ്ച ശ്രദ്ധിക്കുന്നതിനിടയിൽ കുറച്ചകലെ കശുമാവിലിരുന്നുകൊണ്ട് ഒരു പക്ഷി പാടി 'കുക്കുക്കുക്കു', കശുമാവിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് മുത്തശ്ശി പറഞ്ഞു 'വിഷുപക്ഷിയാണ് വിത്തും കൈക്കോട്ടും പാടാൻ വന്നതാണ്'. ആ സ്വരം എനിക്ക് ഏറ്റവും മധുരമുള്ളതായി തോന്നി. കുറച്ചു നേരം പാടിയ ശേഷം വിഷുപക്ഷി അടുത്ത തൊടിയിലേക്ക് പോയിട്ടുണ്ടാകും. നേർത്ത സ്വരത്തിൽ വിത്തും കൈക്കോട്ടും കേൾക്കാമായിരുന്നു.

ഒരേഴുവയസ്സുകാരൻ അവന്റെ വികാരവിചാരങ്ങളെ വിശകലനം ചെയ്യാറില്ല. അവൻ അനന്തത കൊണ്ട് ചുറ്റപ്പെട്ടവനാണെന്നു പോലും അവൻ അറിയുന്നില്ല. എന്നാൽ നെല്ലിമരത്തിലെ നക്ഷത്രങ്ങൾ അവന് അത്യാഹ്ലാദം കൊണ്ടുവരുന്നു. നല്ല നിലാവുള്ള രാത്രി ഒരു വിഷു പക്ഷി മുറ്റത്ത് വന്ന് പാട്ടുപാടുമ്പോൾ പറയാനാവാത്ത സന്തോഷം. മുത്തശ്ശിയുടെ കൂടെ ചേർന്ന് മുറുകെ പിടിച്ചുള്ള ആ ഇരിപ്പ് ജീവിതത്തിലെ ഏറ്റവും സുരക്ഷിതവും ആഹ്ലാദഭരിതമായ പരിപൂർണ്ണമായ നിമിഷമാണെന്ന് അവൻ തിരിച്ചറിഞ്ഞു.

ജീവിതത്തിലെ ഏറ്റക്കുറച്ചിലുകളും മാറുന്ന സാഹചര്യങ്ങളും വേലിയേറ്റങ്ങളും മറ്റും കൊണ്ട് എല്ലാം ദുഖം അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ എനിക്ക് ലോകത്തെ ഒരു തുറന്ന വാതിലിൽ കൂടി ഒരിക്കലെങ്കിലും നോക്കികണ്ട് ഒരു പരിപൂർണ്ണ നിമിഷം എന്താണെന്ന് മനസ്സിലാക്കാൻ സാധിച്ചതിൽ എന്നും സംതൃപ്തിയുണ്ട്.

എറണാകുളം
കരയോഗാംഗത്വം എടുക്കൂ
ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...
94 വർഷത്തെ സേവനപാരമ്പര്യമുള്ള
എറണാകുളം കരയോഗത്തിൽ കൊച്ചി
കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള
എല്ലാ നായർ സമുദായാംഗങ്ങൾക്കും
കരയോഗം നിയമാവലിയ്ക്ക് വിധേയമായി
അംഗത്വം ലഭിക്കുന്നതാണ്.
ഈ അവസരം പ്രയോജനപ്പെടുത്തുക.
കൂടുതൽ വിവരങ്ങൾക്ക്: 0484 2361160
Email: ekmkgm@gmail.com

(22-ാം പേജിൽ നിന്ന് തുടർച്ച)

**വ്യാഖ്യാ:**

ഗംഭീരാർത്ഥഗർഭമായൊരു ശ്ലോകം. ഗുരുമുഖത്തുനിന്നറിയപ്പെടേണ്ടുന്ന താന്ത്രികരഹസ്യമായ, പരാപ്രാസാദമന്ത്രമഹിമയും, സഹസ്രാരത്തിൽ ചെയ്യപ്പെടുന്ന രക്തശുക്ലചരണധ്യാനവും വിവരിക്കുന്നു. സോഹം എന്നത് സംഹാരാത്മകമാണ്. ഹംസ സൃഷ്ട്യാത്മകവും. 'പരാപ്രാസാദമന്ത്രേണ സ്യൂതമേതച്ചരാചരം' എന്ന് കുളാർണ്ണവതന്ത്രം (3.42). ഒരു ദിവസത്തിൽ ചെയ്യപ്പെടുന്ന 21,600 നിശ്വാസോച്ഛ്വാസാത്മകമായ ഈ പരാപ്രാസാദമന്ത്രം, എല്ലാ ചരാചരങ്ങളിലും വ്യാപിച്ചിരിക്കുന്നു. ഊർദ്ധ്വാമ്നായത്തിൽ പൂർണ്ണദീക്ഷിതനായ ഒരുവൻ മാത്രം ഇത് മന്ത്രഭാവനയോടുകൂടി ജപിക്കുന്നു. അജ്ഞാനികൾ ഇതു തന്നെ മന്ത്രഭാവനകൂടാതെ അഹോരാത്രം ജപിക്കുന്നു. സോഹം എന്ന പദം, സംസ്കൃതസന്ധി നിയമമനുസരിച്ച്, സ+ അഹം = സോഹം എന്നും വ്യാഖ്യാനിക്കാം. 'അവൻ ഞാൻ' എന്നത് മഹാവാക്യങ്ങളുടെ ഒരു സമ്പാതമത്രെ. ഞാൻ തന്നെ ബ്രഹ്മം എന്നർത്ഥം.

# ശാസ്ത്രത്തിന്റെ ചരിത്രം - 6
# അഗ്നിയുടെ ചിറകുകളിലൂടെ

സി. രാമചന്ദ്രൻ



മനുഷ്യന്റെ മറ്റു കണ്ടു പിടിത്തങ്ങളേക്കാൾ താരതമ്യേന ശ്രേഷ്ഠമായ ഒന്നാണ് തീയുടെ നിയന്ത്രിതമായ ഉപയോഗം. ഏതു ജന്തുവിനും തീ ഒരു ഭീഷണിയാണ്. ആദിമനുഷ്യനും അതങ്ങനെ തന്നെ ആയിരുന്നിരിക്കണം. അഗ്നിപർവ്വതങ്ങളിൽ നിന്നോ, കാട്ടിലെ ഉരസലുകളിൽ നിന്നോ പ്രകൃതി വാതകങ്ങളിൽ നിന്നോ ഉണ്ടാകുന്ന അഗ്നിയെ മനുഷ്യനും അത്ഭുതത്തോടെ മാത്രമേ നോക്കി കണ്ടു കാണാൻ ഇടയുള്ളൂ. ഭയപ്രദവും ആപത്കരവുമായി അവർക്കു തോന്നിയ തീയെ മെരുക്കിയെടുക്കുവാൻ അവൻ വല്ലാതെ വിഷമിച്ചിരിക്കും ക്രമേണ ക്രമേണ, തണുപ്പകറ്റാനും ഹിംസ്രജന്തുക്കളെ ഭയപ്പെടുത്തുവാനും തീ ഫലപ്രദമാണെന്നു വന്നപ്പോൾ തീ കെടാതെ സൂക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കി. അതിനു വളരെക്കാലം ശേഷം മാത്രമേ ഭക്ഷണം പാകം ചെയ്യുന്നതിനുള്ള തീയുടെ ഉപയോഗം കണ്ടു പിടിച്ചിട്ടുണ്ടാകൂ.

ഇതുവരെ മനുഷ്യൻ ഉപയോഗിച്ചിരുന്ന കരുക്കളും ഉപകരണങ്ങളും യാന്ത്രിക പ്രാധാന്യമുള്ളവയായിരുന്നെങ്കിൽ പദാർത്ഥങ്ങളെ രാസമാറ്റങ്ങൾക്ക് വിധേയമാക്കുവാനുള്ള ഒരു സാങ്കേതിക വിദ്യയുടെ തുടക്കമാണ് തീയുടെ കണ്ടു പിടിത്തം. മരച്ചില്ലകളിൽ കോർത്ത് മാംസം തീജ്വാലയിൽ വേവിച്ചെടുക്കുവാനും കിഴങ്ങുകൾ കനലിൽ ചുട്ടെടുക്കുവാനും പ്രായേണ എളുപ്പമാണ്. എന്നാൽ പുഴുങ്ങി വേവിച്ചെടുക്കുന്ന പ്രക്രിയയിലേക്ക് പുരോഗമിക്കുവാൻ ഇനിയും കാത്തിരിക്കേണ്ടതായിട്ടുണ്ടായിരുന്നു. നിയന്ത്രിതമായും കരുതലോടെയും തീയുടെ ഉപയോഗം ക്രമീകരിച്ചു കൊണ്ടായിരുന്നു അടുത്ത ഘട്ടം.

തോൽ സഞ്ചിയിലോ പുറത്ത് ചളി മെഴുകി ഉണക്കിയ കുട്ടകളിലോ വെള്ളമൊഴിച്ച് അതിൽ ചുട്ടു പഴുത്ത കരിങ്കൽ കഷ്ണങ്ങൾ ഇട്ടുകൊണ്ടാണത്രേ ആദിയിൽ വെള്ളം ചൂടാക്കിയിരുന്നത്. ചൂടു പിടിച്ച ഉരുളൻ കല്ലുകൾ വെള്ളത്തിലിട്ടപ്പോൾ വിണ്ടുകീറിയതിന്റെ സാമ്പിളുകൾ ചരിത്രാതീത മനുഷ്യന്റെ താവളങ്ങളിൽ നിന്നു കണ്ടെടുത്തിട്ടുണ്ട്. കളിമണ്ണു പൂശിയ കട്ട തീയിനു മീതേ വച്ച് വെള്ളമൊഴിച്ചു തീജ്വാലയ്ക്ക് മുകളിൽ വച്ചു ചൂടാക്കി വെള്ളം തിളപ്പിക്കുവാൻ കഴിയുമെന്നായിരുന്നു അടുത്ത കണ്ടെത്തൽ. ക്രമേണ കുട്ട ഒഴിവാക്കിക്കൊണ്ടു തന്നെയുള്ള മൺപാത്രങ്ങളുടെ കണ്ടുപിടുത്തം സാധ്യമായി. വെള്ളം നിറക്കാനും തീയിൽ വയ്ക്കാനും അതുപകരിച്ചെങ്കിലും തിളപ്പിക്കലും വേവിക്കലും മറ്റും സുഗമമായിരുന്നില്ല. കാരണം അതുകൊണ്ട് പെരുമാറാൻ പ്രയാസമായ ഒന്നായിരുന്നു.

ദ്രാവകങ്ങൾ സംഭരിച്ചു വയ്ക്കുവാൻ തക്ക വണ്ണം പാത്രങ്ങൾ ഉണ്ടായതോടെ വെള്ളം മാത്രമല്ല പഴം പിഴിഞ്ഞ ചാറുകളും അതിൽ സംഭരിക്കാൻ കഴിഞ്ഞു. പഴച്ചാറുകൾ പുളിക്കുന്നതും പുളിച്ചതിനു ലഹരിയുണ്ടാകുന്നതും അവൻ അനുഭവിച്ചറിഞ്ഞു. സ്വാദുള്ള ചില ചാറുകളും എണ്ണയും ആഹാരപദാർത്ഥത്തിനു പുറമേ പുരട്ടി രുചിഭേദങ്ങളുണ്ടാക്കുന്നതും പരീക്ഷണവിഷയമായി. നിറമുള്ള ദ്രാവകങ്ങൾ പുരട്ടി വസ്തുക്കളുടെ മോടി കൂട്ടുവാനും പഠിച്ചു. പ്രാചീന ശിലായുഗത്തിൽ തന്നെ യുക്തി സഹമായ ഒരു പ്രാകൃത രസതന്ത്രത്തിന്റെ വിത്തുകൾ രൂപപ്പെട്ടു വന്നു.

ആഹാരത്തിനുതകുന്ന സസ്യങ്ങളെയും ജന്തുക്കളെയും തരംതിരിച്ചു നിരീക്ഷിക്കേണ്ടതിന്റെ ആവശ്യകതയും തുടർന്നുണ്ടായി. ആയുധങ്ങളും മറ്റു വസ്തുക്കളുമായും തീയുമായും ഇടപെട്ടു പ്രവർത്തിച്ചതിന്റെ പ്രായോഗിക പരിജ്ഞാനം പരമ്പരകളിലൂടെ ആർജ്ജിച്ചെടുത്തതിന്റെ പ്രതിഫലനം ജീവിതത്തിലുണ്ടായി. മൃഗങ്ങളുടെ സ്വഭാവവൈവിധ്യങ്ങളും സസ്യങ്ങളുടെ പ്രകൃത സവിഷേഷതകളും നിരീക്ഷണ വിധേയങ്ങളായി. വിവരങ്ങൾ ശേഖരിക്കുന്നതിനും, അനന്തര തലമുറകൾക്ക് അതു പകർന്നു നൽകുന്നതിനും അതു തുടരുന്നതിനും മനുഷ്യശ്രദ്ധ ഉണർന്നിരുന്നു. സസ്യങ്ങളേക്കാൾ മൃഗങ്ങളായിരുന്നു ശ്രദ്ധാകേന്ദ്രം. അവയുടെ ചലനവൈവിധ്യവും അവയെ വേട്ടയാടുന്നതിലുള്ള ഉദ്വേഗവും മനുഷ്യന് ഉത്തേജനം നൽകി.

കൃഷി കണ്ടു പിടിക്കുന്നതിനു മുമ്പുള്ള കാര്യമാണിത്. ആഹാരം തേടുക എന്നതായിരുന്നു ലക്ഷ്യം. പറിച്ചെടുക്കുന്ന ഫലങ്ങളിലുടെ കുഴിച്ചെടുക്കുന്ന കിഴങ്ങുകളിലും വേട്ടയാടി കിട്ടിയ മാംസത്തിലും തിന്നാവുന്നതേത് തിന്നാതിരിക്കേണ്ടത് ഏത് എന്ന തരംതിരിവ് എങ്ങിനെ സാധ്യമായി. തിന്നും രുചിച്ചും വേദനിച്ചും വയറിളകിയും മരിച്ചും പതുക്കെ പതുക്കെ അനുഭവങ്ങളിലൂടെ അവൻ പഠിച്ചു. ചിലത് രോഗങ്ങളുണ്ടാക്കുന്നു, ചിലത് രോഗങ്ങളെ ശമിപ്പിക്കും എന്ന തിരിച്ചറിവ് ജീവിക്കുക എന്ന പ്രക്രിയയിലൂടെ ആനുഷംഗികമായി നേടിയ അറിവുകളാണ്. വേട്ടയാടുമ്പോൾ എവിടെ അമ്പു കൊള്ളുമ്പോഴാണ് എളുപ്പം മരിക്കുക എന്നു മനസ്സിലാക്കി. കീറി മുറിക്കുമ്പോൾ ആന്തരാവയവങ്ങൾ കണ്ടു. രക്ഷപെട്ടോടുമ്പോൾ തട്ടിത്തടഞ്ഞു വീണ് എല്ലു പൊട്ടി തോലുരിഞ്ഞ് പരിക്കു പറ്റി. ഇതെല്ലാം തന്നെ സ്വയം പഠിക്കുവാൻ അവനെ പ്രാപ്തനാക്കി.

പ്രാചീന കലകളിൽ മൃഗങ്ങളുടെ ചിത്രണങ്ങൾ കാണാം. ബാഹ്യരൂപം മാത്രമല്ല ആന്തരാവയവങ്ങളും അവരുടെ ശ്രദ്ധയിലുണ്ടായിരുന്നു. കീറിമുറിക്കുമ്പോൾ കൈവന്ന അറിവാണതിന്റെ അടിസ്ഥാനം. ശരീരഘടനാശാസ്ത്രത്തിന്റെ ഉത്ഭവം ഇതാണ്.

ഏതാണ്ട് 50000 വർഷങ്ങൾക്കു മുൻപു തന്നെ മനുഷ്യൻ ഭാഷയെ രൂപപ്പെടുത്തുവാൻ തുടങ്ങിയിരുന്നു. പ്രത്യക്ഷത്തിൽ കാണാൻ കഴിയാത്ത ഒരു ഉജ്ജ്വലമായ ഉപകരണമാണ് ഭാഷ. ആവശ്യമാണ് കണ്ടു പിടിത്തങ്ങളുടെ മാതാവ് എന്ന ചൊല്ലുണ്ടല്ലോ. ഭാഷ അതിന് ഉത്തമോദാഹരണമാണ്. കല്ലും വടിയും കുന്തവും കുറുവടിയുമായി വേട്ടക്കിറങ്ങുന്ന സംഘത്തിലെ അംഗങ്ങൾ തമ്മിൽ ഫലപ്രദമായ സഹകരണമുണ്ടാകുവാൻ ആംഗ്യമോ ഭാഷയോ വേണം. ആയുധങ്ങൾ രൂപപ്പെടുന്നതിനോടൊപ്പം ഭാഷയും രൂപാന്തരപ്പെട്ടു വരും. ഭക്ഷണ സമ്പാദനത്തിനോടൊപ്പം തന്നെയാണ് ഭാഷ.

വികാരപാരമ്യത്തിൽ മൃഗങ്ങളും ശബ്ദമുണ്ടാക്കാറുണ്ട്. വികാരജന്യമയ ശബ്ദങ്ങൾ മനുഷ്യനും പുറപ്പെടുവിക്കും. നാക്കിന്റെയും ചുണ്ടിന്റെയും തൊണ്ടയുടെയും സഹകരണത്തോടെയുള്ള ശബ്ദവിന്യാസത്തെയും അത് സ്വീകരിക്കുന്ന ചെവിയുടെ കേൾവി വൈഭവത്തെയും ഒരുപോലെ നിയന്ത്രിക്കുന്ന ഒരു സംവിധാനം തലച്ചോറിൽ വികസിച്ചു വന്നു. കണ്ണും കയ്യുമായി പ്രവർത്തിക്കുമ്പോഴാവശ്യമായ സങ്കീർണ്ണമായ ഏകകാലിക സഹകരണം നിർവ്വഹിക്കുവാൻ തലച്ചോറിന്റെ ഗണ്യമായ ഒരു ഭാഗം സജ്ജമായി. ചെവിയുടെയും നാക്കിന്റെയും സഹകരണ നിർവ്വഹണം അത്രതന്നെ വലുതല്ലാത്ത ഒരിടത്താണ്.

പറഞ്ഞു പറഞ്ഞു രൂപം കൊണ്ടതാണ് ഭാഷ. ശബ്ദത്തിന് അർത്ഥമുണ്ടാകണം. അതിന് അംഗീകാരവും വേണം. എങ്കിലേ ഒരു സമൂഹത്തിന്റെ ഭാഷയാകൂ. അത് പാരമ്പര്യമായി കൈമാറി ഇഴുകിചേർന്ന് സാമൂഹ്യ ജീവിതത്തെ തന്നെ കൈകാര്യം ചെയ്യുവാൻ തക്ക പ്രാപ്തിയും കൈവരിക്കണം. ശബ്ദങ്ങളേക്കാൾ സങ്കീർണ്ണമാണ് വാക്കുകൾ. വാക്കുകൾ അർത്ഥങ്ങളുടെ പ്രതീകമാണ്. ഭാഷയുടെ നിർമ്മാണത്തിൽത്തന്നെ വാക്കുകളെ സാമാന്യവല്ക്കരിക്കുവാൻ സമൂഹം നിർബ്ബന്ധിതമാകുന്നുണ്ട്. വാക്കുകൾ പ്രതീകങ്ങളായതുകൊണ്ട് പ്രതീകങ്ങൾ ഭാവനയിൽ കാഴ്ച സൃഷ്ടിക്കുന്നു. പ്രതീകങ്ങളും കാഴ്ചകളും ഭാവനയും സമഞ്ജസമായി സമ്മേളിക്കുന്നതാണ് ചിന്ത. പലപ്പോഴും ഭാഷ മനസ്സിനെ മയക്കുന്ന മന്ത്രങ്ങളായി മാറുവാനുള്ള സാധ്യതയിൽ നിന്നാണ് സാഹിത്യവും കലയും രൂപം കൊള്ളുന്നത്.

# ദുർഭഗ

പ്രൊഫസർ അംബുജാക്ഷി. പി. ഫോൺ : 9447577652

(അവലംബം. മഹാഭാരതം അംബോപാഖ്യാനം)

വീണ്ടും തോൽവി, പരാജയം ഏറ്റു വാങ്ങാൻ വേണ്ടി ജനിച്ചവൾ. രണ്ടു യോദ്ധാക്കൾ തമ്മിൽ ഏറ്റു മുട്ടുമ്പോൾ ഞാനേറെ സന്തോഷിച്ചു. പക്ഷെ എന്റെ സന്തോഷം അല്പായുസ്സായിരുന്നു.

ഞാനൊരു സാധാരണ പെൺകുട്ടിയാണ്. അത്ര വലിയ മനശ്ശക്തിയൊന്നുമില്ല.........പിന്നെ.... അനുഭവമാണല്ലോ മനസ്സിന് ശക്തി തരുന്നത്.........

കാശി രാജാവിന്റെ മൂത്ത പുത്രിയാണ് ഞാൻ. എന്നാൽ പറയത്തക്ക ഒരു പ്രത്യേകതയും എനിക്കില്ല. ഒരു നല്ല പേരുപോലും. അച്ഛൻ എനിക്കിട്ട പേര് അംബ. ആദ്യമൊന്നും എനിക്കെന്റെ പേരിൽ ഒന്നും തോന്നിയിരുന്നില്ല. എന്നാൽ വളരുംതോറും ആ പേര് എന്നെ സങ്കോചപ്പെടുത്തിയിരുന്നു.

അച്ഛാ, എന്തിനാണ് അങ്ങ് ഈ കൊച്ചു കുമാരിക്ക് ഇങ്ങനെ ഒരു പേരിട്ടത്. ഞാൻ ഒരിക്കൽ അച്ഛനോട് ചോദിച്ചു. അമ്മ എന്നല്ലേ അർത്ഥം മൂത്തവർ പോലും എന്നെ അംബേ, അംബേ എന്ന് വിളിക്കുമ്പോൾ നാണക്കേട് തോന്നുന്നു.

പേരിന്റെ അർത്ഥം മനസ്സിലാക്കാനുള്ള പ്രായമായതുകൊണ്ടായിരിക്കാം ഞാനങ്ങനെ ചോദിച്ചത്. എന്നെ മടിയിലിരുത്തി ശിരസ്സിൽ ചുംബിച്ചുകൊണ്ട് അച്ഛൻ പറഞ്ഞു.

വത്സേ, മക്കൾക്ക് പേരിടുമ്പോൾ അതിനൊരു അർത്ഥം വേണം, ഔചിത്യം വേണം. ആ പേരിനെ അന്വർഥമാക്കിക്കൊണ്ടു വേണം അവർ വളരാൻ. എല്ലാ പേരുകളും ദേവതാനാമങ്ങളാണ്. അതുകൊണ്ടു തന്നെ ആ പേരുകൾ വിളിക്കുന്നവർക്കും കേൾക്കുന്നവർക്കും ഈശ്വരസാന്നിധ്യം അനുഭവപ്പെടുന്നു,

ഒന്നു നിർത്തിയശേഷം അച്ഛൻ തുടർന്നു.

കുമാരിയുടെ പേരിന്റെ അർത്ഥം അറിയണ്ടേ? ലോകമാതാവ് എന്നാണ് അർത്ഥം. സൃഷ്ടി സ്ഥിതി സംഹാരകർത്താക്കളായ ത്രിമൂർത്തികൾ പോലും ആദരിക്കുന്ന പരാശക്തി. ജ്ഞാനസ്വരൂപിണി. പറയൂ കുഞ്ഞേ, ഇതിനേക്കാൾ മഹത്തായ ഒരു പേര് വേറെയുണ്ടോ.

ഒന്നും മനസ്സിലായില്ല. എങ്കിലും എന്റെ പേരിൽ എന്തോ ഒരു മഹത്വം ഉണ്ടെന്ന് തോന്നി. എല്ലാവരും ബഹുമാനിക്കുന്ന പേര് എന്നല്ലേ അച്ഛൻ പറഞ്ഞത്.

എന്റെ അനുജത്തിമാർക്ക് ഇത്തരം സംശയങ്ങളൊന്നുമില്ല. അവർ സ്വന്തം പേരുകളുമായി പൊരുത്തപ്പെട്ടു പോകുന്നു. അംബികയും അംബാലികയും.

ഞങ്ങൾ വളർന്നു. ഒപ്പം ഞങ്ങളുടെ ആകാംക്ഷകളും കൗതുകങ്ങളും സ്വപ്നങ്ങളും . ഒരിക്കൽ ദാസിമാരുടെ വാക്കുകളിൽ നിന്നാണ് സാല്വരാജകുമാരനെ പറ്റി കേട്ടത്. വൃഷപർവാവിന്റെ അനുജൻ സുമുഖൻ, യുദ്ധവീരൻ നായാട്ടിലും കേമൻ. എന്തോ ഒരാകർഷണം തോന്നി. എന്റെ മനസ്സറിഞ്ഞ ഒരു ദാസി ആ വിവരം രാജകുമാരനെ അറിയിച്ചു.

സന്ദേശങ്ങളും ആശംസകളും ഉപഹാരങ്ങളുമായി ഞങ്ങളുടെ മനസ്സുകൾ പരസ്പരം കണ്ടുമുട്ടി. ആ രഹസ്യം ഞങ്ങൾ മൂന്നു പേർക്കിടയിൽ പറന്നു നടന്നു. ഞാനും, തോഴിയും, രാജകുമാരനും

മാത്രം അറിഞ്ഞ രഹസ്യം, എന്റെ വരനെ ഞാൻ കണ്ടെത്തി. അദ്ദേഹം വധുവിനെയും. അച്ഛനോടോ അമ്മയോടോ സഹോദരിമാരോടോ ഞാനീക്കാര്യം വെളിപ്പെടുത്തിയിട്ടില്ല. അല്ലെങ്കിലും ഈ മന്ദതയാണല്ലോ എന്റെ പരാജയത്തിനു കാരണം. ആരോടെങ്കിലും പറഞ്ഞിരുന്നെങ്കിൽ .......ഈ ഗതി വരില്ലായിരുന്നു.





എന്റെ ഉള്ളൊന്നു പിടഞ്ഞു. ഞാൻ തപസ്സു ചെയ്യുകയാണ്. ഏകാഗ്രതയില്ലാതെ. ഓരോ നിശ്വാസവും എന്റെ ഉള്ളിലെ പ്രതികാരാഗ്നി ജ്വലിപ്പിക്കുന്നു.

ഞാനെന്തിനാണ് തപസ്സു ചെയ്യുന്നത്.?

എനിക്കു മോക്ഷം കിട്ടാനാണോ.?

അല്ല !

എന്റെ ശത്രുവിനെ നശിപ്പിക്കാൻ

ആരാണെന്റെ ശത്രു.?

വേണ്ട സമയത്ത് വിവേകത്തോടെ പ്രവർത്തിക്കാത്ത മന്ദബുദ്ധിയായ ഈ അംബയോ

സർവസ്വാതന്ത്ര്യത്തോടെ എന്നെ വളർത്തിയ അച്ഛനോ?

ജീവനേക്കാളേറെ ഞാൻ സ്നേഹിച്ച, ഭീരുത കൊണ്ട് എന്നെ പഴിപറഞ്ഞ് ഉപേക്ഷിച്ച സാല്വനോ?

അതോ

ബാഹുവിക്രമംകൊണ്ട് ഞങ്ങളെ മൂന്നുപേരേയും തട്ടിക്കൊണ്ടു പോയ ദേവവ്രതനോ?

ഞാനാരെ പഴിചാരണം? അല്ലെങ്കിൽ തന്നെ, പഴിചാരിയിട്ട് എന്തു ഫലം?

ഭാരതഖണ്ഡത്തിലെ ഏറ്റവും അഭിശപ്തയായ, നിർഭാഗ്യവതിയായ ഒരു പെണ്ണ്. അതാണ് ഞാൻ.

എന്തിനാണ് ഞാൻ സാല്വനെ സ്നേഹിച്ചത്? എത്രയെത്ര സ്വപ്നങ്ങളാണ് ഞങ്ങൾ കൈമാറിയത്. എന്തെന്തു വാഗ്ദാനങ്ങൾ. അല്ലെങ്കിൽ.......... സ്വയംവരത്തിന് ഒരുങ്ങുന്നതിൻമുമ്പ് അച്ഛന് ഞങ്ങളോട് ഒന്നു ചോദിക്കാമായിരുന്നില്ലേ

എനിക്കൊന്നു തുറന്നു പറയാമായിരുന്നില്ലേ എന്ന് ഞാൻ സ്വയം ചോദിച്ചു. ഒന്നു സൂചിപ്പിച്ചാലോ എന്ന് ചിലപ്പോൾ തോന്നാറുണ്ട്.

'വേണ്ട, സമയമാവട്ടെ'. സ്വയം സമാധാനിപ്പിക്കും.

'കുമാരിമാർക്ക് നാം സ്വയംവരം നിശ്ചയച്ചിരിക്കുന്നു. ശീലഗുണങ്ങൾ അറിഞ്ഞ അനുരൂപരായവരെ തെരഞ്ഞെടുക്കുക.'

അച്ഛൻ അറിയിച്ചു..

സ്വാലൻ വരുമോ

വന്നാൽ കണ്ടുപിടിക്കുന്നതിനുമുമ്പ് ആരെങ്കിലും അപഹരിക്കുമോ? രാജാക്കന്മാർ വരുന്ന വേദി. ആരെങ്കിലും സാഹസം കാണിച്ചാലോ? ഞാൻ വേവലാതിപ്പെട്ടു.

ഒരു ധൈര്യക്കുറവ്. അതാണ് എന്റെ ജീവിതം തട്ടിയെറിഞ്ഞത്. എല്ലാം എന്റെ ബുദ്ധിശൂന്യത..........പക്ഷെ അങ്ങനെ സ്വയം കുറ്റപ്പെടുത്താൻ തോന്നിയില്ല.

സ്വയംവര വേദിയിൽ ധാരാളം രാജാക്കന്മാർ. ലജ്ജകൊണ്ടും പരിഭ്രമംകൊണ്ടും തലകുനിച്ചു. സാല്വരാജാവ് എത്തിയിട്ടുണ്ടെന്ന് എന്റെ തോഴി ചെവിയിൽ മന്ത്രിച്ചു. ഉള്ളിലൊരു പൂക്കാലം.....

വരണമാല്യവുമായി ഞങ്ങൾ മൂന്നു സഹോദരിമാരും പതുക്കെ പതുക്കെ നടന്നു നീങ്ങുകയാണ്.

പെട്ടെന്ന് ഒരു ബഹളം. എങ്ങും അട്ടഹാസം. ആയുധങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദം. വീരവാദങ്ങൾ.

വസന്തം ഇടിമുഴക്കത്തോടു കൂടിയ അതിവർഷമായി മാറിയോ. ആരോ ഞങ്ങളെ പിടിച്ച് തേരിൽ കയറ്റുന്നു. അതിവേഗത്തിൽ ഓടിച്ചുകൊണ്ടു പോകുന്നു. പിന്തുടർന്ന് വന്ന രാജാക്കന്മാരെ വെല്ലുവിളിക്കുന്നു. എന്റെ ഓർമ്മ മങ്ങിത്തുടങ്ങി.....പ്രജ്ഞ തിരിച്ചു കിട്ടിയപ്പോൾ....എന്റെ സാല്വരാജകുമാരൻ മാത്രം. എതിരിടാൻ ശ്രമിക്കുന്നു. മറ്റെല്ലാവരും തോറ്റോടിപ്പോയോ?

ഒടുവിൽ ......പരാജയ ഭീതിയോടെ സാല്വനും പിന്തിരിഞ്ഞോടി.

ഞങ്ങൾ.....മൂന്നു രാജകുമാരിമാർ. പേടിച്ചരണ്ട്. പരസ്പരം കെട്ടിപ്പിടിച്ച്. കണ്ണിലും കാതിലും മനസ്സിലും ഇരുട്ടു കയറിയപ്പോലെ........മെല്ലെ മെല്ലെ ഞങ്ങൾ ആ ആഘാതത്തിൽ നിന്ന് ഞെട്ടിയുണർന്നു. ഒരു മഹാതേജസ്വിയായ യോദ്ധാവാണ് ഞങ്ങളെ കൊണ്ടു പോകുന്നത്. ആ ധീരന് അദ്ദേഹത്തിന്റെ വെൺകിരീടവും ആഭരണങ്ങളും വെള്ളവസ്ത്രങ്ങളുമൊക്കെ ഒരഭൗമ തേജസ്സ് നൽകി. എന്തൊരു ഗംഭീരമായ രൂപം.

ഞാനൊന്നാശ്വസിച്ചുവോ. ഇല്ലേ ഇല്ല എന്ന് സ്വയം വിശ്വസിപ്പിക്കാൻ ശ്രമിച്ചു.

അദ്ദേഹം ഞങ്ങളെ കൊണ്ടു പോയത് ഹസ്തിനാപുരിയിലേക്കാണ്. ഞങ്ങളെ തേരിൽ നിന്നിറക്കിയശേഷം കൊട്ടാരത്തിലേക്ക് കൊണ്ടു പോയി. എല്ലാവരും ഞങ്ങളെ സ്നേഹത്തോടെ, ആദരവോടെ സ്വീകരിച്ചു.

ഞങ്ങളെ മഹാറാണിയുടെ മുന്നിലേക്കാണ് കൊണ്ടു പോയത്.

'അമ്മേ ഇതാ പുത്രവധുക്കൾ. ഇവരെ അന്തപുരത്തിലേക്ക് കൊണ്ടു പോയാലും.' അദ്ദേഹം മഹാറാണിയോട് പറഞ്ഞു. അവർ ഞങ്ങളെ വാത്സല്യത്തോടെ എതിരേറ്റു. അവിടെയുള്ളവരുടെ

പെരുമാറ്റത്തിലുള്ള മാന്യതയും ആദരവും വാത്സല്യവുമൊക്കെ ഞങ്ങളുടെ ഭീതി ഇല്ലാതാക്കി. തോഴിമാർ പറഞ്ഞു. 'അടുത്ത ശുഭമുഹൂർത്തത്തിൽ രാജകുമാരൻ നിങ്ങളെ മൂന്നുപേരേയും വിവാഹം ചെയ്യും.' സന്തോഷം തോന്നിയില്ലേ. ഇല്ല ഇല്ല ഇല്ല. ഞാൻ സ്വയം നിഷേധിക്കാൻ ശ്രമിച്ചു.

ഞങ്ങളെ കൊണ്ടു വന്ന രാജാവാണോ. എന്റെ സന്തോഷം പ്രകടമായില്ലെന്നു ഞാൻ കരുതി.

അല്ല കുമാരിമാരേ, സത്യവതീരാജ്ഞിയുടെ മകൻ വിചിത്രവീര്യൻ. അദ്ദേഹത്തിനു വേണ്ടിയാണ് നിങ്ങളെ കൊണ്ടു വന്നത്. മറ്റൊരാൾ.

ആ വാക്കുകൾ എന്റെ മനസ്സിനെ മഥിച്ചു. ഇത് രണ്ടാമത്തെ പരാജയമാണോ.....

പിന്നീടാണ് കാളി എന്ന മത്സ്യഗന്ധിയായ ആ മുക്കുവസ്ത്രീയുടെ കഥ അറിഞ്ഞത്. ശന്തനുരാജാവിനെ വശീകരിച്ച് പട്ടമഹിഷീ പദവി നേടിയപ്പോൾ അവർക്ക് മറ്റൊരു നിബന്ധനകൂടി ഉണ്ടായിരുന്നത്രെ.

സ്വന്തം മകനെ രാജാവാക്കണമെന്ന്.

ശന്തനുമഹാരാജാവ് സമ്മതിച്ചു. പക്ഷെ അതു കൊണ്ടും തീർന്നില്ല. സ്വാർത്ഥയുടേയും അത്യാഗ്രഹത്തിന്റെയും ആ കഥ. രാജാവിന്റെ ആദ്യപുത്രനായ ദേവവ്രതന് മക്കളുണ്ടാകരുത്. അപ്പോൾ തന്നെ ദേവവ്രതൻ സത്യം ചെയ്തു.

ആജീവാനന്തം ഞാൻ ബ്രഹ്മചാരിയായിരിക്കും, അമ്മേ.

അന്നു മുതൽക്കാണ് ദേവവ്രതൻ ഭീക്ഷ്മവ്രതനായത്. ആ കഥ എന്റെ മനസ്സിനെ വല്ലാതെ ബാധിച്ചു. സ്വന്തം സന്തതിക്കുവേണ്ടി യഥാർത്ഥ രാജ്യാവകാശിയെ നിഷ്കാസനം ചെയ്ത തന്ത്രം. ശക്തനായ ഒരു ഭരണാധികാരി ഇല്ലെങ്കിൽ രാജ്യത്തിന്റെ അവസ്ഥ എന്തായിരിക്കും. സ്വന്തം മക്കളിൽ മാത്രമല്ല, അവരുടെ സന്തതിപരമ്പരകളിൽ കൂടി അധികാരം സ്ഥാപിച്ചു കൊടുക്കുകയോ.

എന്തായിരിക്കും ഇതിന്റെ പരിണാമം. ഇത്തരം ദുഷ്കർമ്മങ്ങൾ സ്ത്രീകളും ചെയ്യാറുണ്ടല്ലോ എന്ന് അത്ഭുതപ്പെട്ടു. ഈ കർമ്മങ്ങളുടെ ഫലം അനന്തര തലമുറകൾ അനുഭവിക്കാതിരിക്കില്ല, തീർച്ച.

ദേവവ്രതന്റെ കഥ മനസ്സിലാക്കിയപ്പോൾ അദ്ദേഹത്തോടുള്ള ആദരവ് വർദ്ധിച്ചു. വിവാഹത്തിനുള്ള ഒരുക്കങ്ങൾ കണ്ടപ്പോൾ ഞാൻ ഭീഷ്മരെ സമീപിച്ചു പറഞ്ഞു.

ധർമ്മജ്ഞനായ അങ്ങ് എന്നെ രക്ഷിക്കണം. ഞാനും സാല്വരാജാവും പരസ്പരം വരിച്ചവരാണ്. അങ്ങനെ മനസ്സിലാക്കണം. എന്നിട്ട് സത്യവ്രതനായ അങ്ങ് വേണ്ടതുപോലെ പ്രവർത്തിച്ചാലും.

അദ്ദേഹം എന്നെ ആശ്വസിപ്പിച്ചു. ഞാൻ സത്യവതീ മാതാവിനോട് പറഞ്ഞ് വേണ്ടത് ചെയ്യാം കുമാരീ. ഇതെന്തേ ഇത്രനാളും പറയാതിരുന്നത്. അവിടെ വെച്ചു തന്നെ പറഞ്ഞിരുന്നെങ്കിൽ ആ വേദിയിൽ വച്ചു തന്നെ ഞാൻ കന്യാദാനം ചെയ്യുമായിരുന്നല്ലോ.

ആ വാക്കുകൾ എന്നെ കീഴടക്കിയോ.

എന്തൊരു മഹാ മനസ്കത.

ആകൃതിയും പ്രകൃതിയും അതിഗംഭീരം. ഞാനൊന്നു സ്വയം പരിശോധിച്ചു. ഈ മഹാൻ എന്നെ വല്ലാതെ ആകർഷിക്കുന്നു.

വിഷമിക്കേണ്ട. ഞാൻ ഭവതിയെ അർഹമായ വിധത്തിൽ ആദരവോടെ, ആഘോഷത്തോടെ സാല്വരാജകുമാരന്റെ സമീപത്തേക്കയക്കാം, തയ്യാറായിക്കൊള്ളൂ. ഭീഷ്മർ എന്നെ അത്ഭുതപ്പെടുത്തി.

പിറ്റേന്നു തന്നെ ധാരാളം ദാസിമാരുടെ അകമ്പടിയോടെ, രാജകീയമായ ആഘോഷങ്ങളോടെ എന്നെ സാല്വന്റെ കൊട്ടാരത്തിലേക്കയച്ചു. ദേവവ്രതന്റെ മഹാമനസ്കതയോട് നന്ദി പറഞ്ഞ്, ഞാൻ ജീവിതയാത്ര തുടർന്നു. പ്രതീക്ഷയോടെ.

പക്ഷെ ഞാൻ നീങ്ങിയത് സന്തോഷത്തിലേക്കായിരുന്നില്ല. രാജകുമാരൻ എന്നെ സ്വീകരിച്ചില്ല.

നീ പരപുരുഷനെ സ്വീകരിച്ചവളാണ്. ഭീക്ഷ്മനെ ആഗ്രഹിച്ചവളാണ്. തന്റെ ഭീരുത മറച്ചുവെച്ചുകൊണ്ട് സാല്വൻ ആക്രോശിച്ചു.

'എന്തേ നീ തേരിൽ നിന്ന് ചാടി ഇറങ്ങിയില്ലേ. നീ പോ... എനിക്ക് കാണണ്ട'. അത്രകാലം ഞാൻ മനസ്സിൽ പ്രതിഷ്ഠിച്ച ആ വിഗ്രഹം വീണുടഞ്ഞുവോ?

സാല്വൻ തുടർന്നു.

നീ തിരിച്ചുപോ. നിന്റെ കൈക്കു പിടിച്ച ദേവവ്രതനെത്തന്നെ വരിക്ക്.

കരഞ്ഞു കൊണ്ടു തന്നെ ഞാൻ, ഭീക്ഷ്മരുടെ ധർമ്മബോധം സാല്വനോട് വിവരിച്ചു. അത് എരിതീയിൽ എണ്ണയൊഴിച്ച ഫലമാണ് ചെയ്തത്.

എന്തു ചെയ്യണമെന്നറിയാതെ ഞാൻ കുഴങ്ങി. നിന്ന നിലയിൽ ഭൂമി പിളർന്ന് താഴേക്കുപോയ സീതാദേവി എത്ര ഭാഗ്യവതി.

വനവാസത്തിലും ഭർതൃസമേതനായിരുന്നു.

തിരസ്കാരത്തിലും രണ്ടു പൊന്നോമനകൾ സാന്ത്വനമായിരുന്നു.....





ഞാനോ... ഈ ഭാഗ്യം കെട്ട അംബാരാജകുമാരി.

ആരാണൊരു ശരണം. ഞാൻ വീണ്ടും ഹസ്തിനപുരത്തേക്ക് പോയി. എന്റെ മംഗല്യഭാഗ്യം തട്ടിക്കളഞ്ഞ ദേവവ്രതനോട് താണപേക്ഷിച്ചു.

പക്ഷെ തന്റെ ഭീഷണ ശപഥത്തിൽ നിന്ന് അണുവിട മാറില്ലെന്ന് അദ്ദേഹം പറഞ്ഞു.

അത്യാഗ്രഹിയും സ്വാർഥമതിയുമായ ഒരു സ്ത്രീമൂലം ചെയ്യേണ്ടി വന്ന ഒരു സത്യം.

അത് മറ്റൊരു സ്ത്രീയുടെ ശാപമായി മാറിയോ.

അന്നാദ്യമായി ഞാൻ വെറുത്തു കാളി എന്ന മത്സ്യഗന്ധിയെ. കസ്തൂരി ഗന്ധിയായി മാറിയ സത്യവതിയെ. ....

തന്റെ മനസ്സറിയാതെ സ്വയംവരം തീരുമാനിച്ച എന്റെ പിതാവിനെ.......

ജീവന്റെ ജീവനായി കരുതി സ്നേഹിച്ച ഭീരുവായ സാല്വനെ.....

എന്നെ കൈപിടിച്ചു തട്ടിക്കൊണ്ടു പോയ ഭീഷ്മനെ.

എന്നിട്ടും...ഞാൻ വെറുത്തില്ലാ. തക്കസമയത്ത് പ്രതികരിക്കാതിരുന്ന എന്റെ കഴിവുകേടിനെ മാത്രം......

മറ്റൊരാളോട് വെറുപ്പു തോന്നുമ്പോൾ മനസ്സ് ജീർണ്ണിക്കാൻ തുടങ്ങി എന്ന് അറിയണം.

എങ്കിലും ഞാൻ വെറുത്തു തുടങ്ങി.

സത്യവതിയെ

ഭീഷ്മനെ

സാല്വനെ

എന്റെ പിതാവിനെ

എന്നെമാത്രം സ്നേഹിച്ചുകൊണ്ട് എന്റെ മനസ്സ് ജീർണ്ണിക്കാൻ തുടങ്ങി. ആ വെറുപ്പ് പകയായി മാറുന്നതും ഞാൻ അറിഞ്ഞു. പക മനസ്സമാധാനം നശിപ്പിക്കും എന്ന് അറിയാഞ്ഞിട്ടല്ല. പക്ഷെ എന്റെ ജീവിതംകൊണ്ട് പന്താടിയവരോട് എനിക്ക് പ്രതികാരം ചെയ്യണം.

ഇനി ഞാൻ ആരേയും ആശ്രയിക്കില്ല. ശത്രുനാശനം തന്നെ. ആരാണെന്റെ ശത്രു. അദ്ദേഹത്തിന്റെ മഹത്വം ഞാൻ അംഗീകരിക്കുമ്പോഴും എന്റെ ശത്രു ഭീഷ്മൻ തന്നെ എന്ന് ഞാനുറപ്പിച്ചു. എന്താണെന്റെ പകയ്ക്ക് കാരണം?

സാല്വനു പകരം ഭീഷ്മർ എന്റെ മനസ്സിൽ സ്ഥാനം പിടിച്ചിരുന്നവോ?

സാല്വന് എന്നെ ഉപേക്ഷിക്കാൻ കാരണമുണ്ടായിരിക്കാം. എന്നാൽ ദേവവൃതനോ അദ്ദേഹമല്ലെ എന്നെ സ്വയംവര വേദിയിൽ നിന്ന് കൊണ്ടു പോന്നത്? എനിക്ക് പട്ടമഹിഷിയാവണ്ട. മക്കൾക്ക് രാജ്യാവകാശം വേണ്ട. എല്ലാം സത്യവതിയമ്മയുടെ ഇഷ്ടം തന്നെ നടക്കട്ടെ. ഒരു സാധാരണ സ്ത്രീയായി കണക്കാക്കി അഭയം തന്നു കൂടേ?

എന്റെ ചിന്തകളെ ഞാൻ ആറ്റിക്കുറുക്കി. എനിക്ക് ശങ്ക തീർന്നു.

എനിക്ക് ശങ്ക തീർന്നു. എന്റെ ശത്രു ഭീഷ്മൻ തന്നെ. സത്യവതിയുടെ ദുർവാശിക്ക് മുമ്പിൽ ഓഛാനിച്ച് നില്ക്കുന്ന ദേവവൃതൻ.

ഞാനൊരുറച്ച തീരുമാനത്തിലെത്തി. ഭീഷ്മന്റെ നാശം. അതുവഴി ആ വംശത്തിന്റെ മുഴുവൻ നാശം. ആ സ്ത്രീയുടെ സ്വാർത്ഥതയും ശിക്ഷാർഹമാണ്. മനുഷ്യശക്തിക്കൊണ്ട് തോൽപ്പിക്കാനാവില്ലെങ്കിൽ തപശക്തി തന്നെ ശരണം.

(തുടരും)

**ജലത്തിലെപ്പോളകളെന്നപോലെ**
**ചലം മനുഷ്യർക്കു ശരീരബന്ധം**
**കുലം ബലം പുത്രകളത്രജാലം**
**ഫലം വരാമൃത്യു വരും ദശായാം.**

*ശ്രീകൃഷ്ണചരിതം - മണിപ്രവാളം 2, 46*

മനുഷ്യർക്കു ശരീരത്തിനോടുള്ള ബന്ധം നീർക്കുമിളപോലെ അസ്ഥിരമാകുന്നു. കുലം, പുത്രന്മാർ, ഭാര്യമാർ ഇവയൊന്നും മരണം വരുമ്പോൾ ഉപകാരപ്പെടുകയില്ല.

# ഭരണഘടന മഹാശ്ചര്യം

## നമുക്കും കിട്ടണം ഭരണം!
## മാധ്യമ ധർമ്മമോ അധർമ്മമോ?

**ഡോ.പത്മനാഭൻ : ഫോൺ : 9072015115**

കുറെ നാളുകൾക്കു മുമ്പ് നമ്മുടെ രാജ്യതലസ്ഥാനത്തും ജനപ്രതിനിധി സഭകളിലും നടന്ന നിരുത്തരവാദപരമായ ബഹളങ്ങളും അക്രമങ്ങളും ബുദ്ധിപരമായി വിശകലനം ചെയ്യപ്പെടേണ്ടതാണെന്നു രാജ്യസ്നേഹമുള്ള ഏതൊര പൗരനും തോന്നാതിരിക്കില്ല. ആധുനിക ലോകത്ത് വാർത്തകൾ തത്സമയം ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ദൃശ്യമങ്ങൾക്കുള്ള ഉത്തരവാദിത്വം ചെറുതല്ല. നിഷ്പക്ഷമായ രീതിയിൽ രാജ്യത്തെ സംഭവവികാസങ്ങളെ രാജ്യസ്നേഹം മുൻനിർത്തി സംപ്രേഷണം ചെയ്യേണ്ടത് മാധ്യമധർമ്മമാണ്. മാധ്യമ മാന്യത കാത്തു സൂക്ഷിക്കാതെ വാർത്തകൾ വളച്ചൊടിക്കലും, പക്ഷപാത പരമായ നിലപാടെടുക്കലും മാധ്യമ മര്യാദ കേടു തന്നെയാണ്. ഇത്തരം പ്രവണതകൾ രാഷ്ട്ര പുരോഗതിക്ക് വിലങ്ങുതടിയായി തീർന്നുകൊണ്ടിരിക്കുന്നുവെന്നുള്ളത് ഒരു ദുഃഖസത്യം തന്നെയാണ്. ഇത്തരത്തിലുള്ള നശീകരണ സ്വഭാവമുള്ള മാധ്യമ പ്രവർത്തങ്ങളെ ചെറുത്തു തോൽപ്പിച്ചില്ലെങ്കിൽ രാജ്യത്തിന്റെ കുതിപ്പിനേയും രാഷ്ട്ര നിർമ്മാണത്തേയും സാരമായി ബാധിക്കുക തന്നെ ചെയ്യും.

ഭരണഘടന, ജനങ്ങൾ തിരഞ്ഞെടുത്ത പാർലമെന്റ് ഉൾപ്പെട്ട സർക്കാർ, നീതിന്യായ പീഠം - ഇവ മൂന്നുമാണ് ജനാധിപത്യത്തിന്റെ മൂന്ന് നെടുംതൂണുകൾ ( the three pillars of democracy) ഇവയിലേതെങ്കിലും ദുർവ്യാഖ്യാനപ്പെടുകയോ, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയോ ചെയ്താൽ രാജ്യത്തിന്റെ സമാധാനത്തെ തകരാറിലാക്കാനുള്ള ശ്രമങ്ങൾക്ക് അവസരമൊരുക്കും. നിഷ്പക്ഷത നിറഞ്ഞ വാർത്താ വിനിമയം നടത്താനുള്ള ഉത്തരവാദിത്വം മാധ്യമങ്ങൾ മറക്കാൻ പാടില്ലാത്തതാണെന്ന് നമുക്ക് നിസ്സംശയം പറയാൻ സാധിക്കും. സി. എൻ. എൻ., ബി. ബി. സി, വേൾഡ്, അൾജസീറ തുടങ്ങിയ ലോകോത്തര ദൃശ്യമാധ്യമങ്ങൾ കറയറ്റ ആത്മാർതയോടും വിശ്വാസ്യതയോടും കൂടി ദൃശ്യമാധ്യമ ധർമ്മം നിർവ്വഹിച്ചു പോരുന്നതും നാം നിത്യേന കണ്ടു കൊണ്ടിരിക്കുന്നതാണ്. അമേരിക്കയെയോ, ബ്രിട്ടനേയോ മോശമായി ചിത്രീകരിക്കുന്ന ഒരു വാർത്തപോലും നാം ഇന്നു വരെ ഈ ദൃശ്യമാധ്യമങ്ങളിൽ കൂടി കണ്ടിട്ടുണ്ടാവില്ല. മാധ്യമങ്ങളുടെ ഇത്തരം ക്രിയാത്മകമായ ധർമ്മം അമേരിക്കയുടെയും ബ്രിട്ടന്റെയും മറ്റും യശസ്സ് ലോകത്തിനു മുമ്പിൽ അവതരിപ്പിച്ച് അത്തരം മാധ്യമങ്ങൾ ഈ പറഞ്ഞ രാജ്യങ്ങളെ ലോകശക്തികളാക്കി, ആ രാജ്യങ്ങളുടെ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ച് അവയുടെ യശസ്സ് ഉയർത്തി കാട്ടുന്നു. ഇതിനെ Patriotism അഥവാ രാജ്യസ്നേഹം എന്നു വിളിക്കപ്പെടുന്നു. അതേ സമയം ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും ദൃശ്യമാധ്യമങ്ങൾ പെരുപ്പിച്ച് കാണിച്ച് Negativity പ്രചരിപ്പിക്കുന്നു. ഇങ്ങനെ Destructive (നശീകരണ) പ്രവണത മാധ്യമങ്ങൾ പുലർത്തിയാൽ രാജ്യം എങ്ങിനെ ഒരു ലോകശക്തിയായി മുന്നോട്ട് കുതിക്കും.? ദൃശ്യമാധ്യമങ്ങളും മറ്റു മാധ്യമങ്ങളും നിഷ്പക്ഷത പാലിക്കാതെ ജനാധിപത്യത്തെ തുരങ്കം വയ്ക്കുന്നുവെങ്കിൽ അത് രാജ്യപുരോഗതിക്ക് വിലങ്ങുവയ്ക്കലായിട്ടു പരിണമിക്കുകയില്ലേ?

രാഷ്ട്രനിർമ്മാണത്തിനും രാജ്യപുരോഗതിക്കും വേണ്ടി ക്രിയാത്മകമായ (Constructive) വാർത്തകളും റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുന്നതിനു പകരം നശീകരണ അജണ്ടയുമായി, ചില പാർട്ടികളുടെ വക്താക്കളായി പ്രവർത്തിക്കുന്ന ദൃശ്യമാധ്യമങ്ങൾ ഇന്ത്യയുടെ രാജ്യാന്തര തലത്തിലുള്ള യശസ്സിനെ തരം താഴ്ത്തി കാട്ടുന്നുണ്ടെങ്കിൽ അത് സഭ്യമായ മാധ്യമ സംസ്കാരമല്ലെന്നു പൗരന്മാർ തിരിച്ചറിയും. കഴിഞ്ഞ കുറെ കാലങ്ങളായി ഇന്ത്യയുടെ സാമ്പത്തിക പുരോഗതി തകർന്നടിയുന്നതായി ചില മാധ്യമങ്ങൾ ദിവസേന വാർത്താ ബുള്ളറ്റിനുകളിൽ ഉൾപ്പെടുത്തി ജനങ്ങളിൽ ആശങ്കയുളവാക്കാൻ ദൃഢനിശ്ചയത്തോടുകൂടി പ്രവർത്തിക്കുന്നത് നാം കണ്ടുകൊണ്ടിരുന്നതാണ്. എന്നാൽ കോവിഡ് - 19 പൊട്ടിപ്പുറപ്പെടുന്നതിനു മുമ്പ് 06.03.2020 ൽ World Bank പുറത്തിറക്കിയ പ്രമുഖ രാജ്യങ്ങളുടെ സാമ്പത്തിക വികസന പട്ടികയിൽ 2020 ആദ്യപാദത്തിൽ അമേരിക്കയുടെ സാമ്പത്തിക പുരോഗതിയുടെ സൂചിക 1.5 ഉം 2021 ആദ്യപാദത്തിൽ (First Quarter) 1.9 ഉം, ചൈനയുടേത് 2020 ആദ്യപാദത്തിൽ 4.8 ഉം 2021 ആദ്യപാദത്തിൽ 5.5 ഉം ആയിരിക്കുമെന്ന് സാമ്പത്തിക ഘടകങ്ങൾ ഉപയോഗിച്ച് പ്രസിദ്ധീകരിച്ചിരിക്കുന്നു. അതേ സമയം ലോകത്തിലെ ഏറ്റവും ഉയർന്ന സാമ്പത്തിക സൂചിക ഇന്ത്യയുടേതായിരിക്കുമെന്ന് രേഖപ്പെടുത്തിക്കൊണ്ട് 2020 ആദ്യപാദത്തിൽ ഇന്ത്യയുടെ സൂചിക 5.30 ഉം 2021 ആദ്യപാദത്തിൽ 5.8 ഉം ആയിരിക്കുമെന്ന് പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. മറ്റു രാജ്യങ്ങളുടെ സൂചിക ഇന്ത്യ, ചൈന, യു.എസ്, എന്നീ രാജ്യങ്ങളുടേതിനേക്കാൾ വളരെ കുറവായിരിക്കുമെന്ന് കാണിച്ചിരിക്കുന്നു. ഉദാഹരണത്തിന് ജപ്പാന്റെ സാമ്പത്തിക സൂചിക 2020 ആദ്യപാദത്തിൽ 0.0 ഉം 2021 ആദ്യപാദത്തിൽ 0.6 ഉം ആയിരിക്കുമെന്ന് അടയാളപ്പെടുത്തിയിട്ടുണ്ട്. വസ്തുതകൾ ഇങ്ങനെ ആണെന്നിരിക്കെ നമ്മുടെ ചില മാധ്യമങ്ങൾ ആഴ്ചതോറും ഇന്ത്യയുടെ സാമ്പത്തിക സ്ഥിതി തകർന്നടിഞ്ഞ് നിലംപരിശായി എന്ന് വാർത്തകളിൽ പരസ്യപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. ലോകമാകെ സാമ്പത്തിക വളർച്ച മുരടിച്ചതുകൊണ്ടാണ് ഇന്ത്യയുടെ വളർച്ച 7.0 ൽ നിന്ന് 5.8 ൽ എത്തി നിൽക്കാൻ കാരണമായി കണക്കാക്കിയിട്ടുള്ളത്. എല്ലാ രാജ്യങ്ങളേയും ബാധിച്ച ഒരു ഘടകം യു. എസ് - ചൈന വ്യാപാര ഇടപാടുകളിൽ ഉണ്ടായ വ്യാപാരയുദ്ധം തന്നെയാണ്. കോവിഡ് - 19 എന്ന മഹാമാരി വരുത്തി വച്ച സാമ്പത്തിക വളർച്ചയുടെ താഴോട്ടുള്ള ഇടിവ് സാമ്പത്തിക വളർച്ചയുള്ള അമേരിക്ക, ജർമ്മനി, ജപ്പാൻ, ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി, കാനഡ, ആസ്ത്രേലിയ, ദക്ഷിണ കൊറിയ, ചൈന, ഇന്ത്യ, ബ്രസീൽ, റഷ്യ (1.3 (2020), 1.8 (2021) ) മെക്സിക്കോ, ഇന്തോനേഷ്യ, ടർക്കി, സൗദി അറേബ്യ, അർജന്റീന. സൗത്ത് ആഫ്രിക്ക എന്നീ രാജ്യങ്ങളെ എല്ലാം ബാധിച്ചിരിക്കുന്നുവെന്നുള്ള സത്യം നമ്മുടെ മിക്ക ദൃശ്യമാധ്യമങ്ങളും, മറ്റു മാധ്യമങ്ങളും മനഃപൂർവ്വം പ്രസിദ്ധപ്പെടുത്താതെ ജനങ്ങളുടെ ഇടയിൽ സർക്കാരിനെതിരെ തെറ്റിദ്ധാരണയും വെറുപ്പും സൃഷ്ടിക്കപ്പെട്ടു കൊണ്ടേയിരിക്കുന്നു! സർക്കാരിനെ വിമർശിക്കുന്നത് Facts and figures വച്ച് വസ്തുതാപരമായിട്ടല്ലെങ്കിൽ അത്തരം ലേഖനങ്ങളോ റിപ്പോർട്ടുകളോ നിഷ്പക്ഷതയില്ലാത്ത മാധ്യമധർമ്മരഹിതമായ വിലകുറഞ്ഞ വാർത്താശകലമായിട്ടു പരിഗണിക്കപ്പെടും. ജനാധിപത്യമെന്ന ലേബലിൽ വസ്തുനിഷ്ഠമല്ലാത്ത വാർത്തകൾ കൊണ്ട് രാഷ്ട്രപുരോഗതിയെ തടസ്സപ്പെടുത്തുന്നത് മാധ്യമ ധർമ്മത്തിന് മങ്ങലേൽപ്പിക്കും. അതുപോലെ തന്നെ സർക്കാരിനെതിരായ സമരങ്ങൾ അക്രമാസക്തമായി നശീകരണത്തിലേക്ക് പ്രവേശിച്ച് പൊതുമുതൽ നശിപ്പിച്ചു തുടങ്ങുമ്പോൾ അത്തരം പ്രവർത്തികളെ Zoom In ചെയ്ത് ക്ലോസപ്പായിട്ട് ദൃശ്യങ്ങൾ ഒപ്പിയെടുത്താൽ അക്രമം നടത്തിയവരെ എളുപ്പത്തിൽ കണ്ടു പിടിച്ച് കൃത്യതയോടെ അന്വേഷണം നടത്തി ശിക്ഷിക്കാൻ സഹായിച്ചു നാടിനെ സഹായിക്കുന്നതിനു പകരം അക്രമത്തിനെതിരായുള്ള പോലീസിന്റെ ക്രമസമാധാന പരിപാലത്തിനിടയിൽ കുറ്റവാളികളെ മർദ്ദിക്കുന്നുണ്ടെങ്കിൽ അതുമാത്രം പ്രസിദ്ധീകരിച്ച് ഏകപക്ഷീയമായ വാർത്താപ്രക്ഷേപണം നടത്തുന്നത് ദൃശ്യവാർത്താ വിനിമയത്തിന്റെ വികൃത രൂപം തന്നെയാണ്. അത്തരം പ്രവർത്തികൾ ശിക്ഷാർഹവുമാണ്.

നമ്മുടെ രാജ്യത്ത് ചുരുക്കം ചില സ്ഥലങ്ങളിൽ നടന്ന പ്രകടനങ്ങളും അക്രമാസക്തമായ പ്രതിഷേധങ്ങളും നശീകരണങ്ങളും കാര്യകാരണസഹിതം ഒന്നു വിശകലനം ചെയ്തു നോക്കാം. ഒരു പ്രകടന പത്രിക (ഇലക്ഷൻ മാനിഫെസ്റ്റോ) ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച് അതു ജനങ്ങൾ അംഗീകരിച്ച് ഭൂരിപക്ഷം സമ്മാനിച്ച് അതു വഴി അധികാരത്തിൽ വന്ന സർക്കാർ, പ്രകടന പത്രികയിൽ കൂടി ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി നിറവേറ്റാൻ ശ്രമിക്കുമ്പോൾ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട പ്രതിപക്ഷകക്ഷികൾ ഗവൺമെന്റിന്റെ ഭരണ പരിഷ്കാരങ്ങളെ അലങ്കോലപ്പെടുത്തി, നാശനഷ്ടങ്ങൾ വരുത്തിക്കൂട്ടി, അരാജകത്വം സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഭൂരിപക്ഷം ജനങ്ങൾ മാനിഫെസ്റ്റോ വഴി ഭരണകക്ഷിയുടെ പദ്ധതികളെ അനുകൂലിച്ചു കഴിഞ്ഞ സ്ഥിതിക്ക് അസ്വസ്ഥത സൃഷ്ടിക്കലാണോ പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ ചുമതല?

ഭരണഘടനാ ശില്പി സ്വപ്നത്തിൽ പോലും വിചാരിക്കാത്ത അർത്ഥങ്ങളും വ്യാഖ്യാനങ്ങളും നൽകി രാജ്യത്തെ ജനങ്ങളെ വഴിതെറ്റിക്കുക, അതുവഴി രാജ്യത്തെ അസ്വസ്ഥമാക്കുക ജനാധിപത്യ സംവിധാനത്തിൽ വിയോജിക്കാനും പ്രതിഷേധിക്കാനും മൗലികാവകാശമുണ്ട് എന്ന് ഭരണഘടന ഉദ്ധരിച്ചുകൊണ്ട് വ്യാഖ്യാനിക്കുമ്പോൾ വിയോജിപ്പിന്റെ പേരിൽ പൊതുമുതൽ നശീകരണം അനുവദിക്കാവുന്നതല്ലെന്നും നശീകരണം കുറ്റകരമാണെന്നും കൂടി ഭരണഘടന വ്യാഖ്യാനിക്കുന്നവർ പറയേണ്ടതാണ്. സമരം ചെയ്യാത്തവരെ (അതും ജനാധിപത്യത്തിലെ വിയോജിപ്പാണ്) ബുദ്ധിമുട്ടിച്ച് പ്രകോപനം അഴിച്ചു വിടാൻ നിയമം അനുശാസി

ക്കുന്നില്ലെന്നും എടുത്തു പറയേണ്ടതാണ്. പ്രകടനപത്രികയിൽ പറഞ്ഞിരുന്ന പൗരത്വ നിയമഭേദഗതി നിയമത്തെ ജനങ്ങൾ അനുകൂലിച്ച് വോട്ടു ചെയ്ത് അധികാരത്തിൽ വന്ന്, അതു നടപ്പാക്കുന്ന സമയത്ത് എതിർക്കാൻ ആർക്കും അവകാശമില്ല.

അടുത്ത തിരഞ്ഞെടുപ്പിൽ ജയിച്ചു വന്ന് ഇപ്പോൾ എതിർക്കുന്നവർക്ക് മേൽ പറഞ്ഞ നിയമം നടപ്പാക്കാതിരിക്കാം. അതാണ് സംശുദ്ധമായ ജനാധിപത്യ പ്രക്രിയ. അതുവരെ പരിഷ്കൃത ജനാധിപത്യ ചുവടുകൾ വച്ച് പാർലമെന്റിൽ പരിഷ്കരിച്ച നിയമത്തെ വോട്ടിലൂടെ, സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ, പരാജയപ്പെടുത്താൻ സാധിക്കുമെങ്കിൽ അതാണ് പരിഷ്കൃത ജനാധിപത്യം. അത്തരം പരിഷ്കൃത ചുവടുകൾ മാത്രമേ അമേരിക്കയിലും ബ്രിട്ടനിലും ഫ്രാൻസിലും ജർമ്മനിയിലുമെല്ലാമുള്ള പാർലമെന്റ് അംഗങ്ങൾ എടുക്കുകയുള്ളു. അത്തരം രാജ്യങ്ങളിൽ ദൃശ്യവാർത്താ മാധ്യമങ്ങൾ നിഷ്പക്ഷത പാലിച്ച് ജനാധിപത്യ സർക്കാരുകളെ ശക്തരാക്കി രാഷ്ട്രീയ സ്ഥിരത കൈവരിച്ച് രാജ്യപുരോഗതിക്ക് ആക്കം കൂട്ടുന്നു. മേൽപ്പറഞ്ഞ രാജ്യങ്ങളിൽ വിദ്യാർത്ഥി സമരങ്ങളോ യൂണിവേഴ്സിറ്റികളിൽ അദ്ധ്യാന ദിവസങ്ങൾ നഷ്ടപ്പെടുത്തലോ, ക്യാമ്പസ് നശീകരണങ്ങളോ, പൊതുമുതൽ നശിപ്പിക്കലോ മുതലായ അപരിഷ്കൃത നടപടികളെപ്പറ്റി കേട്ടുകേൾവിപോലുമില്ലെന്നതാണ് സത്യം.

പൗരത്വ നിയമ ഭേദഗതിയെ സത്യസന്ധമായി വിലയിരുത്തി നോക്കാം. ഇന്ത്യ, പാകിസ്ഥാൻ വിഭജന സമയത്ത് ഇൻഡ്യയുടെ അയൽ രാജ്യങ്ങളായ മുസ്ലീം രാഷ്ട്രങ്ങളായ പാകിസ്ഥാനിലും, ബംഗ്ലാദേശിലും അഫ്ഗാനിസ്ഥാനിലും പെട്ടുപോയി പീഡനം അനുഭവിക്കുന്ന അമുസ്ലീങ്ങളുടെ (മുസ്ലീങ്ങളല്ലാത്തവർ) സമാധാനപരമായ ജീവിതത്തിനുവേണ്ടി ഇന്ത്യയിലേക്കു വന്ന പൗരത്വം നേടാൻ അവസരം കൊടുക്കുന്ന പൗരത്വനിയമഭേദഗതിയെ നമുക്കും കിട്ടണം ഭരണം എന്ന ജനാധിപത്യപരമല്ലാത്ത അവസരവാദത്വത്തിന്റെ നഗ്നമായ ധിക്കാരമാണ് പ്രതിഷേധ സമരങ്ങളിലൂടെ പ്രകടമാകുന്നത്! സംശുദ്ധ രാഷ്ട്രീയ പ്രതിഷേധങ്ങൾ എങ്ങനെ നടത്തണമെന്നറിയണമെങ്കിൽ അമേരിക്കയിലെ പ്രതിപക്ഷത്തെ കണ്ടു പഠിക്കട്ടെ. നമ്മുടെ അപരിഷ്കൃത നടപടികൾ കാണിക്കുന്ന പ്രതിപക്ഷങ്ങൾ. പ്രതിപക്ഷ നേതാവ് നാൻസി പെരോസി പ്രസിഡന്റ് ഡൊനാൾഡ് ട്രംബിനെ ഇംപീച്ച് ചെയ്യാൻ കഴിയില്ലെന്ന സെനറ്റിന്റെ ഓർഡറിനെ പബ്ലിക്കായി, സംസ്കാര സമ്പന്നതയോടെ, ഒരട്ടഹാസമോ ചീത്തവിളിക്കലോ പ്രകടമാക്കാതെ ടി. വി. മീഡിയയുടെ മുന്നിൽ ഒരക്ഷരം മിണ്ടാതെ രണ്ടായി വലിച്ചു കീറുന്നത് നമ്മൾ കണ്ടു. അസഭ്യമായി പ്രതിപക്ഷം ഒരിക്കലും പെരുമാറില്ല. അമേരിക്കയിലും മറ്റു പരിഷ്കൃത ജനാധിപത്യ രാജ്യങ്ങളിലും. ബ്രിട്ടന്റെ ബ്രെക്സിറ്റ് വിവാദത്തിലോ, അയർലഡിന്റെ ബ്രിട്ടനോടു വിഘടിച്ചു പോയ പ്രക്രിയയിലോ ഐറിഷ് റിപ്പബ്ലിക്കൻ ആർമി എന്ന ഇടതു പാർട്ടിയോ, ആരും അതിരു വിട്ട് പ്രക്ഷോഭങ്ങൾ നശീകരണത്തിലേക്കു തിരിഞ്ഞില്ല. ഇന്ത്യയിൽ മാത്രം Loose Democracy ആയതുകൊണ്ട് ജനാധിപത്യത്തെ വികൃതമാക്കി തീർക്കാൻ പല രാഷ്ട്രീയ പാർട്ടികളും പ്രക്ഷോഭങ്ങളിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നത് ഒരു ദു:ഖസത്യമായി നിലകൊള്ളുന്നു. ഇവിടെ വലിയ ഭൂരിപക്ഷത്തിൽ ജയിച്ച് അധികാരത്തിലിരിക്കുന്ന സർക്കാരിനെ അക്രമം അഴിച്ചു വിട്ട് അരാജകത്വം സൃഷ്ടിച്ച് താഴെയിറക്കാൻ പറ്റുമോയെന്ന പാഴ്ശ്രമങ്ങളാണ് നാം കണ്ടു കൊണ്ടിരിക്കുന്നത്. മറ്റു രാജ്യങ്ങളിലെ പൗരന്മാർക്കു വേണ്ടി സ്വന്തം രാജ്യത്ത് അസ്വസ്ഥത സൃഷ്ടിക്കുന്നതും അക്രമങ്ങൾ അഴിച്ചുവിടുന്നതും ആർക്കും ഗുണം ചെയ്യുകയില്ലെന്നത് ഒരു നഗ്ന സത്യം! മറ്റു രാജ്യങ്ങളിലെ പൗരന്മാർക്ക് യഥേഷ്ടം പൗരത്വം നൽകുന്ന ഒരൊറ്റ രാജ്യം പോലും ലോകത്തിലില്ല. ആർക്കും അതിനെതിരെ പരാതിപ്പെടാൻ അവകാശമില്ല, കാരണം അത് രാജ്യങ്ങളുടെ മൗലികാവകാശമാണെന്നതിനാൽ ഒന്നും ചെയ്യാൻ പറ്റുകയില്ല. ഭീകരവാദങ്ങളും ഭീകരാക്രമണങ്ങളും അഴിച്ചു വിട്ട് ലോകത്തിനാകെ ഭീഷണിയുണ്ടാക്കി കൊണ്ടിരിക്കുന്ന ചില മത വിഭാഗത്തിൽ പെട്ടവർക്ക് ഒട്ടുമിക്ക രാജ്യങ്ങളും പൗരത്വം നിഷേധിക്കുന്നു, അതിനെ ചോദ്യം ചെയ്യാൻ ആർക്കും കഴിയുകയുമില്ല.

നമ്മുടെ രാജ്യത്തെ മുൾമുനയിൽ നിർത്താൻ ശ്രമിക്കുന്നവർക്ക് നന്നായിട്ടറിയാം ഏതു മതവിഭാഗത്തിൽപെട്ടവരാണ് അനേക വർഷങ്ങളായിട്ട് ലോകം മുഴുവൻ ഭീകരാക്രമണങ്ങൾക്കും തട്ടിക്കൊണ്ടു പോകലിനും മതംമാറ്റങ്ങൾക്കും ഉത്തരവാദികളെന്ന്. പക്ഷെ വോട്ടു ബാങ്കിന്റെ ആർത്തിയിൽ അത്തരം പൗരന്മാർ മുതലക്കണ്ണീരൊഴുക്കുന്നു. ദേശസ്നേഹമുള്ള ഏതു ഇന്ത്യക്കാരനാണ് അഫ്ഗാനിസ്ഥാൻ താലിബാന്റെ ഇന്ത്യൻ എയർലൈൻസ് വിമാനം തട്ടിക്കൊണ്ടു പോകലും അതിലുണ്ടായിരുന്ന ഇന്ത്യക്കാരുടെ ജീവനു വിലപേശി പകരം പാകിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും നിന്നു വന്ന് കാശ്മീരിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ചു കസ്റ്റഡിയിലെടുത്ത ഭീകരരെ ഇന്ത്യയ്ക്കു കൈമാറേണ്ടി വന്നതും മറക്കാൻ പറ്റുക ? കൂടാതെ ലോകത്തെയും ഇന്ത്യയെയും





ഞെട്ടിച്ച മുംബയിലെ ടാജ്ഹോട്ടലിലെ ഭീകരാക്രമണത്തിൽ പൊലിഞ്ഞ ജീവനുകളെ നമുക്കെങ്ങിനെ മറക്കാൻ സാധിക്കും? എന്തുകൊണ്ടാണ് അമേരിക്ക, ബ്രിട്ടൻ, ജർമ്മനി തുടങ്ങിയ രാജ്യങ്ങൾ ചില മതവിഭാഗങ്ങൾക്ക് വിസാ കൊടുക്കാൻ വളരെ കടുപ്പമുള്ള ചട്ടങ്ങൾ ഉപയോഗിക്കുന്നത്?

ഒറ്റ നോട്ടത്തിൽ നമുക്ക് ഇന്ത്യൻ ഭരണഘടനയുടെ അന്ത:സത്ത ഒന്നു പരിശോധിക്കാം. മഹാത്മാഗാന്ധിയും, നെഹ്റുവും, അംബേദ്ക്കറുമൊക്കെ (ഇന്ദിരാഗാന്ധിയും, രാജീവ് ഗാന്ധിയും, രാഹുൽഗാന്ധിയും) ബ്രിട്ടനിൽ നിന്നു വിദ്യാഭ്യാസം നേടിയവരാണ്. ബ്രിട്ടനിലെ വിദ്യാഭ്യാസം ഒരു വ്യക്തിയിൽ സ്വതന്ത്രചിന്തയും വിശ്വവിജ്ഞാനവും വളർത്തിയെടുക്കാൻ സഹായിക്കുന്നതാണ്.

മഹാത്മജി ബ്രിട്ടനിൽ നിന്ന് ബാർ എറ്റ് ലോ (Bar et law) എന്ന നിയമബിരുദം നേടി വക്കീൽ പ്രാക്ടീസിനായി കപ്പൽ മാർഗ്ഗം ദക്ഷിണാഫ്രിക്കയിൽ പോയി. ആ രാജ്യത്ത് നിലനിന്നിരുന്ന വർണ്ണവിവേചനം ന്യൂനപക്ഷമായ വെളുത്ത വർഗ്ഗക്കാർക്ക് സർവ്വസ്വാതന്ത്ര്യവും ഭൂരിപക്ഷക്കാരായ കറുത്ത വർഗ്ഗക്കാർക്ക് ചുരുക്കം സ്വാതന്ത്ര്യവും അവകാശങ്ങളും നൽകിപ്പോന്നിരുന്ന രാഷ്ട്രീയ സാമൂഹിക വ്യവസ്ഥയായിരുന്നു നിലനിന്നിരുന്നത്. വെള്ളക്കാർ കറുത്ത വർഗ്ഗക്കാരായ ആഫ്രിക്കൻ വംശജരെ വർണ്ണവിവേചനം കാട്ടി അടക്കി ഭരിച്ചിരുന്നു. കറുത്ത വർഗ്ഗക്കാർക്ക് വോട്ടവകാശം ഉണ്ടായിരുന്നില്ല. ഈ അധാർമ്മിക വ്യവസ്ഥിതി ഗാന്ധിജിയിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനുള്ള ബാലപാഠങ്ങൾ സമ്മാനിച്ചു. സ്വാതന്ത്ര്യം എന്താണെന്നും എങ്ങിനെ വേണമെന്നും ദക്ഷിണാഫ്രിക്കയിലെ കുറേ വർഷക്കാലത്തെ വക്കീൽ പണിയിലൂടെ ഗാന്ധിജിക്കു രൂപപ്പെടുത്തിയെടുക്കാൻ സാധിച്ചു. കറുത്ത വർഗ്ഗക്കാരുടെ ഇടയിൽ ഗാന്ധിജിക്ക് രൂപപപെടുത്തിയെടുക്കുവാൻ സാധിച്ചു. കറുത്ത വർഗ്ഗക്കാരുടെ ഇടയിൽ ഗാന്ധിജി ആദരണീയനും ആരാധ്യനുമായിരുന്നു.

ഗാന്ധിജിയെപ്പോലെ ബ്രിട്ടനിൽ പഠിച്ചു നിയമബിരുദമെടുത്ത അംബേദ്കർ ആണല്ലോ ഭാരതത്തിന്റെ ഭരണഘടന എഴുതിയത്. സ്വാതന്ത്ര്യം നുണയുന്ന സമയത്ത് എഴുതിയ ഭരണഘടനയിൽ താത്വിക ഖണ്ഡിക പദങ്ങളും ധാരാളം കടന്നു കൂടിയിട്ടുണ്ടെന്നുള്ളത് സ്വാഭാവികമാണ്. അങ്ങനെയാണ് അത്തരം ഖണ്ഡികകളിൽ മതനിരപേക്ഷത (ഒരു മതത്തോടും പ്രത്യേക താൽപര്യം കാണാക്കാതിരിക്കുക) എന്ന സിദ്ധാന്തം ഭരണഘടനയിൽ കയറികൂടിയത്. പ്രായോഗികമായിട്ടു നോക്കിയാൽ ഭൂരിപക്ഷ മതമായ ഹിന്ദുമതം ന്യൂനപക്ഷമതങ്ങൾക്കു വേണ്ടി എപ്പോഴും താഴ്ന്നു കൊടുക്കുക, ന്യൂനപക്ഷമതം ചെയ്യുന്ന അതിക്രമങ്ങളും അവഹേളനങ്ങളും 'മതനിരപേക്ഷത' എന്ന ഭരണഘടനയിലെ താത്വിക സിദ്ധാന്തം വച്ച് സഹിക്കുക. ഈ താത്വിക സമീപനം (Idealistic) പ്രായോഗിക ലോകത്ത് (Practical world) ബാലികേറാമലയോ അഥവാ ഒരു ടൈം ബോംബായോ നിലനിൽക്കും. ലാറ്റിൻ അമേരിക്കൻ ആഫ്രിക്കൻ, ഏഷ്യൻ രാജ്യങ്ങളിൽ ഒന്നിൽ കൂടുതൽ മതവിഭാഗങ്ങളുള്ള രാജ്യങ്ങളിലാണ് എപ്പോഴും വർഗ്ഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെടുന്നത്. അതേ സമയം വളരെയധികം മതവിഭാഗങ്ങളുള്ള ഇന്ത്യയിൽ ഭൂരിപക്ഷ മതസ്ഥരായ ഹിന്ദുക്കളുടെ സഹിഷ്ണുതയും സാഹോദര്യ മനോഭാവവുമാണ് കലാപവിമുക്തമായ ഇന്ത്യയുടെ മന:സാക്ഷി സൂക്ഷിപ്പുകാർ! യൂറോപ്പിലും അമേരിക്കയിലും ക്രിസ്തീയ മതം മാത്രമുള്ളതുകൊണ്ടു രാഷ്ട്രീയ കലാപങ്ങൾ ഇല്ല. യൂണിവേഴ്സിറ്റികളിൽ പഠിത്തവും ഗവേഷണവും മാത്രം, സമരവും നശീകരണവും അവർക്കറിയില്ല!

കാശ്മീരിലെ ക്രമസമാധാനപാലന മുൻകരുതൽ എന്ന നിലയ്ക്ക് ഇന്റർനെറ്റു താൽക്കാലികമായി നിറുത്തി വച്ചതിനെതിരായുണ്ടായ സുപ്രീംകോടതിയിൽ നിന്നു വന്ന അപ്പീൽ വിധിയിൽ പറയുന്നതായി വാർത്താ ദൃശ്യമാധ്യമങ്ങളിൽ വന്നത്. ഇന്റർനെറ്റ് മൗലികാവകാശമാണ്, അതുടനെ പുന:സ്ഥാപിക്കണമെന്ന് കോടതി വിധിച്ചുവെന്നാണ്. ഭരണഘടനയിൽ ഇന്റർനെറ്റ് മൗലികാവകാശമാണെന്ന് എഴുതി വയ്ക്കാൻ സാധ്യതയില്ലല്ലോ. കാരണം അന്ന് ഇന്റർനെറ്റ് എന്ന പ്രതിഭാസത്തെപ്പറ്റി കേട്ടുകേൾവിപോലുമുണ്ടാകില്ലല്ലോ. പിന്നെങ്ങിനെ സുപ്രീംകോടതി കാശ്മീരിൽ ഇന്റർനെറ്റ് സംവിധാനം ഉടനെ പുന:സ്ഥാപിക്കണം, അതു ജനങ്ങളുടെ മൗലികാവകാശമാണെന്നു പറയുക ! ഇത് ഒരു പക്ഷെ ഭരണഘടനയെ തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതിന്റെ ഒരു ഉത്തമോദാഹരണമായി കണക്കാക്കാം. 1947 -50 കാലഘട്ടത്തിൽ ഭരണഘടന എഴുതുമ്പോൾ ഇന്റർനെറ്റു സംവിധാനം ലോകത്തെവിടെയെങ്കിലും ഉണ്ടായിരുന്നോ? National Security യെ ബാധിക്കുന്ന ഇന്റർനെറ്റു മൗലികാവകാശമാണെന്ന് കോടതി പറയുമ്പോൾ, ആ സംവിധാനം വരുത്തി വെയ്ക്കാവുന്ന അപകടം എല്ലാ ജനങ്ങളുടെയും സുരക്ഷയെ തകരാറിലാക്കുമെന്ന് കൂടി ഓർക്കേണ്ടതല്ലേ? ജനാധിപത്യത്തിൽ വിയോജിപ്പും മൗലികാവകാശമാണെന്ന് പറയുമ്പോൾ മൗലികാവകാശം മറ്റു പൗരന്മാരുടെ മൗലികാവകാശങ്ങൾ തടഞ്ഞുകൊണ്ട് ചെയ്യാമെന്ന് ഭരണഘടനയിൽ പറയുന്നുണ്ടോ? അതായത് ബസ്സു കത്തിക്കലും,

യൂണിവേഴ്സിറ്റി ഉപകരണങ്ങൾ അടിച്ചു തകർത്തും പൊതുജനത്തിനുപയോഗിക്കേണ്ട റോഡ് ബന്ധിച്ചും മൗലികാവകാശം ഉപയോഗിക്കാമെന്ന് ഭരണഘടനയിൽ പറഞ്ഞിട്ടുണ്ടാകാമെന്ന് സാമാന്യ ബുദ്ധിയുള്ള മറ്റു പൗരന്മാർ സമ്മതിച്ചു തരുമെന്ന് തോന്നുന്നില്ല. ഒരാളുടെ മൗലികാവകാശം മറ്റൊരാളുടെ മൗലികാവകാശത്തെ തടസ്സപ്പെടുത്താമോ ? സാമ്പത്തികമായി കുതിച്ചുയർന്ന് അമേരിക്കക്ക് തൊട്ടു പിന്നിൽ ലോകത്തിലെ രണ്ടാമത്തെ സാമ്പത്തിക ശക്തിയായ ചൈനയിൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ ഒരിക്കൽ മാത്രമേ സർക്കാരിനെതിരെ സമരം ചെയ്തിട്ടുള്ളു. അത് 1999/2000 – ലെ Pro- democracy uprising എന്നു വിശേഷിക്കപ്പെടുന്ന Tienamen Square സമരം ചൈന മാർക്സിസം ഉപേക്ഷിച്ച് ജനാധിപത്യത്തിലേക്ക് വരണമെന്ന് ആവശ്യപ്പെട്ട് ടിനാമെൻ സ്ക്വയറിൽ ചൈനീസ് സർവ്വകലാശാല വിദ്യാർത്ഥികൾ നടത്തിയ സമരം അർദ്ധരാത്രിയുടെ മറവിൽ അടിച്ചമർത്തി സമരം ചെയ്തവരെപ്പറ്റി പിന്നീട് ലോകത്തിന് ഒരറിവും ഇല്ലാതാക്കി ഉന്മൂലനാശം ചെയ്യാൻ ചൈനയ്ക്ക് സാധിച്ചു. എന്തായാലും രാജ്യത്തിനുവേണ്ടി അച്ചടക്കം പാലിച്ച് അഹോരാത്രം പണിയെടുക്കുന്ന ചൈനീസ് സർവ്വകലാശാലകൾ എപ്പോഴും സർവ്വകലാശാലകളുടെ റാങ്കിങ്ങിൽ ലോകത്തെ മികച്ച സ്ഥാപനങ്ങളുടെ പട്ടികയിൽ സ്ഥാനം നിലനിർത്തിക്കൊണ്ടേയിരിക്കുന്നു ! ഇന്ത്യയിലെ ജമാ മാലിയ, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി (JNU), അലിഗർ, എംജി. മുതലായ സ്ഥാപനങ്ങൾ എന്തുകൊണ്ട് മികച്ച സ്ഥാപനങ്ങളുടെ പട്ടികയിൽ പെടുന്നില്ലയെന്നുള്ളതിന്റെ കാരണങ്ങൾ നമ്മുടെ മുന്നിൽ തന്നെയുണ്ടല്ലോ!

അച്ചടക്കവും കഠിനാദ്ധ്വാനവും രാജ്യസ്നേഹവുമായിരിക്കുമല്ലോ ചൈനക്കാരുടെ വിജയരഹസ്യം. ചൈനയുടെ രാഷ്ട്രീയ തത്വസംഹിതമായ പിന്തുടരുന്ന രാഷ്ട്രീയാദർശങ്ങൾ നെഞ്ചേറ്റി നടക്കുന്ന നമ്മുടെ രാജ്യത്തെ ചില രാഷ്ട്രീയ കക്ഷികൾ എന്തുകൊണ്ട് ചൈനക്കാരുടെ അച്ചടക്കവും രാജ്യസ്നേഹവും ഇന്ത്യയിൽ അനുകരിക്കുകയോ പ്രാവർത്തികമാക്കുകയോ ചെയ്യുന്നില്ല ? സാമ്പത്തികശക്തികളായ അമേരിക്കയേയും ചൈനയേയും ഇന്ത്യയുമായി താരതമ്യപ്പെടുത്തി നോക്കിയാൽ ഒരു കാര്യം പകൽപ്പോലെ വ്യക്തമാണെന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. മറ്റൊന്നുമല്ല, ഭരണസ്ഥിരത ചൈനയുടെ ഒറ്റ പാർട്ടി ഭരണം അവിടെ ഭരണസ്ഥിരത നിലനിർത്തുന്നു. രാജ്യത്തിനുവേണ്ടി ഒറ്റക്കെട്ടായി കഠിനാധ്വാനം ചെയ്ത് ചൈനക്കാർ അവരുടെ രാഷ്ട്രത്തെ സാമ്പത്തികശക്തിയായി കുതിച്ചുയരാൻ നിത്യേന പരിശ്രമിക്കുന്നു. അമേരിക്കയിലാണെങ്കിൽ അഞ്ചു വർഷം റിപ്പബ്ലിക് പാർട്ടി ഭരിച്ചാൽ അതിനെ തടസ്സപ്പെടുത്താതെ ഡെമോക്രാറ്റ് പാർട്ടി കാത്തിരിക്കുന്നു അടുത്ത അഞ്ചു വർഷത്തെ ഭരണം പിടിക്കാൻ വേണ്ടി ജയിച്ചു വരാൻ. റിപ്പബ്ലിക് പാർട്ടിയുടെ ഭരണം മെച്ചപ്പെട്ടതാണെങ്കിൽ അടുത്ത തിരഞ്ഞെടുപ്പിൽ വീണ്ടും റിപ്പബ്ലിക് പാർട്ടിക്ക് ഭരണം നിലനിർത്താൻ സാധിക്കും. അതുപോലെ തന്നെയാണ് ഡെമോക്രാറ്റു പാർട്ടിയുടെയും ഭരണം പിടിച്ചെടുക്കാനും നിലനിർത്താനുമുള്ള സാധ്യതകൾ. അമേരിക്കൻ പ്രതിപക്ഷം ക്ഷമയോടെ കാത്തിരിക്കും വീണ്ടും തിരഞ്ഞെടുപ്പു വരാനും ഭരണം പിടിച്ചെടുക്കാനും. ഒരു പാർട്ടിയുടെ ഭരണകാലത്ത് പ്രതിപക്ഷ പാർട്ടി ക്രിയാത്മകമായി ഭരണപക്ഷത്തെ എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്ത് ലോകത്തിനു നല്ലൊരു ജനാധിപത്യ മാതൃക സമ്മാനിക്കുന്നു, ക്ഷമയോടെ അടുത്ത തിരഞ്ഞെടുപ്പിനു വേണ്ടി കാത്തിരിക്കുന്നു. ഭരണപക്ഷ പ്രതിപക്ഷ ബഹുമാനമില്ലാതെ നശീകരണ പ്രക്രിയകളിൽ ഏർപ്പെടുകയോ ദൈനം ദിന ഭരണ കാര്യങ്ങളിൽ തടസ്സം വരുത്തി തീർക്കുന്ന പ്രക്ഷോഭങ്ങളോ ബഹളങ്ങളോ അമേരിക്കൻ ജനാധിപത്യത്തിൽ കേട്ടുകേൾവി പോലുമില്ല. ഈ അതുല്യമായ ജനാധിപത്യ അച്ചടക്കം അമേരിക്കയെ ലോകത്തിലെ എക്കാലത്തേയും അതുല്യ സാമ്പത്തിക- ജനാധിപത്യ ശക്തിയായി ഒന്നാം സ്ഥാനത്തു തന്നെ നിലനിർത്താൻ സഹായിക്കുന്നുവെന്നത് ഇന്ത്യയിലെ ഏതു യുവരാഷ്ട്രീയ നേതാക്കളും ചോദിച്ചു മനസ്സിലാക്കേണ്ടതും ഭരണപക്ഷ – പ്രതിപക്ഷ ക്രിയാത്മക ഇടപാടുകൾക്കുള്ള നല്ല പാഠം പഠിച്ചെടുക്കേണ്ടതും ഇന്ത്യയുടെ ശോഭനഭാവിക്കു കളമൊരുക്കേണ്ടതുമാണെന്നു നിസ്സംശയം പറയാൻ സാധിക്കും. കഴിഞ്ഞ തിരഞ്ഞെടുപ്പനുസരിച്ച് 2599 രജിസ്റ്റർ ചെയ്ത രാഷ്ട്രീയ പാർട്ടികൾ ഇന്ത്യയിൽ ഇലക്ഷന് മത്സരിച്ചതായി ഇന്ത്യൻ ഇലക്ഷൻ കമ്മീഷൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ 12 പ്രധാന മതവിഭാഗങ്ങൾ നിലവിലുണ്ട്. ഏതാണ്ട് 960 വിവിധ മതാചാരങ്ങളും കൂടി ചേരുമ്പോൾ ഇന്ത്യ വലിയ സങ്കീർണ്ണത നിറഞ്ഞ രാജ്യമാണെന്നതിൽ തർക്കമില്ലല്ലോ. ഇത്രയും സങ്കീർണ്ണതകൾ നിറഞ്ഞ ഇന്ത്യ ലോകത്തിനു മുന്നിൽ ഒരു അത്ഭുത രാഷ്ട്രം തന്നെയാണ്. ഇവിടെ സുഗമമായ സംശുദ്ധ രാഷ്ട്രീയത്തിന് ക്രിയാത്മക നിലപാടുകളും പ്രവർത്തനങ്ങളുമാണ് എല്ലാ രാഷ്ട്രീയ പാർട്ടികളും കാഴ്ചവയ്ക്കേണ്ടത്.........





# ഓരോ തളിരിനും പൂവിനും കായ്‌വരും............

**ശാന്തകുമാരി**

മഹാകവി എൻ. എൻ. കക്കാടിന്റെ കാലിക പ്രസക്തിയുള്ള കവിതയാണ് 'സഫലമീ യാത്ര'. ആരൊക്കെ എന്തൊക്കെ ശരിയും തെറ്റും ചെയ്താലും കാലം നില്ക്കാതെ മുൻപോട്ടു പോവുക തന്നെ ചെയ്യും. ജീവിതവും അനുഭവവും കൊണ്ട് നമ്മെ നേർവഴിക്കു നയിച്ച ഈ നൂറ്റാണ്ടിന്റെ പ്രകാശഗോളങ്ങളായിരുന്ന അവർ നമ്മെ കാലത്തിന്റെ അജയ്യത പഠിപ്പിച്ചിട്ടുള്ളവരാണ്. ലോകപൂജ്യന്മാരായിരുന്ന ഈ ആത്മീയാചാര്യന്മാർ ചിന്താപരമായും ബുദ്ധിപരമായും ഒന്നാം കിടക്കാർ തന്നെയായിരുന്നു.

എനിക്കു രണ്ടാളെ ഗുരുക്കന്മാർ
ഒരാൾ മുകളിലായി വഴികാട്ടുന്നു
ഒരാൾ വടിയൂന്നി നടക്കുന്നു മുന്നിൽ
ഒളിപ്പോരെന്തെന്നു പഠിപ്പീച്ചിലവർ
തിളച്ച വെയിലത്തേ പയറ്റിയിട്ടുള്ളൂ–

എന്നാണ് പാടിയിട്ടുള്ളത്. അപ്പോൾ പിൻഗാമികളും കാലുറപ്പിച്ചു ചവുട്ടി രാജ്യത്തേയും നാട്ടാരേയും ധർമ്മത്തിന്റെ പാതയിൽ കൂടി നയിക്കേണ്ടവരാണല്ലോ. കാലത്തിന്റെ രഥചക്രങ്ങളുരുളുമ്പോൾ, ആ ചക്രങ്ങൾ നമ്മെ പഠിപ്പിക്കുന്നതിതാണ്. എന്നാൽ, കാലം മാറുമ്പോൾ മാറ്റത്തിന്റെ മുഖങ്ങളും കാണേണ്ടി വരും. അപ്പോൾ ലോകവും മനുഷ്യനും ജീവിതവും എല്ലാം മാറി മറിയും.

രണ്ട് ദശകങ്ങൾക്കിടയ്ക്ക് ഇവിടെ എന്തൊക്കെയാണ് സംഭവിച്ചതെന്ന് നമ്മൾ കണ്ടതാണ്. ജീവിതത്തിന്റെ നിലനില്പ്പ് വായുവിലാണ് എന്ന് മനസ്സിലാക്കിയിട്ടും വായുമലിനീകരണത്തിന്റെ കാര്യത്തിൽ നമ്മൾ എന്തു ശ്രദ്ധയാണ് കൊടുത്തത്. ഹരിതാഭമായിരുന്ന നാടിനെ ഓരോ ദിവസം കഴിയുന്തോറും വിഷലിപ്തമാക്കി കൊണ്ടേയിരിക്കുന്നു. ഇത് ജനമറിയാതെ നടക്കുന്ന ഒരു പ്രക്രിയയല്ല. എല്ലാമറിഞ്ഞും, അനന്തരഫലമാണെന്നറിഞ്ഞും വരുത്തി വെയ്ക്കുന്ന വിന. വിനാശത്തിലേക്കുള്ള വീഴ്ച. കാർബൺഡൈ ഓക്സിന്റെയും മറ്റു വിഷ വാതകങ്ങളുടെയും വിളയാട്ടം പാതകളിലുടനീളം. മരങ്ങളുടെ അഭാവം, വായു മലിനീകരണം....... എങ്കിൽ തന്നെയെന്ത് ? ഓരോ ടൈൽ പാകിയ വീട്ടുമുറ്റത്തും മൂന്നു വാഹനങ്ങൾ. അന്യനാടുകളിൽ നിന്ന് നാം വാങ്ങുന്ന ഇന്ധനത്തിന്റെ അമിതോപയോഗം നമുക്കേറ്റവും വലിയ വിഷമമാകുന്നു...............

വെള്ളത്തിന്റെ കാര്യം പറയാനുണ്ടോ? പുഴയും തോടും കുളവും വയലും ചിത്രങ്ങളിൽ മാത്രമായില്ലേ. ഗൃഹാന്തരീക്ഷത്തിലെ എല്ലാ മാലിന്യങ്ങളും കൊണ്ടിടാനുള്ള സ്ഥലമാക്കി നാം ജലസ്രോതസ്സുകളെ ശ്വാസം മുട്ടിക്കുന്നു. ആ മുട്ടൽ തട്ടിമാറ്റൽ ഇടതുകൈകൊണ്ടായിപ്പോയോ. പുഴകൾ വറ്റുന്നു. വയലും കൃഷിയും മറന്നു പോയി. കുളങ്ങൾ കാണാൻ പോലുമില്ല. ഒപ്പം ഇവയിലൂടെ ലോകം കണ്ട എല്ലാ ജീവികളും ഭൂമുഖത്തു നിന്ന് അപ്രത്യക്ഷമായിക്കൊണ്ടേയിരിക്കുന്നു. വെള്ളമില്ലെങ്കിൽ പിന്നെ ജീവനില്ല എന്ന് വ്യക്തമായി അറിയാവുന്ന മനുഷ്യൻ തന്നെയാണ് പക്ഷിമൃഗാദികളെ കൂടി നാശത്തിലേക്ക് തള്ളിക്കൊണ്ട് എല്ലാം വിഷമയമാകുന്നത്. അവനറിയില്ലേ ഇതിന്റെ ഭവിഷ്യത്ത്. എന്നിട്ടും ഒരു പൊട്ടൻ കളി..........

ഈ മണ്ണില്ലെങ്കിൽ പ്രപഞ്ചമില്ല. ഭൂമി നിശബ്ദയായി കരയാൻ തുടങ്ങിയിട്ട് ഏറെ കാലമായി. വിജനതയിലിരുന്നു നോക്കൂ, ശ്രദ്ധിക്കൂ...... ആ തേങ്ങൽ നമുക്ക് കേൾക്കാനാകും. നമ്മൾ ഭൂമിക്ക് നമ്മുടെ അമ്മയ്ക്ക് ഒരു ചരമക്കുറിപ്പെഴുതി. എന്നിട്ടും ഏതെല്ലാം തരത്തിൽ മണ്ണിനെ നശിപ്പിക്കാമോ അതെല്ലാം നാം ചെയ്തുകൊണ്ടേയിരിക്കുന്നു. നശിപ്പിച്ച് നശിപ്പിച്ച് ഇപ്പോഴത് മനുഷ്യന്റെ നിത്യതൊഴിലിന്റെ ഒരു ഭാഗമായി. മണ്ണിനുമില്ലേ ജീവൻ. സ്വന്തം അമ്മയെ കൊല്ലാൻ മടിക്കാത്ത നമുക്ക് എന്ത് മണ്ണ് അല്ലേ? കാടും മലയും കുന്നും എല്ലാം മുടിച്ച് മുടിച്ച് വാസസ്ഥലങ്ങളാക്കി. ദുര മൂത്ത് മൂത്ത് എവിടെയെല്ലാം കെട്ടിടം പണിതു പാർത്താലും സ്ഥലം പോരാത്ത, അല്ല സ്ഥലമില്ലാത്ത അവസ്ഥയായി. പിന്നെ കെട്ടിടസമുച്ചയങ്ങൾ..... ഈ ഭൂമി എത്ര താങ്ങും? ആ ദു:ഖമൊന്നും മനുഷ്യന് പ്രശ്നമല്ല. അവ

ന് സാങ്കേതികതയുടെ എല്ലാ സൗകര്യങ്ങളോടും കൂടി ആകാശക്കൊട്ടാരങ്ങളിൽ വസിച്ചാൽ മതി. പ്രപഞ്ചത്തിന്റെ താളത്തിനും ലയത്തിനും ജൈവനൈരന്തര്യമില്ലെങ്കിൽ പിന്നെന്തു നിലനില്പ്. ഇതൊന്നും ചിന്തിക്കാനും ആധുനിക മനുഷ്യന് നേരമില്ല.

മനുഷ്യന് മാനുഷികമൂല്യം എന്നൊന്നുണ്ടോ എന്ന് ദൈനംദിന സംഭവങ്ങൾ നമ്മോടു ചോദിക്കുന്നു. പുരാണേതിഹാസങ്ങളിലെ രാക്ഷസന്മാർ എത്ര നല്ലവർ. കാട്ടു മൃഗങ്ങൾ എത്ര ശ്രേഷ്ഠർ. മനുഷ്യന്റെ സഹജീവി സ്നേഹം, വാത്സല്യം, കരുണ, പ്രണയം, ഭക്തി, ആദരവ് എല്ലാം വളരെ തരം താണുപോയി. സ്വാർത്ഥതയുടെ മൂർത്തിയാകുമ്പോൾ മൂല്യത്തിന് എന്തു വില! അവനേറ്റവും ഇഷ്ടം അവനെ മാത്രം. ജീവിതത്തിന്റെ നൈതികത കേവലം താളുകളിൽ മാത്രം. സാങ്കേതിക വിദ്യയാണോ മൂല്യങ്ങളെ വിഴുങ്ങിയതും!. ആയിരിക്കുമോ? ശാസ്ത്രസാങ്കേതികതക്ക് എത്ര ശക്തിയുണ്ടെങ്കിലും മഹത്വമുണ്ടെങ്കിലും അതിന്റെ പ്രത്യാഘാതങ്ങൾ മനുഷ്യനിലുണ്ടാക്കുന്ന വകതിരിവില്ലായ്മ അവനല്ലാതെ മറ്റാരാ മനസ്സിലാക്കുക, ആരാ മനസ്സിലാക്കേണ്ടത്. ഇനിയെങ്കിലും ചിന്തിക്കുമോ? സാങ്കേതികാഭിവൃദ്ധിയും ശാസ്ത്രപുരോഗതിയും സമൂഹത്തിൽ മാറ്റം ഉണ്ടാക്കാം. ഗുണങ്ങളുമുണ്ടാകും – പക്ഷെ ഈ പശ്ചാത്തലത്തിൽ നമുക്കു ചോർന്നു പോയത് മറ്റു പലതുമല്ലേ. സങ്കുചിതത്വത്തിന്റെ പ്രതീകമായിമനുഷ്യൻ, എല്ലാം നമുക്കിന്ന് വിരൽ തുമ്പിൽ നമ്മെ ഇണക്കാൻ, അതിലും വേഗം പിരിക്കാൻ – എന്തെല്ലാം കാര്യങ്ങൾ, ഫെയ്സ് ബുക്ക്, വാട്സ് ആപ്പ്, ഇൻസ്റ്റഗ്രാം....... ഇതോ നമ്മുടെ ജീവിത മാനദണ്ഡം. രണ്ടു പതിറ്റാണ്ടിനിടയ്ക്ക് മനുഷ്യനിത്ര മാറാമെങ്കിൽ ഇന്ന് വളർന്നു വരുന്ന കുട്ടികൾ ഭാവിയിൽ റോബോട്ടുകളുടെ കേവലം യാന്ത്രികതയുടെ അടിമകളാകുമോ? പേടിക്കണം. അവർക്കു താമസിക്കാൻ ഭൂമിയുണ്ടാകുമോ? തളിർത്ത മരങ്ങളും മന്ദഹാസം പൊഴിക്കുന്ന പൂക്കളുമുണ്ടാകുമോ. കുട്ടികളെ സ്നേഹിക്കുന്ന മാതാപിതാക്കന്മാരും അവരെ വാത്സല്യത്തോടെ പുണരുന്ന മക്കളും ഉണ്ടാകുമോ? സുന്ദരിയും അമൃതവർഷിണിയുമായ ഈ മണ്ണുണ്ടാകുമോ?

അനന്തമജ്ഞാതമവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്ത്യർ കഥയെന്തു കണ്ടു –

കവികൾ ക്രാന്തദർശികളോ? മനുഷ്യന്റെ ദുർബ്ബലത അവർ എന്നോ കണ്ടറിഞ്ഞിരിക്കുന്നുവല്ലോ.

മാറി മാറി വരുന്ന പ്രകൃതിയുടെ വികൃതികൾ കണ്ടും കൊണ്ടും കേട്ടും അനുഭവിച്ചും എല്ലാം മറന്ന് വീണ്ടും കൂടുതൽ കൂടുതൽ സ്വാർത്ഥനും അഹങ്കാരിയും അത്യാഗ്രഹിയുമായി മറ്റു ജീവിത സുഖങ്ങളെ കാത്തിരിക്കുന്നു. എന്നാണീ തൃഷ്ണ അടങ്ങുക. എന്നാണീ മണ്ണിനേയും മനുഷ്യനേയും സ്നേഹിക്കാൻ പഠിക്കുക – പേടിക്കണം.

സാധാരണക്കാരനായ ഒരു മനുഷ്യന് ഒറ്റയ്ക്ക് ഇക്കാര്യത്തിലൊക്കെ എന്തു ചെയ്യാനാകും. ഇതൊരു നാടിന്റെ സംസ്കാരത്തിന്റെ പ്രതിഭാസം. എല്ലാ തിരിച്ചടികൽക്കും ശത്രുതയ്ക്കും നാശത്തിനുമിടക്കും ലോകനന്മക്കായി ഒരു ശക്തി നേടിയെടുക്കുക തന്നെ വേണം. വ്യക്തിപരമായും സാമൂഹികമായും സാംസ്കാരികമായും ഒരു ത്യാജ്യഗ്രാഹ്യവിവേചനശക്തി മനുക്കുണ്ടാവണം. കാലമുരുളുമ്പോൾ, പഠിപ്പിക്കുന്ന പാഠങ്ങളിലൂടെ ചെയ്ത തെറ്റുകളെ തിരുത്തിയെടുക്കണം. സ്വസുഖം നോക്കുമ്പോൾ അപരനെ ദ്രോഹിക്കാതിരിക്കണം. നമ്മുടെ മണ്ണിനെ, വെള്ളത്തെ, വായുവിനെ, ഈശ്വരന്റെ നാടിനെ മൃത്യുവിൽ നിന്ന് അമരത്വത്തിലേക്ക് നയിക്കണം. വനങ്ങളെ, പക്ഷി മൃഗാദികളെ ഇനിയും വൈകാതെ പുഷ്ടിപ്പെടുത്തണം, രക്ഷിക്കണം...... ഇവരാരുമില്ലെങ്കിൽ നമ്മളില്ലല്ലോ. ദേവിമാരോ, ദേവന്മാരോ അമ്മമാരെ പൂജിച്ചെങ്കിലും കനിവോടെ കാണണം. മതം, വർഗ്ഗം, ജാതി വ്യത്യാസം മറന്ന് ഐക്യത്തിൽ മുറുകെ പിടിക്കണം. ഈശ്വരൻ ആർക്കും സ്വന്തമല്ല, എന്നാൽ എല്ലാവർക്കും സ്വന്തം. നമുക്ക് അറിവു മാത്രം പോരാ തികവും വേണം. ബോധത്തിന് മികവും വേണം. മനസ്സിന്റെയും ബോധത്തിന്റെയും ഉന്നതാവസ്ഥയാണ് മികവ്. ഈ തികവും മികവും മനുഷ്യനുണ്ടാകുമോ.


എങ്കിൽ

'കാലമിനിയുമുരുളും വിഷു വരും
വർഷം വരും തിരുവോണം വരും
പിന്നെയോരോ തളിരിനും പൂവിനും കായ് വരും'

തീർച്ച.







# സാപിയൻസ് : മനുഷ്യരാശിയുടെ ഒരു സംക്ഷിപ്ത ചരിത്രം

**പി. ജയരാജൻ, മാനേജ്മെന്റ് കൺസൾട്ടന്റ്, കൊച്ചി, ഫോൺ : 9847102015**

സാപിയൻസ് എന്ന പുസ്തകത്തിന്റെ രചയിതാവ് ഡോക്ടർ യുവാൽ നോവ ഹരാരി, ജറുസലേമിലെ ഹീബ്റു സർവ്വകലാശാലയിൽ ലോക ചരിത്രം പഠിപ്പിക്കുന്ന പ്രൊഫസർ ആണ്. അദ്ദേഹം ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ നിന്ന് പി. എച്ച്. ഡി ബിരുദം നേടിയിട്ടുണ്ട്. ഡോക്ടർ ഹരാരി കഴിഞ്ഞ ഒമ്പത് വർഷങ്ങൾക്കുള്ളിൽ എഴുതിയ പുസ്തകത്രയങ്ങളാണ് സാപിയൻസ്, ഹോമോസിയൂസ്. 21-ാം നൂറ്റാണ്ടിലെ 21 പാഠങ്ങൾ എന്നിവ. എല്ലാ അഭ്യസ്ത വിദ്യരും അവശ്യം വായിച്ചിരിക്കേണ്ടവയാണ് ഈ മൂന്ന് പുസ്തകങ്ങളും എന്ന് ഞാൻ കരുതുന്നു. മൂന്ന് ലേഖനങ്ങളിലായി ഈ മൂന്ന് കൃതികളെയും അവ വായിക്കാത്തവർക്ക് പരിചയപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പുസ്തകങ്ങൾ മുഴുവൻ വായിക്കുന്നതിന് ഒരിക്കലും പകരമാകില്ല, ഈ പ്രബന്ധങ്ങളുടെ വായന. മൂന്ന് പുസ്തകങ്ങളും വായിക്കാനുള്ള പ്രചോദനമായി എന്റെ ലേഖനങ്ങൾ. മാറിയാൽ ഞാൻ തികച്ചും സംതൃപ്തനായിരിക്കും.

ഈ ലേഖനത്തിൽ 2011 ൽ പ്രസിദ്ധീകരിച്ച 'സാപിയൻസ്' എന്ന കൃതിയെ പറ്റിയുള്ള ചുരുങ്ങിയ വിവരണത്തോടെ തുടങ്ങാം.

## ധാരണ വിപ്ളവം (Cognitors Revolution)

ഏതാണ്ട് ഒരു ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ഈ ലോകത്ത് ചുരുങ്ങിയത് ആറ് മനുഷ്യവർഗ്ഗങ്ങൽ നിവസിച്ചിരുന്നു. ഇന്ന് നമ്മൾ – (ഹോമോ സാപിയൻസ് – ഹോമോ മനുഷ്യൻ – Wise എന്ന വംശം) മാത്രം അവശേഷിക്കുന്നു. നമ്മുടെ വർഗ്ഗം ഈ ലോകത്ത് എങ്ങിനെ ആധിപത്യം നേടി എന്നതിന്റെ വിവരണം ഈ പുസ്തകത്തിൽ വായിക്കാം. ഈ പുസ്തകത്തെ പറ്റിയുള്ള മുൻ അമേരിക്കൻ പ്രസിഡന്റ് ബാറക്ക ഒബാമയുടെ അഭിപ്രായം ശ്രദ്ധിക്കാം. രസകരവും പ്രകോപിപ്പിക്കുന്നതും....... നമ്മൾ എത്ര കുറച്ചു സമയമേ ആയുള്ളു ഈ ലോകത്ത് ജീവിക്കാൻ തുടങ്ങിയിട്ട് എന്നുള്ളതിനെകുറിച്ച് ഈ പുസ്തകം ഒരു ബോധവും വീക്ഷണവും നൽകുന്നു.

1350 കോടി (13.5 ബില്ല്യൺ) വർഷങ്ങൾക്കു മുമ്പ് വൻ സ്ഫോടനം എന്ന പ്രക്രിയയിലൂടെ പദാർത്ഥം, (matter) ഊർജ്ജം (Energy), സമയം, ഇടം (Space) എന്നിവ ഉത്ഭവിച്ചു. നമ്മുടെ പ്രപഞ്ചത്തിന്റെ മൗലികമായ മുഖഭാവങ്ങളുടെ കഥയെ നാം ഊർജ്ജതന്ത്രം (Physics) എന്ന് വിളിച്ചു. ഇവയുടെ ഉത്ഭവത്തിനുശേഷം ഏതാണ്ട് മൂന്ന് ലക്ഷം വർഷങ്ങൾ പിന്നിട്ടപ്പോൾ പദാർത്ഥവും, ഊർജ്ജവും കൂടിച്ചേർന്ന് സങ്കീർണമായ ഘടനകളുള്ള പരമാണുക്കളും (Atoms) അവ സംയോജിച്ച് തൻമാത്രകളും (Molecules) രൂപം കൊണ്ടു. പരമാണുക്കളുടെയും തൻമാത്രകളുടെയും കഥയും അവയുടെ പരസ്പര പ്രവർത്തനവും രസതന്ത്രത്തിലേക്ക് വഴികാട്ടി. ഏതാണ്ട് 380 കോടി (3.8 ബില്ല്യൺ) വർഷങ്ങൾക്കു മുൻപ് ഭൂമിയിൽ ചില തൻമാത്രകൾ കൂടിച്ചേർന്ന് സങ്കീർണമായ ഘടനകളുള്ള അണുജീവികൽക്ക് രൂപം നൽകി. അവയുടെ ചരിത്രത്തെ നാം ജീവശാസ്ത്രം (Biology) എന്ന് വിളിച്ചു.

70,000 കൊല്ലങ്ങൾക്ക് മുൻപ് അണുജീവികളിൽ നിന്ന് തുടക്കം കുറിച്ച ഹോമോ സാപിയൻസ് എന്നറിയപ്പെടുന്ന വർഗ്ഗം കൂടുതൽ വിശദവും സങ്കീർണവുമായ ഘടനകളുള്ള സംസ്കാരങ്ങൽക്ക് ജന്മം നൽകി. മനുഷ്യസംസ്കാരങ്ങളുടെ പിന്നിലുള്ള വളർച്ച ചരിത്രമെന്ന നാമധേയത്തിൽ അറിയപെടുന്നു.

മൂന്ന് മുഖ്യ വിപ്ലവങ്ങൾ ചരിത്രത്തെ സൃഷ്ടിച്ചു. അറിവിന്റെ അല്ലെങ്കിൽ ധാരണയുടെ വിപ്ലവം (Cognitive Revolution) ഏതാണ്ട് 70,000 വർഷങ്ങൾക്ക് മുമ്പ് ചരിത്രത്തിന് തുടക്കം കുറിച്ചു. 10,000 കൊല്ലങ്ങൽക്ക് മുൻപ് ആരംഭിച്ച കാർഷിക വിപ്ലവം (Agricultural Revolution) ഈ പ്രക്രിയയക്ക് ആക്കം കൂട്ടി. ഏതാണ്ട് 500 വർഷങ്ങൾക്കു മുൻപ് തുടങ്ങിയ ശാസ്ത്രീയ വിപ്ലവം (Scientific Revolution) ചരിത്രം അവസാനിപ്പിക്കാനും തികച്ചും വ്യത്യസ്തമായ ഏതോ ഒന്നിന്റെ ആരംഭം കുറിക്കാനും സാധ്യതയുണ്ട്. സാപിയൻസ് എന്ന കൃതി ഈ മൂന്ന് വിപ്ലവങ്ങളുടെ കഥയും, അവ മനുഷ്യരേയും മറ്റു ജീവജാലങ്ങളേയും എങ്ങിനെ ബാധിച്ചു എന്നുള്ളതും വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ചരിത്രത്തിന് വളരെ മുൻപേ മനുഷ്യൻ ഈ ലോകത്ത് ജീവിച്ചിരുന്നു. ഏതാണ്ട് 25 ലക്ഷം വർഷങ്ങൾക്കു മുൻപാണ് മനുഷ്യൻ ഭൂമിയിൽ ആദ്യം പ്രത്യക്ഷപ്പെട്ടത്. പക്ഷെ എണ്ണമില്ലാത്ത തലമുറകൾ അവർ തങ്ങളുടെ വാസസ്ഥലം പങ്കിട്ടിരുന്ന മറ്റ് ജീവികളിൽ നിന്ന് വ്യത്യസ്ഥങ്ങളായിരുന്നില്ല, മുന്തിനിന്നിരുന്നമില്ല. പ്രാചീന മനുഷ്യർ നിസ്സാരങ്ങളായ ജീവികളായിരുന്നു. അവർക്ക് ഗൊറില്ലകൾ, ജെല്ലി ഫിഷുകൾ, ഈയാം പാറ്റകൾ, ഇവയെക്കാൾ ഉപരിയായി പരിതസ്ഥിതിയിൽ യാതൊരു സ്വാധീനവും ചെലുത്താനായില്ല. നമ്മുടെ അടുത്ത ബന്ധുക്കൾ ചിപാൻസികളും, ഗൊറില്ലകളും ഒറാങ്ങുട്ടാനുകളുമായിരുന്നു. വലുതും ശബ്ദമാനമായതുമായ വാലില്ലാകുരങ്ങ് എന്ന വലിയ കുടുംബത്തിന്റെ ഭാഗമായിരുന്നു നമ്മൾ. ഏതാണ്ട് 60 ലക്ഷം വർഷങ്ങൾക്കു മുൻപ് ഒരു പെൺ വാലില്ലാ കുരങ്ങിന് രണ്ട് പെൺമക്കൾ ഉണ്ടായിരുന്നു. ഒന്ന് എല്ലാ ചിംപാൻസികളുടെയും പൂർവവികയായി. മറ്റത് നമ്മുടെ മുതു മുത്തശ്ശിയും.

ഏതാണ്ട് 2.5 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് കിഴക്കൻ ആഫ്രിക്കയിലാണ് മനുഷ്യരെ ആദ്യമായി കാണപ്പെട്ടത്. അവർ ‘Southern Ape’ എന്ന വംശത്തിൽ നിന്ന് പരിണമിച്ചവരായി കണക്കാക്കപ്പെടുന്നു. അവരിൽ ചിലർ രണ്ട് ദശലക്ഷം വർഷങ്ങൾക്ക് മുൻപ് സ്വദേശം വിട്ട് പോകുകയും, വടക്കൻ ആഫ്രിക്ക, യൂറോപ്പ്, ഏഷ്യ എന്നീ ഭൂഗണ്ഡങ്ങലിൽ കുടിയേറി പാർക്കാൻ തുടങ്ങുകയും ചെയ്തു. യൂറോപ്പിലും, പടിഞ്ഞാറെ ഏഷ്യയിലുമുണ്ടായിരുന്ന മനുഷ്യവർഗ്ഗത്തെ നിയാന്റർ താൽസ് (Neander Thals നിയാന്റർ താഴ്വരയിൽ നിന്നുള്ള മനുഷ്യൻ) എന്നറിയപ്പെട്ടു. അവർ സാപിയൻസിനേക്കാൾ കായബലവും വലിപ്പവിമുള്ളവരായിരുന്നു.

ഏഷ്യയുടെ കിഴക്കൻ ഭാഗങ്ങളിൽ കണ്ടിരുന്ന മനുഷ്യർ ‘Homo Erectus’ എന്ന വംശത്തിൽ പെട്ടവരായിരുന്നു. നിവർന്നു നിൽക്കുന്ന മനുഷ്യൻ (Upright Man) എന്ന് അറിയപ്പെട്ടിരുന്ന ഈ വംശജർ ഏതാണ്ട് രണ്ട് ദശലക്ഷം വർഷങ്ങൾ ജീവിച്ചിരുന്നു. സാപിയൻസിന് കൂടി ഈ റിക്കാർഡ് തകർക്കുവാൻ കഴിയുമോ എന്നത് സംശയാസ്പദമാണ്.

ഇൻഡൊനേഷ്യയിലെ ജാവ ദ്വീപിൽ നിവസിച്ചിരുന്ന വർഗ്ഗമാണ് Homo Soloensis Sole താഴ്വരയിൽ നിന്നുള്ള മനുഷ്യൻ. അവർ ഉഷ്ണ മേഖലയിൽ ജീവിക്കാൻ അനുയോജ്യരായിരുന്നു. മറ്റൊരു ഇൻഡൊനേഷ്യൻ ദ്വീപായ Flores ൽ Homo Floresiensis എന്ന പുരാതനമായ ഒരു മനുഷ്യവർഗ്ഗം ജീവിച്ചിരുന്നു. അവർ ഹൃസ്വകായരായിരുന്നു. അപൂർവമായ ഈ വർഗ്ഗത്തിന് ഒരു മീറ്ററിൽ താഴെ ഉയരവും 25 കിലോഗ്രാമിൽ താഴെ ഭാരവും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

വേറൊരു നഷ്ടപ്പെട്ട കൂടപ്പിറപ്പായിരുന്നു Homo Denisova. 2010– ൽ ശാസ്ത്രജ്ഞർ സൈബീരിയയിലെ ഗുഹകളിൽ നിന്ന് കുഴിച്ചെടുത്ത കൈവിരലുകളുടെ അസ്ഥിയുടെ അവശിഷ്ടങ്ങളുടെ വിശകലനത്തിൽ നിന്നാണ് വിസ്മൃതിയിലാണ്ട് കിടന്നിരുന്ന ആ മനുഷ്യവംശത്തെ കണ്ടെടുത്തത്.

മേൽ പറഞ്ഞ മനുഷ്യവംശങ്ങളിൽ പലതും യൂറോപ്പിലും ഏഷ്യയിലും വികാസം പ്രാപിച്ചപ്പോൾ തന്നെ കിഴക്കെ ആഫ്രിക്കയിലും മനുഷ്യരുടെ വളർച്ച തുടരുന്നുണ്ടായിരുന്നു. Homo Rudolfensis (Rudolf തടാകതീരത്തു നിന്നുള്ള മനുഷ്യൻ) Homo Eragaster (കർമ്മ വ്യാപൃതനായ മനുഷ്യൻ) തുടങ്ങി ഒടുവിൽ നമ്മുടെ വംശമായ Homo Sapiens (വിവേകിയായ മനുഷ്യൻ) എന്നിങ്ങനെ ധാരാളം മനുഷ്യവർഗ്ഗങ്ങൾ ഭൂമിയിൽ താമസമാക്കിയിരുന്നു. ഏതാണ്ട് രണ്ട് ദശലക്ഷം വർഷങ്ങൾ മുതൽ 10,000 വർഷങ്ങൾ വരെ ലോകത്തെ പല തരത്തിലുള്ള മനുഷ്യ വംശജർ നിവസിച്ചിരുന്നു. ഒരു ദശലക്ഷം വർഷങ്ങൾക്കു മുൻപ് ചുരുങ്ങിയത് ആറ് പ്രത്യേക മനുഷ്യവംശജർ ഈ ലോകത്ത് ജീവിച്ചിരുന്നതായി കണക്കാക്കപ്പെടുന്നു.

മനുഷ്യജാതിയിലുണ്ടായിരുന്ന പല വ്യത്യാസങ്ങളും മാറ്റി നിർത്തിയാൽ അവർ നിർണ്ണായകമായ ചില സവിശേഷതകൾ പങ്കു വെച്ചിരുന്നു. മറ്റ് ജീവികളുമായ താരതമ്യം ചെയ്യുമ്പോൾ അവയിൽ ഗണനീയമായത് മനുഷ്യരുടെ അസാധാരണമായ മസ്തിഷ്കമാണ്. സാപിയൻസിന്റെ തലച്ചോറ് ഏതാണ്ട് 1200–1400 ഗ്രാം ഭാരമുള്ളതാണ്. Neander Thals ന്റെ തലച്ചോറുകൾ ഇതിലും വലിപ്പമുള്ളതായിരുന്നു. സസ്തന ജീവികളുടെ (Mammals) തലച്ചോറിന്റെ വലിപ്പം ശരാശരി 200 മീറ്റർ ആണ്. വലിയ മസ്തിഷ്കം മെച്ചപ്പെട്ട പഠന പാടവങ്ങൾ സങ്കീർണമായ സാമൂഹ്യ ഘടനങ്ങൾ മുതലായവ അവർക്ക് വലിയ പ്രയോജനകരമായിരുന്നു.

മറ്റൊരു പ്രത്യേക മനുഷ്യലക്ഷണം അവർ രണ്ട് കാലുകളിൽ നിവർന്നു നടക്കുന്നുവെന്നതാണ്. അവരുടെ ഉയർന്ന കാഴ്ചക്ക് നടുവേദനയുടെയും കഴുത്തുളുക്കിന്റെയും രൂപത്തിൽ ഒരു നല്ല വില നൽകേണ്ടി വന്നിട്ടുണ്ട്. സ്ത്രീകൾക്ക് കൂടുതൽ കനത്ത വില കൊടുക്കേണ്ടി വന്നു. നിവർന്നു നടക്കുന്ന രീതിക്ക് കൂടുതൽ ഇടുങ്ങിയ അരക്കെട്ട് ആവശ്യമായി വന്നു. ഇത് ഗർഭപാത്രത്തിലേക്കുള്ള പാതയെ (യോനി) സങ്കോചിപ്പിച്ചു. അതേ സമയം ശിശുക്കളുടെ ശിരസ്സുകൾ വലുതായികൊണ്ടിരുന്നു. പ്രസവത്തിലുള്ള മരണം സ്ത്രീകൾക്ക് ഒരു വലിയ ആപത്തായി മാറി. മറ്റ് ജീവികളുമായി താരതമ്യ ചെയ്യുമ്പോൾ മനുഷ്യശിശുക്കൾ സമയമാകുന്നതിനു മുമ്പ് (Premature) പിറക്കാനാരംഭിച്ചു. കുഞ്ഞുങ്ങൾ കൂടുതൽ നിസ്സഹായരും അവരുടെ വളർച്ചക്കും വിദ്യാഭ്യാസത്തിനും വളരെ വർഷങ്ങൾ മുതിർന്ന വരെ ആശ്രയിക്കേണ്ടിയും വന്നു. ഈ വസ്തുത മനുഷ്യരാശിയുടെ അസാധാരണമായ സാമൂഹിക കഴിവുകൾക്കും സമാനമില്ലാത്ത സാമൂഹ്യ പ്രശ്നങ്ങൾക്കും സഹായകമായിട്ടുണ്ട്.

മുകളിലേക്കുള്ള പാതയിലെ കാര്യമായ ഒരു ചുവട് ഏതാണ്ട് എട്ട ലക്ഷം വർഷങ്ങൽക്ക് മുൻപ് തന്നെ സംഭവിച്ച അഗ്നിയെ മെരുക്കി എടുക്കലാണ്. മനുഷ്യനും മറ്റ് മൃഗങ്ങളും തമ്മിലുള്ള വ്യക്തമായ വേർതിരിവിന് ഇത് വഴിവെച്ചു. അഗ്നി ആഹാരത്തിന്റെ രസതന്ത്രത്തിനേയും, ജീവശാസ്ത്രത്തേയും മാറ്റി മറിച്ചു. സാപിയൻസിന്റെ ഉത്ഭവത്തോടെ, കഴിഞ്ഞ ഏതാണ്ട് ഒരു ലക്ഷം വർഷങ്ങൾക്കുള്ളിൽ മനുഷ്യൻ ഭക്ഷ്യശൃംഖലയുടെ ശിഖരത്തിലേക്ക് കുതിച്ചുയർന്നു. സാപിയൻസ് വളരെക്കാലം ഭക്ഷണത്തിന് വേണ്ടി അലഞ്ഞു തിരിഞ്ഞവരായിരുന്നു. ഭക്ഷണത്തെ ബാധിക്കുന്ന രോഗാണുക്കളെയും, പരോപജീവികളേയും പാചകം നശിപ്പിച്ചു. ചിംപാൻസികൾ പാകം ചെയ്യാത്ത ഭക്ഷണം ചവച്ചിറക്കാൻ ഏതാണ്ട് അഞ്ച് മണിക്കൂർ സമയം ചിലവഴിച്ചപ്പോൾ പാകം ചെയ്ത ഭക്ഷണം കഴിക്കുന്ന മനുഷ്യർക്ക് ഒരു മണിക്കൂർ സമയം ധാരാളം മതിയായിരുന്നു.

70,000 –30,000 വർഷങ്ങൾക്കിടയിലുള്ള കാലഘട്ടം, ബോട്ടുകൾ, എണ്ണ വിളക്കുകൾ, അമ്പും വില്ലും ചൂടുള്ള തുണിത്തരങ്ങൾ തുന്നിയെടുക്കാൻ അത്യാവശ്യ മായ സൂചികൾ എന്നിവയുടെ കണ്ടുപിടുത്തത്തിന് സാക്ഷ്യം വഹിച്ചിരുന്നു. ലോകത്തെക്കുറിച്ചുള്ള വിവരങ്ങൾ പങ്കു വെക്കാനുള്ള മാർഗ്ഗമായി സാപിയൻസിന്റെ മെരുക്കമുള്ള ഭാഷ വികാസം പ്രാപിച്ചിരുന്നു. അവർ കിഴക്കൻ ആഫ്രിക്കയിൽ നിന്ന് അറേബ്യൻ പെനിൻസുലയിലേക്കും അവിടെ നിന്ന് യൂറേഷ്യ മുഴുവനുമായി പരന്നു. അവരെ കുറ്റപ്പെടുത്താമോ എന്ന് തീർച്ചയില്ലെങ്കിലും സാപിയൻസ് ഒരു ദേശത്ത് ചെല്ലുമ്പോൾ അവിടെയുണ്ടായിരുന്ന മറ്റ് മനുഷ്യവംശങ്ങൾ നാമാവശേഷമായിത്തീർന്നു. സമാനതകളില്ലാത്ത ഭാഷയും,

സാമൂഹിക സഹകരണം ഡാർവിന്റെ സിദ്ധാന്തമനുസരിച്ചുള്ള പരിതസ്ഥിതിയോട് ഇണങ്ങാമുള്ള കഴിവ് എന്നിവ സാപിയൻസിനെ തുണച്ചു. ആവശ്യാനുസരണം തങ്ങളുടെ പെരുമാറ്റത്തിൽ തക്കതായ മാറ്റങ്ങൾ വരുത്താനും ലോകത്തെ കുറിച്ചുള്ള ധാരാളം വിജ്ഞാനം മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനും അപരിചിതരായവരുടെ കൂട്ടങ്ങൾ തമ്മിലുള്ള സഹകരണം ഉറപ്പാക്കാൻ കഴിഞ്ഞതും സാമൂഹിക പെരുമാറ്റത്തിൽ വരുത്താൻ കഴിഞ്ഞ നവീകരണങ്ങളും മറ്റും അവരുടെ വിജയത്തിന് സഹായിച്ചിരുന്നു.

സാപിയൻസ് മുഖ്യമായും ഒരു സാമൂഹിക ജീവിയാണ്. പരസ്പര സഹകരണം ഇവരുടെ അതിജീവനത്തിന്റെയും പുനരുല്പാദനത്തിന്റെയും ഉത്തരമാണ്. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള വിവരസംക്രമണത്തിനുള്ള കഴിവ് ഇതിൽ ഉൾപ്പെടുന്നു. ധാരണാവിപ്ലവത്തോടെ ഐതിഹ്യങ്ങൾ കാൽപ്പനിക കഥകൾ, ദൈവങ്ങൾ, മതങ്ങൾ തുടങ്ങിയവയെല്ലാം ആദ്യമായി പ്രത്യക്ഷപ്പെടാൻ തുടങ്ങി. കഥകളെക്കുറിച്ച് സംസാരിക്കാനുള്ള കഴിവ് സാപിയൻസിന്റെ ഭാഷയുടെ സമാനതകളില്ലാത്ത മുഖചരായയായിരുന്നു. കാൽപ്പനിക കഥകൾ സാപിയൻസിന് ജനങ്ങളെ വലിയ സംഖ്യകളിൽ വഴക്കത്തോടെ സഹകരിപ്പിക്കാനുള്ള അത്ഭുതപൂർവ്വമായ കഴിവുകൾ നൽകിയിരുന്നു. എങ്ങിനെയാണ് സാപിയൻസ് ഒടുവിൽ ശതകോടി ജനങ്ങളെ ഭരിക്കാനും, നഗരങ്ങളും, സാമ്രാജ്യങ്ങളും കെട്ടിപ്പടുക്കാനും പ്രാപ്തരായത്? ഒറ്റ വാക്കിലുള്ള ഉത്തരം നേരത്തെ സൂചിപ്പിച്ചപ്പോലെ കഥകളുടെ ആവിർഭാവങ്ങളാണ്.

കാർഷിക വിപ്ലവത്തിന് മുൻപ് തന്നെ സാപിയൻസ് മെരുക്കിയെടുത്ത ആദ്യത്തെ മൃഗം നായയായിരുന്നു. വ്യാവസായിക വിപ്ലവത്തിന് മുൻപ് സാപിയൻസ് പല സസ്യങ്ങളേയും ജന്തുക്കളേയും ഈ ലോകത്തു നിന്നും തുടച്ചു മാറ്റി. ജീവശാസ്ത്രത്തിന്റെ ചരിത്രത്തിൽ ഏറ്റവും മാരകമായ വംശമായി അവരെ കണക്കാക്കപ്പെടുന്നുണ്ട്.

## കാർഷിക വിപ്ലവം (Agricultural Revolution)

ഏതാണ്ട് 25 ലക്ഷം വർ.ങ്ങൾ സസ്യങ്ങളെ ശേഖരിച്ചും മൃഗങ്ങളെ വേട്ടയാടിയും വലിയ ഇടപെടലൊന്നുമില്ലാതെ മനുഷ്യർ സ്വയം ഊട്ടി ജീവിച്ചു. ഏതാണ്ട് 10,000 വർഷങ്ങൾക്കു മുൻപ് സാപിയൻസ് അവരുടെ സമയവും പരിശ്രമവും ചില മൃഗങ്ങളേയും സസ്യഇനങ്ങളേയും മെരുക്കിയെടുക്കാൻ വേണ്ടി വിനിയോഗിക്കാൻ ആരംഭിച്ചു. കാർഷിക വിപ്ലവത്തിന് തുടക്കം കുറിച്ചത് അപ്രകാരമായിരുന്നു. തെക്കു കിഴക്കൻ തുർക്കി പടിഞ്ഞാറൻ ഇറാൻ ലെവന്റ് (മെഡിറ്ററേനിയൻ കടലിന്റെ കിഴക്കു ഭാഗത്തുള്ള ചില ദ്വീപുകളും, രാജ്യങ്ങളും) എന്നീ രാജ്യങ്ങളിലാണ്. ഏതാണ്ട് ബി. സി. 9500 - 8500 കാലഘട്ടത്തിൽ കൃഷിയിലേക്കുള്ള പരിവർത്തനം ആരംഭിച്ചത്. നിയന്ത്രിതമായ ഒരു പ്രദേശത്താണ് അത് മെല്ലെ തുടക്കം കുറിച്ചത്. ഏതാണ്ട് 9000 ബി. സി. യോടെ ഗോതമ്പിനേയും കോലാടുകളേയും മനുഷ്യർ ഇണക്കി കഴിഞ്ഞിരുന്നു. കഴിഞ്ഞ 2000 വർഷങ്ങളിൽ ശ്രദ്ധാർഹമായ ഒരു സസ്യത്തെയോ, ജീവിയേയോ മെരുക്കി എടുത്തിട്ടില്ല. ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ കൃഷി ഉത്ഭവിച്ചത് പശ്ചിമേഷ്യൻ കൃഷിക്കാർ തങ്ങളുടെ വിപ്ലവം കയറ്റുമതി ചെയ്തതിനാലല്ല, മറിച്ച് അത് തികച്ചും സ്വതന്ത്രമായിട്ടായിരുന്നു. ഉദാഹരണത്തിന്, തെക്കേ അമേരിക്കക്കാർ ഉരുളക്കിഴങ്ങ് വിളയിക്കാനും, ചൈനയിലെ ആദ്യത്തെ വിപ്ലവകാരികൾ നെൽച്ചെടിയെ മെരുക്കിയെടുക്കാനും തന്നെ പഠിച്ചെടുത്തു. ഏതാണ്ട് എ.ഡി. ഒന്നാം നൂറ്റാണ്ട് ആയപ്പോഴേക്കും ലോകത്തിന്റെ മിക്കവാറും സ്ഥലങ്ങളിലുള്ള ബഹുഭൂരിപക്ഷം ജനങ്ങളും കർഷകരായി കഴിഞ്ഞിരുന്നു. നമ്മുടെ പൂർവ്വികർ ശേഖരിക്കുകയും, വേട്ടയാടുകയും ചെയ്ത നൂറു കണക്കിന് ജനങ്ങളിൽ ചുരുക്കം ചിലതു മാത്രമേ കൃഷിക്കും, മൃഗപാലനത്തിനും അനുയോജ്യമായിരുന്നുള്ളൂ. ആ ചുരുങ്ങിയ എണ്ണങ്ങൾ നിവസിച്ചിരുന്ന പ്രത്യേക സ്ഥലങ്ങളിലാണ് കാർഷിക വിപ്ലവം ഉടലെടുത്തത്.

ഒരു ശരാശരി കർഷകൻ അതിനുമുൻപുണ്ടായിരുന്ന ഭക്ഷണം തിരഞ്ഞു നടക്കുന്നവനേക്കാൽ കൂടുതൽ കഠിനമായി പ്രവർത്തിച്ചുവെങ്കിലും അയാൾക്ക് മോശമായ ഒരു ഇടപാടായിരുന്ന പകരം ലഭിച്ചത്. അത് ചരിത്രത്തിലെ ഏറ്റവും മാരകമായ ഒരു തട്ടിപ്പായി മാറി. നമ്മൾ ഗോതമ്പിനെ മെരുക്കുന്നതിന് പകരം ഗെതമ്പാണ് നമ്മെ മെരുക്കിയെടുത്തത്. പല നൂറ്റാണ്ടുകളിലും, സബസ്രാബ്ദങ്ങളിലും പരന്നു കിടക്കുന്ന കാലക്രമേണയുള്ള ഉയർച്ചയുടെ ഒരു പ്രക്രിയയായിരുന്നു കൃഷിയുടേത്.

കൃഷി ഒരു തെറ്റായ കണക്കു കൂട്ടലായിരുന്നു. ചരിത്രം മുഴുവൻ ഇതിനേക്കാളും മോശവും ബുദ്ധിശൂന്യവുമായ പല കണക്കു കൂട്ടലുകളും ഉണ്ടായിട്ടുണ്ടെങ്കിലും ക്ലേശമുള്ള കൃഷി ദൂരവ്യാപകമായ പരിണിത ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. വിപുലമായ





രാഷ്ട്രീയവും, സാമൂഹികവുമായ അടിത്തറ പാകാൻ കൃഷി വളരെ സഹായകമായിട്ടുണ്ട്. കൃഷിക്കാരന്റെ മിച്ചമുള്ള ഭക്ഷണത്തെ ആശ്രയിച്ച് ജീവിക്കാൻ എല്ലായിടത്തും ഭരണാധികാരികളും, വരേണ്യ വർഗ്ഗവും ചാടി പുറപ്പെടാൻ തുടങ്ങിയതിനാൽ കർഷകന് കഷ്ടിച്ച് ഉപജീവനം കഴിക്കാൻ മാത്രമേ സാധിച്ചിരുന്നുള്ളൂ. കൃഷിക്കാരന് നഷ്ടപ്പെട്ട മിച്ച ആഹാരം രാഷ്ട്രീയം, യുദ്ധങ്ങൾ, കല, തത്വചിന്ത, എന്നിവയെ ഉദ്ദീപിപ്പിച്ചു. മറ്റുള്ളവർ വയലുകൾ ഉഴുകയും, വെള്ളം നിറച്ച കുടങ്ങൾ ചുമക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ അനുഗ്രഹീതരായ ചുരുക്കം ചിലരുടെ ചെയ്തികളാണ് ചരിത്രമായി മാറിയത്.

ശാരീരികമായ ബലവും, സാമൂഹികമായ അധികാരവും തമ്മിൽ ഒരു വിപരീതമായ ബന്ധമാണുള്ളതെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. പല സമൂഹകങ്ങളിലും കായികമായ ജോലികളെല്ലാം ചെയ്യുന്നത് താഴെ തട്ടിലുള്ള മനുഷ്യരാണ്. പുരുഷാധികാരം ബലത്തിൽ നിന്ന് സംജാതമായതല്ല, അക്രമണ സ്വഭാവത്തിൽ നിന്നാണ്. വർഷങ്ങളായുള്ള പരിണാമപ്രക്രിയ പുരുഷന്മാരെ സ്ത്രീകളേക്കാളും അക്രമാസക്തരാക്കി മാറ്റിയിട്ടുണ്ട്.

## മനുഷ്യരാശിയുടെ ഏകീകരണം

കാർഷിക വിപ്ലവത്തിനുശേഷം മനുഷ്യ സമൂഹങ്ങൾ കൂടുതൽ വിപുലവും, സങ്കീർണ്ണവുമായി വളർന്നു. ലക്ഷകണക്കിന് അപരിചിതരെ ഫലപ്രദമായി സഹകരിപ്പിക്കാൻ സംസ്കാരമെന്ന് വിളിക്കുന്ന കൃത്രിമമായ ജന്മവാസനകൾ അവരിൽ സൃഷ്ടിച്ചു. ഓരോ സംസ്കാരത്തിനും അതിന്റേതായ മാതൃകയായ വിശ്വസങ്ങളും, നിയമങ്ങളും, മൂല്യങ്ങളും കാണാം. പക്ഷെ അവ തുടർച്ചയായ പരിവർത്തനത്തിലാണ് ഓരോ മനുഷ്യസംസ്കാരത്തിന്റെയും വേർപെടുത്താനാവാത്ത അംശമാണ് വൈരുദ്ധ്യങ്ങൾ എന്ന് പറയാൻ കഴിയും. വൈരുദ്ധ്യങ്ങളായ വിശ്വസങ്ങളും മൂല്യങ്ങളും വെച്ചു പുലർത്താൻ കഴിഞ്ഞില്ലെങ്കിൽ ഒരു മനുഷ്യ സംസ്കാരവും സ്ഥാപിക്കുവാനോ നിലനിർത്തുവാനോ സാധ്യമല്ല. എത്ര സാമ്രാജ്യങ്ങളും മതങ്ങളും ഇന്നത്തെ ഒന്നായ ലോകത്തിന്റെ അടിത്തറ പാകിയിട്ടുണ്ട്?

പണം രണ്ട് സാർവ്വത്രിക പ്രമാണങ്ങളനുസരിച്ച് പ്രവർത്തിക്കുന്നു. അതിന്റെ പൊതുവിലുള്ള പരിവർത്തന ക്ഷമതയും സാർവ്വത്രിക വിശ്വാസവും പണം സമൂഹത്തിന്റെയും, മതത്തിന്റെയും രാഷ്ട്രത്തിന്റെയും വാതിലുകൾ അടക്കുമ്പോൾ ലോകം ഒരു വലിയ കമ്പോളമായി മാറുവാനുള്ള അപകടം പതിയിരിപ്പുണ്ട്.

സാമ്രാജ്യം കാര്യമായ എണ്ണങ്ങളുള്ള ഭിന്നമായ ഒരു ജനതയെ ഭരിക്കുന്നു. അവർ പ്രത്യേക വ്യക്തിത്വമുള്ളവരും പ്രത്യേക പ്രദേശത്തുള്ളവരുമായിരിക്കും. സാമ്രാജ്യങ്ങളെ വഴങ്ങുന്ന അതിർത്തികളുള്ളതും, അടങ്ങിയിരിക്കുന്ന അപരിചിതമായ ആസക്തിയോടു കൂടിയവയുമായി വിശേഷിപ്പിക്കപ്പെടുന്നു. നമുക്ക് കൃത്യമായ വിവരമുള്ള ആദ്യത്തെ സാമ്രാജ്യം മഹാനായ സാർഗോണിന്റെ അക്കാഡിയൻ (Akkadian) സാമ്രാജ്യമായിരുന്നു. അദ്ദേഹം തന്റെ ഭരണമാരംഭിച്ചത് മെസപ്പൊട്ടമിയയിലെ ഒരു ചെറിയ നഗര രാഷ്ട്രമായ കിഷ്ലെ രാജാവായിട്ടാണ്. താമസിയാതെ അദ്ദേഹത്തിന്റെ സാമ്രാജ്യം പേഴ്സ്യൻ ഗൾഫ് മുതൽ മെഡിറ്ററേനിയൻവരെയും, ഇറാക്കും സിറിയയും മുതൽ ഇറാനും തുർക്കിയും വരെയും നീണ്ടതായി മാറി.

## ശാസ്ത്രീയ വിപ്ലവം

ഏതാണ്ട് 500 വർഷങ്ങൾക്കു മുമ്പ് (AD 1500) ചരിത്രം അതിന്റെ ഏറ്റവും ഗൗരവാഹമായ തിരഞ്ഞെടുപ്പ് നടത്തി. ഇത് ലോകത്തിലെ ജീവിതത്തിന്റെ വിധിയെ തന്നെ മാറ്റി മറിച്ചു. അതിനെ നാം ശാസ്ത്രീയ വിപ്ലവമെന്ന് വിളിച്ചു. അത് ആദ്യമായി ഉടലെടുത്തത് പടിഞ്ഞാറെ യൂറോപ്പിലാണ്. ഈ കാലഘട്ടം മനുഷ്യശക്തിയുടെ അസാമാന്യമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. എ.ഡി. 1500 ൽ ഈ ലോകത്ത് 50 കോടി സാപിയൻസ് ഉണ്ടായിരുന്നു. 2010 ൽ 700 കോടിയും കഴിഞ്ഞ 500 വർഷങ്ങളിലെ ഏറ്റവും ശ്രദ്ധേയമായ നിമിഷം സംഭവിച്ചത്. 1945 ജൂലൈ 16 ന് ന്യൂ മെക്സിക്കോ സംസ്ഥാനത്തുള്ള Alzmogardo എന്ന സ്ഥലത്ത് പരീക്ഷണാർത്ഥം ആദ്യത്തെ ആറ്റം ബോംബ് പൊട്ടിച്ചതായിരുന്നു.

ആധുനിക ശാസ്ത്രം മുൻപുള്ള പരമ്പരാഗതമായ വിജ്ഞാനത്തിന്റെ പാരമ്പര്യത്തിൽ നിന്ന് മൂന്ന് വിധത്തിൽ വ്യത്യസ്തമാണ്.

അജ്ഞതയെ സമ്മതിക്കാനുള്ള മനസ്സ്

നിരീക്ഷണത്തിന്റെയും ഗണിതസാസ്ത്രത്തിന്റെയും കേന്ദ്രസ്തിതി

പുതിയ കരുത്തുകൾ നേടൽ

ശാസ്ത്രീയ വിപ്ലവം വിജ്ഞാനത്തിന്റെ ഒരു വിപ്ലവമായിരുന്നില്ല. മറിച്ച് അജ്ഞതയുടേതായിരു

ന്നു. ശാസ്ത്ര ഗവേഷണം ഏതെങ്കിലും മതത്തിന്റെയോ, പ്രത്യയശാസ്ത്രത്തിന്റെയോ സഖ്യത്തിന്റെ സഹായത്തോടെ മാത്രമേ പുഷ്ടിപ്പെടുകയുള്ളൂ. ഒരു തത്വസംഹിത ഗവേഷണത്തിന്റെ ചെലവിനെ ന്യായികരിച്ചേക്കും. ബിസിനസ്സുകാർ പണമുണ്ടാക്കാനായിരുന്നില്ലെങ്കിൽ ഒരു പക്ഷെ കൊളമ്പസ് അമേരിക്കയിൽ എത്തിപ്പെടുമായിരുന്നില്ല. സാമ്രാജ്യം കെട്ടിപ്പടുക്കാനും ശാസ്ത്രം പ്രോത്സാഹിക്കപ്പെടുവാനും പണം അത്യന്താപേക്ഷിതമാണ്.

ആദം സ്മിത്ത് തന്റെ Wealth of Nations എന്ന കൃതിയിൽ അത്യാർത്തി നല്ലതാണെന്നും ഒരാൾ കൂടുതൽ ധനവാനാകുന്നത് അയാൾക്ക് മാത്രമല്ല, എല്ലാവർക്കും പ്രയോജനപ്പെടുമെന്നും പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നോട്ടത്തിൽ സ്വാർത്ഥതയുടെ പര്യായമാണ്. പരോപകാരശീലം, അനുകമ്പ എന്നിവ സ്വന്തം കുടുംബത്തിൽ നിന്നാണ് ആരംഭിക്കുന്നത് എന്നത് കേട്ടു കാണുമല്ലോ. എല്ലാ നിക്ഷേപങ്ങളും ഉതാപ്പാദനവും ലാഭവും ഉദ്ദേശിച്ചുള്ളവയാകണം. ഉത്പാദനത്തിൽ നിന്നും ലഭിക്കുന്ന ലാഭം ഉത്പാദനം വർദ്ധിപ്പിക്കാൻ വീണ്ടും നിക്ഷേപിക്കപ്പെടണം. മുതലാളിത്ത വ്യവസ്ഥയിൽ മുതൽ മുടക്ക് കേവലം ധനത്തിൽ നിന്ന് വ്യത്യസ്ഥമാണ് . മുതലാളിത്ത വ്യവസ്ഥയിൽ പണം, സാധനസാമഗ്രികൾ മറ്റ് വരുമാന വിഭവങ്ങൾ എന്നിവ ഉത്പാദനത്തിന് വേണ്ടി വിന്യസിക്കപ്പെടുന്നു. പക്ഷെ ധനം ഭൂമിയിൽ കുഴിച്ചിടുന്നപോലെയോ, ഈജിപ്റ്റിലെ ഫാരോമാർ പിരമിഡുകൾ നിർമ്മിച്ച പോലെയോ ഉള്ള ആദായമില്ലാത്ത പ്രവർത്തികളിൽ നിക്ഷേപിക്കപ്പെടുന്നു. ഫോരോവിനെ ഒരു മുതലാളിത്തവാദി എന്ന് കണക്കാക്കാൻ സാധ്യമല്ല.

ധനം എന്ന് പറയുന്നത് ഇന്നത്തെ കാലത്ത് മനുഷ്യരൂപത്തിലുള്ള മുതൽ മുടക്കും, സംഘടിത ജ്ഞാനവുമാണ്. അവയെ സൈന്യബലം കൊണ്ട് കീഴടക്കാൻ പ്രയാസമാണ്. അണുവായുധങ്ങളുടെ ലഭ്യത യുദ്ധത്തെ തടഞ്ഞു നിർത്തുവാൻ സഹായിക്കുന്നുണ്ട്. നാം ഇപ്പോൾ സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും ഉമ്മറപപടിയിലാണെന്ന് പറയാം. നമ്മൾ എവിടെ ചെന്നവസാനിക്കുമെന്ന് ചരിത്രം ഇനിയും നിശ്ചയിച്ചിട്ടില്ല.

ചരിത്രകാരന്മാർ ഏതാണ്ട് കത്യമായി സകലതിന്റെയും ചരിത്രത്തെക്കുറിച്ച് ഗവേഷണം നടത്തിയിട്ടുണ്ട്. രാജ്യതന്ത്രം, സാമ്പത്തിക ശാസ്ത്രം, രോഗങ്ങൾ മുതലായവ. എന്നിട്ടും ഇതുവരെ ഇവ മനുഷ്യരുടെ സന്തോഷത്തിൽ എങ്ങനെ സ്വാധീനം ചെലുത്തുന്നുവെന്ന് ചോദിക്കാൻ അപൂർവ്വമായി മാത്രമേ ശ്രമിച്ചിട്ടുള്ളൂ. സന്തോഷം വസ്തുനിഷ്ഠമായ അവസ്ഥകളും, ആത്മനിഷ്ഠമായ പ്രതീക്ഷകളും തമ്മിലുള്ള പരസ്പര ബന്ധത്തെ ആശ്രയിച്ചിരിക്കുന്നു. ചിലർക്ക് സന്തോഷത്തിനുള്ള ഉത്തരം ഒരു സ്വയം തിരിച്ചറിവാണ്.

ജീവശാസ്ത്രത്തിന്റെ തലത്തിലുള്ള കരുതികൂട്ടിയുള്ള മാനുഷിക ഇടപെടലാണ് ജീവശാസ്ത്ര എഞ്ചിനിയറിംഗ് . ഉദാഹരണത്തിന് ഒരു ഏകകം വെച്ചു പിടിപ്പിക്കൽ. ഇതിന്റെ ഉദ്ദേശം സജീവ വസ്തുക്കളുടെ ആവശ്യങ്ങളും കഴിവുകളും തിരുത്താൻ വേണ്ടിയാണ്. ബയോളജിക്കൽ എഞ്ചിനിയറിങ് സാപിയൻസിന്റെ അവസാനത്തെ കർട്ടൻ വലിക്കലാകാൻ സാധ്യതയുണ്ട്. സാപിയൻസിനു വേണ്ടി വളരെയധികം സമയം പാഴാക്കി, നമ്മൾ സാപിയൻസല്ലാതായി തീർന്നേക്കാം. വേറെ എന്താകാനാണ് സംഭാവ്യത എന്നുള്ളതാണ് രണ്ടാമത്തെ പുസ്തകത്തിലെ മുഖ്യ ചർച്ചാവിഷയം.

70,000 വർഷങ്ങൾക്കു മുമ്പ് സാപിയൻസ് സ്വന്തം കാര്യം നോക്കി ആഫ്രിക്കയുടെ ഒരു മൂലയിൽ കഴിഞ്ഞിരുന്ന നിസ്സാരനായ ഒരു ജീവിയായിരുന്നു. ഇന്ന് ആ വർഗ്ഗം ഭൂഗോളത്തിന്റെ യജമാനാന്മാരായി മാറി. ഒരു ദൈവമായി മാറാനുള്ളതിന്റെ വക്കത്തെത്തി നിലക്കൊള്ളുകയാണ് അവർ. നിർഭാഗ്യവശാൽ സാപിയൻസിന്റെ ലോകത്തുള്ള ഭരണം അവർക്ക് അഭിമാനം തോന്നുന്നതായി ഒന്നും തന്നെ കാഴ്ച വെച്ചിട്ടില്ല. നമ്മൾ മുൻപത്തേക്കാൾ ശക്തരാണ്, പക്ഷെ ആ ശക്തി ഉപയോഗിച്ച് എന്താണ് ചെയ്യേണ്ടതെന്നതിനെക്കുറിച്ച് നമുക്ക് വ്യക്തമായ ധാരണയില്ല. നാം പണ്ടത്തെക്കാളും കൂടുതൽ നിരുത്തരവാദപരമായി പെരുമാറുന്നുണ്ട്. നമുക്ക് ആരോടും കണക്ക് പറയേണ്ടതില്ല. നമ്മുടെ ചങ്ങാതിമാരായ മറ്റ് ജീവികൾക്കും ചുറ്റുമുള്ള പരിതസ്ഥിതി ക്രമത്തിനും പറഞ്ഞാലറിയാത്ത നാശം വിതച്ചു കൊണ്ടേയിരിക്കുന്നു. നമ്മുടെ സുഖവും വിനോദവും മാത്രമേ നാം അന്വേഷിക്കുന്നുള്ളൂ. പക്ഷെ സംതൃപ്തി ഒരിക്കലും കൈവരിക്കുന്നുമില്ല. നാം എവിടെ പോകുന്നുവെന്ന് പോലും ആർക്കും അറിയില്ല.







# മാവേലി മന്നൻ

ശ്രീവല്ലഭൻ നായർ. എം. ഫോൺ . 9947736071

വ്യാധി വിതച്ചോരു ചെമ്പൻ വ്യാളി
ലോകത്തിനാകെ പകർന്ന ദു:ഖം
എത്ര കഠിനമെന്നോർത്തു ഞാ-
നൊറ്റക്കാ വീഥിയിൽ നിന്ന നേരം
ഏകനായാകെ തളർന്ന മട്ടിൽ
കണ്ണീരണിഞ്ഞ മുഖവുമായി
മാവേലി വന്നു വിഷണ്ണനായി
ചോദിച്ചു നാടിതിന്നെന്തു പറ്റി ?
ചിങ്ങത്തിരുവോണ നാളിലെന്തേ
ആർപ്പില്ല, ആഘോഷമെങ്ങുമില്ല
പൂവിളിയെങ്ങുമേ കേൾപ്പാനില്ല
പൂക്കളമെങ്ങുമേ കാണാനില്ല.
ഊഞ്ഞാലിലാട്ടവും പാട്ടുമില്ല
പൗരജനങ്ങളെ കാണ്മാനില്ല.
മന്നൽ തൻവാക്കുകൾ കേട്ട ഞാനും
തെല്ലൊരു ഗദ്ഗദത്തോടെ ചൊല്ലി.
അങ്ങതൻ കേരളമല്ലിതിന്ന്
അല്ലൽ നിറഞ്ഞോരു നാടിതിന്ന്.
കള്ളത്തരവും ചതിയുമായി
കള്ളന്മാരെങ്ങും വിലസിടുന്നു.
കള്ളക്കടത്തുകാർ ശക്തരായി
പ്രീണനം കൊണ്ട് കരുത്തരായി
ധർമ്മവും സത്യവുമെങ്ങുമില്ല
ധർമ്മം പുലർത്തുവാനാളുമില്ല.
നാമം ജപിക്കരുതാജ്ഞയുണ്ട്
പൂക്കളമിട്ടാൽ ശിക്ഷയുണ്ട്
നന്മതൻ കേദാരമായിരുന്നോ-
രങ്ങതൻ നാടിന്നവസ്ഥകണ്ടോ ?
ദുഷ്ടരാം രാക്ഷസർ വാണരുളും
കഷ്ടകലികാലത്തിന്നിതെല്ലാം
കണ്ടേ മതിയാവൂ, ദു:ഖമുണ്ട്
തണ്ടാർമിഴികൾക്കും രക്ഷയില്ല.
വഞ്ചന തൻ തനിരൂപമായ് മാറിയ
ധർമ്മവിരുദ്ധർ ഭരിച്ചിടുമ്പോൾ
പൊന്നു തിരുമേനി നാടുകാണാൻ
മുന്നോട്ടു പോകല്ലെ, മടങ്ങിപോക.
--------------------
ദുഷ്ടർക്കുചിതമാം ശിക്ഷ നല്കും
ശിഷ്ടരെ നാട്ടാർ തിരഞ്ഞെടുക്കും
നാടു ഭരിക്കട്ടെ നന്മയുള്ളോർ
നാലാളു ചൊല്ലുമാ വാർത്തയന്ന്.
കാലം തെളിയട്ടെ, നാടുമുണരട്ടെ
കാണാം ഭവാനന്ന് നാടുവീണ്ടും.
അങ്ങു ദയവായ് മടങ്ങി പോക
ഖിന്നതയുണ്ടിതു ചൊല്ലുവാനും.
--------------------
ഉള്ളു പിടയുന്നു, നെഞ്ചുമുരുകുന്നു
തൊണ്ടയിടറിക്കൊണ്ടോതി മന്നൻ
എത്രയുഗങ്ങളായ് കാത്തുപോന്ന
ധർമ്മമീ നാട്ടിൽ മറഞ്ഞുവല്ലോ !
കർമ്മനിരതരായ് നിങ്ങൾ മാറു
ധർമ്മ സംരക്ഷണം ലക്ഷ്യമാക്കൂ.
അന്നു ഞാൻ വന്നിടാം വീണ്ടമെന്റെ
പൊന്നു പ്രജകളെ കാണുവാനായ്
ഇത്ഥമുരചെയ്തു മന്നൻ, പിന്നെ
യാത്രയും ചൊല്ലി, സുതലം പൂകി.

# കുട്ടികളെ എങ്ങനെ രൂപപ്പെടുത്താം

വിദ്വൽപ്രഭ. ജെ. എസ്

മാതാപിതാക്കൾക്കാണ് പ്രഥമപങ്ക്. ഒരു കുഞ്ഞ് ആദ്യാക്ഷരം പഠിക്കുന്നതും എന്തിന് ആദ്യപുഞ്ചിരി ഏറ്റു വാങ്ങുന്നതും അമ്മയിൽ നിന്നാണ്. ഓരോ കുഞ്ഞും ഓരോ തരത്തിലാണെന്ന വസ്തുത മനസ്സിലാക്കണം.

മാതാപിതാക്കളുടെ പരിശ്രമഫലമാണ് നല്ല കുഞ്ഞുങ്ങൾ. നാളത്തെ പൗരന്മാർ, ഭരണകർത്താക്കൾ ധാരാളം ഉത്തരവാദിത്വം വഹിക്കേണ്ട ഭാവി വാഗ്ദ്ധാനങ്ങളാണ്. അവർ സമൂഹത്തിനുതകുന്നവരാകണം.

ഒരു കുട്ടി കുടുംബത്തിൽ നിന്നാണ് മൂല്യങ്ങൾ ഹൃദ്യമാക്കുന്നത്. നല്ലതും ചീത്തയും പഠിക്കുക. ആ പഠനം കുട്ടിയുടെ സ്വാഭാവരൂപീകരണത്തെ സ്വാധീനിക്കും. സമൂഹം എന്തു നൽകിയെന്ന ചോദ്യമല്ലാ സമൂഹത്തിനെന്തു നൽകാം എന്ന ചേദ്യമാകണം ആ മനസ്സുകളിൽ ഉയരേണ്ടത്.

കുട്ടികളോട് ദേഷ്യത്തിലുള്ള പ്രതികരണം ദോഷഫലമാണുണ്ടാക്കുക. സ്നേഹത്തോടെ കാര്യഗൗരവത്തോടെ സമീപിക്കേണ്ടതാണാവശ്യം. കുട്ടികളുടെ ഓരോ നോട്ടവും, ഓരോ നല്ല മുഹൂർത്തങ്ങളും, ഫോട്ടോ ആയോ, രേഖകളായോ സൂക്ഷിച്ചു വയ്ക്കണം. ശൈശവം മുതൽ പ്രായപൂർത്തിയാകുംവരെ തിരിഞ്ഞു നോക്കുമ്പോൾ അവർക്ക് അഭിമാനം പ്രദാനം ചെയ്യണം. സുരക്ഷാനിയമം അതിനെക്കുറിച്ച് നല്ല ബോധം അവർക്കുണ്ടാകണം. അപകടസാദ്ധ്യതകൾ രക്ഷാമാർഗ്ഗം ഇവയൊക്കെ പഠിപ്പിക്കണം.

കിട്ടുന്ന ഒരവസരവും പാഴാക്കരുത് എന്ന ചിന്ത അത്യാവശ്യമാണ്. അവസരങ്ങൾ തേടി വരില്ല. നാം അന്വേഷിച്ച് കണ്ടെത്തണം. മടിയും ഉപേക്ഷയും ഉണ്ടെങ്കിൽ അവസരം നഷ്ടമാക്കാനുള്ള പ്രവണത കൂടും. കഠിനാദ്ധ്വാനത്തിലൂടെ അവസരങ്ങൾ വേണ്ട വിധത്തിൽ ഉപയോഗിച്ച് സ്വന്തം കഴിവുകൾ പ്രകടിപ്പിക്കണം. ആ ബോധം അവരിൽ വളർത്തിയെടുക്കണം.

കുട്ടികളെ പരസ്യമായി അപഹാസ്യരാക്കരുത്. സ്നേഹത്തോടെയും, കരുതലോടെയും അവരോട് ഇടപഴകണം. സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കുമിടയിൽ അവരെ മാന്യമായി കാണണം. താരതമ്യപഠനം നടത്തരുത്. നല്ലതു മാത്രം പൊതുസദസ്സിൽ അവതരിപ്പിക്കുക.

വായനാശിലം ചെറിയ പ്രായത്തിൽ തുടങ്ങണം. ദിനപ്പത്രം വായിച്ചു തുടങ്ങാം. ആദ്യമൊക്കെ ഒരുമിച്ചിരുന്ന് വായിച്ച് അവർക്ക് ആസ്വാദ്യമാക്കണം. കഥകൾ വായിച്ചു കൊടുക്കണം. വായിച്ച് വളരേണ്ടതിന്റെ ആവശ്യവും, പ്രാധാന്യവും അവർക്കു മനസ്സിലാക്കി കൊടുക്കണം.

ക്ഷമയോടെ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാക്കണം. ക്ഷമയും, സഹിഷ്ണതയും ജീവിതത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത രണ്ടു ഘടകങ്ങളാണ്. അതവരെ ബോധ്യപ്പെടുത്തണം. ചെറിയ കഥകളിലൂടെ അവരെ മനസ്സിലാക്കിക്കാൻ കഴിയും. മാതാപിതാക്കളാണ് അവരുടെ മുന്നിൽ അത്തരം കാര്യങ്ങൾക്ക് മാതൃകയാകേണ്ടത്. ക്ഷമയോടെ ആവർത്തിച്ച് പഠിക്കാൻ അവരെ പ്രാപ്തരാക്കണം.

മറ്റുള്ളവരെ ബഹുമാനിക്കാനും, അവരിൽ നിന്നും നല്ല കാര്യങ്ങൾ ക്ഷമയോടെ കണ്ടറിഞ്ഞ് മനസ്സിലാക്കാനും അവർക്കു കഴിയണം. മറ്റുള്ളവരോട് ദയാപുരസ്സരം ക്ഷമയോടെ പെരുമാറേണ്ടതാവശ്യമെന്ന് അവർക്ക് ബോധ്യമാകണം.

കുട്ടികളുടെ പ്രശ്നങ്ങൾ കേൾക്കാൻ മാതാപിതാക്കൾ ക്ഷമ കാണിക്കണം. തെറ്റും ശരിയും അവരെ പഠിപ്പിക്കാൻ സശ്രദ്ധം കേട്ട് അവർക്ക് മാർഗ്ഗനിർദ്ദേശം നൽകണം. നല്ലൊരു കേൾവിക്കാരനാകണം ആദ്യം അച്ഛനമ്മമാർ. അതവരെ അംഗീകരിക്കുന്നുവെന്ന തോന്നൽ അവർക്കുണ്ടാകും. നിസ്സാരകാര്യത്തിനും അതർഹിക്കുന്ന വില നൽകണം. തുറന്ന സമീപനം അവർക്കു കൂടുതൽ കാര്യങ്ങൽ ചർച്ച ചെയ്യാൻ അനുവദിക്കും. ആത്മവിശ്വാസം വർദ്ധിക്കും.

അച്ചടക്കവും സ്നേഹവും തുല്യമായി കൊണ്ടു പോകണം. സ്നേഹത്തോടെ ശാസിക്കാം. കാഠിന്യമേറിയ വാക്കുകൾ ശ്രദ്ധയോടെ ഒഴിവാക്കണം. അദ്ധ്യാപകരുടെ സഹായത്തോടെ തിരുത്താൻ ശ്രമിക്കാം. കുട്ടിയുടെ രീതി, കഴിവും, കഴിവുകേടും അദ്ധ്യാപകർക്ക് വിശകലനം ചെയ്യാൻ എളുപ്പമാണ്. തെറ്റു കണ്ടാൽ തിരുത്താനും ശിക്ഷിക്കാനും അദ്ധ്യാപകർക്കവകാശമുണ്ട്. അവരെ അത്തരത്തിൽ കാണാൻ കുട്ടികളെ പഠിപ്പിക്കണം.

നല്ല ശീലങ്ങൾ കണ്ടും കേട്ടും പഠിക്കേണ്ടതാണ്. അടിച്ചേലിപിക്കൻ ശ്രമിക്കരുത്. കൃത്യനിഷ്ഠ സത്യസന്ധത ഇവയൊക്കെ ഓരോ കഥകളിലൂടെ അല്ലെങ്കിൽ മഹാന്മാരുടെ ജീവചരിത്രത്തിലൂടെ പഠിപ്പിച്ചെടുക്കാം.

ഭക്ഷണശീലം വളരെ പ്രധാനമാണ്. ഓരോ പ്രായത്തിലും ശരീരത്തിനാവശ്യമായ രീതിയിൽ ഭക്ഷണം നൽകണം. ഒപ്പം തന്നെ വ്യായാമവും വേണം. അത് മനസ്സിനും ശരീരത്തിനും അത്യാവശ്യമാണ്. പഠിക്കാനും കളിക്കാനും പ്രത്യേകം നിഷ്കർഷയോടെ സമയം കണ്ടെത്തണം. ശരീരത്തിനും മനസ്സിനും ഉന്മേഷം വേണ്ടതാണെന്ന കാര്യം മറക്കരുത്.

കുട്ടികളാണെങ്കിലും കുടുംബത്തിൽ അവർക്കും ഉത്തരവാദിത്വബോധം വേണ്ടതാണ്. ബാല്യത്തിൽ തന്നെ അവർക്കു നിർദ്ദേശാനുസരണം എല്ലാ കാര്യങ്ങളിലും പങ്കെടുക്കാനവസരം നൽകണം. 'സ്വയം പ്രാപ്തി' എല്ലാ തലത്തിലും വേണ്ടവിധം പ്രോത്സാഹിപ്പിച്ച് അവരെ പരിശീലിപ്പിക്കണം.

നല്ല കാര്യങ്ങൾ ചെറുതായാലും വലുതായാലും അവയെ പ്രശംസിക്കുകയാണ് വേണ്ടത്. അതവരെ കൂടുതൽ നല്ല പ്രവർത്തികൾ ചെയ്യാൻ പ്രാപ്തരാക്കും. ഒരു തലോടൽ മതി അവർക്ക് കൂടുതൽ ആത്മവിശ്വാസം ലഭിക്കാനെന്നത് മറക്കണ്ട.

പഠിപ്പിക്കുന്നതിലും നല്ലത് കണ്ട് മനസ്സിലാക്കുന്നതാണ്. മാതാപിതാക്കൾ മുതിർന്നവരോടു കാണിക്കുന്ന ആദരവും ബഹുമാനവും സ്വയം അവർ മനസ്സിലാക്കി പ്രാവർത്തികമാക്കും. സ്നേഹവും ബഹുമാനവും കൊടുത്താലെ നേടാനാവുയെന്ന തിരിച്ചറിയൽ അവർക്ക് ലഭിക്കും. അദ്ധ്യാപകരോടുള്ള മാതാപിതാക്കളുടെ സമീപനം തീർച്ചയായും കുട്ടികളിലും പകരും.

വീട്ടിലെപ്പോലെയാണോ അവർ വിദ്യാലയത്തിൽ പെരുമാറുന്നത്? അവരുടെ സഹപാഠികളുമായി എങ്ങനെ ഒത്തു ചേരുന്നു. ഇവയൊക്കെയറിയാൻ അദ്ധ്യാപകരുമായി ഇടക്കിടക്കിടയ്ക്ക് ചർച്ച ചെയ്യേണ്ടതത്യാവശ്യമാണ്.

നമ്മുടെ വാക്കും പ്രവർത്തിയും ഒന്നാകണം നാം വാക്കു പാലിച്ചാൽ മാത്രമേ അവരും അത് അനുകരിക്കൂ. ചെയ്യാൻ കഴിയുന്ന കാര്യങ്ങളെ ഏറ്റെടുക്കാവൂ. ഏറ്റെടുത്താൽ അത് തീർച്ചയായും നടപ്പിലാക്കാൻ കഠിനപ്രയത്നം ചെയ്യാനുള്ള മനസാന്നിദ്ധ്യം നേടണം. തീർച്ചയായും അതുകണ്ട് കുട്ടികൾ പഠിക്കും.

കുടുംബത്തിൽ അച്ചടക്കനിയമം വേണ്ടതാണ്. ഒരു ദിവസം ആരംഭിക്കുമ്പോൾ തന്നെ ആ നിയമം പാലിച്ച് തുടങ്ങണം. പ്രാർത്ഥന, പരസ്പരസ്നേഹം, ബഹുമാനം ഇവയൊക്കെ പ്രാവർത്തികമാക്കണം. നല്ല കാര്യങ്ങൾക്ക് ദൈവത്തിന് നന്ദി പറയാനും കഴിയണം. തെറ്റു പറ്റിയാൽ സ്വയം തിരുത്താനുള്ള അവസരം നല്കണം.

പ്രശംസിക്കുന്നതിനൊപ്പം ആവശ്യമെന്ന ഘട്ടത്തിൽ ചെറിയ ശിക്ഷയും നടപ്പിലാക്കാം. കുട്ടി തെറ്റു മനസ്സിലാക്കണം. സ്നേഹവായ്പ്പോടെ ശിക്ഷ കഴിഞ്ഞ് തെറ്റിന്റെ കാഠിന്യം കുട്ടിയെ ബോധ്യപ്പെടുത്തണം. അമിതശിക്ഷ ദോഷം ചെയ്യും. ചെറിയ തോൽവിയിൽ നിരാശരാകാതിരിക്കാൻ മഹത് വ്യക്തികളുടെ ജീവിത കഥകൾ എങ്ങനെയാണ് അവർ മഹത്വ്യക്തികളായത്. പരാജയങ്ങൾ ഏറെ മറികടന്നാണ് അവർ മുൻപന്തിയിലെത്തിയതെന്ന് ബോധ്യപ്പെടുത്തണം. അതവർക്ക് ഊർജ്ജവും ആത്മവിശ്വാസവും കൂട്ടാനുള്ള മാർഗ്ഗങ്ങളാണ്.

ജീവിതം എന്ന പരീക്ഷയ്ക്കുള്ള തയ്യാറെപ്പായിരിക്കണം അവരുടെ ഓരോ ചുവടു വയ്പും. ചെറുപ്പത്തിൽ തന്നെ ലക്ഷ്യബോധത്തോടെ വളരാൻ അവർക്ക് എല്ലാ സഹായവും മാതാപിതാക്കളും അദ്ധ്യാപകരും നൽകണം.

സുഹൃത്തുക്കൾ, സഹപാഠികൾ, അദ്ധ്യാപകർ ഇവരിൽ നിന്നും വേണ്ടത്ര മാർഗ്ഗനിർദ്ദേശവും, പ്രോത്സാഹനവും ഓരോ ഘട്ടത്തിലും ലഭിക്കണം. ചെറിയ പ്രായത്തിൽ ആർജ്ജിച്ച അറിവാണവരെ ജീവിതത്തിലുടനീളം നയിക്കുന്നത്. സ്വാഭാവരൂപീകരണം ആ ചെറിയ കാലം വളരെ പ്രധാനമാണ്. ആ കാലഘട്ടത്തിൽ പകർത്തിയെടുക്കുന്ന ജീവിതമൂല്യം വേണ്ടത് വേണ്ടപ്പോൾ പ്രവർത്തിക്കാനും ശരിയായ തീരുമാനങ്ങൾ എടുക്കാനും പ്രാപ്തരാക്കുന്നു.

# പുതിയ ദേശീയ വിദ്യാഭ്യാസ നയം

ഡോ. കെ. ഹരിഹരൻ. ഫോൺ : 9847313322

ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാസം ലോകത്തിലെ രണ്ടാമത്തേതാണ്. ഉന്നത വിദ്യാഭ്യാസത്തിലുള്ള ഇന്ത്യയുടെ ഗ്രോസ്സ് എൻറോൾമെന്റ് റേഷ്യോ 2014 – 15 ൽ 23.60% ആണ്. 2011 ന് 282.6 ദശലക്ഷം ഏഴു വയസ്സിനു മീതെയുള്ള നിരക്ഷരരായ ജനസംഖ്യകൊണ്ട് ഇന്ത്യ നിരക്ഷരരുടെ ജനസംഖ്യയിൽ ഒന്നാമതാണ്. അതുപോലെ ലോകത്ത് ഏറ്റവും കൂടുതൽ നിരക്ഷരരായ യുവാക്കളും മുതിർന്നവരും ഉള്ളത് ഇന്ത്യയിലാണ്.

തൃപ്തി കരമല്ലാത്ത ഗുണമേന്മ കുറഞ്ഞ വിദ്യാഭ്യാസം നിലവാരമാണ് ഇന്ത്യയെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം. പാഠ്യപദ്ധതിയിലെ പോരായ്മ പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ കുറവ് വിവരസാങ്കേതിക വിദ്യയുടെ അഭാവം കാര്യക്ഷമമല്ലാത്ത രീതിശാസ്ത്രം ഇവയൊക്കെ വെല്ലുവിളികളാണ്. പ്രീസ്കൂൾ വിദ്യാഭ്യാസം കഴിയുന്നവർ പ്രൈമറിയിലെത്താനുള്ള കഴിവ് ആർജ്ജിക്കുന്നില്ല. പ്രൈമറി, അപ്പർപ്രൈമറി തലത്തിലെ നിലവാര തകർച്ച സെക്കന്ററി തലത്തിലെ പഠനത്തെ ബാധിക്കുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ നിലവാരം വളരെ പരിതാപകരമാണ്. അക്രെഡിറ്റേഷൻ ഏജൻസികൾ 1994 ലാണ് ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചത്. 140 സർവ്വകലാശാലകളിൽ 32% ത്തിനു മാത്രമെ NAAC എ ഗ്രേഡ് നൽകിയിട്ടുള്ളത്. 2780 കോളേജുകളിൽ 9 ശതമാനത്തിനു മാത്രമെ NAAC അക്രോഡിറ്റേഷൻ ഉള്ളൂ. കൂണുപോലെ സ്വകാര്യകോളേജുകളും സർവ്വകലാശാലകളും മുളച്ചു പൊങ്ങിയെങ്കിലും അവയുടെ ഒക്കെ നിലവാരം താഴ്ന്നതാണ്. അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം യോഗ്യരായ അദ്ധ്യാപകരുടെ കുറവ് ഗവേഷണ പ്രവർത്തനങ്ങളുടെ നിലവാരമില്ലായ്മ ഇവയെല്ലാം ഉന്നത വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങളാണ്.

വികസിത രാജ്യങ്ങളിൽ യുവജനസംഖ്യ ചുരുങ്ങുമ്പോൾ ഇൻഡ്യയിൽ 25 വയസ്സിനു താഴെയുള്ളവരാണ് കൂടുതൽ. മൊത്തം ജനസംഖ്യയുടെ 54 ശതമാനവും യുവജനങ്ങളാണ്. 2022 ആകുമ്പോഴേക്കും ഏകദേശം 104.62 ദശലക്ഷം പേർ പുതുതായി തൊഴിൽ മേഖലകളിലേക്ക് പ്രവേശിക്കും എങ്കിലും ഇതിന് ഉതകുന്ന തരത്തിലുള്ള സാങ്കേതികമോ തൊഴിൽ പരമോ ആയ അവസരങ്ങൾ അപര്യാപ്തമാണ്.

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ക്ലാസ്സുമുറിയിൽ മാത്രം ഒതുങ്ങുന്നതല്ല. ക്ലാസ്സ് മുറിയിൽ വെച്ചു നടക്കുന്ന പാഠ്യപദ്ധതി വിനിമയത്തിനു പുറമേ ഇലക്ട്രോണിക്, അച്ചടി മാധ്യമങ്ങൾ , വിവരവിനിമയ സാങ്കേതിക വിദ്യകൾ, ബുക്സ്, മാഗസിൻ ഇവയൊക്കെ വിദ്യാഭ്യാസ പ്രക്രിയയിൽ ഉൾക്കൊള്ളേണ്ടതാണ്. നൂതന സാങ്കേതിക വിദ്യകൾ പ്രത്യേകിച്ച് ഇന്റർനെറ്റ് തുടങ്ങിയ സാമൂഹിക മാദ്ധ്യമ രീതികൾ ജനങ്ങളുടെ ജീവിതം, തൊഴിൽ, ആശയ വിനിമയം എന്നിയെ പാടെ മാറ്റി മറിച്ചു. അവ പുതിയ വിജ്ഞാന സ്രോതസ്സും അവസരങ്ങളും സൃഷ്ടിച്ചു.

കഴിഞ്ഞ കാലാനുഭവങ്ങളും മാറുന്ന ദേശീയ വികസനലക്ഷ്യങ്ങളും സാമൂഹികാവശ്യങ്ങളും പ്രാദേശിക ദേശീയ ആഗോള താല്പര്യങ്ങളും ഉൾക്കൊണ്ടാകണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ ഘടന, ഉള്ളടക്കം, പ്രക്രിയ എന്നിവയെല്ലാം രൂപപ്പെടുത്തേണ്ടത്. വിദ്യാർത്ഥികളും ബിരുദധാരികളും അവരുടെ മനോഭാവങ്ങളും മൂല്യങ്ങളും കൊണ്ട് സമ്പന്നമാകുകയും ഉല്പാദനപരമായ ജീവിതം നയിക്കാൻ വിദ്യാഭ്യാസം കൊണ്ട് സാധ്യമാകണം. രാജ്യത്തിന്റെ വികസനപ്രക്രിയയിൽ അവർക്കു പങ്കാളികളാകാൻ കഴിയണം. ഇൻഡ്യയുടെ സമ്പന്നമായ പൈതൃകം, സംസ്കാരം, ചരിത്രം ഇവയുടെ വൈവിദ്ധ്യം അംഗീകരിക്കുന്ന, ഇൻഡ്യൻ പാരമ്പര്യത്തെ ബഹുമാനിക്കുന്ന ഉത്തരവാദിത്വമുള്ള പൗരന്മാരെ വാർത്തെടുക്കാൻ ഈ വിദ്യാഭ്യാസത്തിനു കഴിയണം. സാമൂഹിക അച്ചടക്കവും മതസൗഹൃദവും നിലനിറുത്താൻ സാധിക്കണം. ദീർഘകാല സാമ്പത്തിക വളർച്ചയും ദേശീയ വികസനവും വിദ്യാഭ്യാ സമ്പ്രദായത്തിന്റെ ഉല്പന്നങ്ങളെ ആശ്രയിച്ചു നിൽക്കുന്നു. സുസ്ഥിര വികസനത്തിന് ഗുണമേന്മയും തുല്യതയും ഉറപ്പും വരുത്തുന്ന വിദ്യാഭ്യാസ നയമാണ് ആവശ്യം.

ശാസ്ത്രം, സാങ്കേതികം, ആരോഗ്യം, തൊഴിൽ വാർത്താവിനിമയം, വിദ്യാഭ്യാസം, സാമ്പത്തികം എന്നീ രംഗങ്ങളിൽ ലോകത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങളെ ഉൾക്കൊണ്ട് കാലത്തിന് അനുയോജ്യമായ വിദ്യാഭ്യാസ നയം പരിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടത് രാജ്യത്തെ ഭരണാധികാരികളുടെ ചുമതലയാണ്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം വിദ്യാഭ്യാസനയത്തിൽ കാതലായ മാറ്റം ഉണ്ടാകണമെന്നുള്ള താല്പര്യത്തിൽ വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ നിലവിൽ വന്നിട്ടുണ്ട്. അതിൽ ആദ്യത്തേത് 1948–49 ൽ നിയമിക്കപ്പെട്ട ഡോ. രാധാകൃഷ്ണൻ അദ്ധ്യക്ഷനായുള്ള സർവ്വകലാശാല കമ്മീഷരാണ്. പിന്നീട് ഡോ.ലക്ഷ്മണ സ്വാമി മുതലിയാർ അദ്ധ്യക്ഷനായുള്ള സെക്കൻഡറി വിദ്യാഭ്യാസ കമ്മീഷൻ (1950–53) ഡോ. ഡി. എസ്, കോത്താരി അദ്ധ്യക്ഷനായ വിദ്യാഭ്യാസ കമ്മീഷൻ (1964–66) എന്നിവയാണ് അവയിൽ പ്രധാനമായവ.

വിദ്യാഭ്യാസത്തിന്റെ വിവിധമേഖലകളെ സംബന്ധിച്ച് ജനാധിപത്യപരമായ ഒട്ടേറെ ചർച്ചകളുടെയും നിർദ്ദേശങ്ങളുടെയും , മുൻവിദ്യാഭ്യാസ കമ്മീഷനുകളുടെയും അഭിപ്രായങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ വിശേഷിച്ച് കോത്താരി കമ്മീഷൻ ശുപാർശകളുടെ അന്തഃസത്ത ഉൾക്കൊണ്ട് തയ്യാറാക്കിയ ഒരു വിദ്യാഭ്യാസ പഠന റിപ്പോർട്ടാണ് 2019 ലെ ദേശീയ വിദ്യാഭ്യാസ നയരേഖ. 2017 ജൂൺ 24 ന് പ്രശസ്ത ഐ.എസ്. ആർ. ഒ ശാസ്ത്രജ്ഞൻ ഡെ. കെ. കസ്തൂരി രംഗൻ അദ്ധ്യക്ഷനായ സമിതിയാണ് ഇതു തയ്യാറാക്കിയത്. യു. ജി. സി, എൻ. സി. ആർ. ടി എ. ഐ. സി.ടി. ഇ തുടങ്ങിയ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനങ്ങളുടെയും, ഈ രംഗത്തു പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെയും, വ്യക്തികളുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടു തയ്യാറാക്കിയ പുതിയ ദേശിയ വിദ്യാഭ്യാസ കരടുരേഖ കേന്ദ്രസർക്കാരിന്റെ നയരേഖയായി പ്രഖ്യാപിച്ചിരിക്കുന്നു.

ഭൂതകാലത്തിന്റെ നന്മകൾ ആഗീരണം ചെയ്ത് ഭാവിയെ ലക്ഷ്യമാക്കിയായിരിക്കണം വിദ്യാഭ്യാസ നയം രൂപകല്പന ചെയ്യേണ്ടത്. ജനാധിപത്യമൂല്യത്തിന്റെയും ഭരണഘടനാ മൂല്യത്തിന്റെയും അടിസ്ഥാനത്തിൽ വളർത്തിയെടുക്കുന്ന മാനവവിഭവ വികസനത്തിലൂടെയാണ് സാമൂഹിക രാഷ്ട്രീയ വികസനം രാജ്യത്ത് സാക്ഷാത്കരിക്കപ്പെടുന്നത്. അതുകൊണ്ട് വിദ്യാഭ്യാസം ഏതു രാജ്യത്തിന്റെയും വളർച്ചയുടെ ഗതി നിർണ്ണയത്തിൽ പ്രധാന ഘടകമായി മാറുന്നു. രാജ്യതാല്പര്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിനു മാത്രമെ നാടിനെ മുന്നോട്ടു നയിക്കാനാവൂ. പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഉള്ളടക്കവും സമീപനവും മേൽപ്പറഞ്ഞ കാഴ്ചപ്പാടുകളിൽ അധിഷ്ഠിതമാണ്. ഓരോ വിദ്യാർത്ഥിയുടെയും അതുല്യമായ കഴിവുകൾ പുറത്തെടുക്കുന്നതിന് ലക്ഷ്യമിട്ടാണ് സ്കൂൾ കോളേജ് വിദ്യാഭ്യാസത്തെ സമഗ്രവും ബഹുമുഖവും വൈവിധ്യ പൂർണ്ണവും ആക്കുന്നതിലൂടെ ഇൻഡ്യയെ ഊർജസ്വലമായ വിജ്ഞാന സമൂഹമായും ആഗോള തലത്തിൽ തന്നെ വിജ്ഞാന മേഖലയിലെ ശക്തികേന്ദ്രമാക്കി മാറ്റാനും പുതിയ നയം ലക്ഷ്യമിടുന്നു.

## സ്കൂൾ വിദ്യാഭ്യാസം

കേന്ദ്രീകൃതവും സമൂലവുമായ ഒരു പരിഷ്കാരമാണ് . പുതിയ വിദ്യാഭ്യാസ നയം മുന്നോട്ടു വെയ്ക്കുന്നത്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകം സ്കൂൾ ഘട്ടമാണ്. ഇന്ന് ഇവിടെ 10+2 സമ്പ്രദായമാണ് നിലവിലുള്ളത്. അതിനു പകരം 5+3+3+4 എന്ന സിസ്റ്റമാണ് പുതിയ നയം മുന്നോട്ടു വെയ്ക്കുന്നത്. അങ്കണവാടി, നേഴ്സറി, 1,2, ക്ലാസ്സുകൾ ഉൾപ്പെടുന്ന അഞ്ചു വർഷത്തെ ഫൗണ്ടേഷൻ മൂന്നു മുതൽ അഞ്ചു പ്രിപ്പറേറ്ററി, ആറ് മുതൽ എട്ട് വരെയുള്ള മിഡിൽ സ്കൂൾ, ഒൻപതു മുതൽ പന്ത്രണ്ടു വരെയുള്ള സെക്കന്ററി എന്നിവയാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ നാലു ഘട്ടങ്ങൾ. കൂടാതെ നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം വാഗ്ദാനം ചെയ്യുന്ന വിദ്യാഭ്യാസ അവകാശനിയമപ്രകാരമുള്ള പ്രായപരിധി നിലവിലുള്ള 6–14 എന്നതിനു പകരം 3–18 എന്നാക്കിയിരിക്കുന്നു.

**TRANSFORMING CURRICULAR & PEDAGOGICAL STRUCTURE**

| Existing Academic Structure | New Academic Structure | | New Pedagogical and curricular Structurs of School education (5+3+3+4) |
|---|---|---|---|
| 2 Years (Age 16-18) | 4 Years (Class 9 to 12) | Secondary | 3 Years in Anganwadi Pre- School and 12 Yrs (Age 14-18) in School |
| 10 Years (Age 6-16) | 3 Years (Class 6 to 8 (Age 11-14) | Middle | Secondary Stage (4) Multidisciplinary study greater critical thinking flexibility and students choice of subjects |
| | 3 Years (Class 3 to 5) (Age 8-11) | Preparatory | Middle stage (3) Expe riential learning in the science, maths, arts, social Science and humanities. |
| | 2 Years (Class 1, 2) (Age 8) | Foundation | Preparatory stage (3) Play, discovery and activity based and interactive classroom learning |
| | 3 Years (Anganwadi/Pre- School/ Balavatika) (Age 3-6) | | Foundational Stage (5) Multilevel, Play / activity - based learning |

പ്രാഥമിക തലം മുതൽ സെക്കന്ററിതലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസം സാർവ്വത്രികമാക്കുമെന്നും 2030 നകം എല്ലാവർക്കും സ്കൂൾ പ്രവേശനം ഉറപ്പാക്കി രാജ്യം 100% സാക്ഷരത കൈവരിക്കുമെന്നാണ് NEP 2020 വ്യക്തമാക്കുന്നത്. 2 കോടി കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടു വരുമെന്നും വാഗ്ദാനം ചെയ്യുന്നു. 2025 ആകുമ്പോഴേക്കും സാർവ്വത്രികമായ സാക്ഷരതയും സംഖ്യാബോധവും പ്രൈമറി വിദ്യാലയങ്ങളിൽ മൂന്നാം തരത്തിലെത്തുമ്പോഴേയ്ക്കും നടപ്പാക്കാനുള്ള പദ്ധതികളുടെ ചുമതല സംസ്ഥാന സർക്കാരുകൾക്കാണ്. ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുന്നതിനുവേണ്ടി ക്രോസ് ഡിസബിലിറ്റി ട്രെയിനിംഗും റിസോർസ് സെന്ററുകളും സാങ്കേതിക സൗകര്യങ്ങളും ഒരുക്കും, കുട്ടികളുടെ കലാപരവും കരിയർ സംബന്ധവും വിനോദവുമായി ബന്ധപ്പെട്ടതുമായ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും നൽകുംവിധത്തിലുള്ള ബാലഭവനുകൾ പ്രത്യേക പകൽ ബോർഡിംഗ് സ്കൂളുമായി എല്ലാ സംസ്ഥാന / ജില്ലാ തലങ്ങളിലും നിർമ്മിക്കുമെന്നുള്ള വാഗ്ദാനവും സ്വാഗതാർഹമാണ്.

അഞ്ചാം ക്ലാസ്സു വരെയുള്ള പഠനം മാതൃഭാഷ അല്ലെങ്കിൽ പ്രാദേശിക ഭാഷ ഉപയോഗപ്പെടുത്തിയാകണം എന്നാണ് പുതിയ പോളിസി ആവശ്യപ്പെടുന്നത്. ഉയർന്ന ക്ലാസ്സുകളിലേക്കും ഇത് ശുപാർശ ചെയ്യുന്നുണ്ട്. ത്രിഭാഷാ പഠന സംവിധാനം ഉൾപ്പടെ സംസ്കൃതത്തെ ഒരു പുതിയ ഓപ്ഷനായി ചേർക്കുകയും സംസ്കൃതത്തിന്റെ ബോധന രീതിക്ക് പുതിയ സാങ്കേതിക മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുമെന്നും സൂചിപ്പിക്കുന്നു.

ആറാം ക്ലാസ്സു മുതൽ തൊഴിൽ പരിശീലനവും ഇന്റേൺഷിപ്പും എന്നതാണ് നടരേഖയിൽ സ്കൂൾ വിദ്യാഭ്യാസ സംബന്ധമായ മറ്റൊരു പ്രധാന നിർദ്ദേശം. സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള പുതിയതും സമഗ്രവുമായ ദേശീയ പാഠ്യപദ്ധതി NCFSE 2021 NCERT വികസിപ്പിക്കും. സംഗ്രഹാത്മക വിലയിരുത്തലിൽ നിന്ന്, കഴിവിനെ അടിസ്ഥാനപ്പെടുത്തിയും പതിവായ മൂല്യനിർണയ സംവിധാനത്തിലേക്ക് മാറുന്നതിന് NEP 2020 വിഭാവനം ചെയ്യുന്നു. പഠനത്തേയും വികസനത്തേയും പ്രോത്സാഹിപ്പിക്കുന്നതും, വിശകലനം, വിമർശനാത്മക ചിന്താ, ആശയപരമായ വ്യക്തത എന്നിവ പോലെയുള്ള ഉന്നത കഴിവുകൾ പരീക്ഷിക്കുന്നതുമാണത്. 3,5,8 തരത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും അതാത് അതോറിറ്റികൾ പരീക്ഷകൾ നടത്തും. 10, 12 തരത്തിലേക്കുള്ള ബോർഡ് പരീക്ഷകൾ തുടരും.

## ഉന്നത വിദ്യാഭ്യാസം

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉൾപ്പടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള മൊത്ത എന്റോൾമെന്റ് അനുപാദം 2035 ഓടെ 26.3 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്താനാണ് ദേശീയ വിദ്യാഭ്യാസ നയം 2020 ലക്ഷ്യമിടുന്നത്. ബഹുമുഖമായ പാഠ്യപദ്ധതി, വിഷയങ്ങളുടെ സർഗ്ഗാത്മകമായ ചേരുവകൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ സംയോജനം, ഉചിതമായ സർട്ടിഫിക്കേഷനോടുകൂടിയ മൾട്ടിപ്പിൾ എൻട്രി, എക്സിറ്റ് പോയിന്റുകൾ എന്നീ വിശേഷതകൾ ഉള്ള സമഗ്രമായ മൾട്ടിഡിസിപ്ലിനറി അണ്ടർഗ്രാജ്വേറ്റ് വിദ്യാഭ്യാസമാണ് പുതിയ നയം വിഭാവനം ചെയ്യുന്നത്. യു. ജി വിദ്യാഭ്യാസം 3 അല്ലെങ്കിൽ 4 വർഷം ആകാം. ശക്തമായ ഗവേഷണ സംസ്കാരം വളർത്തിയെടുക്കുന്നതിനും ഉന്നത വിദ്യാഭ്യാസത്തിലുടനീളം ഗവേഷണശേഷി വളർത്തുന്നതിനുമുള്ള സാഹചര്യങ്ങൾ നിലവിൽ വരും.

*കവിത*

# അസുരം

**പറവൂർ ബാബു**

**വേ**ടി നിറഞ്ഞ പകലുകൾ
മരണമുലാത്തും രാത്രികൽ
ശോകാർത്ത ചിന്തകൾ
വന്നു മുട്ടുന്നു ഹൃദയവാതിലിൽ.
മരിച്ചു വീഴുന്നു മർത്ത്യർ
ഹൃദയമിടിപ്പിൻ വേഗത്തിൽ
അഗ്നിയൊടുങ്ങാതെ
ശ്മശാനങ്ങൾ, നദീ തീരങ്ങൾ.
അസുര രൂപം പൂണ്ട്
മഹാമാരികൾ
അട്ടഹസിക്കുന്നു
പെരും കാല വീഥിയിൽ
അധാർമ്മികരുലകുവാഴവെ
ഉണരും അസുര ജനങ്ങൾ.
മാർച്ചട്ടയില്ലാതെ
നിസ്സഹായർ, നിരായുധർ
നിൽക്കുന്നു നാം പടക്കളത്തിൽ.

അധർമ്മത്തിനെതിരെ
അവതരിക്കുമെന്നുരച്ച
അവതാര മഹത്വമെവിടെ ?
ആപത് സന്ധിയിൽ
ആത്മ തേജസ്സുണർത്തി
അടരാടുവാൻ ബുദ്ധിവൈഭവം
പകർന്നു നൽകുകയല്ലാതെ
ഈശ്വരൻ മറ്റെന്തു ചെയ്യാൻ ?
ധർമ്മം ജയിക്കുമന്ത്യം
ധർമ്മത്തിൻ കരുത്താർന്ന
അടിത്തറയിലാണ്
ലോകമന്ദിരമുയർന്നു നിൽപ്പതും.
ഹേ.....ജ്ഞാന സൂര്യാ
ജ്വലിയ്ക്ക നീ വീണ്ടും.
നിൻതാപകിരണങ്ങളേറ്റു
നശിക്കട്ടെ വിഷാണുക്കൾ
മണ്ണിലും മനസ്സിലും.

ഗാന്ധിസൂക്തം

# നാലു വർണങ്ങളും നാല് ആശ്രമങ്ങളും

ഡോ. പാർവ്വതി കെ. എസ്.

വർണാശ്രമ സമ്പ്രദായങ്ങളെ മാറ്റി നിർത്തി ഹിന്ദു ജീവിത രീതിയെ കുറിച്ചു ചിന്തിക്കാനാവില്ലെന്ന് എല്ലാവരും സമ്മതിക്കും. വർണാശ്രമ ധർമ്മങ്ങളെപ്പറ്റി പ്രതിപാദിക്കാത്ത സ്മൃതികളുമില്ല. ഇവയെക്കുറിച്ച് ഏറ്റവും പുരാതനമായ വേദങ്ങളിൽപ്പോലും പരാമർശമുണ്ട്. അതിനാൽ ഹിന്ദുവെന്ന് വിളിക്കപ്പെടുന്ന ആർക്കും ഇവയെ അവഗണിക്കാൻ സാധിക്കില്ല. അതിന്റെ വിശദാംശങ്ങളെ കുറിച്ചു നാം പഠിക്കേണ്ടതുണ്ട്. കഥയില്ലെന്നു കണ്ടാൽ തള്ളിക്കളയാം. അതല്ല അതൊരു പ്രപഞ്ച സത്യമാണെന്നു കണ്ടാൽ അവയുടെ പവിത്രത കളയാതെ പുന:സ്ഥാപിക്കുകയും ചെയ്യാം.

വർണാശ്രമ ധർമ്മം ഇന്ന് തൊഴിലിലും, ആചാരത്തിലും ഒരുപോലെ അന്യം നിന്ന അവസ്ഥയിലാണ്. നാല് ആശ്രമങ്ങളെക്കുറിച്ചാണു പറയാറുള്ളത്. ബ്രഹ്മചര്യം (വിദ്യാഭ്യാസകാലം), ഗാർഹസ്ഥ്യം (കുടുംബജീവിതം), വാനപ്രസ്ഥം (വിരക്തജീവിതം), സന്യാസം (ഇഹലോകത്തിലെ സർവ്വതും ത്യജിച്ചുള്ള ജീവിതം) ഇതിൽ ഒന്നാമത്തേതും മൂന്നാമത്തേതും ഇന്നാരും അനുഷ്ഠിക്കാറില്ല. നാലാമത്തെ ആശ്രമം നാമമാത്രമായിട്ടാണെങ്കിലും ചിലരൊക്കെ അനുധാവനം ചെയ്യുന്നു. രണ്ടാമത്തേത് ഏതാണ്ടെല്ലാവരും സ്വീകരിക്കാറുണ്ട്. പക്ഷേ അതും പേരിലേയുള്ളു; ആശ്രയത്തിനനുസരിച്ചല്ല. മൃഗങ്ങളെപ്പോലെ ശാരീരിക ധർമ്മം അനുഷ്ഠിക്കുക മാത്രം ചെയ്യുന്നു എന്നു വേണമെങ്കിൽ പറയാം. ഈ നാല് ആശ്രമങ്ങളും വളർച്ചയുടെ പടികളായതിനാൽ ഒന്നു മറ്റൊന്നുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒന്നും രണ്ടും കടന്നു മാത്രമേ വാനപ്രസ്ഥവും സന്യാസവും പാടുള്ളൂ. ആശ്രമവ്യവസ്ഥ ഇന്നാരും പാലിക്കാറില്ല. വർണ്ണ വ്യവസ്ഥ പുനരുജ്ജീവിപ്പിക്കാതെ ആശ്രമ ജീവിതക്രമങ്ങളും പുന:സ്ഥാപിക്കാനാവില്ല.

ഇനി വർണവ്യവസ്ഥയെക്കുറിച്ചും ചിന്തിക്കാം. വർണം ജന്മവുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ജന്മം മാത്രമാണ് അതിനാധാരം എന്നർത്ഥമില്ല. തലമുറകളായി തുടർന്നു വന്ന ജോലി ഒരു കർത്തവ്യമെന്ന നിലയിൽ ഏറ്റെടുക്കുകയാണ് വർണവ്യവസ്ഥ കൊണ്ട് ഉദ്ദേശിക്കുന്നത്. കടമ നിർവ്വഹിക്കുന്നതിനോടൊപ്പം ജീവിതമാർഗ്ഗവും നേടാൻ കഴിയുന്നു. ബ്രഹ്മവിദ്യ അഭ്യസിക്കുകയും അതു പഠിപ്പിക്കുകയും ചെയ്യുക എന്നതാണ് ബ്രാഹ്മണന്റെ കർത്തവ്യം. സമൂഹനിയമമായതിനാൽ കർത്തവ്യമെന്ന നിലയിലും ജീവിതമാർഗ്ഗമെന്ന നിലയിലും അയാൾ അതു ചെയ്തേ പറ്റൂ. അതുപോലെ തന്നെ ജനങ്ങളുടെ സംരക്ഷണമാണ് ക്ഷത്രിയന്റെ ധർമ്മം. ആളുകൾ നല്കുന്നതു സ്വീകരിച്ച് അയാൾ ജീവിച്ചു കൊള്ളണം. സമൂഹ പുരോഗതിക്കുവേണ്ടി ധനം സമ്പാദിക്കാനുള്ള തൊഴിലുകൾ ചെയ്യേണ്ടതു വൈശ്യനാണ്. തനിക്കാവശ്യമുള്ളത് എടുത്തതിനുശേഷം ബാക്കി ധനം അയാൾ ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ സമൂഹത്തിനായി മാറ്റി വെയ്ക്കുന്നു. അതുപോലെ ശൂദ്രനും അതേ മാനസിക ഭാവത്തോടെ ശാരീരികദ്ധ്വാനം ചെയ്യുന്നു.

ജന്മത്തിന്റെ അടിസ്ഥാനത്തിലാണ് വർണം നിർണയിച്ചിരുന്നതെങ്കിൽ കൂടി, അതു നിലനിർത്തുന്നത് എന്ത് പ്രവർത്തി ഒരാൾ ചെയ്യുന്നു എന്നു കൂടി നോക്കിയായിരുന്നു. ബ്രാഹ്മണപുത്രനെ ബ്രാഹ്മണനെന്നു വിളിച്ചിരുന്നുവെങ്കിലും, ബ്രാഹ്മണധർമ്മം അനുഷ്ഠിക്കാത്തവനെ ബ്രാഹ്മണനായി കണക്കാക്കിയിരുന്നില്ല. അതുപോലെ മറ്റൊരു കുലത്തിലാണ് ജനിച്ചതെങ്കിലും ബ്രാഹ്മണ ധർമ്മം പാലിച്ച ഒരാളെ ബ്രാഹ്മണനായി ഗണിച്ചിരുന്നു. അയാൾ അങ്ങനെ വിളിക്കപ്പെടാൻ വിസമ്മതിക്കുമെങ്കിലും !

അങ്ങനെ ആവിഷ്കരിക്കപ്പെടുന്ന വർണ്ണം ഒരു മനുഷ്യനിർമ്മിതവ്യവസ്ഥയല്ല. വിശ്വവ്യാപകമായി മനുഷ്യകുടുംബത്തെ നിയന്ത്രിക്കുന്ന ജീവിത നിയമമാണ്. ആ നിയമം വേണ്ട രീതിയിൽ നിലനിന്നാൽ ജീവിത വൈഷമ്യങ്ങൾ തീരും സമാധാനവും സംതൃപ്തിയുമുണ്ടാകും, സംഘർഷങ്ങൾ അസ്തമിക്കും, പട്ടിണിയും ദാരിദ്ര്യവും മാറും, എന്തിനധികം ജനസംഖ്യാവർദ്ധനവും രോഗാതുരതയും വരെ





നിയന്ത്രിതങ്ങളാകാം.

വർണവ്യവസ്ഥ ഗുണകർമ്മ വ്യവസ്ഥയാണെങ്കിൽ, അതിൽ ഉച്ചനീചത്വങ്ങൾക്കു തെല്ലും സ്ഥാനമില്ല. എല്ലാ വർണങ്ങളും തുല്യമാണ്. സമൂഹം ഒന്നിനെ കൂടുതലായോ കുറഞ്ഞോ ആശ്രയിക്കുന്നില്ല. എന്നാൽ ഇന്ന് വർണമെന്നാൽ തരംതിരിവാണ്. യഥാർത്ഥ സങ്കല്പത്തിൽ നിന്നും വഴിവിട്ട അവസ്ഥയിലാണ് നാം. കഠിനമായ അനുഷ്ഠാനങ്ങൾ അനുശാസിച്ചു കൊണ്ടാണ് പൂർവ്വികർ വർണാശ്രമ ധർമ്മം നിശ്ചയിച്ചിരുന്നത്. കഴിവിന്റെ പരമാവധി ശ്രമിച്ചായിരുന്നു അവർ ജീവിതധർമ്മം അനുഷ്ഠിച്ചിരുന്നത്. ആ വ്യവസ്ഥയിൽ ഒട്ടേറെ തിരിമറി നടത്തിയതുമൂലം നാമിന്നു ലോകത്തിന്റെ പരിഹാസ പാത്രമായിരിക്കുന്നു. അതുകൊണ്ട് ഒരു വിഭാഗം ഹിന്ദുക്കൾ ഹിന്ദുവിന്റെ അധ:പതന കാരണമതാണെന്ന അഭിപ്രായത്തോടെ ഈ വ്യവസ്ഥ ഇല്ലായ്മ ചെയ്യുവാൻ തുനിഞ്ഞിറങ്ങിയതിൽ അത്ഭുതമില്ല. തീർച്ച തന്നെ. ബീഭത്സമായ രീതിയിൽ വികൃതമാക്കപ്പെടുന്നതിനെതിരെ ഒരു കാരുണ്യവും കാട്ടേണ്ടതില്ല. ആ വികൃതവത്ക്കരണം ഹിന്ദു സംസ്കാരത്തിന്റെ നാശമെന്നർത്ഥം.


## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2020 ആഗസ്റ്റ് മാസം സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. ടി. എൻ. ടി. നായർ, കൈരളി അപ്പാർട്ട്മെന്റ്, ഫ്ളാറ്റ് നമ്പർ. 15 പനമ്പിള്ളി നഗർ, കൊച്ചി- 682036 | 50,000/ |
| 2. ശ്രീമതി. ദേവി മേനോൻ, മുല്ലോത്ത് അമ്പാടി എൻക്ലെയ്‌വ്, ഡി - 3 DIV LXIV/582, ചിറ്റൂർ റോഡ്, കൊച്ചി | 10,000/ |
| 3. സെക്രട്ടറി, ബീം | 10,000/ |
| 4. ശ്രീമതി. ശാന്തകുമാരി അമ്മ. ടി, തത്വമസി, മണ്ടകാപ്പിള്ളി ഹൗസ്, ചിറ്റൂർ റോഡ് കൊച്ചി - 682016 | 10,000/ |
| 5. ശ്രീ. അനിൽ. കെ. നായർ, അമ്മു, ഇലഞ്ഞേരി റോഡ്, കടവന്ത്ര, കൊച്ചി - 20 | 5,000/ |

## 2020 ആഗസ്റ്റ് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ഗോപാലൻ രാജപ്പൻ നായർ**
L/4046, എച്ച്. ബി. 50, വിജയ
II ക്രോസ്സ് റോഡ്, പനമ്പിള്ളി നഗർ,
കൊച്ചി - 682036



**ഗോവിന്ദൻകുട്ടി മേനോൻ**
L/3198, മേനോൻ ചേംബേഴ്സ്
II ഫ്ളോർ, രവിപുരം റോഡ്
കൊച്ചി - 682016



**അരവിന്ദ് മേനോൻ**
L/5566), നന്ദനം, H. NO. 2119 B,
കാരോളിൻ ലെയ്ൻ, അഞ്ചുമന
തമ്മനം, കൊച്ചി-682032



# ആഹാരശീലങ്ങൾ ലോക്ക്ഡൗണിൽ

ഡോ. ദേവിദാസ് വെള്ളോടി ഫോൺ : 9747480903

കൊറോണ വൈറസ് എന്ന മഹാമാരിയിൽ പെട്ട് ലോകം മൊത്തമായി തന്നെ ലോക്ഡൗണിൽ ആണ്. ആളുകൾ വീടിന് പുറത്തിറങ്ങുന്നത് അപൂർവ്വം. നമ്മുടെയോ നമ്മുടെ മുൻതലമുറയുടെയോ ഓർമ്മയിൽ ഇതിന് മുൻപിങ്ങനെ ഒരവസ്ഥ ഉണ്ടായിട്ടില്ല. വീടിനുള്ളിൽ അടച്ചിരിക്കുന്ന മനുഷ്യർ സ്വാഭാവികമായും ഒരു ഉദാസീനമായ ജീവിത ശൈലിയിലേക്ക് മാറും. ദിനചര്യയിൽ തന്നെ മാറ്റങ്ങൾ വന്നു. ഓഫീസിൽ പോകണ്ട, സ്കൂളിൽ പോകണ്ട, പുറത്തിറങ്ങേണ്ട, പൊതു പരിപാടികൾ ഇല്ല. കലാസംസ്കാരിക പരിപാടികൾ ഇല്ല, കൂട്ടുകൂടലില്ല, പത്തു വയസ്സിനു താഴെയുള്ളവരും 65 വയസ്സ കഴിഞ്ഞവരും  പുറത്തിറങ്ങരുത് എന്ന ശാസനം. എല്ലാം നാലു ചുമരകൾക്കുള്ളിൽ ഒതുങ്ങുന്നു. വല്ലാത്തൊരു മടുപ്പു തോന്നുന്നു. മാത്രമല്ല, അസുഖത്തെക്കുറിച്ചുള്ള ഭീതിയും ചുമയോ തൊണ്ടവേദനയോ വന്നാൽ കൊറോണ ആയോ എന്ന് പേടി. രാത്രി ഉറക്കം കുറവായി. നമ്മുടെ ആഹാരശീലങ്ങളും മാറി. കൃത്യ സമയത്തു ഭക്ഷണം കഴിക്കാതായി. ഇതൊക്കെ മാനസികവും ശാരീരികവുമായ അനാരോഗ്യത്തിലേക്ക് നമ്മളെ എത്തിക്കുന്നു.

ഈ ദുർഘടത്തെ തരണം ചെയ്യാൻ എന്തു ചെയ്യണം





## നല്ല ആഹാര ശീലങ്ങൾ ;

1 മിതമായ, വൈവിധ്യമുള്ള, സമീകൃതമായ ധാരാളം നാരുവർഗമുള്ള ഒരു ഭക്ഷണരീതി ശീലിക്കുക.

2. പരമാവധി ശുചിത്വം പാലിക്കുക. കൈ സോപ്പിട്ടു കഴുകി മാത്രം ഭക്ഷണം കഴിക്കുക. വീട്ടിലുണ്ടാക്കിയ അധികം എണ്ണ ഉപയോഗിക്കാത്ത ഭക്ഷണം ശീലിക്കുക. ഭക്ഷണം പാകം ചെയ്യുന്നത് നല്ല മാനസിക ഉല്ലാസത്തെ തരുന്നതാണ്. നമ്മൾ എപ്പോഴും എൻഗേജഡ് ആയിരിക്കും.

3. ആവശ്യത്തിന് വെള്ളം കുടിക്കുക.

4. ആവശ്യത്തിന്, നല്ല രീതിയിലുള്ള ഉറക്കം ഉറപ്പാക്കുക. രാത്രി നേരത്തെ ആഹാരം കഴിക്കുക.  പത്തുമണിക്ക് കിടക്കുക.

എങ്ങിനെയുള്ള ഭക്ഷണമാണ് കഴിക്കേണ്ടത്:

രോഗപ്രതിരോധത്തെ മെച്ചപ്പെടുത്താനും കോവിഡ് 19 രോഗത്തെ തടയാനുള്ള പ്രത്യേക ഭക്ഷണങ്ങളൊന്നുമില്ല. അങ്ങനെ ഉണ്ടെന്നവകാശപ്പെടുന്ന ഭക്ഷണങ്ങൾ വൻ വില കൊടുത്ത് വാങ്ങി വഞ്ചിക്കാതിരിക്കുക.

നാരുകൾ അടങ്ങിയ ഭക്ഷണങ്ങൾ (ഓട്ട്സ്, തവിടുള്ള അരി, പച്ചക്കറികൾ, മുതലായവ) കൂടുതലും കൊഴുപ്പുകൾ മിതമായും ഉപ്പ്, മധുരം എന്നിവ കുറച്ചുമുള്ള ഭക്ഷണശൈലിയാണ് ഏറ്റവും നല്ലത്. ആവശ്യത്തിന് പഴങ്ങളും പച്ചക്കറികളും മുഴു ധാന്യങ്ങളും (റിഫൈൻഡ് അല്ലാത്ത) പ്രോട്ടീനും (ഇതിൽ മൃഗജന്യവും സസ്യജന്യവുമായ പ്രോട്ടീനുകൾ ഉൾപ്പെടുത്താം) ആരോഗ്യകരമായ കൊഴുപ്പുകളും അടങ്ങിയ സമീകൃതമായ ഭക്ഷണം ശരീരത്തിന് വേണ്ടുന്ന പോഷകങ്ങൾ നൽകാനും രോഗപ്രതിരോധ വ്യവസ്ഥയുടെ കൃത്യമായ പ്രവർത്തനം ഉറപ്പു വരുത്താനും ആവശ്യമാണ്. ലോക്ക്ഡൗൺ സമയത്ത് സാധാരണ ജീവിതത്തേക്കാൾ നമ്മുടെ ശാരീരിക പ്രവർത്തനങ്ങൾ കുറവായതിനാൽ കുറവ് കാലറി മതിയാവും എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിനനുസരിച്ചു ആഹാരത്തിലെ കാർബോഹൈഡ്രേറ്റിന്റെ അളവിൽ കുറവ് വരുത്തേണ്ടത് അത്യാവശ്യമാണ്. കൂടുതലായി ശരീരത്തിലെത്തുന്ന കാലറി കൊഴുപ്പായി ശരീരം സ്റ്റോർ ചെയ്യുന്നത് വഴി ശരീരഭാരം കൂടാനും പിൽക്കാലത്ത് പ്രമേഹം, ഹൃദ്രോഗങ്ങൾ രക്താദിമർദ്ദം തുടങ്ങിയ രോഗാവസ്ഥകൾ ഉണ്ടാകാനും വഴിയൊരുക്കും.

ആരോഗ്യവാനായ ഒരാൾക്ക് അടിസ്ഥാന ശാരീരിക പ്രവർത്തനങ്ങൾക്കായി ഏകദേശം 1750–2000 കാലറി ആണ് ആവശ്യമെന്നാണ് പഠനങ്ങൾ പറയുന്നത്. ഇതിനനുസരിച്ചു കഴിക്കുന്ന കാലറി ലിമിറ്റ് ചെയ്യാൻ ശ്രദ്ധിക്കുക. സ്മാർട്ട്ഫോൺ ആപ്പുകൾ ഇന്ത്യൻ ഭക്ഷണങ്ങലിലെ കാലറി കണക്കാക്കാൻ ഉപയോഗിക്കാവുന്നതാണ്. ആഹാരം കഴിക്കുന്ന രീതികളിലും മാറ്റം വരുത്തുന്നത് നല്ലതായിരിക്കും. കഴിയുന്നതും കൃത്യസമയങ്ങളിൽ കുടുംബമായി ഊണുമേശയിൽ ഇരുന്ന് തന്നെ ഭക്ഷിക്കുന്നതാവും നല്ലത്. ടിവി, കമ്പ്യൂട്ടർ, ഫോൺ എന്നിവ ആഹാര സമയത്ത്  ഒഴിവാക്കുക. നിങ്ങൾ ഉദ്ദേശിക്കുന്നതിൽ കൂടുതൽ ആഹാരം ഉള്ളിലാക്കാൻ സാധ്യതയുണ്ട്. വിളമ്പിയ ആഹാരം മുഴുവൻ കഴിക്കണമെന്ന വാശി വേണ്ട. ബാക്കിയുള്ളത് സുരക്ഷിതമായി അടുത്ത തവണത്തേക്ക് സ്റ്റോർ ചെയ്യുക.

ആവശ്യത്തിന് പാനീയങ്ങൾ കഴിക്കുക. ഏറ്റവും നല്ലത് ശുദ്ധജലം തന്നെയാണ്. പ്രായപൂർത്തിയായ ഒരാൾക്ക് പ്രതിദിനം രണ്ടു ലിറ്ററെങ്കിലും പാനീയം ആവശ്യമാണ്. ചൂട് കാലാവസ്ഥയിൽ ഇതിനേക്കാൾ കൂടുതൽ ജലം ആവശ്യമായി വന്നേക്കാം. മൂത്രത്തിന്റെ നിറം ആവശ്യത്തിന് ജലം ഉള്ളിൽ ചെല്ലുന്നുണ്ടോ എന്നതിന് ഒരു ഏകദേശ മാനകമായി കണക്കാക്കാം. ഏകദേശം ജലത്തിനോടടുത്ത നിറമാണെങ്കിൽ ആവശ്യമുള്ളത്ര ജലം കുടിക്കുന്നുണ്ടെന്ന് ഉറപ്പാക്കാം. പഴച്ചാറുകൾ കഴിക്കുമ്പോൾ ശ്രദ്ധിക്കണം. അവയിൽ കാലറി കൂടുതലാണ്. അതുകൊണ്ട്തന്നെ മൊത്തം കാലറി ഉപഭോഗത്തിൽ അതുംകൂടി കൂട്ടണം. പഞ്ചസാര ചേർക്കാത്ത ജ്യൂസുകൾ ആണ് നല്ലത്. കാർബണേറ്റഡ് ഡ്രിങ്കുകൾ ഒഴിവാക്കുന്നതാണ് നല്ലത്.

ആഹാരം വീട്ടിലുണ്ടാക്കുന്നത് തന്നെയാണ് ഏറ്റവും നല്ലത്.  സമയമില്ലായ്മ മൂലം നിങ്ങൾ മാറ്റി വെച്ചിരുന്ന റെസിപ്പികൾ ട്രൈ ചെയ്യാനുള്ള സമയമാണിത്. ഭക്ഷണമുണ്ടാക്കുന്ന പ്രക്രിയയിൽ കുട്ടികളെക്കൂടി പങ്കാളികളാക്കുക. ഒരു വിനോദമെന്നതിലുപരി, ഭാവിയിലേക്കുള്ള ഒരു പ്രധാന ലൈഫ സ്കിൽ അവരെ പഠിപ്പിക്കുക എന്നത് കൂടി ഒപ്പം നടക്കും.

കോവിഡ് 19 ആഹാരം വഴി പകരുമെന്ന് ഇതേവരെ തെളിവുകളൊന്നുമില്ല. പക്ഷെ ഭക്ഷ്യജന്യമായ മറ്റു രോഗങ്ങൾ ഈ സമയത്ത് വന്നാൽ ബുദ്ധിമുട്ടാകുമെന്നുള്ളത് കൊണ്ട് ഭക്ഷണം ഉണ്ടാക്കുമ്പോഴും കഴിക്കുമ്പോഴും തികഞ്ഞ ശുചിത്വം പാലിക്കാൻ ശ്രദ്ധിക്കുക.

## മദ്യം :

മദ്യം കഴിവതും ഒഴിവാക്കാൻ ശ്രമിക്കുക. അല്ലെങ്കിൽ അളവ് തീരെ കുറയ്ക്കുക. ഒറ്റപ്പെടൽ, ബോറടി എന്നിവ മൂലം ആളുകൾ കൂടുതലായി മദ്യം കഴിക്കാൻ സാധ്യതയുണ്ട്. പക്ഷെ ഡിപ്രഷനും മറ്റു മാനസിക പ്രശ്നങ്ങളും വഷളാക്കാൻ മദ്യത്തിന് കഴിയും. ഉറക്കപ്രശ്നങ്ങളും മദ്യപാനത്തിന്റെ ഒരു സൈഡ്ഇഫക്ടായി ഉണ്ടാകാം. ഒന്നോർക്കുക, മദ്യം നിങ്ങളുടെ നിത്യാഹാരത്തിന്റെ ഭാഗമല്ല, അതുകൊണ്ട് തന്നെ അത് ഷോപ്പിംഗ് ലിസ്റ്റിൽ ഉണ്ടാകേണ്ട ഒരു വസ്തുവല്ല.

## വ്യായാമം :

മറ്റ് ആരോഗ്യപ്രശ്നങ്ങളില്ലാത്ത ആളുകൾക്ക് ലോകാരോഗ്യ സംഘടന ശുപാർശ ചെയ്യുനനത് ആഴ്ചയിൽ 150 മിനിറ്റ് മിതമായ രീതിയിലുള്ള വ്യായാമങ്ങളോ 75 മിനിറ്റ് കടുത്ത വ്യായാമങ്ങളോ (ഇത് രണ്ടും കൂടിയതോ ആണ്.) ജിമ്മിൽ പോവുകയോ വലിയ വലിയ എക്സർസൈസ് ഉപകരണങ്ങളുടെ സഹായമില്ലാതെയോ തന്നെ വീട്ടിൽ തന്നെ ഈ ശുപാർശ പ്രകാരമുള്ള ആക്ടിവിറ്റികൾ നമുക്ക് പൂർത്തീകരിക്കാവുന്നതാണ്.

## നടപ്പ് :

വീടിനകത്ത് തന്നെ കഴിയുന്നത്ര നടക്കുക. ഒരേ സ്ഥലത്ത് തന്നെ നിന്ന് കൊണ്ടുള്ള നടപ്പും ചെയ്യാവുന്നതാണ്. ഫോണിൽ സംസാരിക്കുകയോ കോൺഫറൻസ് കോളുകൾ അറ്റൻഡ് ചെയ്യുകയോ ഒക്കെ ചെയ്യുന്നതിനിടയിലും ഈ നടപ്പാകാം. പുസ്തക വായനയും പാട്ടുകേൾക്കലും ഒക്കെ ഇങ്ങനെ നടന്നുകൊണ്ടാവാം.

## നിൽപ്പ് :

കഴിയുന്നത്ര കൂടുതൽ നേരം എഴുന്നേറ്റ് നിൽക്കാൻ ശ്രമിക്കുക. ഇരുന്നുള്ള പണിയാണെങ്കിൽ ഓരോ മുപ്പത് മിനിട്ടിലും ഒരു രണ്ടു മൂന്ന് മിനിറ്റ് നിൽക്കാനും നടക്കാനും ശ്രദ്ധിക്കുക. ഉയരമുള്ള ഒരു ഡെസ്ക് സെറ്റ് ചെയ്താൽ (മേശയ്ക്ക് മുകളിൽ കട്ടിയുള്ള പുസ്തകങ്ങൾ അടുക്കി വെച്ചോ ഒരു ചെറിയ ടീപ്പോയ് വെച്ചോ ഒക്കെ താൽക്കാലികമായി ഇത് ചെയ്യാം) നിന്ന് കൊണ്ട് തന്നെ ജോലി ചെയ്യുകയുമാവാം.

## വീട്ടു ജോലികൾ :

വീട് വൃത്തിയാക്കുക , ഗാർഡനിങ് ചെയ്യുക ഇതൊക്കെ വ്യായാമത്തിന്റെ ഭാഗമായി കൂട്ടാം. നിങ്ങളുടെ സൗകര്യമനുസരിച്ച് ദിവസത്തിൽ പല പ്രാവശ്യമായി ചെറിയ ചെറിയ എക്സർസൈസുകൾ ചെയ്യുകയോ അല്ലെങ്കിൽ എല്ലാ ദിവസവും ഒരു കൃത്യസമയത്ത് ദീർഘനേരം ചെയ്യുകയോ ആവാം. യൂട്യൂബിൽ ധാരാളം എക്സർസൈസ് വീഡിയോകൾ ഉണ്ട്. ഇതിൽ നിങ്ങൾക്ക് അനുയോജ്യമായവ തിരഞ്ഞെടുത്ത് ചെയ്തു തുടങ്ങാം. ആരോഗ്യപ്രശ്നങ്ങളുള്ളവർ തങ്ങൾ സ്ഥിരം കാണുന്ന ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം കടുത്ത എക്സർസൈസുകൾ ചെയ്തു തുടങ്ങുക എന്നത് പ്രധാനമാണ്.

ഓൺലൈൻ എക്സർസൈസ് ക്ലാസ്സുകൾ കുടുംബമായി ചെയ്താൽ ഒരു ഫൺ അക്ടിവിറ്റി യുമാകും. പരസ്പരം മത്സരിച്ചു ചെയ്യുമ്പോൾ വ്യായാമം എന്നുള്ളതിനുപരി മാനസികോല്ലാസവും കുടുംബാംഗങ്ങൾ തമ്മിൽ മാനസിക അടുപ്പവും പ്രദാനം ചെയ്യും.

## യോഗ :

യോഗ നല്ലൊരു വ്യായാമ മുറയാണ്. മാത്രമല്ല അത് മാനസിക പിരിമുറുക്കം കുറയ്ക്കും. പ്രായത്തിനും ആരോഗ്യത്തിനും അനുസരിച്ചു യോഗ ചെയ്താൽ മതി. പ്രായമായവർ ഇരുന്നു ചെയ്യാവുന്ന പ്രാണായാമങ്ങൾ ശീലിച്ചാൽ മതി.

## ഉറക്കം :

കുട്ടികൾക്ക് 9 മണിക്കൂറും മുതിർന്നവർക്ക് 7–8 മണിക്കൂറും ഉറക്കം കിട്ടുക എന്നത് പരമപ്രധാനമാണ്. എല്ലാ ദിവസവും കൃത്യസമയത്ത് ഉറങ്ങാൻ പോവുക (ആദ്യമൊക്കെ ഉറങ്ങാൻ പ്രയാസമാകും. പക്ഷെ പതിയെ ആ സമയത്ത് ഉറങ്ങാൻ തുടങ്ങും) ഉറങ്ങുന്നതിന് ഒരു മണിക്കൂർ മുൻപെങ്കിലും സ്ക്രീൻ (ടിവി, കമ്പ്യൂട്ടർ, ഫോൺ) ഒഴിവാക്കുക. ഈ സമയത്ത് പുസ്തകവായന ശീലമാക്കാവുന്നതാണ്. മദ്യം, പുകവലി തുടങ്ങിയ തലച്ചോറിനെ ഉദ്ദീപിക്കുന്നവ കഴിവതും ഒഴിവാക്കുക. വൈകുന്നേരം ഒരു ആറ് മണി കഴിഞ്ഞാൽ കാപ്പി, ചായ, കോള മുതലായ കഫീൻ കലർന്ന പാനീയങ്ങളും ആഹാരങ്ങളും ഒഴിവാക്കുക. ഉറങ്ങുന്ന മെത്തയും തലയിണയും വൃത്തിയായി, കണ്ടാൽ തന്നെ കിടന്നുറങ്ങാൻ ക്ഷണിക്കുന്ന തരത്തിൽ സൂക്ഷിക്കുക.

ലോക്ഡൗൺ കാലഘട്ടത്തിൽ മേൽ പറഞ്ഞ കാര്യങ്ങൽ ശ്രദ്ധിച്ചാൽ ആരോഗ്യം നിലനിർത്താൻ സാധിക്കും. എല്ലാവർക്കും ആയുരാരോഗ്യം ആശംസിക്കുന്നു.





### ഉപനിഷത്തുക്കളിലൂടെ......

# ഓംകാരോപാസന

എൻ. ഗോപിനാഥൻ നായർ

ഓംകാരോപസനയിലൂടെ ജീവാത്മാവിന് പരമാത്മാഭാവം പ്രാപിക്കാമെന്ന സത്യം മാണ്ഡുകോപനിഷത്തിലാണ് വിശദമായി പ്രതിപാദിച്ചിരിക്കുന്നത്.

ദേവന്മാരെ! ചെവികൊണ്ട് മംഗളമായതിനെ ഞങ്ങൾ കേൾക്കുമാറാകട്ടെ. യജനശീലരായ ഞങ്ങൾ കണ്ണുകൾകൊണ്ട് നല്ലതു കാണുമാറാകട്ടെ. ഞങ്ങൾ ദൈവഹിതമായ ആയുസ്സിനെ പ്രാപിക്കുമാറാകട്ടെ. എല്ലാം അറിയുന്ന സൂര്യനും ആപത്തുകൾ നീക്കിത്തരുന്ന ഗരുഡനും ഞങ്ങൾക്ക് മംഗളം നൽകട്ടെ. ദേവഗുരുവായ ബ്രഹസ്പതിയും മംഗളമരുളട്ടെ.

മാണ്ഡുക്യോപനിഷത്തിലെ ഉദാത്തമായ കാഴ്ചപ്പാടുകളോടു കൂടിയ ശാന്തി മന്ത്രമാണ് മേലുദ്ധരിച്ചിരിക്കുന്നത്.

ഏറ്റവും ചെറുതും എന്നാൽ ഏറ്റവും പ്രധാനപ്പെട്ടതുമായ ഈ ഉപനിഷത്തിന്റെ രചയിതാവ് മണ്ഡൂകൻ എന്ന മഹർഷിയോണെന്ന് വിശ്വസിക്കപ്പെടുന്നു. അഥർവ വേദത്തിലെ അയമാന്മാ ബ്രഹ്മ (ഈ ആത്മാവ് ബ്രഹ്മമാണ്, ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്നത് ബ്രഹ്മം തന്നെയാണ്.) എന്ന മഹാവാക്യം വരുന്നത് മാണ്ഡൂക്യോപനിഷത്തിലാണ്. ഗൗഡപാദാചര്യർ തുടങ്ങി വച്ച അദ്വൈതസിദ്ധാന്തത്തിന് പ്രചുരപ്രചാരം നൽകാൻ ശ്രീശങ്കരാചാര്യർക്ക് പ്രചോദനമായത് മാണ്ഡൂക്യോപനിഷത്താണ്. അദ്ദേഹം ഭാഷ്യം രചിച്ച ദശോപനിഷത്തുകളിൽ പ്രധാനപ്പെട്ട ഒന്നാണ് ഈ ഉപനിഷത്ത്.

എല്ലാ പാശ്ചത്യ ചിന്തകരും എന്നാൽ പൗരസ്ത്യ ചിന്തകരിൽ പലരും ഗവേഷണത്തിൽ ഏർപ്പെട്ടിരുന്നത് ഉണർന്നിരിക്കുമ്പോഴുള്ള ജാഗ്രതാവസ്ഥയിൽ നമുക്കുണ്ടാകുന്ന അനുഭവങ്ങളെ മാത്രം മുൻനിർത്തിയാണ്. പക്ഷേ പുരാതന ഭാരതത്തിൽ ജീവിച്ചിരുന്ന നമ്മുടെ മഹർഷിമാരാവട്ടെ ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്ന് അവസ്ഥകളിലും ഉണ്ടാകുന്ന അനുഭൂതികളെ അടിസ്ഥാനമാക്കിയാണ് സത്യന്വേഷണങ്ങൾ നടത്തിയിരുന്നത്. തന്മൂലം അവർ നാലാമത്തെ അവസ്ഥയായ തുരിയാവസ്ഥയെ (ധ്യാനം, സമാധി) കണ്ടെത്തുകയായിരുന്നു..

ജീവാത്മാവ് നാലു പാദങ്ങളോട് അഥവാ അവസ്ഥകളോട് കൂടിയതാണ്. വിശ്വൻ (വൈശ്വാനരൻ) തൈജസൻ, പ്രാജ്ഞൻ, തുരീയൻ എന്നിവയാണ് നാലു പാദങ്ങൾ.

വിശ്വൻ : ജാഗ്രതാവസ്ഥയാണ് . ജാഗ്രതാവസ്ഥയിൽ ആത്മാവ് ബോധാവസ്ഥയിൽ ആയതിനാൽ (ഉപബോധമനസ്സ്) ബാഹ്യവിഷയങ്ങൾ അഥവാ സ്ഥൂലവിഷയങ്ങൽ (ബഹിഷ്പ്രജ്ഞൻ) അറിയുന്നവനാണ്.

തൈജസൻ : സ്വപ്നാവസ്ഥയാണ്. സ്വപ്നാവസ്ഥയിൽ ആത്മാവ് ഉള്ളിൽ മാത്രം പ്രവർത്തിക്കുന്നതിനാൽ (അബോധമനസ്സ്) സൂക്ഷ്മ വിഷയങ്ങൾ മാത്രം അറിയുന്നവനാണ്.

പ്രാജ്ഞൽ : സുഷുപ്തി അഥവാ ഗാഡനിദ്ര എന്ന അവസ്ഥയാണ്. യാതൊന്നും ആഗ്രഹിക്കാത്ത. സ്വപ്നം പോലും കാണാത്ത ഈ അവസ്ഥയിൽ ആത്മാവ് ആനന്ദസ്വരൂപവും അന്തർമുഖവുമാണ്. സുഷുപ്തിയിൽ ജീവാത്മാവ് പരമാത്മാവിൽ ഒന്നുചേർന്ന് ഏക രൂപവും ബോധരൂപവും ആയി പരിണമിക്കുന്നു.

തുരിയൻ : നാലാം പാദമായ തുരിയെമെന്ന അത്യത്ഭുതാവസ്ഥയിൽ പറഞ്ഞറിയിക്കാനും, ഗ്രഹിക്കുവാനും സാധ്യമല്ലാത്തതും ഏകാന്തമായ ബോധത്തിന് ഉപകരിക്കുന്നതും പ്രപഞ്ചബോധത്തെ ഇല്ലാതാക്കുന്നതും ശാന്തവും ശിവവും അദ്വൈതവും ആകുന്നു.

ഓകാരം പ്രണവമന്ത്രമാണ്. പ്രണവം ബ്രഹ്മവാചകമാണ്. ആത്മാവ് അക്ഷരരൂപത്തിൽ ഓംകാരമാത്രാധിഷ്ടിതമാണ്. ഓംകാരത്തിലെ മാത്രകൾ പാദങ്ങളാകുന്നു. അവ അകാരം, ഉകാരം, മകാരം എന്നിവയാണ്. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി, എന്നീ മൂന്ന് പാദങ്ങൾക്ക് തുല്യമായി 'അ', 'ഉ', 'മ' എന്നീ മൂന്ന് അവസ്ഥകൾ ലയിച്ച് ചേർന്നതിനുശേഷം ഉണ്ടാകുന്ന തുരിയമെന്ന അവസ്ഥയിൽ എത്തിച്ചേരുമ്പോൾ ഓംകാരോപസന സാധ്യമാകുന്നു.

ഓംകാരോപസനയിലൂടെ ജീവാത്മാവിന് പരമാത്മാഭാവം പ്രാപിക്കാമെന്ന് മാണ്ഡൂക്യോപനിഷത്തിൽ വളരെ സ്പഷ്ടമായി സമർത്ഥിച്ചിരിക്കുന്നു.

# ജീവിത യാഥാർത്ഥ്യങ്ങൾ

**സതീ ഗോപിനാഥ്**

തലേന്ന് രാത്രി എല്ലാവരും നേരത്തെ അത്താഴം കഴിച്ച് ഉറങ്ങാൻ കിടന്നു. അടുക്കളക്കാരി ദേവൂ അടുക്കള അടിച്ചു തുടച്ച് പായയും തലോണയും എടുത്ത് ചേച്ചിമാരുടെ മുറിയിലേക്ക് പോയി. നാരായണി അമ്മയുടെ ഇളയ മകൾ സുലോചന മാസം തികഞ്ഞിരിക്കുകയാണ്. എപ്പോൾ എന്ത് അവശ്യം ആണ് വരിക എന്നറിയില്ല. അവളുടെ ഭർത്താവ് മാധവൻകുട്ടി അമ്മയ്ക്ക് ദീനം ആണ് എന്ന് പറഞ്ഞ് ഒരാഴ്ചയായി വടക്കാഞ്ചേരിയിലാണ്. അവിടെ നിന്നാണ് ഓഫീസിൽ പോക്കും വരവും. മൂപ്പർക്ക് അമ്മ കഴിഞ്ഞെ വേറെ ആരും ഉള്ളൂ. അല്ലെങ്കിൽ ഈ സമയത്ത് ഭാര്യയെ വയസ്സായ അമ്മ അച്ഛന്മാരുടെ അടുത്താക്കി ആരെങ്കിലും പോകുമോ? ഇതെല്ലാം കണ്ട് നാരായണി അമ്മ തന്റെ മൂത്തമകൾ സൗദാമിനിയെ സഹായത്തിനായി കൊടുങ്ങല്ലൂരിൽ നിന്ന് വിളിച്ചു വരുത്തി. വയറ്റാട്ടി കുഞ്ചിക്കും ആളെ വിട്ടു. കുഞ്ചിയുടെ കണക്കു കൂട്ടലുകൾ സാധാരണ പിഴക്കാറില്ല. എന്നാലും നാരായണിയമ്മയുടെ ഭാഷയിൽ പറഞ്ഞാൽ രണ്ടും രണ്ടാവണതു വരെ മനസ്സിന് ഒരു സമാധാനവുമില്ല. ഓരോന്ന് വിചാരിച്ച് തിരിഞ്ഞും മറിഞ്ഞും കിടന്ന് ഒരു വിധം ഒരു മണിയായതോടെ ഒന്നു ഉറങ്ങിപ്പോയി. വെളുപ്പാൻ കാലത്ത് മൂന്നു മണിക്ക് ആരോ വാതിക്കൽ മുട്ടിവിളിക്കുന്നതുപോലെ തോന്നി. സൗദാമിനിയായിരുന്നു. അമ്മേ, സുലുവിന്ന് നല്ല സുഖം തോന്നുന്നില്ല, സമയം ആയി എന്ന് തോന്നുന്നു. കുഞ്ചിയെ വിളിക്കൂ. കുഞ്ചിക്ക് കണ്ട ഉടനെ കാര്യം മനസ്സിലായി. അവർ തന്റെ തയ്യാറെടുപ്പ് തുടങ്ങി. സുലുവിനെ പേറ്റുമുറിയിലേക്ക് മാറ്റി വേണ്ടതെല്ലാം അടുപ്പിച്ച് കൊടുക്കാൻ സൗദാമിനി അവരുടെ കൂടെ മുറിയിൽ തന്നെ നിന്നു. മുറിയുടെ വാതിൽ അടഞ്ഞു. മുറിക്കുള്ളിൽ ജനനം എന്ന മഹാസംഭവം നടക്കുകയാണ്. അവിടെ നിന്ന് ഞരക്കങ്ങളും, നിലവിളികളും, അമർത്തിപ്പിടിച്ച സംസാരങ്ങളും കേട്ടുക്കൊണ്ടിരുന്നു. അടഞ്ഞ മുറിയുടെ വാതില്ക്കൽ ഒരു കസേരയിൽ ഇരുന്ന് നാരായണി അമ്മ കണ്ണടച്ച് പ്രാർത്ഥിക്കുകയാണ്. ചില സന്ദർഭങ്ങളിൽ മനുഷ്യൻ എത്ര നിസ്സഹായനാണ് ! നേരം വെളുത്തു. ഏഴു മണിയോടെ കുഞ്ഞിന്റെ ആദ്യകരച്ചിൽ കേട്ടു. എല്ലാവർക്കും സമാധാനമായി. വാതിൽ പാളി പാതി തുറന്ന് കുഞ്ചി അറിയിച്ചു. പെൺകുഞ്ഞാണ് നല്ല തങ്കം പോലത്തെ കുട്ടി സമയം കുറിച്ചിട്ടോളൂ. നാരായണി അമ്മയും കേശവൻ നായരും വന്നു കുട്ടിയെ കണ്ടു. സാക്ഷാൽ മഹാലക്ഷ്മി തന്നെ. എന്തൊരു ശ്രീയാണ് അവളുടെ മുഖത്ത്. നക്ഷത്രം മകം ആണ്. മകം പിറന്ന മങ്ക. നാരായണി അമ്മയ്ക്ക് പറഞ്ഞിട്ടും പറഞ്ഞിട്ടും മതിയാവുന്നില്ല. അയൽക്കാരെയും ബന്ധുക്കളെയും അറിയിച്ചു. മാധവൻകുട്ടിക്ക് ഫോൺ ചെയ്യാൻ ആളെ വിട്ടു.

പതിനൊന്നു മണിയോടെ എല്ലാം വൃത്തിയാക്കി അമ്മയെയും കുഞ്ഞിനെയും കുളിപ്പിച്ചു കിടത്തി ചായയും പലഹാരവും കഴിച്ച് കുഞ്ചി അവിടെ തന്നെ നടു നീർക്കാൻ പായ വിരിച്ചു കിടന്നു. എന്തെങ്കിലും ചൂടോടെ കുടിക്കാൻ സുലോചനയോടും പറഞ്ഞു. സുലോചന കൂട്ടാക്കിയില്ല. ഒരു മണിക്ക് ചോറുണ്ണാൻ നാരായണി അമ്മ വന്ന് കുഞ്ചിയെ വിളിച്ചു. സുലോചന അപ്പോഴും തളർന്നു ഉറങ്ങുകയാണ്. ആ കിടപ്പ് കുഞ്ചിക്ക് അത്ര പിടിച്ചില്ല. വിരിപ്പ് പൊക്കി നോക്കി. രക്തം കളം കെട്ടി നിൽക്കുകയാണ്. ശരീരം തണുത്തു വരുന്നു. ചതിച്ചല്ലോ ഭഗവതി ! ഇനി കുഞ്ചിക്കൊന്നും വയ്യെ. ഡാക്കിട്ടറെ വിളിച്ചോളൂ. എന്നു പറഞ്ഞ് കുഞ്ചി ഉമ്മറത്തേയ്ക്ക് ഓടി. ഡോക്ടർ വന്നപ്പോഴേക്കും എല്ലാം കഴിഞ്ഞിരുന്നു. തന്റെ കുഞ്ഞിനെ അമ്മയേയും അച്ഛനെയും ഏല്പിച്ച് സുലോചന യാത്രയായി. നാട്ടുകാരും വീട്ടുകാരും ഓടി എത്തി. കുഞ്ഞ് ഒന്നും അറിയാതെ ഉറക്കെ കരഞ്ഞുകൊണ്ടിരുന്നു. നാരായണി അമ്മ ബോധം കെട്ടു വീണു. സൗദാമിനി മകൻ രാഹുലിനെയും കൂട്ടി വേഗം പുറപ്പെടാൻ ഭർത്താവിന് ഫോൺ ചെയ്തു. എല്ലാവരും എത്തി. കൂട്ടക്കരച്ചിലിന്റെയും നിലവിളികളുടെ ഇടയിൽ സന്ധ്യയ്ക്ക് മുമ്പ് കർമ്മങ്ങൾ നടന്നു. രാഹുലിനെകൊണ്ട് എല്ലാം വേണ്ട മാതിരി ചെയ്യിച്ചു. നാരായണി അമ്മയുടെ മകൻ രവീന്ദ്രനാഥിനെ വിവരം അറിയിച്ചെങ്കിലും അയാൾ കാശ്മീരിലേക്ക് പോയിരിക്കുകയാണെന്നും അവിടെ നിന്ന് വരാൻ ബുദ്ധിമുട്ടാണെന്നും അറിവ് കിട്ടി. പിന്നെ ആരെയും കാക്കാൻ ഉണ്ടായിരുന്നില്ല. നാരായണി അമ്മ ആ കിടപ്പ് രണ്ടു ദിവസം കിടന്നു. അമ്മയെയും കുഞ്ഞിനെയും കാണാൻ വന്ന മാധവൻകുട്ടി എല്ലാം കഴിയുന്നത് വരെ കേശവൻ നായരുടെ അടുത്തു തന്നെ ഇരുന്നു.

വർഷങ്ങൾ പലതും കഴിഞ്ഞു പോയി. നന്ദിനി എന്നു പേരുള്ള അമ്മു മുത്തച്ഛന്റെയും അമ്മൂമമയുടെയും സംരക്ഷണത്തിൽ വളർന്നു വലുതായി. അമ്മയില്ലാത്ത കുട്ടിയാണെന്ന് പറഞ്ഞു. നാരായണി അമ്മ പേരക്കുട്ടിയെ ലാളിച്ചു ചീത്തയാക്കിയിരുന്നില്ല. പ്രായത്തിന്നുസരിച്ച് അവളെക്കൊണ്ട് ചെറിയ ചെറിയ ജോലികൾ ചെയ്യിച്ച് പരിശീലിപ്പിച്ചു. നല്ല അച്ചടക്കത്തോടും വിനയത്തോടും കൂടി തന്നെ കുട്ടി വളർന്നു. സന്ധ്യയ്ക്ക് തുളസിക്ക് വിളക്കു വെയ്ക്കുക, മുത്തച്ഛന് അടയ്ക്ക ഇടിച്ചു കൊടുക്കുക, കിടക്ക വിരിച്ച് കുടിക്കാൻ വെള്ളം മുറിയിൽ കൊണ്ടു പോയി വെക്കുക, അങ്ങനെ പോകുന്നു അമ്മുവിന്റെ ജോലികൾ. കൂടെ നടക്കാനും കളിക്കാനും ആയി കിട്ടുണ്ണിയുടെ മകൾ കുഞ്ഞുലക്ഷ്മിയെയും വിളിച്ചു നിർത്തി. അങ്ങനെ ഒരു വിഷമവും അറിയാതെ കളിച്ച്, ചിരിച്ച്, പഠിച്ച് അമ്മു വലുതായി. അമ്മാമയും വലിയമ്മയും ഒക്കെ കുടുംബസമേതം ഒഴിവുകാലങ്ങളിൽ വരും അമ്മുവിന് പെട്ടിനിറയെ ഉടുപ്പുകളും സമ്മാനങ്ങളും ഉണ്ടാകും. അവരെല്ലാം വന്നു പോകുന്നതുവരെ വീട്ടിൽ വലിയ ആഘോഷമായിരിക്കും.

പത്താംക്ലാസ്സ് പാസായതോടെ അമ്മു ആകെ ഒന്നു മാറി. വയസ്സായി വരുന്നതോടെ മുത്തച്ഛന്റെയും അമ്മുമ്മയുടെയും ആരോഗ്യവും ഉത്സാഹവും ഒക്കെ ക്ഷീണിച്ചു വരുന്നതായി അവൾ കണ്ടു മനസ്സിലാക്കി. അവരുടെ കാലശേഷം താൻ ഈ വീട്ടിൽ ഒറ്റപ്പെടില്ലെ എന്ന ഒരു ഭയം അവളെ അലട്ടാൻ തുടങ്ങി. അധികസമയം ലക്ഷ്മിയെയും കൂട്ടി പറമ്പിന്റെ ഏതെങ്കിലും കോണിൽ പോയി സംസാരിച്ച് സമയം കളഞ്ഞു. അമ്മു സ്കൂൾ വിശേഷങ്ങളും ലക്ഷ്മി അയൽക്കാരുടെ വിശേഷങ്ങളും പരസ്പരം കൈമാറി. ടൗണിൽ പോയി തന്റെ കോളേജ് വിദ്യാഭ്യാസം തൽക്കാലം നടക്കാത്ത കാര്യമാണെന്ന് അവൾക്ക് മനസ്സിലായി. പോരാത്തതിന് വരുന്നവരുടെയും പോകുന്നവരുടെയും ഒക്കെ മുമ്പിൽ അമ്മൂമ്മ ഒരേ പല്ലവി പാടി. ഞങ്ങൾക്ക് രണ്ടു പേർക്കും പ്രായം കൂടി വരുകയാണ്, കണ്ണടയ്ക്കുന്നതിനുമുമ്പ് അമ്മുവിന്റെ കല്യാണം നടത്തി അവളെ ആരുടെയെങ്കിലും കൈയ്യിൽ ഏല്പിക്കണം. ഈയിടെ ആയി തലതിരിയിന്നു എന്ന് പറഞ്ഞ് അമ്മുമ്മ എപ്പോഴും കിടപ്പാണ്. മുത്തച്ഛനാണെങ്കിൽ എല്ലാ കാര്യങ്ങളും കിട്ടുണ്ണിയെ ഏല്പിച്ച് ഉമ്മറത്തെ ചാരുകസേരയിൽ കിടന്ന് സമയം കഴിക്കും. ഇതിന്നിടയിൽ പല ആലോചനകളും വന്നു. ഒന്നും നടക്കല്ലെ എന്ന് പ്രാർത്ഥിക്കുകയായിരുന്നുഅമ്മു. ഒരമ്മയുണ്ടായിരുന്നെങ്കിൽ എന്നവൾ പല തവണ ആശിച്ചു. പ്രായമായ പെൺകുട്ടികൾ അമ്മമാരോടല്ലെ എല്ലാം തുറന്നു പറയൂ. തനിക്ക് അതിനുള്ള ഭാഗ്യം ഉണ്ടായില്ല. അച്ഛനാണെങ്കി ഇപ്പോൾ തന്നെ കാണാൻ വരുന്നേയില്ല. സുഖക്കേടായി കിടപ്പാണ് എന്ന് ആരോ പറഞ്ഞറിഞ്ഞു.

ഒരു ദിവസം കുളിക്കുന്നതിനിടയിൽ അമ്മൂമ്മ തലക്കറങ്ങി കുളിമുറിയിൽ വീണു. വിളിച്ചിട്ടും വിളിച്ചിട്ടും കണ്ണു തുറക്കുന്നില്ല. അയൽക്കാരുടെ സഹായത്തോടെ അവരെ ടൗണിലെ ഒരു നേഴ്സിങ്ഹോമിലേക്ക് കൊണ്ടു പോയി. അയലത്തെ മധുച്ചേട്ടന്റെയും സുമതി ചേച്ചിയുടെയും കൂടെ അമ്മുവും നേഴ്സിങ് ഹോമിലേക്ക് പോയിരുന്നു. ഡോ. വേണുഗോപാൽ വന്ന് നോക്കിയ ഉടനെ രോഗിയെ ഐ.സി.യു വിലേക്ക് മാറ്റി നാരായണി അമ്മയുടെ അടുത്ത ബന്ധു ആരാണെന്ന് വച്ചാൽ അവരോട് തന്നെ മുറിയിൽ വന്നു കാണാൻ പറയൂ എന്ന് നേഴ്സിനോട് പറഞ്ഞു. ആരോടും ചോദിക്കാതെ തന്നെ അമ്മു ഡോക്ടറുടെ മുറിയിലേക്ക് തള്ളിക്കയറി. രോഗിയുടെ പേരക്കുട്ടി ആയിരിക്കും അല്ലെ. പേടിക്കാനൊന്നും ഇല്ല. മരുന്നും ഭക്ഷണവും സമയത്തിന് കഴിക്കുന്നില്ലെന്നു തോന്നുന്നു. ഇവിടെ രണ്ടു ദിവസം കിടക്കട്ടെ. അതു കൂടാതെ എന്തോ ഒരു ചിന്ത അവരുടെ മനസ്സിനെ വല്ലാതെ വിഷമിപ്പിക്കുന്നുണ്ടെന്ന് തോന്നുന്നു. താനാണല്ലോ എല്ലാത്തിനും കാരണം എന്ന് തോന്നി അമ്മു മുഖം പൊത്തി പൊട്ടിക്കരഞ്ഞു. ഡോക്ടർ ആകെ വിഷമിച്ചു. നേഴ്സിനെ വിളിച്ച് കുട്ടിയെ കൊണ്ടു പോയി എല്ലാം പറഞ്ഞ് മനസ്സിലാക്കാൻ പറഞ്ഞു. മധുച്ചേട്ടൻ ചെന്ന് ഡോക്ടറെ കണ്ട് കാര്യങ്ങൾ മനസ്സിലാക്കി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ നാരായണി അമ്മ വീട്ടിലേക്ക് മടങ്ങി. അന്നുമുതൽ അവരുടെ രണ്ടു പേരുടെയും ഭക്ഷണത്തിന്റെയും മരുന്നുകളുടെയും കാര്യം അമ്മു ഏറ്റെടുത്തു. അവർ ജീവിച്ചിരിക്കേണ്ടത് അമ്മുവിന്റെ ആവശ്യമല്ലെ !

ഒരു ദിവസം രാവിലെ ഒരു മദ്ധ്യവയസ്കയും രണ്ടു പ്രായമുള്ള പുരുഷന്മാരും കൂടി ദല്ലാൾ കുമാരന്റെ കൂടെ മംഗലത്ത് തറവാടിന്റെ ഗേറ്റ് കടന്നു വന്നു. മുത്തച്ഛൻ എഴുന്നേറ്റ് അവരെ സ്വീകരിച്ചിരുത്തി. ഇവർ ഡോക്ടർ വേണുഗോപാലിന്റെ ബന്ധുക്കളാണ്. ചേച്ചിയും അമ്മാവന്മാരും സാറിന്

അന്ന് പൊട്ടിക്കരഞ്ഞ ആ പെൺകുട്ടിയെ നന്നായി പിടിച്ചുവത്രെ. ബന്ധം ആലോചിക്കാനും നിങ്ങളെ ഒക്കെ നേരിട്ടു കാണാനും കൂടിയാണ് അവർ വന്നിരിക്കുന്നത്. കുമാരൻ അവരെ പരിചയപ്പെടുത്തി. വാതിൽ പാളിയിൽ ഒളിഞ്ഞ് നിന്ന് അമ്മു എല്ലാം കേട്ടു. മനസ്സിന്ന് ആകെ ഒരു കുളിർമ്മ തോന്നി. ഡോക്ടർ സുമുഖനും സുന്ദരനും ഒന്നും അല്ലെങ്കിലും ഒരു യോഗ്യനായിരുന്നു. അതും കൂടാതെ ഒരു സഹൃദയനായ മനുഷ്യനും, പരിചയപ്പെടാനൊന്നും അവസരം കിട്ടിയില്ലെങ്കിലും അമ്മുവിന്റെ മനസ്സിൽ ഡോക്ടരെപ്പറ്റി അതായിരുന്നു അഭിപ്രായം. ഈ ബന്ധം നടന്നെങ്കിൽ എന്ന് മനസ്സിൽ ഒരു മോഹവും തോന്നി. ഒന്നും അറിയാത്ത മട്ടിൽ അവൾ അതിഥികൾക്കായി ചായയും പലഹാരങ്ങളുമായി വന്നു. എല്ലാവരേയും കണ്ടു. എന്തായാലും അധികം വൈകാതെ തന്നെ കല്യാണം നിശ്ചയിച്ചു. ജാതകങ്ങൾ ഉത്തമത്തിൽ ചേരുന്നുണ്ടത്രെ. എല്ലാവർക്കും ലീവ് എടുത്തു വരാൻ പറ്റുന്ന സമയം നോക്കി വിവാഹം നിശ്ചയിച്ചു. എല്ലാം മംഗളമായി തന്നെ നടന്നു. അമ്മൂമ്മ ഒരു പതിനെട്ടുകാരിയെപ്പോലെ പന്തലിൽ ഓടി നടന്ന് ശ്രമിച്ചു. നാലാം ദിവസം ഡോക്ടറുടെ വീട്ടുകാർ വന്ന് വരനെയും വധുവിനെയും അവരുടെ വീട്ടിലേക്ക് കൊണ്ടു പോയി. വർഷങ്ങൾക്കു ശേഷം നാരായണി അമ്മ അന്നു രാത്രി തന്റെ ചുമതല ഭംഗിയായി നടത്തി എന്ന് സംതൃപ്തിയിൽ സുഖമായി ഉറങ്ങി. പക്ഷെ പിറ്റേന്ന് രാവിലെ ഉണരാൻ കൂട്ടാക്കിയില്ല. പാവം ഉറങ്ങട്ടെ! എല്ലാ ആവലാതികളും മറന്ന് ശാന്തമായി ഉറങ്ങി ഭഗവാനിൽ ലയിച്ചു. നിത്യശാന്തി അനുഭവിക്കട്ടെ.

കർമ്മങ്ങൾ അവസാനിച്ചാൽ വിളിവരും. വിളി വന്നാൽ സ്ഥലം വിടണം. ഇത്രയെ ഉള്ളൂ മനുഷ്യജന്മം. ഇതു തന്നെയാണ് ജീവിതത്തിന്റെ യാഥാർത്ഥ്യവും.



# ഒരു ഓണപ്പാട്ട്

ഓണം വന്നോണം വന്നോണം വന്നേ
ഓർമ്മയിൽ സൂക്ഷിക്കാനോണം വന്നേ
ഓണം വന്നോണം വന്നോണം വന്നേ
ഒത്തൊരുമിച്ചു കൂടാനോണം വന്നേ

പൂക്കാലം വന്നല്ലോ പൂവിളി കേട്ടില്ലേ
പൂക്കുട നിറയ്ക്കുവാൻ പോരൂ നിങ്ങൾ
പൂക്കാലം തീർക്കാനായ് പോരൂ നിങ്ങൾ

ഓണം വന്നോണം വന്നോണം വന്നേ
ഓർമ്മയിൽ സൂക്ഷിക്കാനോണം വന്നേ
ഓണം വന്നോണം വന്നോണം വന്നേ
ഒത്തൊരുമിച്ചു കൂടാനോണം വന്നേ

ആയിരം പൂക്കൾ വേണം ആതിരാ പാട്ടുവേണം
ഓണത്തപ്പനെ എതിരേൽക്കണം- പിന്നെ
ഒരായിരം പേർക്കു സദ്യയും വേണം

ഓണം വന്നോണം വന്നോണം വന്നേ
ഓർമ്മയിൽ സൂക്ഷിക്കാനോണം വന്നേ
ഓണം വന്നോണം വന്നോണം വന്നേ
ഒത്തൊരുമിച്ചു കൂടാനോണം വന്നേ

ആർപ്പും കുരവയും ആനയുമമ്പാരിയും
ചെമ്പടത്താളത്തിൽ ചെണ്ടമേളം
എങ്ങും ആഡംബരം തൂവും അലങ്കാരങ്ങൾ

ഓണം വന്നോണം വന്നോണം വന്നേ
ഓർമ്മയിൽ സൂക്ഷിക്കാനോണം വന്നേ
ഓണം വന്നോണം വന്നോണം വന്നേ
ഒത്തൊരുമിച്ചു കൂടാനോണം വന്നേ

താലപ്പൊലിവേണം തായമ്പക വേണം
തൃക്കാക്കരപ്പനെ എഴുന്നള്ളിക്കാൻ - പിന്നെ
തൃച്ചന്ദനം ചാർത്തി ആറാട്ടുണ്ടേ

ഓണം വന്നോണം വന്നോണം വന്നേ
ഓർമ്മയിൽ സൂക്ഷിക്കാനോണം വന്നേ
ഓണം വന്നോണം വന്നോണം വന്നേ
ഒത്തൊരുമിച്ചു കൂടാനോണം വന്നേ





# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

സൂത്രം : – 43

സ്മൃതി പരിശുദ്ധൗ സ്വരൂപഷൂന്യേവ അർഥമാത്ര നിർഭാസാ നിർവിതർക്കാ

സ്മൃതി പരിശുദ്ധമാകുമ്പോൾ മനസ്സ്, സ്വരൂപം ശൂന്യമായതു പോലെ

അർഥം മാത്രമായി പ്രകാശിക്കുന്നു. ഇത് നിർവിതർക്ക സമാപത്തിയാണ്.

കഴിഞ്ഞ സൂത്രത്തിലുള്ള സവിതർക്ക സമാപത്തിയും ഇവിടെ പറയുന്ന നിർവിതർക്ക സമാപത്തിയും സ്ഥൂലരൂപ സംബന്ധിയാണ്. അടുത്ത സൂത്രത്തിൽ വരാൻ പോകുന്ന സവിചാര നിർവിചാര സമാപത്തികൾ ധ്യേയ വസ്തുക്കളുടെ സൂക്ഷ്മ രൂപത്തെയാണ് കാണുന്നത്.

ശബ്ദം, അർഥം, ജ്ഞാനം ഇവയൊക്കെ കൂടി കലർന്ന കലങ്ങിയ അവസ്ഥയാണ് സവിതർക്കം. എന്നാൽ പിന്നെയും ഏകാഗ്രത വർദ്ധിക്കുമ്പോൾ, തപസ്സ് തുടരുമ്പോൾ മനസ്സ് സൂക്ഷ്മതരമാവും. ത്രിപുടി – കാഴ്ചക്കാരൻ, കാണുന്ന വസ്തു കാഴ്ച എന്നിവ പോവും. വസ്തു മാത്രമാവും. അർഥം മാത്രമാവും.

ഒരു വ്തുവിനെ അവയവം, അവയവി എന്ന് രണ്ടു തരത്തിൽ കാണാം. അവയവങ്ങളുടെ സംഘാതമാണ് അവയവി. തന്മാത്രകൾ (മൺതരികൾ) ചേർന്ന് കുടമുണ്ടാവുന്നു. അപ്പോഴേ നമുക്കു വസ്തുവിനെ കാണാൻ കഴിയൂ. ഇവിടെ മൺതരികൾ അവയവങ്ങളും കുടം അവയവിയുമാണ്. കുടം എന്ന ഭബ്ദവും അത് മനസ്സിലുണ്ടാക്കുന്ന ജ്ഞാനവും തടസ്സപ്പെടുത്താത്ത, കുടം എന്ന വസ്തുവിനെ (അതായത് കുടമെന്ന വാക്കു കൊണ്ടുണ്ടാകുന്ന വസ്തു ബോധം) മാത്രം മനസ്സ് അറിയുമ്പോൾ മനസ്സ് തന്നെ ഇല്ലാതാവുന്നതുപോലെ ഒരവസ്ഥ ഉണ്ടാകും. അതാണിവിടെ പ്രതിപാദ്യം.

തടയപ്പെടേണ്ട അഞ്ചു വൃത്തികളിൽ പതഞ്ജലി സ്മൃതിയെയും ചേർത്തിട്ടുണ്ട്. (1–6) ഈ സ്മൃതിയുടെ (ഓർമ്മയുടെ) പരിധിയിലാണ് സവിതർക്ക സമാപത്തി. അപ്പോൾ യോഗിയുടെ മനസ്സ ബാഹ്യലോകത്തിലല്ല. ആ അറിവ് അജ്ഞാനമോ വിജ്ഞാനമോ അല്ല. അതുറക്കവുമല്ല. വെറും സങ്കല്പവുമല്ല.

ഈ സ്മൃതിയെയാണ് സാധനയാൽ പരിശുദ്ധമാക്കുന്നത്. അങ്ങിനെ പരിശുദ്ധമായ സ്മൃതി അർഥത്തെ മാത്രം പ്രകാശിപ്പിക്കുമ്പോൾ സ്വരൂപ ബോധം ഇല്ലാത്തതി പോലെയാകും. ഈ സൂത്രം തന്നെ ചെറിയ വ്യത്യാസത്തോടെ സമാധിയുടെ രൂപമായി മൂന്നാമധ്യായത്തിൽ മൂന്നാം സൂത്രത്തിൽ പറയുന്നുണ്ട്. (തദേവാർഥമാത്ര നിർഭാസം സ്വരൂപ ശൂന്യമിവ സമാധി:)

നിർഭാസമെന്നാൽ തിളങ്ങുന്നത് എന്നാണർഥം. കണ്ണാടി നിർമലമാകുമ്പോഴാണ് തിളങ്ങുന്നത്. സ്മൃതി പരിശുദ്ധി ഇതാണ് ചെയ്യുന്നത്.

വിതർക്കമാല്ലാതാവുമ്പോഴാണ് നിർവിതർക്കത വന്നു ചേരുക. ഈ ശുദ്ധീകരണം ആരു ചെയ്യുന്നു എന്നാണെങ്കിൽ അത് നമ്മുടെ ഉള്ളിലുള്ള ആത്മാവുതന്നെ എന്ന് കാണാം. ഇതിൽ തന്നെ നാലാമധ്യായത്തിൽ പതിനെട്ടാം സൂത്രം ഇതു വ്യക്തമാക്കുന്നുണ്ട്.

സദാ ജ്ഞാതാശ്ചിത്തവൃത്തയ : തത്പ്രഭോ : പുരുഷസ്യ

അപരിണാമിത്വാത്

മനസ്സിന്റെ പ്രഭുവായ പുരുഷൻ (ജീവാത്മാവ്)

മാറ്റമല്ലാത്തവനാകയാൽ എല്ലാ ചിത്തവൃത്തികളും അവനറിയുന്നു.

ശരിയായ ദ്രഷ്ടാവും കർത്താവും പുരുഷൻ തന്നെയാണ്. 'തമേവ ശരണം ഗച്ഛ' (അവനെ ശരണം പ്രാപിക്കൂ) എന്ന് ഭഗവദ്ഗീത പറയുന്നത് ഇതുകൊണ്ടാണ്. ഭക്തിയോഗത്തിന്റെ പ്രസക്തിയും അതു തന്നെ.

**ഒരു നിശ്ചയവുമില്ലൊന്നിനും**
**വരുമോരോ ദശ വന്നപോലെ പോം.**
**വിരയുന്നു മനുഷ്യനേതിനോ**
**തിരിയാ ലോഹസ്യമാർക്കുമേ**

*കുമാരനാശാൻ,*
*ചിന്തവിഷ്ടയായ സീത, പദ്യം 11*

സീതയുടെ ചിന്തയിൽ ഒരു ഭാഗം –

ഒന്നിനും ഒരു നിശ്ചയവുമില്ല. ഓരോ അവസ്ഥ വരും, വന്നപോലെ പോകും. മനുഷ്യൻ എന്തിനോ വേണ്ടി അന്വേഷിച്ചു നടക്കുന്നു. ലോകത്തിന്റെ യഥാർത്ഥരഹസ്യം ആർക്കും മനസ്സിലാവുകയില്ല.

1196 ചിങ്ങം 30 - കന്നി 30

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2020 സെപ്റ്റംബർ15 മുതൽ ഒക്ടോബർ 15 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**

**മേടക്കൂറ് (അശ്വതി,ഭരണി,കാർത്തിക1/4)ഃ** വിദ്യാ പുരോഗതി, സാഹിത്യ കലാ രംഗങ്ങളിൽ കൂടുതൽ മികവ് പുലർത്താൻ സാധിക്കുക. വീട് നിർമ്മിക്കുകയോ പുതുക്കുകയോ ചെയ്യാനും വാഹനം വാങ്ങാനും അനുകൂലമായ സാഹചര്യം ഉണ്ടാകും. ശിരോ രോഗം നേത്രരോഗം എന്നിവ അലട്ടും. മേലാധികാരികൾ സർക്കാർ എന്നീ സ്ഥാനങ്ങളിൽ നിന്നും ആവശ്യമില്ലാത്ത കാര്യത്തിന് പോലും കലഹങ്ങൾ ഉണ്ടാകും. എല്ലാ പ്രവൃത്തികളിലും ശ്രദ്ധിക്കണം. ശിവപ്രീതി വരുത്തുകയും ശിവക്ഷേത്ര ദർശനം നടത്തുകയും വേണം.

**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)ഃ** ധനപരമായ കാര്യങ്ങളിൽ നേട്ടത്തോടൊപ്പം അഭിപ്രായ വ്യത്യാസങ്ങളും,ധനവ്യയവും ഉണ്ടാകും. തൊഴിൽപരമായും മറ്റു പല വിധത്തിലും ചില ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. വാക്ക് നിമിത്തം ചില ദോഷങ്ങൾ വന്ന് ഭവിക്കുവാൻ സാധ്യത ഉള്ളതിനാൽ തർക്കങ്ങളിൽ നിന്നും മധ്യസ്ഥ ശ്രമങ്ങളിൽ നിന്നും വിട്ടു നിൽക്കണം. സന്താനങ്ങളുടെ കാര്യത്തിൽ മനപ്രയാസത്തിന് സാദ്യത ഉണ്ട്. ശിവന് ധാര പിൻവിളക്ക്, നവഗ്രഹക്ഷേത്രത്തിൽ ശനിഗ്രഹ പൂജ എന്നിവ നടത്തുക.

**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)ഃ** ശിരോരോഗം അലർജി സംബന്ധമായ പ്രശ്നങ്ങൾ ദാമ്പത്യ ബന്ധത്തിൽ അനാവശ്യമത്സരങ്ങളും കലഹങ്ങളും നിമിത്തം കുടുംബത്തിൽ അസ്വസ്ഥത, തൊഴിൽ സ്ഥലത്തെ അസ്വസ്ഥതകൾ പരിഹരിക്കപ്പെടും. വസ്തുവകകളിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം. വീട് വാഹനം എന്നിവക്കായി ധനം ചിലവഴിക്കേണ്ടി വരും. വ്യാഴം അനുകൂലമായതിനാൽ എല്ലാ കാര്യങ്ങൾക്കും ഈശ്വരാനുകൂല്യം ഉണ്ടാകും. ദോഷഫലങ്ങൾക്ക് തീവ്രത കുറയും. പഞ്ചാക്ഷരി ജപം നടത്തുന്നത് നല്ലതാണ്.

**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)ഃ** കടുത്ത വാക്കുകൾ പറയേണ്ട സാഹചര്യം ഉണ്ടാകും. ധനലാഭവും വ്യയവും തുല്യമാക്കും, വിദ്യാർത്ഥികൾക്ക് അനുകൂല സാഹചര്യങ്ങൾ ലഭ്യമാക്കും. വിവാഹ ജീവിതത്തിൽ സമ്മിശ്ര ഫലം അനുഭവപ്പെടും. പങ്കാളിയുടെ അലസഭാവം മനപ്രയാസത്തിന് ഇട വരുത്തും. സഹായികളിൽ നിന്നും സഹോദരസ്ഥാനിയരിൽ നിന്നും പ്രതികൂല അനുഭവങ്ങളുണ്ടാകും. ഉദരം, നേത്രം, പാദം എന്നീ അവയവങ്ങൾക്ക് രോഗത്തിന് സാധ്യതയും കൂടി ഉണ്ടാകാം. ആയതിനാൽ ശിവപ്രീതിയും സർപ്പപ്രീതിയും വരുത്തുന്നത് നല്ലതാണ്.

**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )ഃ** സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമെങ്കിലും പ്രശ്നങ്ങളെ തരണം ചെയ്യാൻ സാധിക്കും. എല്ലാ കാര്യങ്ങളിലും നൈപുണ്യം പ്രകടിപ്പിക്കും. സന്താന വിഷയത്തിൽ സമ്മിശ്ര ഫലാനുഭവങ്ങൾ ഉണ്ടാകും. ബന്ധു ഗുണം സിദ്ധിക്കും. ഗുരുക്കന്മാരുടേയും പിതൃതുല്യരുടേയും ദേഷ്യത്തിന് ഇട വരുക സർക്കാരിൽ നിന്നും മേലാധികാരികളിൽ നിന്നും ഗുണകരമല്ലാത്ത അനുഭവങ്ങൾ ഉണ്ടാകുക എന്നീ ദോഷാനുഭവങ്ങൾക്കൊപ്പം. പ്രതാപം , കർമ്മവൈഭവം, ശത്രു ജയം എന്നീ ഗുണഫലങ്ങൾ കൂടി ഉണ്ടാകും.

**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)ഃ** സജ്ജനസമ്പർക്കം ദേഹ സുഖം ധനവ്യയം, വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിൽ മികവ് പുലർത്താൻ സാധിക്കുക. വിവാഹിതർക്ക് ദാമ്പത്യം സുഖവും. വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല സാഹചര്യം ഉണ്ടാകും, സന്താനങ്ങളുടെ അലസത മനസംഘർഷങ്ങൾ ഉണ്ടാക്കുക, ഇടതു നേത്രത്തിന് രോഗത്തിന് സാധ്യത മുട്ടിന് വേദന ത്വക്ക് രോഗ സംബന്ധമായ പ്രശ്നങ്ങൾ എന്നീ ദോഷ ഫലങ്ങളും ഈ മാസം അനുഭവത്തിൽ വരും. ശിവ പഞ്ചാക്ഷരി ജപം നടത്തുക.

**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)ഃ** ധനവ്യയം, വാഹനത്തിന് വേണ്ടി പണ ചിലവും ഉണ്ടാകും. കുടുംബ കാര്യങ്ങളിൽ അലസതയും മാതാവിന് വാത സംബന്ധമായ അസ്വസ്ഥതയും, ജീവിത പങ്കാളിയുമായി അനാവശ്യ കലഹങ്ങളും ആരോഗ്യ പരമായി ചില പ്രശ്നങ്ങൾ ഉണ്ടാകും. ശ്വാസംമുട്ടൽ നെഞ്ച് സംബന്ധമായ അസ്വസ്ഥതകൾ എന്നിവ അനുഭവപ്പെടാം. ബന്ധു ഗുണം കുറയും. സുഹൃത്തുക്കളുമായി കലഹിക്കും. ദോഷപരിഹാരമായി 108 വീതം പഞ്ചാക്ഷരി ജപം നടത്തുക.

**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)ഃ** ദേഹബലം ഉന്മേഷം, സ്ഥാനലാഭം, അർത്ഥലാഭം, കാര്യവിജയം സർക്കാരിൽ നിന്നും വീട് നിർമ്മാണത്തിന് സഹായം പ്രതീക്ഷിക്കുന്നവർക്ക് അനുകൂല തീരുമാനം ഉണ്ടാകും. സഹോദരഗുണം ലഭിക്കും. സ്ത്രീ സുഖം സ്ത്രീകൾ നിമിത്തം ധനലാഭം എന്നീ ഗുണങ്ങളും വീട്ടു കാര്യങ്ങളിൽ അലസത എന്നീ ദോഷങ്ങളും അനുഭവപ്പെടും. വൈഷ്ണവ മന്ത്ര ജപം നടത്തുക.

**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം 1/4)ഃ** ധനം വിദ്യ വാക്ക് ഇവ മൂലം സമ്മിശ്ര ഫലമായിരിക്കും അനുഭവപ്പെടുക. വാക്ക് കൊണ്ട് ഗുണവും ദോഷവും ഉണ്ടാകും. ധനനേട്ടങ്ങൾ ഉണ്ടാകുന്നതോടൊപ്പം ധന സംബന്ധമായ കലഹങ്ങൾക്കും സാധ്യതയുണ്ട്. പല പ്രവൃത്തികളും തുടർന്ന് കൊണ്ടുപോകാനും നിർത്താനും പറ്റാത്ത മാനസികാവസ്ഥ സമ്മർദ്ധത്തിന് കാരണമാകും. വേണ്ട സമയത്ത് ബുദ്ധിക്ക് കൂർമ്മത നഷ്ടമാകും. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി ജപവും നടത്തുക.

**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)ഃ** പല കാര്യങ്ങളിലും തീരുമാനമെടുക്കാൻ പറ്റാതെ ആശയ കുഴപ്പത്തിലാകും. സർക്കാരിൽ നിന്നോ മേലാധികാരികളിൽ നിന്നോ കടുത്ത സമമർദ്ധം അനുഭവിക്കും. കുടുംബത്തിൽ കാരണം കൂടാതെ പോലും കലഹമുണ്ടാകും. പങ്കാളിയിൽ നിന്നുള്ള അനുകൂലമായ പ്രവത്തികൾ സന്തോഷം നൽകും. സർപ്പപ്രീതി വരുത്തുകയും സർപ്പക്ഷേത്ര ദർശ്ശനം നടത്തുകയും പഞ്ചാക്ഷരി ജപിക്കുകയും നിലവസ്ത്രം ദാനം ചെയ്യുകയും വേണം.

**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)ഃ** വിദ്യാർത്ഥികൾക്ക് അലസത തോന്നുമെങ്കിലും പരിശ്രമിച്ചാൽ നല്ല ഫലം കിട്ടാൻ അനുകൂലമായ കാലമാണ്. വീട് നിർമ്മിക്കാനോ പുതുക്കി പണിയാനോ, വാഹനം വാങ്ങിക്കുവാനോ ഉദ്ദേശിക്കുന്നവർക്ക് അനുകൂല സാഹചര്യങ്ങൾ ഉണ്ടാകും. പല കാര്യങ്ങൾക്കും തീരുമാനമെടുക്കാൻ പ്രയാസപ്പെടും. സഹായികൾ സഹോദരസ്ഥാനിയർ എന്നിവർ മൂലം പ്രതിസന്ധികൾ നേരിടും. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി ജപവും ചെയ്യുന്നത് നല്ലതാണ്.

**മീനക്കൂറ് (പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)ഃ** സർക്കാരിൽ നിന്നും സഹായികളിൽ നിന്നും സഹോദരസ്ഥാനിയരിൽ നിന്നും ധനം കിട്ടാൻ സാധ്യത ഉണ്ട്. വിദ്യാഗുണം അർത്ഥലാഭം സുഖം കീർത്തി എന്നിവ ഉണ്ടാകും. കടുത്ത വാക്ക് പറയുക മൂലം സ്ത്രീ ജനങ്ങളുമായി കലഹത്തിന് സാധ്യത ുണ്ട്. സന്താനങ്ങളുമായി അഭിപ്രായ വ്യത്യാസത്തിന് സാധ്യതയുള്ളതിനാൽ കുട്ടികളോട് തന്ത്രപൂർവ്വം ഇടപെടുക. ശിവനേയും വിഷ്ണുവിനേയും ഭജിക്കുകയും ക്ഷേത്ര ദർശനം നടത്തുകയും വേണം.

*ശുഭമസ്തു*
*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**




# ഓണവിപണനം 2020









**DATE OF PUBLICATION: 10-09-2020**

**RNI NO. KERMAL/2008/23515**

**REGISTERED NEWSPAPER**

**M6-57945/2007**

**REGISTERED KL/EKM/514/2018-20**
**LICENSE NO. KL/CR/EKM/WPP-15/2018-20**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 13 September 2020 Issue No. 5

## എറണാകുളം കരയോഗം നവതി സ്മാരക ഗുരുവായൂർ ഗസ്റ്റ് ഹൗസ്

കാരക്കാട്ട് റോഡ്, തെക്കേ നട, ഗുരുവായൂർ-680 101, ഫോൺ: +91 4872504700, 8547871161





## ആയുഷ്യം മെഡിക്കൽസ്




**ഫോൺ : 9446488833**

ഹോം ഡലിവറി ആവശ്യമുള്ളവർ ആയുഷ്യം മെഡിക്കൽസുമായി ബന്ധപ്പെടുക.

ടി.ഡി.എം. ഹാൾ കോംപ്ലക്സ്
ഡർബാർ ഹാൾ റോഡ്, എറണാകുളം – 682016

## AYUSHYAM POLY CLINIC

Ernakulam Karayogam Navathi Memorial Polyclinic
TDM Hall Complex, D H Road, Kochi-682 016, Email: eknmpolycliniclab@gmail.com

Ph: 0484 2366160



*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.